കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കായംകുളം നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ**

**e-mail: ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/ജിഎ.8-15/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി. 08.06.2020
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

ചെയർമാൻ (സെക്രട്ടറി മുഖാന്തിരം)
കായംകുളം നഗരസഭ

സർ,

വിഷയം: - കായംകുളം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്-- സംബന്ധിച്ച്.

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള നഗരപാലികാ നിയമം 295(4) -ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായംകുളം നഗരസഭയുടെ 2018-2019 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിൻമേൽ നഗരസഭ എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള മുനിസിപ്പാലിറ്റി - പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്. [1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23. 1997 ലെ കേരള മുനിസിപ്പാലിറ്റി- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3.ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം (ഉപരിപത്രം സഹിതം)
5. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/ജിഎ.8-15/2020 തീയതി: 08.06.2020

# ആലപ്പുഴ ജില്ലയിലെ കായംകുളം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരള നഗരപാലികാ നിയമം - വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ കായംകുളം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2018 മുതൽ 30.11.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 70 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 67 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ഹരികുമാർ.ജി<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 02.12.2019 മുതൽ 19.12.2019 വരെ | ശ്രീ. ബി.ലിജിലാൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി സജിത ദാസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| 02.12.2019 മുതൽ 16.12.2019 വരെ | ശ്രീ.പ്രവീൺ ഷേണായി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി മായാദേവി.സി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദീപ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 02.12.2019 മുതൽ 19.12.2019 വരെ | ശ്രീ.മനേഷ് കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഉണ്ണിക്കൃഷ്ണൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 02.12.2019 മുതൽ 16.12.2019 വരെ | ശ്രീ. ലക്ഷ്മികാന്ത്.പി, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

### 1) പ്രസിഡന്റ്

| | |
|---|---|
| ശ്രീ. എൻ.ശിവദാസൻ | 01.04.2018 മുതൽ 31.03.2019 വരെ |

2.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി ആർ. ഗിരിജ | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി ആറ്റകുഞ്ഞ് | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി ഷീബാ ദാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യം | ശ്രീമതി സജ്നാ ഷെഹീർ | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | വിദ്യാഭ്യാസം | ശ്രീമതി ഷാമില അനിമോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| 6. | പൊതുമരാമത്ത് | ശ്രീമതി കരിഷ്മ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |

3) സെക്രട്ടറി

| | |
|---|---|
| ശ്രീ.സജി.എൽ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീമതി റംലത്ത് ബീവി | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. നാരായണപിള്ള | 01.04.2018 മുതൽ 31.08.2018 വരെ |
| | | ശ്രീമതി ബീന.ഡി. | 01.09.2018 മുതൽ 31.03.2019 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ദീപാ രവി | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | ഡോ. സജീഷ് മുഹമ്മദ് | 01.04.2018 മുതൽ 31.07.2018 വരെ |
| | | ഡോ.മനോജ്.എൽ | 01.08.2018 മുതൽ 31.03.2019 വരെ |
| 5 | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മാഗിൻ | 01.04.2018 മുതൽ 31.03.2019 വരെ |

| | | | |
|---|---|---|---|
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. വിജയേന്ദ്രൻ. പി | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | പ്രിൻസിപ്പൽ, ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ | ശ്രീമതി ഷേർലി.പി | 01.04.2018 മുതൽ 25.11.2018 വരെ |
| | | ശ്രീ.സജി.ജെ | 26.11.2018 മുതൽ 31.03.2019 വരെ |
| 9 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീമതി ഷൈനി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 10 | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം | ശ്രീമതി ബിന്ദു.എസ്.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| 11 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. പി.രഘു | 01.04.2018 മുതൽ 31.03.2019 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ |
| 11 | 1-11 | ആഭ്യന്തര നിയന്ത്രണം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 13 | 1-13 | വസ്തുനികുതി പരിഷ്കരണം -നഗരസഭയുടെ നടപടികൾക്ക് വേഗതയില്ല |
| 14 | 1-14 | വസ്തുനികുതി-മൊബൈൽ ടവറുകളുടെ പൂർണ്ണവിവരങ്ങൾ നഗരസഭയുടെ പക്കലില്ല |
| 15 | 1-15 | വസ്തുനികുതി-സേവന ഉപനികുതി എന്നിവയിൽ നിന്നും കെട്ടിടങ്ങളെ അനർഹമായി ഒഴിവാക്കി |
| 16 | 1-16 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി -വസ്തുനികുതി ചുമത്തുന്നതിന് കൃത്യമായ രേഖകളില്ല |
| 17 | 1-17 | വസ്തുനികുതി-തറവിസ്തൃതിക്ക് അനുസരിച്ച് നികുതി നിർണ്ണയിച്ചില്ല |
| 18 | 1-18 | അനധികൃത നിർമ്മാണങ്ങൾ-നഗരസഭ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല-വസ്തുനികുതിയിലും വലിയ നഷ്ടം |
| 19 | 1-19 | തൊഴിൽ നികുതി -മുഴുവൻ നികുതി വരുമാനവും ഈടാക്കുന്നില്ല |
| 20 | 1-20 | തൊഴിൽ നികുതി-ജീവനക്കാരിൽ നിന്നും ലക്ഷങ്ങൾ പിരിച്ചെടുക്കുവാനവശേഷിക്കുന്നു |

| | | |
|---|---|---|
| 21 | 1-21 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി-കൃത്യമായ ഡിമാൻഡില്ല-നഗരസഭയ്ക്ക് ലക്ഷങ്ങളുടെ വരുമാന നഷ്ടം |
| 22 | 1-22 | വാടക –നടപടിക്രമങ്ങളിലും ഈടാക്കുന്നതിലും നഗരസഭ തികഞ്ഞ അനാസ്ഥ തുടരുന്നു |
| 23 | 1-23 | ആസ്തികളിൽ നിന്നും ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നു |
| 24 | 1-24 | ലൈസൻസ് -നടപടികൾ സ്വീകരിക്കുന്നതിൽ നഗരസഭ ശ്രദ്ധ ചെലുത്തുന്നില്ല |
| 25 | 1-25 | കൈപ്പറ്റിയ മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.425172/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു |
| 26 | 1-26 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് -7.36 ലക്ഷം രൂപ തനത് ഫണ്ടിൽ ഒടുക്കാൻ അവശേഷിക്കുന്നു |
| 27 | 1-27 | നഗരസഭയിലെ ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല |
| 28 | 1-28 | വിവാഹ ലോൺ,ഹൗസിംഗ് ലോൺ- തുക തിരികെ ഈടാക്കിയില്ല |
| 29 | 1-29 | ഫെസ്റ്റിവൽ അഡ്വാൻസ്- 3000 രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു |
| 30 | 1-30 | മരാമത്തു വേലകളുടെ നിർവ്വഹണത്തിൽ ഗുരുതരമായ അപാകതകൾ |
| 31 | 1-31 | കരാറുകാരൻ ചെയ്യാത്ത പ്രവൃത്തിക്ക് മൂല്യനിർണ്ണയം നടത്തി തുക നൽകി - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 90887/- രൂപ തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട് |
| 32 | 1-32 | കരാറുകാരൻ നിർവ്വഹിച്ചതിൽ കൂടിയ അളവിൽ ടൈൽ പാകലിന് തുക നൽകി - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 70,710/-രൂപ തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട് |
| 33 | 1-33 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത – പ്രൈമർ പൂശിയതിന് 2,21,667/- രൂപയുടെ അധിക ചെലവ് |
| 34 | 1-34 | വിവിധ സ്ഥലങ്ങളിൽ എയ്റോബിക് മാലിന്യ സംസ്കരണ പ്ലാന്റ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾമൂലം 1.54 ലക്ഷത്തിന്റെ അധിക ചെലവ് |
| 35 | 1-35 | മുനിസിപ്പൽ ഓഫീസ് കെട്ടിട നവീകരണം-മൂല്യത്തിൽ അധികരിച്ചും എസ്റ്റിമേറ്റ് നിരക്കിൽ അധികരിച്ചും തുക അനുവദിച്ചു-ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 90923/- രൂപ തിരിച്ചടച്ചു |
| 36 | 1-36 | സെക്രട്ടറി ക്വാർട്ടേഴ്സ് നവീകരണം - എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ക്രമവിരുദ്ധമായ ബില്ലുകളുടെ അടിസ്ഥാനത്തിലും തുക പിൻവലിച്ചു |
| 37 | 1-37 | അംഗൻവാടി കെട്ടിട നിർമ്മാണം വാർഡ് 13-കരാറുകാരൻ ക്വോട്ട് ചെയ്തതിനേക്കാൾ കൂടിയ നിരക്കിൽ തുക അനുവദിച്ചു-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി. |
| 38 | 1-38 | റോഡ് ടാറിംഗിന് കരാറുകാർക്ക് നഗരസഭയിൽ നിന്നും നൽകിയ പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയില്ല – 24565/- രൂപയുടെ നഷ്ടം |
| 39 | 1-39 | ആവശ്യകത നിശ്ചയിക്കാതെയുള്ള ടാർ വാങ്ങൽ - 20 ബാരൽ ടാർ വിതരണം ചെയ്യാതെ ഉപയോഗശൂന്യമായി - 109957/- രൂപയുടെ നഷ്ടം |
| 40 | 1-40 | ടൗൺഹാൾ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങാതെയും മൂല്യനിർണ്ണയം നടത്താതെയും തുക ചെലവഴിച്ചു |
| 41 | 1-41 | ലൈബ്രറി കെട്ടിടത്തിന് ചുറ്റുമതിലും തറയോട് പാകലും - ടെണ്ടർ കുറവ് വരുത്തിയില്ല |
| 42 | 1-42 | പെരിങ്ങാല ഗവ.എൽ.പി.എസ് മോഡൽ ക്ലാസ് റൂം നിർമ്മാണം- പ്രൈമറിന്റെ നിരക്ക് രണ്ട് തവണ ഉൾപ്പെടുത്തി തുക പിൻവലിച്ചു |
| 43 | 1-43 | നഗരസഭയിലെ വിവിധ മരാമത്ത് പ്രവൃത്തികൾ-ടെണ്ടർ നടപടികൾ സ്വീകരിക്കാതെ |

| | | |
|---|---|---|
| | | പ്രവൃത്തികൾ നടപ്പിലാക്കുന്നു |
| 44 | 1-44 | പുത്തൻകണ്ടം റോഡ് ചിറയിൽ റോഡ് പൂർത്തീകരണം-അനുബന്ധ ഫയൽ ഹാജരാക്കിയില്ല |
| 45 | 1-45 | പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല - കാലയളവ് ദീർഘിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല |
| 46 | 1-46 | വാട്ടർ കിയോസ്കുകളുടെ സ്ഥാപനം - ജി.എസ്.റ്റി (TDS) ഈടാക്കാതെ നിർവ്വഹണ ഏജൻസിക്കു തുക നൽകി |
| 47 | 1-47 | 33.70 ലക്ഷം രൂപയുടെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല |
| 48 | 1-48 | മാലിന്യ സംസ്കരണപദ്ധതിയ്ക്കായി ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച രണ്ട് കോടി നൽപ്പത് ലക്ഷം രൂപ നിക്ഷേപമായി സൂക്ഷിച്ചിരിക്കുന്നു |
| 49 | 1-49 | എസ്.എസ്.എ. വിഹിതം - അധിക തുക  നൽകി |
| 50 | 1-50 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം - കൈപ്പറ്റ് വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു |
| 51 | 1-51 | IKM – വിഹിതം - തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കിയില്ല |
| 52 | 1-52 | എസ്.പി.സി. പ്രോജക്ടിനായി നൽകിയ തുക – ചെലവ് വിവരം ലഭ്യമാക്കിയില്ല |
| 53 | 1-53 | ട്രാക്ടർ വാങ്ങൽ - വാഹനത്തിന്റെ ഉപയോഗം സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 54 | 1-54 | ശുചീകരണത്തിന് വാഹനം -വാങ്ങൽ /രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു |
| 55 | 1-55 | കാലവർഷ കെടുതി - ദുരിതാശ്വാസ പ്രവർത്തനങ്ങൾ - തുക അധികം ചെലവഴിച്ചു |
| 56 | 1-56 | ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ കെട്ടിടനിർമ്മാണവും നവീകരണവും - പൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കിയില്ല |
| 57 | 1-57 | തെരുവ് വിളക്ക് പരിപാലനം - തെരുവ് വിളക്കുകളുടെ കണക്കില്ല – വൈദ്യുത ചാർജ്ജ് കുറയ്ക്കുന്നതിനുള്ള നടപടികളില്ല |
| 58 | 1-58 | തെരുവ് വിളക്ക് AMC – നിർവ്വഹണത്തെ സാധൂകരിക്കുന്ന രേഖകളില്ലാതെ തുക ചെലവഴിച്ചു |
| 59 | 1-59 | തെരുവ് വിളക്ക് LED ആക്കി മാറ്റൽ - പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനത |
| 60 | 1-60 | ഇടവിള കിറ്റ് - അപേക്ഷ, അർഹതാ രേഖകൾ ഇല്ല |
| 61 | 1-61 | തൊഴിൽരഹിത വേതനം വിതരണം |
| 62 | 1-62 | ദിവസ വേതനാടിസ്ഥാനത്തിൽ ടൈപ്പിസ്റ്റ്, പ്ലംബർ എന്നിവരെ നിയമിച്ചത്- സാധൂകരണ രേഖകൾ ലഭ്യമാക്കിയില്ല - ചെലവഴിച്ച 18675/- രൂപ തടസ്സപ്പെടുത്തുന്നു |
| 63 | 1-63 | സ്വാതന്ത്ര്യ ദിനാഘോഷം 2018 – ചെലവ് രേഖകൾ ഹാജരാക്കിയില്ല-95180/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 64 | 1-64 | ഓവർസിയർ തസ്തികയിൽ താൽക്കാലിക നിയമനം-അധികൃതരുടെ വ്യക്തതയില്ലാത്ത തീരുമാനം |
| 65 | 1-65 | "വിമുക്തി" ക്കായി ക്രിയാത്മക പദ്ധതിപ്രവർത്തനങ്ങൾ നടത്തുന്നില്ല |
| 66 | 1-66 | ക്ലോസ്ഡ് സർക്യൂട്ട് ടി.വി പ്രവർത്തനം നിലച്ച നിലയിൽ- വാറണ്ടി/ഗ്യാരണ്ടി ഉപയോഗപ്പെടുത്തുന്നില്ല |
| 67 | 1-67 | വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 68 | 1-68 | മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല |

| | | |
|---|---|---|
| 69 | 1-69 | പഠനമുറി നിർമ്മാണം - സ്വന്തമായി ഭവനം ഇല്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി |
| 70 | 1-70 | നഗരസഭയുടെ കീഴിലുള്ള സി ഡി എസുകൾക്ക് നൽകിയ റിവോൾവിംഗ് ഫണ്ട് കൈമാറിയത് സംബന്ധിച്ച് |
| 71 | 1-71 | വായ്പ തുക അടയ്ക്കുന്നതിൽ വീഴ്ച- നഗരസഭയ്ക്ക് കോടികളുടെ ബാദ്ധ്യത |
| 72 | 1-72 | ആശ്രയ പദ്ധതി പ്രകാരം പിൻവലിച്ച തുക ചെലവഴിക്കപ്പെട്ടില്ല |
| 73 | 1-73 | 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് റ്റി ഡി എസ് ഈടാക്കിയിട്ടില്ല |
| 74 | 1-74 | ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ - രേഖകൾ പൂർണ്ണമല്ല |
| 75 | 1-75 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ-അവലോകനം |
| 76 | 1-76 | മരുന്നുകൾ ലഭിച്ചത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 77 | 1-77 | മരുന്ന് നാളിതുവരെ ലഭ്യമാകാത്തത് |
| 78 | 1-78 | സസ്യ മാർക്കറ്റ് നിർമ്മാണം - കെ.യു.ആർ.ഡി.എഫ്.സി ലോൺ 33630690/- രൂപ തിരിച്ചടക്കുവാൻ അവശേഷിക്കുന്നു |
| 79 | 1-79 | ആസ്തിരജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച |
| 80 | 1-80 | ഓഡിറ്റ് റിപ്പോർട്ടുകൾ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നില്ല |
| 81 | 1-81 | വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ളത് 6,10,69,366/- രൂപ |
| 82 | 1-82 | ഗേൾസ് ഫ്രണ്ട് ലി ടോയ്‌ലെറ്റ് നിർമ്മിച്ചില്ല |
| 83 | 1-83 | ലൈബ്രറിസെസ്സ്- പിരിച്ചെടുത്ത തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടക്കുന്നില്ല |
| 84 | 1-84 | വാറ്റ് -സർക്കാരിലേക്ക് തുക ഒടുക്കുവാനവശേഷിക്കുന്നു |
| 85 | 1-85 | ഓഡിറ്റ് റിക്കവറി-പ്ലാൻ ഫണ്ടിലെ ഓഡിറ്റ് റിക്കവറി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കിയില്ല |
| 86 | 1-86 | പി.എം.എ.വൈ പദ്ധതി -അവലോകനം |
| 87 | 1-87 | എൻ.പി.എസ്.ജീവനക്കാർക്ക് പ്രാൺ നമ്പർ ലഭ്യമായിട്ടില്ല - പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല |
| | | **ഭാഗം – 2** |
| 88 | 2-1 | തൊഴിൽ നികുതി -മുഴുവൻ നികുതി വരുമാനവും ഈടാക്കുന്നില്ല |
| 89 | 2-2 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി-കൃത്യമായ ഡിമാൻഡില്ല – നഗരസഭയ്ക്ക് ലക്ഷങ്ങളുടെ വരുമാന നഷ്ടം |
| 90 | 2-3 | വാടക –നടപടിക്രമങ്ങളിലും ഈടാക്കുന്നതിലും നഗരസഭ തികഞ്ഞ അനാസ്ഥ തുടരുന്നു |
| 91 | 2-4 | കൈപ്പറ്റിയ മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.425172/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു |
| 92 | 2-5 | ഫെസ്റ്റിവൽ അഡ്വാൻസ്- 3000 രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു |
| | | **ഭാഗം – 3** |
| 93 | 3-1 | കരാറുകാരൻ ചെയ്യാത്ത പ്രവൃത്തിക്ക് മൂല്യനിർണ്ണയം നടത്തി തുക നൽകി - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 90887/- രൂപ തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട് |
| 94 | 3-2 | കരാറുകാരൻ നിർവ്വഹിച്ചതിൽ കൂടിയ അളവിൽ ടൈൽ പാകലിന് തുക നൽകി - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 70,710/-രൂപ തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട് |
| 95 | 3-3 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത – പ്രൈമർ പൂശിയതിന് 2,21,667/- രൂപയുടെ അധിക ചെലവ് |

| | | |
|---|---|---|
| 96 | 3-4 | വിവിധ സ്ഥലങ്ങളിൽ എയ്റോബിക് മാലിന്യ സംസ്കരണ പ്ലാന്റ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾമൂലം 1.54 ലക്ഷത്തിന്റെ അധിക ചെലവ് |
| 97 | 3-5 | മുനിസിപ്പൽ ഓഫീസ് കെട്ടിട നവീകരണം-മൂല്യത്തിൽ അധികരിച്ചും എസ്റ്റിമേറ്റ് നിരക്കിൽ അധികരിച്ചും തുക അനുവദിച്ചു-ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 90923/- രൂപ തിരിച്ചടച്ചു |
| 98 | 3-6 | സെക്രട്ടറി ക്വാർട്ടേഴ്സ് നവീകരണം - എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ക്രമവിരുദ്ധമായ ബില്ലുകളുടെ അടിസ്ഥാനത്തിലും തുക പിൻവലിച്ചു |
| 99 | 3-7 | റോഡ് ടാറിംഗിന് കരാറുകാർക്ക് നഗരസഭയിൽ നിന്നും നൽകിയ പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയില്ല – 24565/- രൂപയുടെ നഷ്ടം |
| 100 | 3-8 | പെരിങ്ങാല ഗവ.എൽ.പി.എസ് മോഡൽ ക്ലാസ് റൂം നിർമ്മാണം- പ്രൈമറിന്റെ നിരക്ക് രണ്ട് തവണ ഉൾപ്പെടുത്തി തുക പിൻവലിച്ചു |
| 101 | 3-9 | കാലവർഷ കെടുതി - ദുരിതാശ്വാസ പ്രവർത്തനങ്ങൾ - തുക അധികം ചെലവഴിച്ചു |
| ഭാഗം – 4 | | |
| 102 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 103 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 104 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 105 | 4-4 | വായ്പ /വായ്പ തിരിച്ചടവ് |
| 106 | 4-5 | ഓഡിറ്റ് റിക്കവറി |
| 107 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 108 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 109 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 110 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 111 | അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 112 | അനുബന്ധം 2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

നഗരസഭയുടെ **2018-19** വർഷത്തെ ബജറ്റ് 28.03.2018 ലെ **1-**ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു**.** ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു**.**

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 675652977 | 619669676 |
| വാർഷിക കണക്ക് പ്രകാരം | 445395996 | 411550535 |

ബജറ്റ് പ്രകാരം വിഭാവനം ചെയ്ത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ലഭ്യമായ രേഖകൾ പ്രകാരം, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർക്കുകയോ, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യകമ്മറ്റിക്ക് സമർപ്പിച്ചതായോ കാണുന്നില്ല. ശരിയായ നടപടിക്രമങ്ങളിലൂടെയല്ലാതെ ബജറ്റ് രൂപീകരിക്കുന്നതിനാലാണ് യഥാർത്ഥ വരവുചെലവു കണക്കുകളുമായി വലിയ അന്തരം വന്നിട്ടുള്ളത്. നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്ഥിരംസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 29.04.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| | | |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി-ജി.എ.5/ 955/2019/05.09.2019 | വിശേഷണങ്ങളോടുകൂടിയത് |

കെ.എസ്.എ-എ.എൽ.പി-ജിഎ.5/955/2019 തീയതി 05.09.2019 ആയി വാർഷിക കണക്കിലെ അപാകതകൾ പരിശോധിച്ച് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായിരിക്കുന്നതാണ്. ഓഡിറ്റ് സമയത്തും പ്രസ്തുത റിപ്പോർട്ടിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. സർട്ടിഫിക്കറ്റിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 96687338 |
| വരവ് | 445395996 |
| ആകെ | 542083334 |
| ചെലവ് | 411550535 |
| നീക്കിയിരിപ്പ് | 130532799 |

## 1-5 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| | | | | | |
|---|---|---|---|---|---|
| | | | | | |

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 0 | 71330085 | 71330085 | 62684338 | 8645747 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 18990000 | 18990000 | 13296683 | 5693317 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 547000 | 547000 | 0 | 547000 |
| സി.എഫ്. സി | 0 | 95219711 | 95219711 | 52211553 | 43008158 |
| കെ.എൽ.ജി.എസ്.ഡി.പി | - | - | - | - | - |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 23919000 | 23919000 | 23178956 | 740044 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 15104000 | 15104000 | 11990088 | 3113912 |
| എ യു ഇ ജി എസ് (ഇൻഡ്യൻ ബാങ്ക്) | 285389 | 5013366 | 5298755 | 5298755 | 0 |
| ബി.ഫണ്ട് | 0 | 91879620 | 91879620 | 91879620 | 0 |
| എസ്.ബി.റ്റി തനതുഫണ്ട് | 958357 | 5474416 | 6432773 | 5939431 | 493342 |
| സിൻഡിക്കേറ്റ് ബാങ്ക്. 4071 | 5767726 | 234193 | 6001919 | 0 | 6001919 |
| ട്രഷറി-റ്റിഎസ്ബി (ജനറൽ പർപ്പസ്) | 2567379 | 40706389 | 43273768 | 40269509 | 3004259 |
| യൂണിയൻ ബാങ്ക് | 17354852 | 119532831 | 136887683 | 118694713 | 18192970 |
| എഡിസിബി | 95607 | 8750 | 104357 | 250 | 104107 |
| പത്തിയൂർ കോപ്പറേറ്റീവ് ബാങ്ക് | 8362 | 338 | 8700 | 0 | 8700 |
| പെൻഷൻ ഫണ്ട് (ട്രഷറി) | 133070 | 5988 | 139058 | 0 | 139058 |
| എസ്.ബി.ഐ (ക്ലീൻ കേരള) | 1095017 | 92654 | 1187671 | 0 | 1187671 |
| ക്യാഷ്<br>(തനത്ഫണ്ട്.) | 1018236 | 710339 | 1728575 | 1018236 | 710339 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 0 | 0 | 0 | 0 | 0 |
| എസ്.എസ്.എ | 1230228 | 1546453 | 2776681 | 267297 | 2509384 |
| എസ്.ജി.എസ്.ആർ.വൈ. | 3770766 | 153109 | 3923875 | 0 | 3923875 |
| കാനറാ ബാങ്ക് (വാംബേ) | 75978 | 2694 | 78672 | 0 | 78672 |
| യൂണിയൻ ബാങ്ക് (പി.എം.എ.വൈ.) | 16981152 | 115969890 | 132951042 | 93704700 | 39246342 |
| കാനറാ ബാങ്ക് (isui) | 3865970 | 290998 | 4156968 | 0 | 4156968 |
| സിൻഡിക്കേറ്റ് ബാങ്ക് (dumping yard) | 30094419 | 1221950 | 31316369 | 11800 | 31304569 |
| ഐ.സി.ഐ.സി.ഐ.(സ്വച്ഛഭാരത്) | 2222510 | 11630419 | 13852929 | 343062 | 13509867 |
| എൻ.യു.എൽ.എം | 310522 | 2137242 | 2447764 | 1985083 | 462681 |
| കാനറാ ബാങ്ക് (പെൻഷൻഫണ്ട്) | 4231188 | 42951 | 4274139 | 4176393 | 97746 |
| യൂണിയൻ ബാങ്ക് (സ്പെഷ്യൽ) | 1225000 | 25751 | 1250751 | 1250751 | 0 |
| എസ്.ബി.റ്റി. ശുചിത്വ മിഷൻ | 1949463 | 50609 | 2000072 | 1225900 | 774172 |
| എ യു ഇ ജി എസ് (കാനറ ബാങ്ക്) | 0 | 5301460 | 5301460 | 3751808 | 1549652 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരണ |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | യത് (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 437 | 301922939 | 260 | 166528728 | 147 | 30 | 55.15 |

## 1-7 തൊഴിലുറപ്പ് പദ്ധതി (വാർഷികധനകാര്യപത്രിക പ്രകാരമുള്ളത്)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 285389 | 5000000 | 5285389 | 3735737 | 1549652 |

## 1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 456720 | 254 |
| കർഷകതൊഴിലാളി പെൻഷൻ | 2399000 | 220 |
| വിധവാ പെൻഷൻ | 24780500 | 2329 |
| വാർദ്ധക്യകാല പെൻഷൻ | 54349100 | 5643 |
| വികലാംഗ പെൻഷൻ | 9359200 | 825 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിത പെൻഷൻ | 535100 | 48 |
| ആകെ | 91879620 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.2019-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 434185/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.09.2019 മുതൽ 29.09.2019 | 2013-14 മുതൽ 2018- | റിപ്പോർട്ട് ലഭിച്ചില്ല |

| | | | |
|---|---|---|---|
| | വരെ | 19 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.05.2018 മുതൽ 16.06.2018 വരെ | 2016-17 മുതൽ 2017-18 വരെ | 12.07.2018 |

# 1-11 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടും നഗരസഭയുടെ മുഖ്യ വരവിനമായ വസ്തുനികുതി പരിഷ്ക്കരണം പൂർത്തീകരിക്കുവാനും, പുതുക്കിയ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാനും ഓഡിറ്റ് സമയം വരെ (12/19) നഗരസഭാ അധികൃതർക്ക് കഴിഞ്ഞിട്ടില്ല.
2. ഡി & ഒ ലൈസൻസ് ഫീ പരിഷ്ക്കരണം 4/17 മുതൽ ബാധകമാക്കി സർക്കാർ ഉത്തരവുണ്ടായിട്ടും 3/19 വരേക്കും ലൈസൻസ് ഫീ പരിഷ്ക്കരിച്ച് ഈടാക്കാൻ കഴിഞ്ഞിട്ടില്ല.
3. നഗരസഭയിലെ അനധികൃത കൈയ്യേറ്റങ്ങളും നിർമ്മാണ പ്രവൃത്തികളും തടയുന്നതിലേക്ക് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനോ, U.A നമ്പരിട്ട നൽകിയ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നും ചുമത്തിയ കെട്ടിട നികുതി പൂർണ്ണമായും ഈടാക്കുവാനോ കഴിഞ്ഞിട്ടില്ല. ഇതിലേക്ക് ഡിമാന്റ് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.
4. നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ/കടമുറികളുടെ വാടകയിനത്തിൽ നിലനിൽക്കുന്ന വൻകുടിശ്ശിക ഈടാക്കാൻ ഫലപ്രദമായ നടപടിയില്ല.
5. കൗൺസിൽ തീരുമാനങ്ങളുടെ മിനിട്സ് സകർമ്മ സോഫ്റ്റ്‌വെയർ വഴി തയ്യാറാക്കാൻ ഓഡിറ്റ് സമയംവരേയും (12/19) ബന്ധപ്പെട്ടവർക്ക് കഴിഞ്ഞിട്ടില്ല.
6. നഗരസഭ എടുക്കുന്ന തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നത് വാച്ച് ചെയ്യപ്പെടുന്നില്ല. ഇതിലേക്ക് വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല. കൂടാതെ കൗൺസിൽ എടുത്ത സുപ്രധാന തീരുമാനങ്ങളുടെ നടത്തിപ്പ് പുരോഗതി വിലയിരുത്തിയതായി മിനിട്സിലും രേഖയില്ല.
7. 2022-ൽ 100 വർഷം പൂർത്തിയാകുന്ന നഗരസഭയുടെ നിലവിലുണ്ടായിരുന്ന മാസ്റ്റർ പ്ലാൻ അവസാനിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മാസ്റ്റർ പ്ലാൻ പുതുക്കി അംഗീകാരം വാങ്ങുവാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല.
8. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതികൾ മോണിട്ടർ ചെയ്യപ്പെട്ടതിന് ഫയലിൽ രേഖയില്ല.
9. മരാമത്തുവേലകളുടെ നിർവ്വഹണത്തിൽ ഗുരുതര പാളിച്ചകൾ ഉണ്ടായിട്ടും ഇവ തടയുന്നതിലേക്കാവശ്യമായ ഫലപ്രദമായ ഇടപെടൽ കൗൺസിൽ നടത്തിയിട്ടില്ല.
10. നഗരസഭയുടെ അധീനതയിലുള്ള ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. ഇതുമൂലം നഗരസഭയുടെ അധീനതയിലുള്ള ആസ്തികളിന്മേലുള്ള കൈയ്യേറ്റങ്ങൾ തടയാനും അധികൃതർക്ക കഴിയുന്നില്ല.
11. നഗരസഭയുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്കുകൾ നിയമാനുസൃതം പരിപാലിക്കുന്നില്ല. ഇന്ധനം വാങ്ങൽ, അറ്റകുറ്റപ്പണി എന്നിവ സംബന്ധമായുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നു.
12. വിവിധ ആവശ്യങ്ങൾക്കായി വൻതുക മുൻകൂറായി കൈപ്പറ്റിയ ഉദ്യോഗസ്ഥർ ചെലവുരേഖകൾ ഹാജരാക്കി മുൻകൂർ ക്രമീകരിക്കുകയോ അഡ്വാൻസ് തുക തിരിച്ചടക്കുകയോ ചെയ്യാതിരുന്നിട്ടും മുൻകൂർ തുക പലിശ സഹിതം ഈടാക്കുന്നതിലേക്ക് ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടില്ല.
13. 2017-18, 2018-19 വർഷങ്ങളിലായി 1 കോടിയിൽപരം രൂപ വിനിയോഗിച്ച് നഗരസഭയിലെ തെരുവുവിളക്കുകൾ എൽ.ഇ.ഡി ആക്കി മാറ്റിയെങ്കിലും കറണ്ടു ചാർജിനത്തിൽ ആനുപാതിക കുറവൊന്നും നഗരസഭക്കുണ്ടായിട്ടില്ല. വാങ്ങിയ തെരുവുവിളക്കുകൾ സ്റ്റോക്കിലെടുത്തതിനും, കെ.എസ്.ഇ.ബി.യിൽ

സൂപ്പർവിഷൻ ചാർജ് ഒടുക്കിയതിനും രേഖയില്ല. തെരുവുവിളക്കുകളുടെ എണ്ണവും ഇനവും സംബന്ധിച്ച് കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

14. KURDFC യിൽ നിന്ന് 6.4 കോടി രൂപ വായ്പയെടുത്ത് നിർമ്മിച്ച സസ്യ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെ ഉദ്ഘാടനം നടത്തിയ കെട്ടിടങ്ങൾ/കടമുറികൾ ലേലം ചെയ്ത് വരുമാന വർദ്ധനവ് ഉണ്ടാക്കാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല.

15. മുൻവർഷം വൻതുക മുടക്കി നഗരസഭ സ്ഥാപിച്ച സി.സി.റ്റി.വി ക്യാമറകളിൽ ഭൂരിഭാഗവും പാതിവഴിയിൽ നിലച്ചിട്ടും പ്രവർത്തനക്ഷമമാക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടില്ല.

16. നഗരസഭയെ അലട്ടുന്ന മുഖ്യവിഷയമായ മാലിന്യനിർമ്മാർജ്ജനത്തിന് ശാശ്വതപരിഹാരമെന്ന നിലയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന മാലിന്യസംസ്കരണ പ്ലാന്റിനായി 2012 വർഷം 2 കോടി രൂപ ശുചിത്വമിഷനിൽ നിന്നും ലഭിച്ചിരുന്നിട്ടും പ്ലാന്റ് പ്രാവർത്തികമാക്കുവാൻ കഴിയാതിരുന്നതുമൂലം പലിശസഹിതം തുക തിരിച്ചടക്കണമെന്ന അവസ്ഥ സംജാതമായിരിക്കുന്നു. ലഭിച്ച ഗ്രാന്റ് തുക വർഷങ്ങളായി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു.

17. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ 1997 ന ശേഷം അടവു വരുത്തിയിട്ടില്ല. ഇതുമൂലം പെൻഷൻ വിതരണത്തിനായി നഗരസഭയ്ക്ക് തനതുഫണ്ടിൽ നിന്നും അധിക ബാധ്യതയുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടും പെൻഷൻ വിഹിതം അടയ്ക്കാൻ നടപടികളില്ല.

18. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2016-17, 2017-18 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ നഗരസഭയിൽ ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നിയമാനുസൃതം ആയത് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിലേക്കാവശ്യമായ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി/ജിഎ.5/955/2019/05.09.2019-ാം നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല. ഇതിനു പുറമെ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അധിക ന്യൂനതകളൽ ചുവടെ ചേർക്കുന്നു.

1)<u>കെ.യു.ആർ.ഡി.എഫ്.സി ലോൺ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല</u> – കെ.യു.ആർ.ആർ.ഡി.എഫ്.സി ലോൺ 2018-19 ലെ പലിശ മുതൽ തിരിച്ചടവിനുശേഷം അവശേഷിക്കുന്ന തുക (outstanding loan) വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2) <u>ഫെസ്റ്റിവൽ അഡ്വാൻസ് കണക്കുകളിൽ അപാകത നിലനിൽക്കുന്നു</u> – ബാലൻസ് ഷീറ്റ് പട്ടിക B-18 പ്രകാരം ക്രമീകരിക്കുവാനുള്ള ഫെസ്റ്റിവൽ അഡ്വാൻസ് 56650/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഇത് 3000/- രൂപ മാത്രമാണ്.

# 1-13 വസ്തുനികുതി പരിഷ്കരണം -നഗരസഭയുടെ നടപടികൾക്ക് വേഗതയില്ല

നിലവിലുണ്ടായിരുന്ന വസ്തുനികുതി ചട്ടങ്ങളെ അതിലംഘിച്ചുകൊണ്ട് 2011 - ൽ വസ്തുനികുതി ചട്ടങ്ങളും 2013 – ൽ വസ്തുനികുതി ഭേദഗതി ചട്ടങ്ങളും സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം വാർഷിക വാടകമൂല്യം അടിസ്ഥാനമാക്കിയുള്ള നികുതി നിർണ്ണയ രീതി 01-04-2013 ന് ശേഷം നിലവിലില്ല. പകരം പ്ലിന്ത് ഏരിയായും കെട്ടിടത്തിനുള്ള അധിക സൗകര്യങ്ങളുമാണ് നികുതി നിർണ്ണയത്തിന് ബാധകമാകുക. എന്നാൽ കായംകുളം നഗരസഭ 1994 – ലെ വാർഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയിച്ച് പോന്നത്. അതായത് 44 വാർഡുകളുടെ അടിസ്ഥാനത്തിൽ വാർഡ് വിഭജനം നടത്തി നമ്പർ നൽകിയിരുന്നില്ല. 2019 – ൽ മാത്രമാണ് ഇപ്രകാരം 44 വാർഡുകളുടെ അടിസ്ഥാനത്തിലുള്ള നമ്പർ നൽകൽ പൂർത്തീകരിച്ചത്. ആയതിനാൽ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങൾ പോലും (2013 മുതലുള്ളവ) സഞ്ചയയിൽ ഉൾപ്പെടുത്തുവാനായില്ല. അതായത് 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിലെ നികുതി നിർണ്ണയങ്ങൾ യഥാസമയം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് കഴിഞ്ഞില്ല. 06-03-2019 ലെ സർക്കാർ ഉത്തരവ്(സാധാ) നം.540/2019/ത.സ്വ.ഭ.വ. പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ (01-04-2013 ന് മുൻപ് പൂർത്തീകരിച്ച് നികുതി ചുമത്തിയവ) വസ്തുനികുതി പരിഷ്കരണത്തിന്റെ പ്രാബല്യതീയതി 01-04-2016 ആയി നിശ്ചയിച്ചിരുന്നു. മേൽ ഉത്തരവിന്റെ ഖണ്ഡിക നം-7 പ്രകാരം വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടെയും വിവരശേഖരണം, ഡേറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടിക്രമങ്ങളും 2019 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. 2013 അടിസ്ഥാനമാക്കി കെട്ടിടങ്ങൾക്ക് നമ്പർ നൽകി ഡേറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ, ഡിജിറ്റൽ ഒപ്പ് വക്കൽ നടപടികൾ നടന്നുവരുന്നുണ്ടെങ്കിലും സർക്കാർ നിർദ്ദേശം പാലിക്കുവാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാ എൻട്രി പൂർത്തീകരിച്ച് വെരിഫിക്കേഷൻ അംഗീകാരം നൽകിയ കെട്ടിടങ്ങളുടെ എണ്ണം വളരെ കുറവാണെന്ന് കാണുന്നു. ഡേറ്റാ എൻട്രി പൂർത്തീകരിച്ചവ, വെരിഫിക്കേഷൻ പൂർത്തീകരിച്ചവ എന്നീ നിലകളിലാണ് ഭൂരിഭാഗം കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കേരള മുനിസിപ്പാലിറ്റി വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം- 12 നിഷ്കർഷിക്കുന്ന ഫോറം -6 സഞ്ചയയിൽ ജനറേറ്റ് ചെയ്ത് ഡിമാൻഡ് ചെയ്യാവുന്ന നിലയിലേക്ക് ഭൂരിഭാഗം കെട്ടിട വിവരങ്ങളും എത്തിയിട്ടില്ല. റിപ്പോർട്ട് തയ്യാറാക്കിയ തീയതിയിലെ (08-01-2020) കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച സ്ഥിതിവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>പട്ടിക 1-വിവിധ പ്രിവിലേജുകളുള്ള തലങ്ങളിൽ കുടിശ്ശികയായി നിലനിൽക്കുന്ന ബേസ് ഡേറ്റാ, അപ്രൂവ് ചെയ്ത ബേസ് ഡേറ്റാ എന്നിവയുടെ എണ്ണം</u>

(ബേസ് ഡേറ്റാ-വാർഷിക വാടകമൂല്യം അടിസ്ഥാനമാക്കി നികുതിനിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ)

| | | | | |
|---|---|---|---|---|
| 1 | ഓപ്പറേറ്റർ | 5258 | വിവിധ പ്രിവിലേജുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള കുടിശ്ശിക | കുടിശ്ശികയുടെ വിവരം |
| 2 | വെരിഫയർ | 4 | | |
| 3 | അപ്രൂവർ | 8 | | |
| 4 | അപ്രൂവ് ചെയ്ത കെട്ടിടങ്ങളുടെ | 24596 | | |

| | | |
|---|---|---|
| | എണ്ണം | |
| 5 | ആകെ ഡേറ്റാ എൻട്രി നടത്തിയ കെട്ടിടങ്ങൾ | 29866 |

തയ്യാറാക്കിയ ബേസ് ഡേറ്റായിൽ 5270 എണ്ണത്തിന് യാതൊരു തുടർനടപടികളുമില്ലാതെ തുടരുന്ന സ്ഥിതിയാണുള്ളത്.

പട്ടിക 2-തയ്യാറാക്കിയ ബേസ് ഡേറ്റായിൽ നിന്നും ഫോറം-6 ജെനറേറ്റ് ചെയ്ത കെട്ടിടങ്ങളുടെ എണ്ണം, വിവിധ പ്രിവിലേജുകളുള്ള തലങ്ങളിലെ കുടിശ്ശികയുടെ കണക്ക് എന്നിവയുടെ പട്ടിക

| | | | | | |
|---|---|---|---|---|---|
| 1 | ഓപ്പറേറ്റർ ഫോറം-6 തുടങ്ങാത്തവ | വിവിധ പ്രിവിലേജുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള കുടിശ്ശിക | 7764 | 8077 | കുടിശ്ശികയുടെ വിവരം |
| 2 | ഓപ്പറേറ്റർ ഫോറം-6 തുടങ്ങിയവ | | 313 | | |
| 3 | വെരിഫയർ | | 11 | | |
| 4 | അപ്രൂവർ | | 378 | | |
| 5 | അപ്രൂവ് ചെയ്ത കെട്ടിടങ്ങളുടെ എണ്ണം | | 16130 | | |
| 6 | ഡിജിറ്റൽ ഒപ്പ് വച്ച് ഡിമാൻഡ് ചെയ്തവ | | 16076 | 16130 | |
| 7 | ഡിജിറ്റൽ ഒപ്പ് വയ്ക്കാത്തവ -ഡിമാൻഡ് ചെയ്യാത്തവ | | 54 | | |
| 8 | ആകെ | | 24596 | | |

ഫോറം-6 തയ്യാറാക്കുന്നതിലേക്ക് കടന്നവയിൽ തന്നെ 7764 ഓപ്പറേറ്റർ പ്രിവിലേജുള്ള ഉദ്യോഗസ്ഥനിൽ തുടരുകയാണ്. അതായത് 31.5 ശതമാനം ഡേറ്റാ എൻട്രി ജോലികൾ ഇനിയും പൂർത്തിയാക്കേണ്ടതുണ്ട്.

മേൽ കണക്കുകളിൽ നിന്നും നഗരസഭ ബേസ് ഡേറ്റാ ആയി സോഫ്റ്റ്‌വെയറിലേക്ക് ഉൾപ്പെടുത്തിയ 29866 (പട്ടിക-1) കെട്ടിടങ്ങളിൽ ഫോറം-6 ജെനറേറ്റ് ചെയ്യുന്ന ഘട്ടത്തിലേക്ക് കടന്ന 24596 (പട്ടിക-2) കെട്ടിടങ്ങൾ മാത്രമാണുള്ളതെന്ന് കാണാം. **5270** (പട്ടിക-1 ക്രമ നം-5 ൽ നിന്നും പട്ടിക-2 ലെ ക്രമ നം.8 കുറച്ച് കിട്ടുന്ന സംഖ്യ) കെട്ടിടങ്ങളുടെ വിവരങ്ങളിൽ ഫോറം-6 ജെനറേഷൻ നടപടികളിലേക്ക് കടന്നിട്ടില്ലായെന്ന് കാണുന്നു. ഇത്രയും കെട്ടിടങ്ങളുടെ വിവരങ്ങൾ ഇരട്ടിപ്പ് ആയി ചേർക്കപ്പെട്ടതോ ഫോറം-6 ജനറേഷനിലേക്ക് ബോധപൂർവ്വം കടക്കാത്ത കെട്ടിടങ്ങളോ ആകാം. ഇത്രയും കെട്ടിടങ്ങൾ അശ്രദ്ധമായി ഡേറ്റാ എൻട്രി നടത്തപ്പെടുവാനുണ്ടായ സാഹചര്യം അന്വേഷണവിധേയമാക്കേണ്ടതാണ്.

പട്ടിക 3 – പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയ കെട്ടിടങ്ങളുടെ (2013 മുതൽ നികുതി നിർണ്ണയിച്ചവ) ഡേറ്റാ എൻട്രിയുടെ പുരോഗതി, കുടിശ്ശിക എന്നിവയുടെ പട്ടിക

2013 അടിസ്ഥാനമാക്കിയുള്ള വാർഡ് വിഭജനവും നമ്പർ നൽകലും താമസിച്ച് നടപ്പാക്കുക വഴി പ്ലിന്ത് ഏരിയ കണക്കാക്കി നികുതി നിർണ്ണയം നടത്തിയ പുതിയ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം ഫയലുകളിൽ മാത്രമാണ് ചെയ്തിട്ടുള്ളത്. 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിലെ മുഴുവൻ നികുതി നിർണ്ണയങ്ങളും ഇപ്രകാരമാണ് ചെയ്തിട്ടുള്ളത്. പുതിയ കെട്ടിടങ്ങളെ സംബന്ധിക്കുന്ന സഞ്ചയ സ്ഥിതിവിവരങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് സമയത്ത്).

| | | | | |
|---|---|---|---|---|
| 1 | ഓപ്പറേറ്റർ | 303 | വിവിധ പ്രിവിലേജുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള കുടിശ്ശിക | കുടിശ്ശികയുടെ വിവരം |
| 2 | വെരിഫയർ | 454 | | |
| 3 | അപ്രൂവർ | 2732 | | |
| 4 | അപ്രൂവ് ചെയ്ത കെട്ടിടങ്ങളുടെ എണ്ണം | 441 | | |
| 5 | ഡിജിറ്റൽ ഒപ്പ് വച്ച് ഡിമാൻഡ് ചെയ്തവ | 434 | | |

| | | |
|---|---|---|
| 6 | ഡിജിറ്റൽ ഒപ്പ് വക്കാത്തവ -ഡിമാൻഡ് ചെയ്യാത്തവ | 7 |
| | ആകെ | 3930 |

2013-14 മുതൽ 2018-19 വരെയുള്ള കാലയളവിലെ 3930 കെട്ടിടങ്ങളുടെ നടപടികൾ മാത്രമാണ് പേരിനെങ്കിലും തുടങ്ങിയിട്ടുള്ളത്. അതിൽ തന്നെ ഡിജിറ്റൽ ഒപ്പ് വച്ച് ഡിമാൻഡ് ചെയ്തവ 434 എണ്ണം മാത്രമാണ് (11 %).

വസ്തുനികുതി പരിഷ്കരണനടപടികളിൽ മറ്റ് നഗരസഭകൾ വളരെയേറെ മുൻപേറിയിട്ടും കായംകുളം നഗരസഭ പരിതാപകരമായ മെല്ലെപോക്കാണ് തുടരുന്നത്. വസ്തുനികുതി പരിഷ്കരണത്തിൽ നഗരസഭ വരുത്തിയിട്ടുള്ള അലംഭാവം ഭരണവകുപ്പിന്റെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

# 1-14 വസ്തുനികുതി-മൊബൈൽ ടവറുകളുടെ പൂർണ്ണവിവരങ്ങൾ നഗരസഭയുടെ പക്കലില്ല

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായി നഗരസഭയുടെ പക്കലില്ല. സഞ്ചയ റവന്യൂ-മൊഡ്യൂൾ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം അഞ്ച് മൊബൈൽ ടവറുകൾ മാത്രമാണ് മുനിസിപ്പാലിറ്റി പരിധിയിലുള്ളത്. ഒരെണ്ണത്തിന്റെ വസ്തുനികുതി മാത്രമാണ് പരിഷ്കരിച്ച് അംഗീകരിച്ചിട്ടുള്ളത്.

മറ്റ് മൂന്നെണ്ണം ഡേറ്റാ എൻട്രി പൂർത്തിയാക്കിയവയും ഒരെണ്ണം ഡേറ്റാ എൻട്രി ആരംഭിക്കാത്ത അവസ്ഥയിലുമാണ്. ഡേറ്റാബേസിൽ അഞ്ച് മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകൾ മാത്രമാണ് ഉൾപ്പെടുന്നത്. ടി വിവരം അപൂർണ്ണമാണ് എന്നത് തർക്കരഹിതമായ കാര്യമാണ്. ദേശീയ പാത -നം.66, കായംകുളം-പത്തനാപുരം റോഡ് പോലെയുള്ള പ്രധാന റോഡുകൾ കടന്ന് പോകുന്ന നഗരസഭ പ്രദേശത്ത് നിരവധി ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ പലതും അനധികൃതമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് നഗരസഭ സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടില്ല. കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (ടവർ സ്ഥാപിച്ചിട്ടുള്ള ആൾ ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം, കെട്ടിട ഉടമയുടെ വിലാസം, കമ്പനിയുടെ പേര്), സ്വകാര്യ വസ്തുവിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (വാടക ലഭിക്കുന്ന ഉടമയുടെ പേര്, ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം) എന്നിവയും നഗരസഭയുടെ പക്കലില്ല. മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ചുമത്താത്തത് വലിയ തോതിലുള്ള വസ്തുനികുതി ചോർച്ചക്ക് വഴിവച്ചു. ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതുണ്ട്. നഗരസഭ സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

# 1-15 വസ്തുനികുതി-സേവന ഉപനികുതി എന്നിവയിൽ നിന്നും കെട്ടിടങ്ങളെ അനർഹമായി ഒഴിവാക്കി

1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 235 പ്രകാരം പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങളെ മാത്രമേ വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ വസ്തുനികുതി – സഞ്ചയ ഡേറ്റാബേസ് പരിശോധിച്ചതിൽ നിരവധി കെട്ടിടങ്ങളെ നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം./ഉടമയുടെ പേര് വിലാസം |
|---|---|
| 1 | 36/1314 സിസ്റ്റർ സുപ്പീരിയർ, ബഥനി കോൺവെന്റ് |
| 2 | 1/46 സെക്രട്ടറി, അൽ അമീൻ ചാരിറ്റബിൾ ട്രസ്റ്റ് |
| 3 | 2/1003 അബൂബക്കർ മുസലിയാർ, സുന്നി യുവജന സംഘടന |
| 4 | 10/561,562,563 പോലീസ് സ്റ്റേഷൻ |
| 5 | 10/564 മജിസ്ട്രേറ്റ് കോർട്ട് |
| 6 | 10/565 സബ്ട്രഷറി |
| 7 | 15/67 RMS ഓഫീസ് |
| 8 | 34/267 വില്ലേജ് ഓഫീസ് |
| 9 | 36/234 ESI |
| 10 | 36/377, 378 അസിസ്റ്റന്റ് എഞ്ചിനീയർ, PWD |
| 11 | 36/831 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി |
| 12 | 41/127 എസ്.എൻ.ഡി.പി |

നഗരസഭയുടെ ഭാഗം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.36/12.12.2019) മറുപടിയിൽ ഈ സ്ഥാപനങ്ങളിൽ ചിലതിനെ നികുതി ചുമത്തുന്നുണ്ടെന്നും സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തിയപ്പോഴുണ്ടായ പിശകാണെന്നും സെക്രട്ടറി മറുപടി നൽകി. സഞ്ചയ സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ കൃത്യമാക്കി, നികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-16 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി -വസ്തുനികുതി ചുമത്തുന്നതിന് കൃത്യമായ രേഖകളില്ല

നഗരസഭ പരിപാലിച്ച് പോരുന്ന അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി രജിസ്റ്റർ പ്രകാരം കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 242 അനുസരിച്ച് കെട്ടിടങ്ങൾക്ക് നിയമാനുസൃത നികുതിയും അതിന്റെ രണ്ടിരട്ടിയും ചേരുന്ന തുക വസ്തുനികുതിയായി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളൊന്നും തന്നെ ഓഡിറ്റ് പരിശോധന വേളയിൽ റെഗുലറൈസ് ചെയ്യപ്പെടുകയോ പൊളിച്ചുനീക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്റർ പ്രകാരം മുൻ കാലയളവിലെ നിരവധി കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുകയോ പൊളിച്ചുമാറ്റുകയോ ചെയ്യാതെ തുടരുന്നുമുണ്ട്. അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ടി നികുതി നിർണ്ണയത്തിന്റെ ഡിമാൻഡ് രജിസ്റ്റർ പ്രത്യേകമായി തയ്യാറാക്കി സൂക്ഷിക്കുകയോ നിലവിലുള്ള ഡിമാൻഡിൽ ഉൾപ്പെടുത്തുകയോ സഞ്ചയ ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ ഇപ്രകാരം

നിർണ്ണയിച്ച നികുതി നഗരസഭ ഈടാക്കുന്നുണ്ടെന്ന് പരിശോധിച്ചുറപ്പാക്കാനായില്ല. ടി തുക ഡിമാൻഡ് ചെയ്യപ്പെടുന്നില്ലാത്തതിനാൽ നഗരസഭയുടെ വസ്തുനികുതി സംബന്ധിക്കുന്ന ഡിമാൻഡ് പൂർണ്ണമല്ല. ഇപ്രകാരം നികുതി നിർണ്ണയിച്ചതും നാളിതുവരെ റെഗുലറൈസ് ചെയ്യാത്തതുമായ ചില അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പ്ലിന്ത് ഏരിയ($m^2$) | നിർണ്ണയിച്ച നികുതി |
|---|---|---|---|
| 17/UA 489(1) | വസന്ത, ദർശന, ചിഞ്ചു, കുറ്റിയിൽ | 50 | 9000 |
| 17/UA 1(A) | അബ്ദുൾ സത്താർ സേഠ് | 2738.55 | 788703 |
| 18/UA 149 (B1) | സെക്രട്ടറി, അമ്പാല ആശ്രമം | 73.44 | 3171 |
| 34/UA 43 | ഡോ.പോൾ കോശി ചാണ്ടി ക്രിസ്റ്റോസ് ഹോസ്പിറ്റൽ | 1915.8 | 116390 |
| 30/UA 201 (1) | ഇൻഡസ് ടവർ, കൊച്ചിൻ | 28.66 | 57588 |
| 32/UA 140(1) | സിറാജുദീൻ, വാലേൽ വടക്കേതിൽ | 2550 | 1239300 |
| 32/UA 383 (A1) | നജ്മുദ്ദീൻ, ആല്ലുംമൂട്ടിൽ | 434.13 | 226620 |
| 32/383 (A2) | നജ്മുദ്ദീൻ, ആല്ലുംമൂട്ടിൽ | 102.9 | 27180 |
| 32/UA 460 A | രാധാകൃഷ്ണൻ നായർ, വൃന്ദാവനം | 4.7 | 930 |
| 32/UA 632 (A1) | മുഹമ്മദ് ഫൈസൽ | 221.35 | 58440 |
| 2/UA 122 | അജയൻ പുഷ്പാംഗദൻ, ഓണം പള്ളിൽ | 105.6 | 27879 |
| 3/UA 284/A1 | അബ്ദുൾ ഹമീദ്, ആമിന ബീവി കൊച്ചുതെക്കേതിൽ | 118 | 11328 |
| 3/UA 284 A2 | അബ്ദുൾ ഹമീദ്, ആമിന ബീവി കൊച്ചുതെക്കേതിൽ | 166.25 | 47880 |
| 4/UA 341A | താഹ കുഞ്ഞ്, ടി.ടി.ഏജൻസീസ് | 588.33 | 169437 |
| 10/UA 297/A (UA1) | AHM മുഹമ്മദ് അലി, മൂക്കുത്തി പുരയിടം | 434.5 | 104298 |
| 10/UA 332 A1 | ഷംനാദ്, ഊറായ് പറമ്പിൽ | 281.74 | 81141 |
| 11/UA 354 A1 | ബദറുദ്ദീൻ, പണ്ടകശാലയിൽ | 115.74 | 4170 |
| 12/UA 60 B | പൂക്കുഞ്ഞ് ,കോട്ടക്കുഴിയിൽ | 62.51 | 13503 |
| 12/UA 201 A | സുധീർ.എസ്, കടയിൽ വീട്,എരുവ | 30.8 | 6099 |
| 16/UA 409 D2 | അബ്ദുൾ സത്താർ സേഠ് | 2054.92 | 311050 (wrongly assessed) |
| 16/UA/409 D1 | അബ്ദുൾ സത്താർ സേഠ് | 676.99 | 219350 |

അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി സംബന്ധിക്കുന്ന വിവരങ്ങൾ സഞ്ചയ – ഡേറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതും നികുതി യഥാസമയം പിരിച്ചെടുക്കുന്നുണ്ടെന്നുറപ്പാക്കേണ്ടതുമാണ്. മേൽ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിക്കുന്ന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

# 1-17 വസ്തുനികുതി-തറവിസ്തൃതിക്ക് അനുസരിച്ച് നികുതി നിർണ്ണയിച്ചില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് നഗരസഭ

തീരുമാനിക്കുകയും വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭ പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 80/- രൂപയും ആയി നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് | കെട്ടിട നം. | ആകെ വിസ്തൃതി (ച.മീ) |
|---|---|---|---|
| 1 | കെ.വി.വർഗ്ഗീസ്, കൈതപ്പുഴ വീട്, നടക്കാവ് | 15/146 A-E | 177.06 |
| 2 | സത്താർ കുഞ്ഞ്, പ്ലാമൂട്ടിൽ, കൊറ്റുകുളങ്ങര | 7/38-B,C,D | 110.37 |
| 3 | അബ്ദുൾ സത്താർ, മീനത്തേൽ കിഴക്കതിൽ, കായംകുളം | 5/346 E,F,G,H,I,J | 117.67 |
| 4 | കെ.എം.നാസർ, കൊച്ച് പുത്തൻവീട്, കാപ്പിൽ മേക്ക് | 28/445 A-F | 294.11 |
| 5 | ശശിധരൻ, തൈശ്ശേരി പടീറ്റതിൽ, കണ്ണംപള്ളി | 1/127 H,J,K,L,M | 124.32 |
| 6 | മൻസൂർ. യു, മാമ്പിലശ്ശേരിൽ കിഴക്കതിൽ | 11/174 G,H,J | 128.54 |
| 7 | ഗോപാലകൃഷ്ണപിള്ള, പുഷ്പ.ജി.പിള്ള, ശ്രീ കൈലാസത്ത്, പള്ളിക്കൽ പി.ഒ | 21/88 A2,A3 | 154.98 |
| 8 | ഷാജഹാൻ, അഷ്ടമന, കായംകുളം | 11/215 A1-A10 | 194.25 |
| 9 | ജോൺ ജോസഫ്, ബെൻസി ജോൺ, ആല്യംമൂട്ടിൽ | 23/468 B ,C, D | 194.01 |
| 10 | വിജയ് മോഹൻ, ഇല്ലിക്കുളത്ത്, ചേരാവള്ളി | 32/27 C1,C2 | 112.12 |
| 11 | അജിത്ത് കുമാർ, വട്ടപ്പറമ്പിൽ വീട്ടിൽ, കായംകുളം | 32/691 A1,A2,C1,C2 | 185.42 |
| 12 | എബ്രഹം സൈമൺ, ലീലാമ്മ സൈമൺ | 13/601 A,B,C,D | 146.16 |
| 13 | മറിയാമ്മ തോമസ്സ്, ആന്റോ തോമസ്സ്, കളവേലിൽ | 10/94 C,D,E | 119.44 |
| 14 | വിജയൻ പിള്ള, ഗാനം, എരുവ | 12/541 B1,B3 | 115.5 |

കെട്ടിടങ്ങളെ അവയുടെ ആകെ തറവിസ്തൃതിക്കനുസൃതമായി നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഡിമാൻഡ് ചെയ്യാത്തീടാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-18 അനധികൃത നിർമ്മാണങ്ങൾ-നഗരസഭ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല-വസ്തുനികുതിയിലും വലിയ നഷ്ടം

കെട്ടിടങ്ങളുടെ മുകൾ ഭാഗത്ത് truss work നടത്തുന്നതിന് പെർമിറ്റ് നേടിയ ശേഷം നിർമ്മാണത്തിനൊപ്പം ടി truss work ന് ചുവരുകൾ നിർമ്മിച്ച് വാണിജ്യാവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ പ്രയോജനപ്പെടുത്തുന്ന നിരവധി കെട്ടിട ഉടമകൾ കായംകുളം നഗരസഭയിലുണ്ട്. പെർമിറ്റോട് കൂടിയതും അല്ലാത്തതുമായ ഇത്തരം നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും കൈക്കൊണ്ട നടപടികൾ

അറിയിക്കണമെന്ന് (18-12-18 ലെ 68-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ്) ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നഗരത്തിലെ ഒരു കെട്ടിടം മരാമത്ത് വിഭാഗം പരിശോധിക്കുകയും റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തു. കായംകുളം നഗരസഭയിലെ അറേബ്യൻ ജ്വവലറി സ്ഥിതി ചെയ്യുന്ന കെട്ടിടം അസിസ്റ്റന്റ് എൻജിനീയറുടെ നിർദ്ദേശപ്രകാരം മരാമത്ത് വിഭാഗം ഉദ്യോഗസ്ഥരാണ് പരിശോധിച്ചത്. ഈ പരിശോധനയിൽ truss work ചെയ്ത 2198.52 ച.മീറ്റർ ഭാഗം ചുവരുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉപയോഗിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂന്ന് നിലകളുള്ള ടി കെട്ടിടത്തിന്റെ truss work ചെയ്ത ഭാഗത്തിന് പെർമിറ്റ് എടുത്തിരുന്നില്ല. ഇതുപോലെയുള്ള നിരവധി കെട്ടിടങ്ങൾ നഗരസഭ പരിധിയിലുണ്ട്. നഗരസഭ അധികൃതർ യഥാസമയം പരിശോധന നടത്താതിരിക്കുന്നത് അനധികൃതനിർമ്മാണം പെരുകുന്നതിനും ഇത് കണ്ടെത്തുന്നതിലുണ്ടാകുന്ന വീഴ്ച നഗരസഭയ്ക്ക് ലഭിക്കേണ്ടതായ വസ്തുനികുതി നഷ്ടമാകുന്ന സ്ഥിതിയുമുണ്ടാക്കുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 22(1)(a)(i) പ്രകാരം യഥാസമയം നികുതി നിർണ്ണയം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുക ധനകാര്യ സ്ഥിരം സമിതിയുടെ ചുമതലയാകയാൽ അനധികൃത നിർമ്മാണം നഗരസഭയ്ക്കുണ്ടാക്കുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനുള്ള സവിശേഷ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതുണ്ട്. മേൽ പരാമർശിച്ച കെട്ടിടമുൾപ്പെടെ മുഴുവൻ അനധികൃത നിർമ്മാണങ്ങളും കണ്ടെത്തി നടപടികൾ സ്വീകരിക്കേണ്ടതും നടപടിയുടെ വിവരങ്ങൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-19 തൊഴിൽ നികുതി -മുഴുവൻ നികുതി വരുമാനവും ഈടാക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 245 മുതൽ 259 വരെയുള്ള വകുപ്പുകൾ, അവയുടെ കീഴിൽ ഉണ്ടാക്കിയ 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭ പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ നിക്ഷേപങ്ങളിൽ നിന്നും വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നതോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. കൂടാതെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം (2) മുതൽ (11) വരെ അനുസരിച്ച് സ്വയം തൊഴിലിൽ ഏർപ്പെടുന്നവരുടെയും സ്ഥാപനങ്ങളുടെയും അർദ്ധവാർഷിക തൊഴിൽ നികുതി നിരക്ക് 1250/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭ ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല.

**1) <u>കരാറുകാരെ തൊഴിൽ നികുതി ചുമത്തിയില്ല- 52500/- രൂപയുടെ നഷ്ടം</u>**

കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം (10) പ്രകാരം കരാറുകാരുടെ അർദ്ധവാർഷിക തൊഴിൽ നികുതി പരമാവധി തുകയായ 1250/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ മരാമത്ത് വിഭാഗം നിർവ്വഹണം നടത്തിയ പ്രവൃത്തികൾ കരാറിനെടുത്ത് നടപ്പിലാക്കിയ കരാറുകാരെ പോലും നഗരസഭ തൊഴിൽ നികുതി ചുമത്തിയിട്ടില്ല. കരാറുകാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | മുഹമ്മദ് താഹ,പരിയാരത്ത് വടക്കതിൽ, കട്ടച്ചിറ |
| 2 | ഷൌക്കത്ത്,നിബിൻ നിവാസ്, കായംകുളം |
| 3 | നാസർ.കെ, ഷീജ ഭവനം,ദേശത്തിനകം |
| 4 | ഇക്ബാൽ ഖാൻ കെ.എം,അൽ മക്കം കോട്ടേജ് |
| 5 | ഇ.എം.അഷ്റഫ്, കൊല്ലം പറമ്പിൽ |
| 6 | എസ്.അബ്ദുൾ അസീസ്, പറയന്റെ വടക്കതിൽ |

| | |
|---|---|
| 7 | ഷാഹിൻഷാ ടി.ടി, എസ്.എസ് മൻസിൽ |
| 8 | എസ്.അബ്ദുൾ ലത്തീഫ്, എസ്.എസ്.കെ മൻസിൽ |
| 9 | മോഹനൻ നായർ, പൂവാടിതറയിൽ |
| 10 | ശശിധരൻ, ആമ്പാലയം |
| 11 | എം.സുന്ദരേശൻ, പ്രിയ ഭവനം |
| 12 | ഹുസൈൻ അഹമ്മദ്, വള്ളിയിൽ |
| 13 | നൌഷീർ, ചിറയിൽ |
| 14 | സി.എസ്.ബാഷ |
| 15 | കെ.സുരേഷ്, ഷൈലം |
| 16 | യൂസഫ് കുഞ്ഞ്, യജാസ് മൻസിൽ |
| 17 | എം.സി മാത്യു, മാംപറമ്പിൽ |
| 18 | ഷിഹാബ്.എസ്, പറയന്റെയ്യത്ത് തെക്കേതിൽ |
| 19 | ശിവരാജൻ.ഡി, ശാരദ ഭവനം |
| 20 | ഷൈലജ.എം.പി, ലിൻസ്റ്റ സർവ്വീസസ്, പാപ്പൂട്ടി കോംപ്ലക്സ് |
| 21 | ഫ്രാൻസിസ്.എം.ഡി, ഷാരോൺ വാട്ടർ സോല്യൂഷൻസ് |

ടി കരാറുകാരെ നികുതി ചുമത്താതിരുന്നത് നഗരസഭയ്ക്ക് 52500/- രൂപയുടെ നികുതി നഷ്ടമുണ്ടാക്കി. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിൽ അറിയിക്കേണ്ടതാണ്.

**2) <u>പൊതുവിതരണ കേന്ദ്രങ്ങളുടെ ലൈസൻസികളെ തൊഴിൽ നികുതി ചുമത്തുന്നില്ല</u>**

നഗരസഭയുടെ പരിധിയിൽ നിരവധി പൊതുവിതരണ കേന്ദ്രങ്ങൾ (റേഷൻ ഷോപ്പുകൾ) പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഷോപ്പുടമകൾക്ക് ഭക്ഷ്യധാന്യകൈമാറ്റത്തിന് സർക്കാർ ശമ്പളം നൽകുന്നുണ്ട്. റേഷൻ ഷോപ്പ് നടത്തിപ്പുകാരെ നികുതി ചുമത്താതിരിക്കുന്നത് നഗരസഭയ്ക്ക് വൻ വരുമാന നഷ്ടം ഉണ്ടാക്കുന്നുണ്ട്. കാർത്തിക പള്ളി താലൂക്ക് സപ്ലൈ ഓഫീസർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 34 റേഷൻ ഷോപ്പുകൾ കായംകുളം നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ലൈസൻസികളുടെ പേരും എ.ആർ.ഡി നമ്പരും ചുവടെ ചേർക്കുന്നു.

| ക്രമ നം. | എ.ആർ.ഡി നം. | ലൈസൻസിയുടെ പേര് |
|---|---|---|
| 1 | 29 | കെ.ജി.ശ്രീകണ്ഠൻ |
| 2 | 30 | വി.മുരളീധരൻ |
| 3 | 31 | സി.കെ.സുഗുണൻ |
| 4 | 32 | സി.കെ. ആനന്ദവല്ലി |
| 5 | 33 | കെ.എസ്. പ്രീത |
| 6 | 34 | പ്രേംജിത്ത്.വി |
| 7 | 35 | വിശ്വപ്രഭ |
| 8 | 36 | സുശീല .ഒ |
| 9 | 37 | അനിൽ.യു.ഭാനു |
| 10 | 38 | വിജയലക്ഷ്മി |
| 11 | 39 | എ.മൈമൂനത്ത് |
| 12 | 40 | എസ്.നസീർ |
| 13 | 41 | എലിസബത്ത് |
| 14 | 43 | ഷാജിന അൻവർഷാ |
| 15 | 45 | വൈ.സബീദ |
| 16 | 47 | എം.ഒ അബ്ദുൾ അസീസ് |

| | | |
|---|---|---|
| 17 | 48 | എ.ഹസൻ കോയ |
| 18 | 49 | ബിനോ പി കുര്യൻ |
| 19 | 50 | ടി.എ.മിദ് ലജ് |
| 20 | 51 | സിന്ധു |
| 21 | 53 | പ്രഭാകര പൈ |
| 22 | 54 | കെ.അസുമ ബീവി |
| 23 | 55 | പി.പ്രസീത |
| 24 | 56 | റഷീദ് |
| 25 | 57 | സീനാഥ് |
| 26 | 58 | കെ.ഹമീദ് |
| 27 | 59 | സീനത്ത് |
| 28 | 60 | ബാലചന്ദ്രൻ.എൻ |
| 29 | 61 | റസീലത്ത് |
| 30 | 62 | സി.ബേബി |
| 31 | 63 | എസ്.സി.ബി -2962 |
| 32 | 64 | എം.ഒ. നസീർ കുഞ്ഞ് |
| 33 | 254 | കെ.തുളസി |
| 34 | 272 | സൗമ്യ വിജയൻ |

ലൈസൻസികൾക്ക് ശമ്പളം നൽകുന്ന ഓഫീസിൽ ഡിമാൻഡ് നോട്ടീസ് നൽകി മുഴുവൻ റേഷൻ ഷോപ്പ് ലൈസൻസികളെയും തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ്. കുടിശ്ശിക തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

**3) <u>അഭിഭാഷകരെ തൊഴിൽ നികുതി ചുമത്തുന്നില്ല</u>**

കായംകുളം നഗരസഭയുടെ പരിധിയിലെ കോടതികളിൽ നിരവധി അഭിഭാഷകർ പ്രാക്റ്റീസ് ചെയ്യുന്നുണ്ട്. എന്നാൽ അഭിഭാഷകരെ നികുതി ചുമത്തുന്നതിൽ നഗരസഭ തുടർച്ചയായി പരാജയപ്പെടുന്ന സാഹചര്യമാണുള്ളത്. അഭിഭാഷകരെ നികുതി ചുമത്താത്തത് സംബന്ധിച്ച് ഓഡിറ്റ് പരാമർശങ്ങൾ നില നിൽക്കുമ്പോഴും ഇത് സംബന്ധിക്കുന്ന നടപടികൾ കൈക്കൊള്ളുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. 2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4(1) പ്രകാരം നഗരസഭയുടെ 32-ാം വാർഡിന്റെ ഹാൻഡ് ബുക്കിൽ 80 അഭിഭാഷകരുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതായി പരാമർശിച്ചിരുന്നു. കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം (2) മുതൽ (11) വരെ സ്വയം തൊഴിലിൽ ഏർപ്പെടുന്നവരുടെയും സ്ഥാപനങ്ങളുടെയും അർദ്ധവാർഷിക തൊഴിൽ നികുതി നിരക്ക് 1250/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഭിഭാഷകരിൽ നിന്ന് ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തത് നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. നഗരസഭാ പരിധിയിലുള്ള എല്ലാ അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിൽ അറിയിക്കേണ്ടതാണ്.

**4) <u>ലോഡ്ജുകളെയും ഓഡിറ്റോറിയങ്ങളെയും കൺവെൻഷൻ സെന്ററുകളെയും തൊഴിൽ നികുതി ചുമത്തുന്നില്ല</u>**

നഗരസഭ അതിർത്തിയിൽ നിരവധി ലോഡ്ജുകളും ഓഡിറ്റോറിയങ്ങളും കൺവെൻഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ ഉടമകളെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ചുമത്തിയതായി കാണുന്നില്ല. ലോഡ്ജുകളുടെയും ഓഡിറ്റോറിയങ്ങളുടെയും കൺവെൻഷൻ സെന്ററുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|

| | |
|---|---|
| 1 | മേരി ലാൻഡ്, കെ.പി റോഡ് |
| 2 | ഹർഷ ടൂറിസ്റ്റ് ഹോം പുതിയിടം |
| 3 | യശോധരൻ, ശാസ്താംപറമ്പിൽ |
| 4 | സി.എൻ ലോഡ്ജ് |
| 5 | ആനന്ദാ ലോഡ്ജ്, കായംകുളം |
| 6 | ഇന്ദ്രപ്രസ്ഥാ |
| 7 | റോയൽ പ്ലാസാ |
| 8 | ക്രൗൺ ഓഡിറ്റോറിയം |
| 9 | മികാസ് കൺവെൻഷൻ സെന്റർ |
| 10 | മോഹൻസ് ഓഡിറ്റോറിയം |
| 11 | ജി.ഡി.എം.ഓഡിറ്റോറിയം |
| 12 | ഓയാസിസ് ഓഡിറ്റോറിയം |
| 13 | ടി.എ കൺവെൻഷൻ സെന്റർ |
| 14 | കദീശപള്ളി പാരിഷ് ഹാൾ |
| 15 | എരുവ ദേവസ്വം ബോർഡ് ഓഡിറ്റോറിയം |
| 16 | കായംകുളം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം ഓഡിറ്റോറിയം |
| 17 | പുള്ളിക്കണക്ക് ഗുരുസികാമൻ ക്ഷേത്രം ഓഡിറ്റോറിയം |

ടി സ്ഥാപന ഉടമകളെ തൊഴിൽ നികുതി ചുമത്തി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 തൊഴിൽ നികുതി-ജീവനക്കാരിൽ നിന്നും ലക്ഷങ്ങൾ പിരിച്ചെടുക്കുവാനവശേഷിക്കുന്നു

തൊഴിൽ നികുതിയുടെ ഡിമാൻഡ് രജിസ്റ്റർ പ്രകാരം നഗരസഭാ പരിധിയ്ക്കുള്ളിലുള്ള 65 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-25 (11-12-19) പ്രകാരം നഗരസഭ സെക്രട്ടറിയെ അറിയിച്ചു. ഈ അന്വേഷണക്കുറിപ്പിന് നഗരസഭ സെക്രട്ടറി 16-12-19 - ൽ ലഭ്യമാക്കിയ മറുപടിയിൽ 12 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ചുമത്തിയിരുന്നുവെന്നും അവശേഷിക്കുന്ന 53 സ്ഥാപനങ്ങളിൽ ഡിമാൻഡ് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചു. അവശേഷിക്കുന്ന നികുതി ചുമത്തപ്പെടാതിരുന്ന സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | പരാമർശം |
|---|---|---|---|
| 1 | സെൻട്രൽ ബാങ്ക് | I | |
| 2 | ബിർള സൺലൈഫ് | I | |
| 3 | ബി.എസ്.എൻ.എൽ -മൈക്രോ | II | |
| 4 | കാപെക്സ്, എരുവ | I & II | |
| 5 | സി.പി.സി.ആർ.ഐ ,കൃഷ്ണപുരം | I | |
| 6 | കെയർ C/O എച്ച്.ഡി.എഫ്.സി | I & II | |
| 7 | കൊയ്പ്പള്ളി കാരാഴ്മദേവസ്വം | II | |
| 8 | കൃഷ്ണപുരം ദേവസ്വം | I & II | |
| 9 | ദീക്ഷ | I & II | |
| | | | |

| | | | |
|---|---|---|---|
| 10 | ഫയർ & റസ്ക്യൂ സ്റ്റേഷൻ | I | |
| 11 | ഫിഷറീസ് ഇൻസ്പെക്ടർ | I & II | |
| 12 | മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് | I & II | |
| 13 | ജി-ടെക് | I & II | |
| 14 | സിറ്റി ഹോസ്പിറ്റൽ | II | |
| 15 | ഡോ.ശങ്കർ സ്മാരക ഹോസ്പിറ്റൽ, പുതിയിടം | I & II | |
| 16 | ഹോട്ടൽ താസ | I & II | |
| 17 | ഇൻഡ്യ ഇൻഫോലൈൻ | I & II | |
| 18 | ഹോട്ടൽ റോയൽ പ്ലാസ | I & II | |
| 19 | കെ.എസ്.ഇ.ബി കൃഷ്ണപുരം | I | രസീത് നമ്പർ രേഖപ്പെടുത്തിയിട്ടില്ല |
| 20 | കയർ വ്യവസായ സഹകരണസംഘം നം-416 | I & II | |
| 21 | കീരിക്കാട് ക്ഷീരോത്പാദന സഹകരണസംഘം | I | |
| 22 | കണ്ണാട്ട് ഫിനാൻസ് | I & II | |
| 23 | ട്രാവൻകൂർ ഭാരത് ഗ്യാസ് | I & II | |
| 24 | മണിമുറ്റം ഫിനാൻസ് | I & II | |
| 25 | മാവേലി സ്റ്റോർ, കെ.പി റോഡ് | I & II | |
| 26 | മുത്തൂറ്റ് ഫിനാൻസ്, എം.എസ്സ്.എം കോളേജ് ബ്രാഞ്ച് | II | |
| 27 | മിനി മുത്തൂറ്റ് | I & II | |
| 28 | എൻ.ഐ.എഫ്.ഇ | I & II | |
| 29 | ഡി.വൈ.എസ്.പി ഓഫീസ് | I | |
| 30 | പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൌസ് | I & II | |
| 31 | എരുവ പോസ്റ്റ് ഓഫീസ് | II | |
| 32 | പുള്ളിക്കണക്ക് സബ് പോസ്റ്റ് ഓഫീസ് | II | |
| 33 | സബ്ഡിവിഷണൽ ഇൻസ്പെക്ടർ കായംകുളം | II | |
| 34 | ശ്രീ ശ്രീ രവിശങ്കർ പബ്ലിക്ക് സ്കൂൾ | I & II | |
| 35 | റിലയൻസ് റീറ്റെയിൽ | I | |
| 36 | റിലയൻസ് ജനറൽ ഇൻഷ്വറൻസ് | II | |
| 37 | റിലയൻസ് കോപ്പറേറ്റീവ് IT പാർക്ക് | II | |
| 38 | RF മോട്ടോർസ് | I & II | |
| 39 | സോഫ്റ്റ്ടെക് ITC | I & II | |
| 40 | TEAM LEAS | I & II | |
| 41 | സതേൺ റയിൽവേ | I | I-മൂന്ന് ജീവനക്കാർമാത്രം |
| 42 | ഹോട്ടൽ കാലയ് | II | |
| 43 | പോളോ ഭാരത് ഗ്യാസ് ഏജൻസ് | I & II | |
| 44 | മെഡിവിഷൻ ലാബ്-പുതിയിടം | II | |
| 45 | എൻജിനീയേഴ്സ് ട്രെയിനിംഗ് സെന്റർ, | II | |

| | | | |
|---|---|---|---|
| | കെ.പി റോഡ് | | |
| 46 | ബയോടെക് ലാബ് സ്കാൻ | | |
| 47 | എ.എസ്.ടി മോട്ടോർസ് | I & II | |
| 48 | ഇഹാബ് ട്രാവൽസ് ആൻഡ് ടൂർസ് | I | |
| 49 | മികാസ് കൺവെൻഷൻ സെന്റർ കെ.പി റോഡ് | I | |
| 50 | വാരിയേഴ്സ് ഹോസ്പിറ്റൽ ആൻഡ് പഞ്ചകർമ്മ സെന്റർ | I | |
| 51 | ശ്രീ ഗോകുലം ചിറ്റ്സ് | I | |
| 52 | അക്ഷയ കമ്മ്യൂണിറ്റി ഫാർമ്മ | I | |
| 53 | എൻ.എസ്.എസ് സെൻട്രൽ സ്കൂൾ | I | |

കൃത്യവും കാലികവുമായ രേഖപ്പെടുത്തലോടു കൂടിയ ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കാത്തത് തൊഴിൽ നികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുകയെ സംബന്ധിച്ച് അവ്യക്തതയുണ്ടാക്കിയിട്ടുണ്ട്. ഡിമാൻഡ് രജിസ്റ്റർ കൃത്യമാക്കേണ്ടതും അടിയന്തിരമായി ടി സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഡിമാൻഡ് നോട്ടീസ് നൽകേണ്ടതും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-21 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി-കൃത്യമായ ഡിമാൻഡില്ല-നഗരസഭയ്ക്ക് ലക്ഷങ്ങളുടെ വരുമാന നഷ്ടം

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 166 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. തുക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 24(11-12-19) പ്രകാരം സെക്രട്ടറിയെ അറിയിച്ചിരുന്നു. ടി അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ 67 സ്ഥാപനങ്ങളുടെ നികുതി ഒടുക്ക് സംബന്ധിക്കുന്ന വിശദാംശങ്ങൾ സെക്രട്ടറി ലഭ്യമാക്കി. ടി മറുപടി പ്രകാരം നികുതി ചുമത്തി ഈടാക്കാതിരുന്ന 99 സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ചുമത്തേണ്ടിയിരുന്ന പരമാവധി നികുതി |
|---|---|---|---|
| 1 | അപരാജിത ഡൈനമിക് സിനർജീസ് | I | 1250 |
| 2 | ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് | I & II | 2500 |
| 3 | അഹല്യ മണി എക്ചേഞ്ച് ആൻഡ് ഫിനാൻഷ്യൽ സർവ്വീസ് | I & II | 2500 |
| 4 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്,കായം കുളം | II | 1250 |
| 5 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്,കെ.പി റോഡ് | I & II | 2500 |
| 6 | പുല്ലുകുളങ്ങര സർവ്വീസ് സഹകരണബാങ്ക്, പുത്തൻറോഡ് | I | 1250 |
| 7 | പത്തിയൂർ ഫാർമേഴ്സ് സഹകരണബാങ്ക്, കായംകുളം | I & II | 2500 |
| 8 | പത്തിയൂർ ഫാർമേഴ്സ് സഹകരണബാങ്ക്, കാക്കനാട് | I & II | 2500 |
| 9 | ഗവ.എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കായംകുളം | II | 1250 |
| 10 | കോർപ്പറേഷൻ ബാങ്ക് പത്തിയൂർ ബ്രാഞ്ച് | I & II | 2500 |
| 11 | സിൻഡിക്കേറ്റ് ബാങ്ക് പുതിയിടം | I | 1250 |
| 12 | സിൻഡിക്കേറ്റ് ബാങ്ക് കൃഷ്ണപുരം | I & II | 2500 |
| | | | |

| | | | |
|---|---|---|---|
| 13 | സിൻഡിക്കേറ്റ് ബാങ്ക് കായംകുളം | I & II | 2500 |
| 14 | ഓട്ടോകാസ്റ്റ് സർവ്വീസ് | I & II | 2500 |
| 15 | ഫെഡറൽ ബാങ്ക്, കോളേജ് ജംഗ്ഷൻ | I & II | 2500 |
| 16 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് | I | 1250 |
| 17 | കാത്തലിക് സിറിയൻ ബാങ്ക് | I only | 1250 |
| 18 | എസ്.ബി.ഐ ടൗൺ ബ്രാഞ്ച് | I | 1250 |
| 19 | എസ്.ബി.ഐ-പേഴ്സണൽ ബാങ്കിംഗ് ബ്രാഞ്ച് | I & II | 2500 |
| 20 | എസ്.ബി.ഐ-കായംകുളം | I & II | 2500 |
| 21 | പഞ്ചാബ് നാഷണൽ ബാങ്ക് | I & II | 2500 |
| 22 | ആക്സിസിസ് ബാങ്ക്,പുതിയിടം | II | 1250 |
| 23 | ഇൻഡസ് ഇൻഡ് ബാങ്ക്, പുതിയിടം | I & II | 2500 |
| 24 | കാനറ ബാങ്ക്, പുതിയിടം | I & II | 2500 |
| 25 | ഇസാഫ്, പുതിയിടം | I & II | 2500 |
| 26 | ബിർല സൺലൈഫ് | I & II | 2500 |
| 27 | ബി.എസ്.എൻ.എൽ | I & II | 2500 |
| 28 | കാപ്പക്സ് കൃഷ്ണപുരം | I & II | 2500 |
| 29 | മാത കാഷ്യൂസ് എരുവ | I & II | 2500 |
| 30 | കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് | I & II | 2500 |
| 31 | കയർ സൊസൈറ്റി, ചിറക്കടവം | I & II | 2500 |
| 32 | എച്ച്.ഡി.ബി ഫിനാൻഷ്യൽ സർവ്വീസ് | I & II | 2500 |
| 33 | ക്രൗൺ ഓഡിറ്റോറിയം | I only | 1250 |
| 34 | കോൺകോർഡ് മോട്ടോർസ്, കൃഷ്ണപുരം | I & II | 2500 |
| 35 | ഡി.ഡി.ആർ.സി | II | 1250 |
| 36 | എൽമെക്സ് വെഡ്ഡിംഗ് കസിൽ | I & II | 2500 |
| 37 | ഈദാ ബേക്കറി ആൻഡ് ഹൈപ്പർ മാർക്കറ്റ് | I & II | 2500 |
| 38 | നജാത്ത് ഹോസ്പിറ്റൽ | I & II | 2500 |
| 39 | മെഡിക്കൽ ട്രസ്റ്റ് കല്ലുംമൂട് | I & II | 2500 |
| 40 | ഡോ.ശങ്കർ സ്മാരക എസ്.എൻ ഹോസ്പിറ്റൽ | I & II | 2500 |
| 41 | കൃപ വെൽനെസ്സ് ക്ലിനിക്ക് | I & II | 2500 |
| 42 | ഹോട്ടൽ ഹൈവേ പാലസ് | I | 1250 |
| 43 | ഹാൻവീവ് | I & II | 2500 |
| 44 | ഇൻഡ്യ ഇൻഫോലൈൻ | I & II | 2500 |
| 45 | ഹോട്ടൽ റോയൽ പ്ലാസ | II | 1250 |
| 46 | ഐ.സി.എൽ | I & II | 2500 |
| 47 | കെ.എസ്.ഇ.ബി-കളക്ഷൻ സെന്റർ | I & II | 2500 |
| 48 | കായംകുളം സഹകരണ ബാങ്ക്, കൃഷ്ണപുരം | I & II | 2500 |
| 49 | കായംകുളം വ്യാപാരി വ്യവസായി സഹകരണ സംഘം-A1091 | I & II | 2500 |
| 50 | കയർ വ്യവസായ സഹകരണ സംഘം-416 | I & II | 2500 |
| 51 | കീരിക്കാട് ക്ഷീരോത്പാദക സഹകരണ സംഘം | I & II | 2500 |
| 52 | കുറ്റിക്കാട്ട് ഫ്യൂവൽസ് | I & II | 2500 |
| 53 | കെ.എൽ.ഡി.സി | I & II | 2500 |

| | | | |
|---|---|---|---|
| 54 | കെ.ടി.ഡി.സി മോട്ടൽ ആരാം | I & II | 2500 |
| 55 | കെ.സി.റ്റി, കായംകുളം | I & II | 2500 |
| 56 | LIC കായംകുളം | I & II | 2500 |
| 57 | കാരുണ്യ ഫാർമസി | I & II | 2500 |
| 58 | ട്രാവൻകൂർ ഭാരത് ഗ്യാസ് | I & II | 2500 |
| 59 | മണിമുറ്റം ഫിനാൻസ് | I & II | 2500 |
| 60 | സപ്ലൈകോ മാവേലി സ്റ്റോർ, ഐക്യ ജംഗ്ഷൻ | I & II | 2500 |
| 61 | സപ്ലൈകോ മാവേലി സ്റ്റോർ, കെ.പി റോഡ് | I & II | 2500 |
| 62 | മണപ്പുറം ഫിനാൻസ് -ഒ.എൻ.കെ ജംഗ്ഷൻ | I & II | 2500 |
| 63 | മുത്തൂറ്റ് ഫിനാൻസ്, എം.എസ്.എം കോളേജ്, കായംകുളം | I & II | 2500 |
| 64 | മുത്തൂറ്റ് ഫിനാൻസ്, കെ.പി റോഡ് | I & II | 2500 |
| 65 | മൂത്തൂറ്റ് ഫിൻകോർപ്പ് | I & II | 2500 |
| 66 | മുത്തൂറ്റ് മൈക്രോഫിൻ ബ്രാഞ്ച്-1 | I & II | 2500 |
| 67 | മുത്തൂറ്റ് മൈക്രോഫിൻ ബ്രാഞ്ച്-2 | I & II | 2500 |
| 68 | മുത്തൂറ്റ് മൈക്രോഫിൻ, കൃഷ്ണപുരം | I & II | 2500 |
| 69 | മിനിമുത്തൂറ്റ്, കായംകുളം | II | 2500 |
| 70 | നാഷണൽ ഇൻഷ്വറൻസ് | I & II | 2500 |
| 71 | ഔവ്വർ ഡയഗ്നോസ്റ്റിക്ക് സെന്റർ,കെ.പി റോഡ് | I & II | 2500 |
| 72 | പോപ്പുലർ ബജാജ് | I & II | 2500 |
| 73 | പവ്വർ സിറ്റി ഹീറോ | I & II | 2500 |
| 74 | റിലയൻസ് SMSL | I | 1250 |
| 75 | RF മോട്ടോർസ് | I & II | 2500 |
| 76 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് | I & II | 2500 |
| 77 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ | I & II | 2500 |
| 78 | Thomson furniture | I & II | 2500 |
| 79 | യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി, | I & II | 2500 |
| 80 | കായംകുളം അർബൻ കോ ഓപ്പറേറ്റീവ് സൊസൈറ്റി | I & II | 2500 |
| 81 | കൊശമറ്റം ഫിനാൻസ്, പുതിയിടം | I & II | 2500 |
| 82 | കൊശമറ്റം ഫിനാൻസ്,കുറ്റിത്തെരുവ് | I & II | 2500 |
| 83 | ഫൈൻടെക് കോർപ്പറേഷൻ | I & II | 2500 |
| 84 | ശബരി ഡിസ്ട്രിബ്യൂഷൻ ലിമിറ്റഡ് | I & II | 2500 |
| 85 | എച്ച്.ഡി.എഫ്.സി- ലൈഫ് | I | 1250 |
| 86 | കല്യാൺ ജ്യൂവലേഴ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | I & II | 2500 |
| 87 | Delhivery enabling e-comerce | I & II | 2500 |
| 88 | പോളൊ ഭാരത് ഗ്യാസ് ഏജൻസി | I & II | 2500 |
| 89 | indiavision lan | II only | 1250 |
| 90 | Biotex Lab and Scan | II only | 1250 |
| 91 | AST മോട്ടോർസ് | II only | 1250 |
| 92 | Ehab travels and tours | II only | 1250 |
| 93 | Maryland hotel | I & II | 2500 |
| | | | |

| | | | |
|---|---|---|---|
| 94 | കായംകുളം കോപ്പറേറ്റീവ് ബാങ്ക് | I & II | 2500 |
| 95 | സിറ്റി മെഡിക്കൽസ് | I & II | 2500 |
| 96 | ഫാർമ ലിങ്ക്സ് | I & II | 2500 |
| 97 | CB മെഡിക്കൽ ഏജൻസീസ് | I & II | 2500 |
| 98 | ഇൻഡി ട്രേഡ് മൈക്രോഫിനാൻസ് | II | 2500 |
| ആകെ | | | 2,21,250 |

കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം അർദ്ധവർഷം 1250/- രൂപ നികുതി ബാധ്യതയുള്ള സ്ഥാപനങ്ങളാണിവ. ആയതിനാൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ചുമത്താതിരിക്കുക വഴി നഗരസഭയ്ക്ക് 2,21,250/- രൂപയുടെ വരവ് നഷ്ടം ഉണ്ടായി. ടി സ്ഥാപനങ്ങൾക്ക് ഡിമാൻഡ് നോട്ടീസ് നൽകി നികുതി ഈടാക്കാത്ത പക്ഷം റവന്യൂ വിഭാഗം ജീവനക്കാരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

# 1-22 വാടക –നടപടിക്രമങ്ങളിലും ഈടാക്കുന്നതിലും നഗരസഭ തികഞ്ഞ അനാസ്ഥ തുടരുന്നു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 12 ഷോപ്പിംഗ് കോംപ്ലക്സുകൾ, ബങ്കുകൾ, സ്റ്റാളുകൾ ഉൾപ്പടെ ആകെ 179 കടമുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. 2018-19 വർഷത്തെ വാടക രജിസ്റ്റർ, വാടകക്കാരുമായുള്ള എഗ്രിമെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 ഉപവകുപ്പ് 2(എ) പ്രകാരം ഒരു മുനിസിപ്പാലിറ്റിയ്ക്ക് വ്യാപാരത്തിനോ, അല്ലാതെയോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും, അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്. ഉപവകുപ്പ് 3 പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും, കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അതു കൊടുക്കേണ്ട സമയവും ഉൾപ്പെടുന്ന കരാർ നിയമാനുസൃത മൂല്യത്തിലുള്ള മുദ്രപത്രത്തിൽ എഴുതിയുണ്ടാക്കിയിരിക്കേണ്ടതാണ്. ഉപവകുപ്പ് 4 പ്രകാരം ഇത്തരത്തിൽ വാടകയ്ക്ക് നൽകിയ ഏതൊരിടവും നഗരസഭയുടെ മുൻഅനുമതിയില്ലാതെ ഉപയോഗത്തിന്റെ സ്വഭാവം മാറ്റാനോ, മറ്റൊരാൾക്ക് കീഴ് വാടകയ്ക്ക് കൊടുക്കാനോ പാടില്ലാത്തതും, എന്നാൽ ലൈസൻസിയുടെ ആവശ്യപ്പെടലിന്മേൽ മുനിസിപ്പാലിറ്റിയ്ക്ക് മറ്റേതെങ്കിലും ആൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാവുന്നതുമാണ്. എന്നാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215, 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങൾ എന്നിവയടിസ്ഥാനപ്പെടുത്തി നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നില്ല.

1) <u>വാടക തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നില്ല</u>

വാടക സംബന്ധിച്ച കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ **2,48,855/-** രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നമ്പർ | വാടകക്കാരന്റെ പേര് | വാടകനിരക്ക് | ആകെ കുടിശ്ശിക തുക |
|---|---|---|---|---|
| മുൻസിപ്പാലിറ്റിയുടെ വിവിധ സ്ഥലങ്ങളിലുള്ള ബങ്ക് | | | | |
| 1 | ബങ്ക്-13 | ജി.ചാക്കോ,കാര്യാത്ത് തെക്കേതിൽ,ബങ്ക് റോഡ്. | 305 | 3660 |
| തറ വാടക | | | | |
| 2 | 4 | ഉമൈബ, കൊല്ലംപറമ്പിൽ, ചിറക്കടവം | 1170 | 14040 |
| 3 | 6 | കെ.ബി.മണിയൻ,ഭാമനിവാസ്, | 450 | 450 |

| | | | | |
|---|---|---|---|---|
| | | ചേരാവള്ളി. | | |
| 4 | 11 | എസ്.ഷംസുദ്ദീൻ, തയ്യിൽ വീട്, കണ്ണംപള്ളി ഭാഗം | 880 | 10560 |
| പഴയ ഫയർ സ്റ്റേഷൻ കോമ്പൌണ്ടിലെ കടമുറികൾ | | | | |
| 5 | റൂം -1 | ജോർജ്ജ് മാത്യു, കളീയിക്കൽ, നിയർ സി.എസ്.ഐ. ചർച്ച് | 3330 | 16650 |
| 6 | റൂം-10 | രാജേഷ്, കാത്രൂർ ശ്രീരാഗം,ചേരാവള്ളി | 295 | 885 |
| ലോറി സ്റ്റാന്റ് ബിൽഡിംഗ് | | | | |
| 7 | റൂം- 9 | ബഷീർ, തിരുവാലിൽ, കായംകുളം | 1265 | 1265 |
| അബ്ദുൾ സ്മാരക ഷോപ്പീങ്ങ് കോംപ്ലക്സ് | | | | |
| 8 | റൂം.3 | കെ.കെ.രഘുനാഥൻ, സോപാനം, കായംകുളം | 2835 | 34020 |
| അറബിപ്പറമ്പ് ഷോപ്പിങ്ങ് കോംപ്ലക്സ് | | | | |
| 9 | റൂം.1 | താജുദ്ദീൻ,അറബിപ്പറമ്പിൽ വീട്, സസ്യ മാർക്കറ്റ്, കായംകുളം | 1465 | 17580 |
| തുണ്ടത്തിൽ കൃഷ്ണപിള്ള സ്മാരക കോംപ്ലക്സ് | | | | |
| 10 | റൂം.11 | ആകാശ്.കെ.ജയൻ, കോളശ്ശേരി, പുതുപ്പള്ളി | 8885 | 26655 |
| 11 | Ist ഫ്ലോർ(1/A) | ആകാശ്.കെ.ജയൻ, കോളശ്ശേരി, പുതുപ്പള്ളി | 16060 | 16060 |
| 12 | Ist ഫ്ലോർ-2 | വാമദേവഭാനു, പാലശ്ശേരിൽ, കായംകുളം | 11720 | 11720 |
| 13 | IInd ഫ്ലോർ-3 | പ്രതാപചന്ദ്രൻ, സുവർണ്ണ,ചേരാവള്ളി | 7485 | 14970 |
| സസ്യമാർക്കറ്റ് | | | | |
| 14 | റൂം.14 | മുഹമ്മദ് സാലി, മാളികത്തറയിൽ, ചേരാവള്ളി. | 985 | 985 |
| കശാപ്പ് ശാല സ്റ്റാൾ | | | | |
| 15 | സ്റ്റാൾ.5 | ഇന്ദു ബീവി, കടയിൽ, എരുവ.പി.ഒ | 1565 | 1565 |
| 16 | സ്റ്റാൾ.8 | ഹസൻ കുഞ്ഞ്, കോച്ചുതെക്കേത്തറയിൽ, കായംകുളം | 1565 | 18780 |
| 17 | സ്റ്റാൾ.9 | അഷ്റഫ്, കൈതോലിൽ, കായംകുളം | 1505 | 18780 |
| സസ്യ മാർക്കറ്റ് | | | | |
| 18 | സ്റ്റാൾ.3 | ബഷീർകുട്ടി, കൊച്ചുകൈതോലിൽ, കായംകുളം | 1045 | 12540 |
| 19 | സ്റ്റാൾ.5 | ആശാ ദിലീന, വടക്കേവിള, കോല്ലം | 1100 | 13200 |
| | ക്യാന്റീൻ | സുഷമ.എം.പിള്ള, വല്ലാവൂർ, എരുവ | 4830 | 14490 |
| **ആകെ** | | | | **2,48,855** |

വാടകക്കുടിശ്ശികയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക പിഴ സഹിതം ഈടാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**2)<u>ലേലം ഉറപ്പിച്ച ആളുകളിൽ നിന്നും ജി.എസ്.ടി. തുക ഈടാക്കിയിട്ടില്ല</u>**

ലേലം കൊണ്ട ആളുകളിൽ നിന്നും ലേലത്തുകയുടെ 18% ജി.എസ്.ടി തുകയാണ് നഗരസഭ നിലവിൽ ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ താഴെ എഴുതിയ പ്രകാരമുള്ള വ്യക്തികളിൽ നിന്നും ചട്ടം അനുശാസിക്കും പ്രകാരമുള്ള ജി.എസ്.ടി.തുക ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്,വിലാസം | ലേല ഇനം | ലേലത്തുക | ജി.എസ്.ടി വിഹിതം | അടയ്ക്കേണ്ട തുക | അടച്ച തുക | ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|---|
| 1 | രവീന്ദ്രൻ, തോട്ടത്തിന്റെ വടക്കേതിൽ, കൃഷ്ണപുരം | ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം | 27100 | 18% | 4879 | 4520 | 359 |
| 2 | ഉദയകുമാർ പ്ലാമൂട്ടിൽ കൃഷ്ണപുരം | മുക്കട മാർക്കറ്റ് | 1,21,000 | 18% | 21780 | 21330 | 450 |
| 3 | നിസ്സാർ കാറ്റാണിശ്ശേരിൽ കൃഷ്ണപുരം | കശാപ്പുശാല | 6,50,000 | 18% | 117000 | 116550 | 450 |
| | **ആകെ** | | | | | | **1259** |

മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3) <u>നഗരസഭാ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കരാർ ചമയ്ക്കുന്നില്ല</u>**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും ഉൾപ്പെടുത്തി നിയമാനുസൃത മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കണമെന്ന് കേരള മുനിസിപ്പൽ നിയമങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നഗരസഭയുടെ 179 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും 148 വാടകക്കാരുമായി മാത്രമെ മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടുള്ളൂ. നഗരസഭയും വാടകക്കാരുമായി കരാർ ചമയ്ക്കാതെ കടമുറികൾക്ക് ലൈസൻസ് പുതുക്കി നൽകുന്നത് ചട്ടവിരുദ്ധമാണ്. അപാകത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കരാർ ചമയ്ക്കാത്തതുമൂലം സർക്കാർ ഫണ്ടിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാനും, ഉചിതമായ തുടർ നടപടി സ്വീകരിക്കുവാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

**4) <u>മുറികൾ ഒഴിഞ്ഞുകിടക്കുന്നു</u>**

നഗരസഭയുടെ പ്രധാന വരുമാനസ്രോതസ്സാണ് ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക. നിലവിൽ ബങ്കുകളിലെ ക്രമനമ്പർ 15, പഴയ ഫയർ സ്റ്റേഷൻ കോമ്പൌണ്ടിലെ 7-ാം നമ്പർ കടമുറി, അറബിപ്പറമ്പ് ഷോപ്പിങ്ങ് കോംപ്ലക്സിലെ 3-ാം നമ്പർ കടമുറി, വനിത വ്യവസായ വികസന കോംപ്ലക്സിലെ 3 മുറികൾ (പ്രസ്തുത മുറികൾ 6770, 4010, 6800 എന്നീ തുകകൾക്ക് 2017-18 – ൽ വാടകയ്ക്ക് ഉപയോഗിച്ചവയായിരുന്നു), ഇറച്ചി സ്റ്റാളിലെ 12-ാം നമ്പർ സ്റ്റാൾ എന്നിവ ഒഴിഞ്ഞു കിടക്കുകയാണ്. ഈ മുറികൾ അടിയന്തിരമായി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**5) <u>വാടകപിരിവ് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല</u>**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികളിൽ നിന്നും വാടക ഈടാക്കുന്നതിന് നിയമാനുസൃതമായ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ.(എം.എസ്.)105/97 ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് നഗരസഭ യാതൊരു ശുഷ്കാന്തിയും കാണിക്കുന്നില്ല. ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

6) <u>ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരിൽ നിന്നും ഈടാക്കിയ ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് എത്രയെന്ന് സൂചിപ്പിക്കുന്ന വാടകകരാറോ, ഈടാക്കിയ ഡെപ്പോസിറ്റ് എത്രയെന്നോ, കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് യാതൊരു രേഖയും നഗരസഭയിൽ ലഭ്യമല്ല. വാടകകുടിശ്ശികയിലേക്ക് ഡെപ്പോസിറ്റ് തുക അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ചും യാതൊരു വിവരവും ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) <u>സ്റ്റേഡിയം ടൗൺഹാൾ എന്നിവയുടെ വാടക രേഖകൾ കൃത്യമായി പരിപാലിക്കുന്നില്ല</u>

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാൾ, സ്റ്റേഡിയം എന്നിവയിൽ സമ്മേളനങ്ങൾ, യോഗങ്ങൾ ഉൾപ്പെടെയുള്ള വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കുന്നതിന് 2018-19 സാമ്പത്തികവർഷം അനുമതി നൽകിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികപ്രകാരം ടൗൺഹാൾ വാടക ഇനത്തിൽ 75,680/- രൂപയും, സ്റ്റേഡിയംവാടക ഇനത്തിൽ 30,420/- രൂപയും 2018-19 സാമ്പത്തികവർഷം നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. സ്റ്റേഡിയത്തിന്റെയും ടൗൺഹാളിന്റെയും വാടകയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും, രേഖകളും എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽ അക്കൗണ്ട്സ് പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ ഓഡിറ്റിന് സാധിക്കുന്നില്ല.

മേൽ വിഷയങ്ങളിൽ പരിശോധന നടത്തേണ്ടതും പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. പരാമർശത്തിന്മേൽ നടപടികൾ സ്വീകരിക്കാത്തപക്ഷം ഓഡിറ്റ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

# 1-23 ആസ്തികളിൽ നിന്നും ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നു

നഗരസഭ നിർമ്മാണം പൂർത്തീകരിച്ചതും ഉദ്ഘാടനം കഴിഞ്ഞതുമായ കെട്ടിടങ്ങൾപോലും സമയ ബന്ധിതമായി ലേലം നടത്തി കൈമാറ്റം ചെയ്യാതിരിക്കുന്നത് കാരണം തനത് ഫണ്ടിലേക്ക് വരേണ്ട മുഴുവൻ തുകയും ലഭിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ഫയർ സ്റ്റേഷൻ ഷോപ്പിംഗ് കോംപ്ലക്സ്</u>

136 ച.മീറ്റർ വിസ്തൃതിയിൽ 2018 ജനവരി മാസം നിർമ്മാണം പൂർത്തീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് നിലവിൽ നഗരസഭ വാടകയ്ക്ക് നൽകിയിട്ടില്ല. വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കിയില്ല.

2. <u>സസ്യമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്</u>

KURDFC യിൽ നിന്ന് 6.4 കോടി രൂപ വായ്പയെടുത്ത് നിർമ്മിച്ച സന്ധ്യ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം 2019 ഫെബ്രുവരി മാസത്തിൽ നടത്തിയിരുന്നു. സസ്യമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം നടത്തിയെങ്കിലും ഇതിനുള്ളിലെ കടമുറികൾ ലേലം ചെയ്ത് നൽകിയതായി കാണുന്നില്ല. എന്നാൽ വായ്പയുടെ തിരിച്ചടവ് നഗരസഭ ആരംഭിച്ചിട്ടുമുണ്ട്. ലോൺ തിരിച്ചടവ് ഇനത്തിൽ 2018-19 വർഷത്തിൽ മാത്രം 7998585/- രൂപ വരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പണി പൂർത്തിയായ കെട്ടിടത്തിൽ നിന്നും നഗരസഭയ്ക്ക് യാതൊരുവിധ വരുമാനവും ലഭിക്കുന്നില്ലായെന്ന് മാത്രമല്ല സസ്യമാർക്കറ്റിലെ പലമുറികളും കൈയ്യേറിയ സാഹചര്യവും നിലനിൽക്കുന്നുണ്ട്. ആസ്തികൾ മാനേജ് ചെയ്യുന്നതിൽ ഗുരുതരമായ വീഴ്ചയാണ് നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിച്ച ആസ്തി കൈമാറി നൽകുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമല്ല. ഉദ്ഘാടനം നടത്തിയ കെട്ടിടം അടിയന്തിരമായി ലേലം ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-24 ലൈസൻസ് -നടപടികൾ സ്വീകരിക്കുന്നതിൽ നഗരസഭ ശ്രദ്ധ ചെലുത്തുന്നില്ല

**1)ലൈസൻസ് യഥാസമയം പുതുക്കാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

നഗരസഭപ്രദേശത്തിനുള്ളിലെ ഒരു സ്ഥലവും ഇതിലേക്കായി തയ്യാറാക്കിയിട്ടുള്ള 2011-ലെ കേരള മുൻസിപ്പാലിറ്റി ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും മറ്റ് വ്യാപാരങ്ങൾക്കും സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ ഉപയോഗിക്കാൻ പാടില്ലായെന്ന് ലൈസൻസ് സംബന്ധിച്ച് 1994-ലെ നഗരപാലിക ആക്ട് വകുപ്പ് 447-ലും 2011-ലെ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 3-ലും വ്യക്തമാക്കുന്നു. എന്നാൽ ലൈസൻസില്ലാതെ ധാരാളം വ്യാപാരസ്ഥാപനങ്ങൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ബിൽഡിംഗ് നമ്പർ | ഉടമയുടെ പേരും അഡ്രസ്സും | സ്ഥാപന ഇനം | ഈടാക്കാനുള്ള ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | 158A | വിദ്യാധരൻ, ചനയിൽ, കീരിക്കാട് സൗത്ത്. | ഫർണ്ണിച്ചർ കട | 600 |
| 1 | 365G | ജുമിലാത്ത്, എസ്.ജെ. മൻസിൽ, കണ്ണംപ്പള്ളി ഭാഗം | ബേക്കറി | 600 |
| 2 | 123 | ഷമീർ കുഞ്ഞ്, വലിയയ്യത്ത്, കണ്ണംപ്പള്ളി ഭാഗം | ബേക്കറി | 250 |
| 2 | 144 | നിയാസ്, കിഴക്കെവീട്ടിൽ തെക്കേതിൽ, കോട്ടുകുളങ്ങര | സ്വർണ്ണക്കട | 1000 |
| 3 | 355 | സുരേഷ്, കുന്നേത്ത് വീട്, കായംകുളം | ടയർ വർക്ക് ഷോപ്പ് | 130 |
| 3 | 382 A2 | ജാഫർ.കെ.എം, കാഞ്ഞിരത്തുംതടം, മൂവാറ്റുപുഴ | ഗോഡൌൺ | 250 |
| 3 | 389 (14) | നിസാർ അഹമ്മദ്, തറയിൽ, കായംകുളം | പവ്വർ ടൂൾസ് | 150 |
| 3 | 417 (B) | സജി, കുളങ്ങശ്ശേരിൽ, കണ്ണംപള്ളിഭാഗം | ടൂർസ്&ട്രാവൽസ് | 1000 |
| 5 | 424 A | ശ്രീകുമാരി, കോട്ടേൽ തെക്കേതിൽ, കണ്ണംപള്ളിഭാഗം | ഫാൻസ് സ്റ്റോർ | 500 |
| 5 | 554(D) | സുനീർ, പറമ്പിൽ വടക്കേതിൽ, കണ്ണംപള്ളിഭാഗം | വേയ്സ്റ്റ് പേപ്പർ കട | 600 |
| 7 | 98 | എ.ഇർഷാദ്, ചാക്കാലശ്ശേരിൽ, കോട്ടുകുളങ്ങര | ബുക്ക്സ്റ്റാൾ | 400 |
| 8 | 236(B) | ഷാജി.ആർ.പിള്ള, ചാച്ചിപ്പണയിൽ, പുതിയവിള | ഇലക്ട്രിക്കൽസ് | 500 |
| 9 | 40 (AB) | മുഹമ്മദ് സാലുഹീസ, ഷെറിസ്, നിയർ സലാഹുദ്ദീൻ പള്ളി. | കാർ അക്സസറീസ് | 200 |
| 9 | 126(A) | ഹയിമബീവി, തുണ്ടത്തിൽ, കായംകുളം | അലുമിനിയം ഇൻഡസ്ട്രീസ് | 400 |
| 9 | 172 | ഷെമീർ.പി., വലിയപറമ്പിൽ, | ആക്രി സാധനങ്ങൾ | 900 |

| | | | | |
|---|---|---|---|---|
| | | മൊഹിയുദ്ദീൻ പള്ളിക്ക് സമീപം | | |
| 9 | 263 | ജി.വിമൽദാസ്, പവിത്രം, എസ്.എൻ. വാർഡ് | സ്റ്റേഷനറി | 700 |
| 10 | 216(E) | സമീൽ, ആഷ്സിയ, പാട്ടത്തിൽ | ജിപ്സംബോർഡ് ചാനൽ | 500 |
| 10 | 291 (G) | മോഹനൻ,തണ്ടത്ത് പടീറ്റേതിൽ, എരുവ.പി.ഒ | ടയർ വർക്സ് | 500 |
| 11 | 27 | റഷീദാ ബീവി, മൂൺലാന്റ്, കരീലകുളങ്ങര | പലചരക്ക് വ്യാപാരം | 150 |
| 11 | 60 | സലീം, കണിയംപറമ്പിൽ, മേടമുക്ക് | സ്വർണ്ണവ്യാപാരം | 550 |
| 11 | 67 | നിസ്സാർ, ഇല്ലിക്കുളത്ത്, കണ്ണംപ്പള്ളിഭാഗം | വാഴക്കുല വ്യാപാരം | 250 |
| 11 | 177,179 | റ്റി.എ.ഷിബു, കുഴിവേലിൽ കടവിൽ, നോർത്ത് മൈനാഗപ്പള്ളി | സ്റ്റേഷനറി | 600 |
| 11 | 180 | ഹസൻകുഞ്ഞ്, പള്ളിയുടെ തെക്കേതിൽ | തേയിലക്കച്ചവടം | 250 |
| 11 | 215 (M) | പൂക്കുഞ്ഞ്, ഫാത്തിമാ മൻസിൽ, പള്ളിശ്ശേരിക്കര | ബിരിയാണിയരി വ്യാപാരം | 500 |
| 11 | 234 | സമീർ,പള്ളിയുടെ കിഴക്കേതിൽ | പച്ചക്കറി | 100 |
| 11 | 248(B) | കുഞ്ഞുമോൻ, ഹിഷാം മൻസിൽ | കുടംപുളി വ്യാപാരം | 100 |
| 12 | 243(1) | പൂക്കുഞ്ഞ്, സിജിനമൻസിൽ, കൊറ്റംകുളങ്ങര | ലോഡ്ജ് | 300 |
| 13 | 16 | ശ്രീകുമാർ.എ, വേലിയിൽ വീട്, ചക്കാലമുക്ക് | മൊബൈൽ സർവ്വീസ് | 200 |
| 13 | 35 (A) | ഇർഷാദ്, വലിയ പേരേത്ത് | പച്ചക്കറി മൊത്തവ്യാപാരം | 1000 |
| 13 | 223 | രാജി, രാഗി നിവാസ്, മുതുകുളം | ബ്യൂട്ടിപാർലർ | 500 |
| 13 | 386 | സുൾഫിക്കർ, തട്ടുപുരയ്ക്കൽ | പലചരക്ക് വ്യാപാരം | 165 |
| 13 | 387 | എം.അബ്ദുൾ റഷീദ്, പെരിങ്ങാല | മിഠായിക്കച്ചവടം | 200 |
| 13 | 533 | ഹസൻ കോയ, പേരേത്ത് ഹസീന മൻസിൽ | കച്ചവടം (സ്റ്റേഷനറി) | 100 |
| 13 | 603(D) | ദിലീപ് ഗോപിനാഥൻ, ഗോപുരതറയിൽ, മേനാംപള്ളി | നെക്സ്റ്റ് ഹെൽത്ത് കെയർ | 500 |
| 13 | 611 | കൃഷ്ണൻ, ചാങ്ങേത്തറയിൽ, എരുവ കിഴക്ക് | ബ്യൂട്ടിപാർലർ | 150 |
| 13 | 776(B) | നന്ദു.എസ്. തെക്കനേഴത്ത്, എരുവ കിഴക്ക് | വാഹന റിപ്പയറിംഗ് | 1500 |
| 13 | 785 | ശ്രീധരൻ പിള്ള, ശ്രീനിവാസ് | പെട്ടിക്കട | 75 |
| 14 | 293 | വിഷ്ണുവിജയൻ, ഉത്രം,മേമുക്ക് | ഇലക്ട്രിക്കൽ ഗുഡ്സ് | 750 |
| 14 | 467 | സുനിൽ, കുന്നിമേൽ, തോട്ടപ്പള്ളി, ആലപ്പുഴ | **സ്റ്റിച്ചിംങ്ങ് വർക്സ്** | 450 |
| 14 | 467(A) | സുനിത, അനീഷ് ഭവനം, എരുവ | ഗ്രാഫിക്സ് വർക്സ് | 300 |
| | | | | |

| | | | | |
|---|---|---|---|---|
| 15 | 5(A) | സിമി.പി.എസ്, കൃഷ്ണാലയം, ചിറക്കടവം | മെഡിക്കൽ ഷോപ്പ് | 300 |
| 18 | 102 | ഷാജി.കെ, കളഭം, കായംകുളം | ടെക്സ്റ്റയിൽസ് & ഫാൻസി | 825 |
| 19 | 102(A) | ഷാജി.കെ, കളഭം, കായംകുളം | ടൈൽസ് & സാനിട്ടറി അസസ്സറീസ് | 825 |
| 19 | 377(C) | കാർത്തികേയൻ, ഇല്ലമ്പടത്ത്,പെരിങ്ങാല | ഇലക്ട്രിക്കൽ ഐറ്റംസ് | 440 |
| 21 | 371(c) | ഏകമ്മാ ജോൺസൺ, ജോൺസൺ വില്ല, എരുവ | ടെക്സ്റ്റയിൽസ് | 1000 |
| 21 | 391([D&E) | മുഹമ്മദ് ബിലാൽ | ഫർണിച്ചർ | 2000 |
| 22 | 51 | സന്തോഷ്.എസ്. സന്തോഷ് ഭവൻ, പെരിങ്ങാല | സ്റ്റിക്കർ വർക്ക് | 250 |
| 22 | 353(B) | റംലത്ത്, കളീയ്ക്കൽ പുത്തൻ വീട്,ചേരാവള്ളി | ചപ്പാത്തി,റൗസ് പത്തിരി നിർമ്മാണം | 650 |
| 23 | 29(D) | അബ്ദുൾ സമദ്, കറുഗാട്ടി | ലെതർ ചപ്പൽസ് | 200 |
| 23 | 160 | അബ്ദുൾ റഹ്മാൻ കുഞ്ഞ് | വെള്ളി വ്യാപാരം | 500 |
| 24 | 33 | ഭാസ്കരൻ ആചാരി, പുതിയിടം | സ്റ്റോർസ് | 400 |
| 24 | 225 | എ.സജു,കുന്നത്ത് തറയിൽ | അലോപ്പതിക് മെഡിസിൻസ് | 500 |
| 24 | 370 | മോഹൻദാസ്, തോപ്പിൽ, ചേരാവള്ളി | സ്റ്റേഷനറി, ബേക്കറി | 100 |
| 24 | 404 | ഷിനോദ, പെരുമ്പലത്ത്, കല്ലുംമൂട് | ടയർ&ട്യൂബ് സെയിൽസ് | 500 |
| 26 | 406(B) | അഭിലാഷ്.എ, മനയ്ക്കൽ വീട്, ചേരാവള്ളി | പ്ലംബിങ്ങ് മെറ്റീരിയൽസ് | 750 |
| 32 | 29(B) | അബ്ദുൾ സലാം, കളത്തിൽ, കോട്ടുകുളങ്ങര | ഗോൾഡ് വർക്ക് | 350 |
| 32 | 29(C) | സിറാജുദ്ദീൻ, പുത്തൻപുരയ്ക്കൽ, എരുവ | ടെക്സ്റ്റയിൽ ഷോപ്പ് | 100 |
| 32 | 61(A) | അബ്ദുൾ സത്താർ, കല്പന ഹൗസ്, പടനിലം | ഫ്രൂട്സ് & വെജിറ്റബിൾസ് | 400 |
| 32 | 61 (B) | അബ്ദുൾ സത്താർ,ക്ലാപ്പന ഹൌസ്,കുളത്തിന്റെ വടക്കേതിൽ | ഹോട്ടൽ | 500 |
| 32 | 121 | അനിയൻ കുഞ്ഞ്, വേണാട്ടുതെക്കെതിൽ, ചേരാവള്ളി | ടയർ റീടഡിംഗ് | 350 |
| 32 | 221 | സൻജയരാജൻ, ഉദയദീപം, കണ്ടല്ലൂർ. | ഇംഗ്ലീഷ് മെഡിസിൻസ് | 150 |
| 32 | 396 F | മധുക്കുട്ടൻ പിള്ള, കളിയിക്കൽ ഹൗസ്, പുതിയവിള | ഡി.റ്റി.പി.& ഇന്റർനെറ്റ് | 500 |
| 32 | 415 (B) | സിന്ധു.ബി., കുഴിക്കളത്തത്തറയിൽ, പെരിങ്ങാല | മിൽമ ബൂത്ത് | 160 |
| 32 | 557(D,E,FG,H,I) | സുൾഫിക്കർ, വൈദ്യൻ വീട് | മയൂരി കാഷ്യൂ ഫാക്ടറി | 1250 |
| 32 | 645 | ആർ.മോനിലാൽ, മിഥുനമം, കരുനാഗപ്പള്ളി | വെഡ്ഡിങ്ങ് കാർഡ്സ് | 500 |

| | | | | |
|---|---|---|---|---|
| 32 | 729 | സുനിലാൽ, പ്രീമിയർ, ചിറക്കടവം | ഫാൻസി& സ്റ്റേഷനറി | 600 |
| **ആകെ** | | | | **31970** |

മുകളിൽ ചേർത്ത സ്ഥാപനങ്ങൾ നിലവിലും പ്രവർത്തിച്ച് വരുന്നതായാണ് രജിസ്റ്റർ പ്രകാരം സൂചിപ്പിക്കുന്നത് എന്നിരിക്കിലും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷം ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. 2011-ൽ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിൽ (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തകർക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ലൈസൻസ് ഇനങ്ങളുടെ ഫീസ് വർദ്ധനവ് വരുത്തിയെങ്കിലും ഉത്തരവ് 30.04.2017 മുതലാണ് പ്രാബല്യത്തിൽ വന്നത്. പ്രസ്തുത ചട്ടം2017 വർഷം മുതൽ പ്രാബല്യത്തിലുണ്ടായിട്ടുപോലും 2018-19 സാമ്പത്തികവർഷത്തിൽ പഴയ ചട്ടപ്രകാരമുള്ള ഫീസാണ് ഈടാക്കി കൊണ്ടിരിക്കുന്നത്. ഈ നടപടി ചട്ടവിരുദ്ധമാണെന്ന് മാത്രമല്ല നഗരസഭയുടെ തനത് ഫണ്ട് വരുമാനവർദ്ധനവിനുള്ള സാധ്യതയെ അങ്ങേയറ്റം ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പുതിയ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാഞ്ഞത് എന്തുകൊണ്ടാണ് എന്നത് ഓഡിറ്റിനെ അടിയന്തിരമായി ബോധ്യപ്പെടുത്തേണ്ടതാണ്.

**2)**മുനിസിപ്പാലിറ്റി ആക്ടിന്റെ അടിസ്ഥാനത്തിൽ അസഹ്യവും, ആപത്കരവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ചട്ടം 2011 – ൽ പ്രസിദ്ധീകരിച്ചു. എന്നാൽ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ചട്ടം പ്രാബല്യത്തിൽ വരാൻ കാലതാമസമുണ്ടായി. 30.04.2017 മുതലാണ് ചട്ടം പ്രാബല്യത്തിലായത്. എന്നാൽ നാളിതുവരെയും പുതുക്കിയ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

**<u>ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരം വ്യാപാരസ്ഥാപനങ്ങളിൽ ചുമത്തേണ്ട മിനിമം നിരക്ക് താഴെക്കൊടുക്കുന്നു</u>**

| ക്രമ നം. | വ്യാപാരത്തിന്റെ തരം | ചട്ടപ്രകാരമുള്ള വാർഷിക ഫീസ് | | |
|---|---|---|---|---|
| | | A | B | C |
| 1 | (71)-സ്വർണ്ണം ശുദ്ധീകരിക്കുകയോ വില്പനക്കായി ശേഖരിക്കുകയോ ചെയ്യുക | 4000 | 2500 | 1000 |
| 2 | (156)- ഹോട്ടലുകൾ നടത്തുക | 7500 | 4000 | 2000 |
| 3 | (86)-ആസ്പത്രി നടത്തിപ്പ് | 3000 | 2000 | 1000 |
| 4 | (92) രത്നാഭരണങ്ങൾ നിർമ്മിക്കുകയോ ശേഖരിക്കുകയോ വില്പന നടത്തുകയോ ചെയ്യുക | 1500 | 1000 | 500 |
| 5 | (95) കല്യാണമണ്ഡപങ്ങൾ, വിവാഹങ്ങൾ നടത്തുന്ന ഓഡിറ്റോറിയങ്ങൾ | 6000 | 5000 | 4000 |
| 6 | (129)- പെട്രോളിയം ഉല്പന്നങ്ങൾ നിർമ്മിക്കുകയോ സംഭരിക്കുകയോ വില്പന നടത്തുകയോ ചെയ്യുക | 1500 | 1000 | 500 |
| 7 | (164)-തുണി നിർമ്മിക്കുകയോ ശേഖരിക്കുകയോ വില്പന നടത്തുകയോ ചെയ്യുക | 750 | 500 | 250 |
| 8 | മോട്ടോർ വാഹനങ്ങൾ റിപ്പയർ, വാട്ടർ സർവ്വീസ് | 1000 | 500 | 500 |
| 9 | സ്റ്റേഷനറി ഉൾപ്പെടുന്ന പലചരക്ക് കട | 3000 | 2500 | 2000 |

എന്നാൽ കായംകുളം നഗരസഭ പ്രസ്തുത നിരക്കിലും താഴെയാണ് സ്ഥാപനങ്ങളിൽ നിന്നും നിലവിലും ഫീസ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ബിൽഡിംഗ് നമ്പർ | ഉടമയുടെ പേരും അഡ്രസ്സും | സ്ഥാപന ഇനം | ഈടാക്കിയ ലൈസൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | ഫീ |
| 11 | 60 | സലീം, കണിയംപറമ്പിൽ, മേടമുക്ക് | സ്വർണ്ണവ്യാപാരം | 550 |
| 32 | 61 (B) | അബ്ദുൾ സത്താർ,ക്ലാപ്പന ഹൗസ്,കുളത്തിന്റെ വടക്കേതിൽ | ഹോട്ടൽ | 500 |
| 18 | 102 | ഷാജി.കെ, കളഭം, കായംകുളം | ടെക്സ്റ്റയിൽസ്& ഫാൻസി | 825 |
| 30 | 86 | ബാലകൃഷ്ണൻ, കഴവേലിൽ വടക്കേതിൽ, കാപ്പിൽ മേക്ക് | ഹോട്ടൽ | 300 |
| 30 | 185 | അനിയൻ കുഞ്ഞ്, നന്ദനം, കൃഷ്ണപുരം | സർവ്വീസ് സ്റ്റേഷൻ | 400 |
| 30 | 293,295 | ബഷീർകുട്ടി, തറയിൽ തെക്കേതിൽ, പാലസ് വാർഡ്, കൃഷ്ണപുരം | സ്റ്റേഷനറി കട | 150 |
| 13 | 386 | സുൾഫിക്കർ, തട്ടുപുരയ്ക്കൽ | പലചരക്ക് വ്യാപാരം | 165 |
| 24 | 370 | മോഹൻദാസ്, തോപ്പിൽ,ചേരാവള്ളി | സ്റ്റേഷനറി, ബേക്കറി | 100 |
| 13 | 533 | ഹസൻ കോയ, പേരേത്ത് ഹസീന മൻസിൽ | കച്ചവടം (സ്റ്റേഷനറി) | 100 |

വ്യാപാരങ്ങൾക്ക് മതിയായ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിലൂടെ നഗരസഭയുടെ തനതുവരുമാനം വർദ്ധിപ്പിക്കാമെന്നിരിക്കെ ഏറ്റവും കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കുന്നത് നഗരസഭയുടെ വരുമാനവർദ്ധനവിനെ സാരമായി ബാധിക്കുന്നു. വ്യവസായ സ്ഥാപനങ്ങളും ഫാക്ടറികളും വൻകിട കച്ചവടസ്ഥാപനങ്ങളും ധാരാളമായി പ്രവർത്തിക്കുന്ന നഗരസഭയിൽ കുറഞ്ഞ ലൈസൻസ് ഫീസ് മാത്രം ഈടാക്കുന്നത് നഗരസഭയ്ക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു. ജി.എസ്.ടി നടപ്പിലാക്കിയതുമൂലം പരസ്യനികുതി പോലെയുള്ള വരവിനങ്ങൾ നഗരസഭയ്ക്ക് നഷ്ടപ്പെട്ട സാഹചര്യത്തിൽ മറ്റ് വരുമാനസ്രോതസ്സുകൾ കണ്ടെത്തേണ്ടതും ഉള്ളവ ഫലപ്രദമായി ഉപയോഗിക്കേണ്ടതും നഗരസഭയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് അവശ്യമാണ്. ലൈസൻസ് ഫീസിന് കാലാനുസൃതമായ നിരക്ക് വർദ്ധനവ് അനിവാര്യമായ ഈ സാഹചര്യങ്ങൾ കണക്കിലെടുക്കാതെ വ്യാപാരങ്ങൾക്ക് മിനിമം ഫീസ് നിരക്കിൽ നിന്ന് പോലും താഴ്ന്ന നിരക്ക് നിശ്ചയിച്ചത് അംഗീകരിക്കാനാവില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് ചട്ടത്തിൽ നിഷ്കർഷിക്കും പ്രകാരമുള്ള നിരക്ക് നാളിതുവരെ ഈടാക്കിയിട്ടില്ലാത്തതിന് അടിയന്തിരമായി വിശദീകരണം നൽകേണ്ടതാണ്.

കേരള സർക്കാർ 2011 ഫെബ്രുവരി 1-ാം തീയതി തയ്യാറാക്കിയ പുതുക്കിയ ട്രേഡ് ലൈസൻസ് ചട്ടം നടപ്പിൽ പ്രാബല്യത്തിൽ വന്നത് 30.04.2017-ലാണ്. നഗരസഭയിൽ പ്രസ്തുത നിയമപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കിയതാകട്ടെ 23.02.2019 ലെ 14-ാം നമ്പർ തീരുമാനപ്രകാരമാണ്. 30.04.2017-ൽ വന്ന ലൈസൻസ് ചട്ടത്തിന് ബൈലോ തയ്യാറാക്കാൻ ഇത്രയും കാലതാമസം നഗരസഭയുടെ ഭാഗത്തുനിന്ന് ഉണ്ടായത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുന്നതിനായി നടത്തിയ ഓഡിറ്റ് എൻക്വയറിക്ക് (11.12.2019 - ൽ ഓഡിറ്റ് എൻക്വയറി നമ്പർ-14/2019) അധികൃതർ മറുപടി നല്കിയില്ല. കാലതാമസം കാരണം പുതുക്കിയ ഇനത്തിലുള്ള ലൈസൻസ് നിരക്ക് വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിന് നാളിതുവരെ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ചട്ടം നടപ്പിൽ വരുത്തുന്നതിനോടൊപ്പം വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ നഗരപാലികാ നിയമത്തിനും ചട്ടങ്ങൾക്കും അനുസൃതമായി ഫീസ് ഈടാക്കുന്നതിനും

അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച വിശദീകരണം ഓഡിറ്റിന് നൽകേണ്ടതാണ്.

## 1-25 കൈപ്പറ്റിയ മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.425172/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു

നഗരസഭയിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ (പി) 419/11 ഫിൻ /തീയതി 04-10-2011ൽ വ്യവസ്ഥ ചെയ്യുന്നു.

ക്രമീകരിക്കാത്ത മുൻകൂറുകൾ കൈപ്പറ്റിയ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നോ റവന്യൂ റിക്കവറിയിലൂടെയോ ഈടാക്കാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012-ൽ നിർദ്ദേശിക്കുന്നുണ്ട്. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം നഗരസഭയിൽ നിന്നും മുൻകൂർ കൈപ്പറ്റി ഓഡിറ്റ് സമയം വരെ ക്രമീകരിക്കാത്ത ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | വൗച്ചർ നമ്പർ/ തീയതി | കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | അഡ്വാൻസിന്റെ സ്വഭാവം | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 2015-16 | | | | |
| P.W.10755/15 | 49 – 9/15/ 29.09.15 | ഓമന<br>പി.ഡബ്ല്യൂ. III | സി.ഡി.എസ്.ട്രയിനിംഗ് സെന്ററിന്റെ ഉദ്ഘാടനം | 40000 |
| P.W.10843/15 | 50 – 9/15/ 30.09.15 | റ്റി.കെ.രാജു.<br>പി.ഡബ്ല്യൂ. III | ഓഫീസിലെ ഇലക്ട്രിക്കൽ മെയിന്റനൻസ് | 12000 |
| G-1/ 12503/15 | 27 – 12/15/ 11.12.15 | അനീസ്.ജെ<br>ജെ.എച്ച്.ഐ.II | കേരളോൽസവം | 25000 |
| P.W. I /13821/15 | 13 – 1/16/ 05.01.16 | ഡി.സുഭദ്ര.<br>പി.ഡബ്ല്യൂ.I | കൈയേറ്റം ഒഴിപ്പിക്കുന്നതിന് | 4800 |
| G.1/12847/14 | 24 – 3/16/ 09.03.16 | റ്റി.കെ.രാജു.<br>പി.ഡബ്ല്യൂ.III | ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് | 25000 |
| 2016-17 | | | | |
| P.W. I/ 1301/13 | 62 - 2/17 | ചിഞ്ചു.എസ്<br>അസിസ്റ്റന്റ് എൻജിനീയർ | അതിര് നിശ്ചയിക്കുന്നതിന് കല്ലുകൾ സ്ഥാപിച്ചതിന് | 20000 |

| | | | | |
|---|---|---|---|---|
| 2017-18 | | | | |
| P.W. 3 /3687/02 | 41 – 4/17 | റ്റി.എസ്.ജയകുമാർ<br>പി.ഡബ്ല്യൂ.II | ക്യാഷ് ചെസ്റ്റ് റിപ്പയർ ചെയ്യുന്നതിന് | 5000 |
| KMC/UPA/11183/17 | 64 – 5/17 | റ്റി.എസ്.ജയകുമാർ<br>പി.ഡബ്ല്യൂ.II | PMAY യ്ക്ക് ജിയോ ടാഗിങ്ങിന് മൊബൈൽ ഫോൺ വാങ്ങിയത് | 10000 |
| P.W. 2 /24404/16 | 62 – 6/17 | റ്റി.എസ്.ജയകുമാർ<br>പി.ഡബ്ല്യൂ.II | അനധികൃത നിർമ്മാണം ഒഴിപ്പിക്കുന്നതിന് | 5000 |
| P.W. 2 /400/04-05 vol.II<br>R-4/14059/17 | 28 – 7/17 | റ്റി.എസ്.ജയകുമാർ<br>പി.ഡബ്ല്യൂ.II | KL.04-R 1395<br>നമ്പർ ജീപ്പിന്റെ റിപ്പയറിംഗിന് | 5000 |
| PW 3/400/04-05 VOL.II | 59 – 1/18 | നദിയ<br>പി.ഡബ്ല്യൂ.ഒ | KL.04-R 1395<br>നമ്പർ ജീപ്പിന്റെ ടെസ്റ്റിങ്ങിന് | 2000 |
| 2018-19 | | | | |
| P.W. 1 /5869/18 | 61- 4/18 | റ്റി.എസ്.ജയകുമാർ<br>പി.ഡബ്ല്യൂ.II | WIFI കണക്ഷനുള്ള അഡ്വാൻസ് | 4000 |
| R1/12834/11 | 59 – 6/18 | റ്റി.എം. മധു.<br>റവന്യു ഇൻസ്പെക്ടർ | ടാക്സ് റിവിഷൻ പ്രോസസിനായി സാധന സാമഗ്രികൾ വാങ്ങിയത് | 7000 |
| G2/ 16558/18 | 36 – 7/18 | ശ്രീമതി.കെ.എസ്.ഷാജി<br>എച്ച്.ഐ.II | പ്ലാൻ പ്രോഗ്രസ്സ് റിവ്യൂ മീറ്റിങ്ങിന്റെ ഉദ്ഘാടനം | 15000 |
| KME/UPA/AUEGS/8665/2010 | 16 – 8/18 | ഗോപകുമാർ,<br>JHI | AUEGSന്റെ ഉദ്ഘാടത്തിനായി | 15000 |
| G I/2475/91-VOL.III | 79 – 8/18 | രാജേഷ്.എസ്<br>ക്ലർക്ക് | വെള്ളപ്പൊക്ക ദുരിതബാധിതർക്ക് കുടിവെള്ളം എത്തിക്കുന്നതിന് | 50000 |
| PW 2/400/04-05<br>VOL.II | 64 – 9/18 | ജയകുമാർ.<br>പി.ഡബ്ല്യൂ.II | വാഹനടാക്സ് അടക്കുന്നതിന്<br>KL.04.R 1395 | 4540 |
| PW 2/12597/15 | 63 – 10/18 | ജയകുമാർ.<br>പി.ഡബ്ല്യൂ.II | വാഹന സർവ്വീസിങ്ങിന്<br>KL.29L 1189 | 18125 |
| PH 1/24061/18 | 70 – 10/18 | ഗോപകുമാർ<br>JHI II | ഷ്രഡ്ഡിങ്ങ് മെഷീന്റെ റിപ്പയറിംഗിന് | 4500 |

| | | | | |
|---|---|---|---|---|
| A 3 3732/2015 | 62 – 11/18 | എ.ശ്രീകുമാർ<br>സീനിയർ ക്ലർക്ക് | കേസ് ഫയലുകളുടെ ഫോട്ടോ കോപ്പി എടുക്കുന്നതിന് | 10000 |
| TP 1-25652/18 | 101 – 12/18 | എ.ശ്രീകുമാർ<br>സീനിയർ ക്ലർക്ക് | റിക്കോഡ് റൂമിലെ ഫയലുകൾ റീ അറേഞ്ച് ചെയ്യുന്നതിനായി | 10000 |
| PH 1/250/17 | 60 – 1/19 | ശ്രീമതി ഷമീറ<br>JHI II | വിമുക്തി പ്രോഗ്രാമിനായി അഡ്വാൻസ് | 4510 |
| PH I/6762/18 | 66 – 11/19 | അജീഷ് സ്റ്റീഫൻ<br>JHI I | മരം മുറിക്കുന്നതിന് | 16000 |
| PW 2-400/04-05 VOL II | 67 – 1/19 | ജയകുമാർ<br>PW II | KL.04.R 1395 ജീപ്പിന്റെ മെയിന്റനൻസിന് | 22722 |
| PW 2-400/04-05 VOL II | 59 – 1/18 | നദിയ<br>പി.ഡബ്ല്യൂ.ഒ | ഓഫീസ് ജീപ്പിന്റെ ടെസ്റ്റിങ്ങ് (KL.04.R.1395) | 2000 |
| GI 7943/14 | 25 – 2/19 | രാജേഷ്.എസ്<br>ക്ലർക്ക് | ഇലക്ഷൻ അഡ്വാൻസ് | 15000 |
| PH I-2665/19 | 47 – 2/19 | ഗോപകുമാർ<br>JHI II | മോട്ടോർ ഓഫ് ഫ്രണ്ട് ലോഡർ ട്രാക്ടർ പർച്ചേസിംങ്ങ് | 7500 |
| PW 3/ 1298/13 | 57 – 2/19 | ജയകുമാർ<br>PWO II | KL.29 F 1298/13 | 6406 |
| RI 14452/12 | 36 – 3/19 | ജയ. എൽ<br>RI | അഡ്വാൻസ് ഫോർ ക്യാമ്പ് കളക്ഷൻ | 20000 |
| PH 1/ T 133/19 | 79 – 3/19 | ശ്രീമതി ഷാജി കെ.എസ്<br>HI II | ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് | 3000 |
| PW 3/ 5302/14 | 85 – 3/19 | ജയ. എൽ<br>RI | ഓഫീസ് ബൈക്കിന്റെ ഇൻഷുറൻസ് അടയ്ക്കുന്നതിന് | 1620 |
| RP 128 34/14 | 105 - 3/19 | ബി .അജിത് കുമാർ<br>RI | ടാക്സ് റിവിഷന് സ്റ്റേഷനറി വാങ്ങിയത് | 20000 |
| 2019-20 | | | | |
| PH 1/8530/19 | 71 – 5/19 | ഗോപകുമാർ<br>JHI II | മരം മുറിക്കുന്നതിനുള്ള അഡ്വാൻസ് | 8000 |
| PW 1/ 13392/19 | 13 – 6/19 | ഗോപികൃഷ്ണൻ | ഇലക്ട്രിഫിക്കേഷനുള്ള അഡ്വാൻസ് | 17397 |

| | | | | |
|---|---|---|---|---|
| | | PW III | | |
| PWI/13985 | 56 – 6/19 | ഗോപികൃഷ്ണൻ PW III | ആയുർവേദ ഹോസ്പിറ്റലിന്റെ ഇലക്ട്രിഫിക്കേഷനുവേണ്ടി | 4052 |
| GI.1026/19 | 76 – 6/19 | നിയാസ് സി.ക്ലാർക്ക് | ഇലക്ഷൻ പ്രോസസിനുള്ള മുൻകൂർ | 15000 |

നഗരസഭയിലെ ജീവനക്കാർ സമയബന്ധിതമായി മുൻകൂറുകൾ ക്രമീകരിക്കാതിരുന്നിട്ടും ഇതിന്മേൽ അധികൃതർ നടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ടവരിൽ നിന്നും അഡ്വാൻസ് തുക വ്യവസ്ഥാപിതമായ രീതിയിൽ തിരികെ ഈടാക്കി ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ വിവരിച്ച പ്രകാരമുള്ള 425172/- രൂപ 18% പലിശ ഉൾപ്പടെ തിരികെ ഈടാക്കുന്നതിന് തുടർ നടപടികൾക്കായി ശുപാർശ ചെയ്യുന്നതാണ്.

## 1-26 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് -7.36 ലക്ഷം രൂപ തനത് ഫണ്ടിൽ ഒടുക്കാൻ അവശേഷിക്കുന്നു

ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ 736990/- രൂപ 20.09.2019-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ നിലനിൽക്കുന്നു. തൻവർഷം ആകെ എത്ര പ്രവൃത്തികൾക്കാണ് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചത് എന്നും ടെണ്ടർ ഫീസിനത്തിൽ ഈടാക്കിയ തുക എത്രയെന്നുമുള്ള വിവരം നഗരസഭയിൽ നിന്നും ലഭ്യമാക്കിയില്ല.

2014-15 മുതൽ 2018-19 വരെ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുകകളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഒടുക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നതായാണ് മറുപടി നൽകിയിരിക്കുന്നത്. 16.07.15-ലാണ് നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഇതിലേക്കായി അക്കൗണ്ട് തുടങ്ങിയതായി കാണുന്നത്. 2014-15 മുതൽ 16.07.15 വരെ ടെണ്ടർ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുള്ള തുകയിൽ തിരികെ ലഭിച്ച തുകയുടെ വിവരം, തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ അറിയിക്കേണ്ടതാണ്. കൂടാതെ ടെണ്ടർ ഫീസിനത്തിൽ നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള തുക നഗരസഭയുടെ തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 നഗരസഭയിലെ ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല

നഗരസഭയിലെ ഉപയോഗയോഗ്യമല്ലാത്ത ചുവടെ ചേർക്കുന്ന വാഹനങ്ങൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 33/22.12.19 നൽകിയെങ്കിലും യാതൊരു വിശദാംശവും ലഭ്യമാക്കുകയുണ്ടായില്ല. വാഹനങ്ങൾ അടിയന്തിരമായി ലേലം ചെയ്യേണ്ടതിന്റെ ആവശ്യകത മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുണ്ടെങ്കിലും ലേലം നടന്നതിനെ സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. ലേലം ചെയ്യുന്നതിലെ കാലതാമസം വാഹനങ്ങളുടെ മൂല്യത്തിൽ വലിയ കുറവിന് കാരണമാകുമെന്നതിനാൽ ലേലനടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. ഭരണസമിതിയുടേയും റവന്യൂ വിഭാഗത്തിന്റേയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം. | വാഹനം |
|---|---|
| 1. | KL-29 -817 -ടിപ്പർ ലോറി |
| 2. | KL-04 -E -8107 - ടിപ്പർ ലോറി |
| 3. | KL-01-AJ-5724 – EISCHER LORRY |
| 4. | KL-U-3653 - ഓട്ടോറിക്ഷ |
| 5. | KL-04-Q-9328- അംബാസിഡർ കാർ |
| 6. | KL-04-H-3313 -ടില്ലർ |
| 7. | KL-04-F-7968-റോഡ് റോളർ |

## 1-28 വിവാഹ ലോൺ,ഹൗസിംഗ് ലോൺ- തുക തിരികെ ഈടാക്കിയില്ല

വാർഷിക കണക്കുകൾ പ്രകാരം വിവാഹ ലോൺ, ഹൗസിംഗ് ലോൺ എന്നീ ഇനങ്ങളിലായി താഴെ പറയും പ്രകാരം തുക തിരികെ ലഭിക്കുവാനുണ്ട്.

| ഹെഡ് കോഡ് | ഇനം | കിട്ടുവാനവശേഷിക്കുന്ന തുക |
|---|---|---|
| 460100800 | marriage loan | 14758 |
| 460100100 | housing loan to employees | 9414 |

എന്നാൽ ഇത് സംബന്ധിക്കുന്ന രജിസ്റ്ററുകൾ ഹാജരാക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞില്ല. ആയതിനാൽ ആരുടെ പേരിൽ അനുവദിക്കപ്പെട്ട ലോൺ തുകയുടെ കുടിശ്ശികയാണ് നഗരസഭയ്ക്ക് കിട്ടുവാനായി അവശേഷിക്കുന്നതെന്ന് വ്യക്തമല്ല. ടി ലോൺ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-29 ഫെസ്റ്റിവൽ അഡ്വാൻസ്- 3000 രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു

ഫെസ്റ്റിവൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. കൃഷ്ണകുമാറിന് നൽകിയ അഡ്വാൻസ് തുകയിൽ 3000/- രൂപ തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നു. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 56650/- രൂപ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു. എന്നാലിതിന്റെ വിശദവിവരങ്ങൾ ലഭ്യമായിരുന്നില്ല. തിരികെ ഈടാക്കുവാൻ അവശേഷിക്കുന്ന ഫെസ്റ്റിവൽ അഡ്വാൻസ് സംബന്ധിക്കുന്ന വിശദാംശങ്ങൾ തയ്യാറാക്കി തുക ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-30 മരാമത്തു വേലകളുടെ നിർവ്വഹണത്തിൽ ഗുരുതരമായ അപാകതകൾ

നഗരസഭ 2018-19 വർഷം നടപ്പാക്കിയ വിവിധ മരാമത്തുവേലകളുടെ ആസൂത്രണത്തിലും കരാറുകാർ മുഖേനയുള്ള നിർവ്വഹണത്തിലും ഉണ്ടായ ഗുരുതരമായ പാളിച്ചകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രവൃത്തികൾക്ക് വസ്തുനിഷ്ഠമായ എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുന്നില്ല. നടപ്പാക്കിയ പ്രവൃത്തികളിൽ ആവശ്യകതയും സൈറ്റ് കണ്ടീഷനും പരിശോധിച്ച് കൃത്യമായി എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതുമൂലം 90 ശതമാനത്തിനുമേൽ പ്രവൃത്തികൾക്കും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതായാണ് രേഖ. എന്നാൽ

ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതിന്റെ ആവശ്യകത നിർവ്വഹണ ഉദ്യോഗസ്ഥൻ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതായോ, പുതുക്കിയ എസ്റ്റിമേറ്റുകൾക്ക് കൗൺസിൽ അനുമതി ലഭിച്ചതായോ രേഖയില്ല.

2. തയ്യാറാക്കപ്പെട്ടിട്ടുള്ള പുതുക്കിയ എസ്റ്റിമേറ്റുകൾ എന്ന് തയ്യാറാക്കപ്പെട്ടുവെന്നോ, ആയതിന് സാങ്കേതികാനുമതി എന്ന് ലഭിച്ചുവെന്നതിനോ രേഖയില്ല. സാങ്കേതികാനുമതി നമ്പരും രേഖപ്പെടുത്തിയിട്ടില്ല. ഇത് പലപ്പോഴും കരാറുകാർ ചെയ്ത പ്രവൃത്തികൾക്കനുസൃതമായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി തുക പിൻവലിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്.

3. നടപ്പാക്കിയ പല പ്രവൃത്തികൾക്കും സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണമുള്ള ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടുവെന്നതിന് രേഖയില്ല. ടെണ്ടർ നടപടിക്രമങ്ങളുടേയും, ഇതിന്മേലുള്ള കൗൺസിൽ അനുമതിയുടേയും വിശദാംശങ്ങൾ നോട്ട് ഫയലിൽ പോലും ഉൾപ്പെടുത്തിയിട്ടില്ല. ടെണ്ടർ രജിസ്റ്റർ ആകട്ടെ അപൂർണ്ണവുമാണ്. ഇതുമൂലം പ്രവൃത്തികൾ കരാറുകാർക്ക് നൽകിയതിൽ ചട്ടങ്ങൾ കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടോ എന്നത് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

4. പ്രവൃത്തികൾക്ക് മുന്നോടിയായി കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നതിലും, അവരെക്കൊണ്ട് നിശ്ചിത സമയത്തിനുള്ളിൽ എഗ്രിമെന്റ് വയ്പ്പിക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്. എഗ്രിമെന്റ് ചമക്കാതെ നിർവ്വഹിച്ച ഏതാനും പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

ഉദാ: 1) നഗരസഭാ റക്കോർഡ് റൂം സജ്ജീകരിക്കൽ (467/19)

2) ശ്മശാനം അറ്റകുറ്റപ്പണി (297/19)

5. തയ്യാറാക്കപ്പെട്ട എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ച ശേഷം നിർവ്വഹണ ഘട്ടത്തിൽ എസ്റ്റിമേറ്റ് മൊത്തമായി പരിഷ്കരിക്കുകയും ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ പൂർണ്ണമായും ഒഴിവാക്കി നടത്തുന്ന പുതിയ പ്രവൃത്തിക്ക് ആദ്യ എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ അനേക മടങ്ങ് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള സമൂലമാറ്റത്തിന് കാരണം ഫയലിൽ വ്യക്തമാക്കപ്പെട്ടിട്ടില്ല. കൂടാതെ പ്രവൃത്തിയുടെ നിർവ്വഹണം ടെണ്ടർ ചെയ്യാതെ ആദ്യകരാറുകാരന് തന്നെയാണ് നൽകിയിട്ടുള്ളത്.

ഉദാ:- സർവ്വീസ് സ്റ്റേഷൻ കണ്ണങ്കര റോഡ് -ഇന്റർലോക്കിംഗ് (വാർഡ് 14) –

(പ്രോജക്ട് നം.460/19)

6. എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നതും, കരാറുകാരൻ നിർവ്വഹിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഉൾപ്പെടെ നിർവ്വഹിച്ചതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയതുവഴി കരാറുകാർക്ക് ക്രമവിരുദ്ധമായി തുക പിൻവലിച്ചു നൽകാൻ ഇടയായതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

ഉദാ:- വെറ്ററിനറി പോളിക്ലിനിക്കിൽ ഓപ്പറേഷൻ തീയറ്ററിന്റെ നിർമ്മാണം

(പ്രോജക്ട് നം.420/19)

7. ഒരേ പ്രവൃത്തിക്കായി ഒരേ വർഷം തന്നെ ഒന്നിലധികം പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം നടത്തിയിട്ടുണ്ട്. ഒരേ കരാറുകാർ തന്നെ നിർവ്വഹിച്ച ഈ പദ്ധതികളുടെ നടത്തിപ്പിൽ ഇരട്ടിപ്പും, അതുമൂലം അധികച്ചെലവും ഉണ്ടായിട്ടുണ്ട്.

ഉദാ:- 1) ഗവ. ജി.എച്ച്.എസ്.എസ് കെട്ടിടത്തിന്റെ റൂഫ് ചെയ്ഞ്ചിംഗും ടൈൽപാകലും (പ്രോജക്ട് നം.421/19)

2) ഗവ.ജി.എച്ച്.എസ്.എസ് കെട്ടിടം റൂഫ് ചെയ്ഞ്ചിംഗ് (പ്രോജക്ട് നം.384/19)

3) ഗവ. ജി.എച്ച്.എസ്.എസ് ടൈലിംഗ്, കോൺക്രീറ്റിംഗ് (പ്രോജക്ട് നം.459/19)

8. എസ്റ്റിമേറ്റ് തയ്യാറാക്കലിൽ സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരുന്നതു മൂലം വലിയ തുക ക്രമവിരുദ്ധമായി പിൻവലിക്കാൻ ഇടയായിട്ടുണ്ട്.

ഉദാ:- 1) ഗവ. ജി.എച്ച്.എസ്.എസ് കെട്ടിടത്തിന്റെ റൂഫ് ചെയ്ഞ്ചിംഗും ടൈൽപാകലും (പ്രോജക്ട് നം.421/19)

2) പെരിങ്ങാല ഗവ.എൽ.പി.എസ് മോഡൽ ക്ലാസ് റൂം രൂപീകരണം (315/19)

9. നഗരസഭയുടെ ആസ്തി രജിസ്റ്റർ തികച്ചും അപൂർണ്ണമാണ്. കൂടാതെ ഈ രജിസ്റ്ററിൽ ഉള്ള രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തവയുമാണ്. ഏറ്റെടുത്ത് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതിരിക്കുന്നതുമൂലം നഗരസഭയുടെ ആസ്തിയല്ലാത്ത PWD റോഡുകളിൽ പോലും പ്രവൃത്തി നടത്തുവാൻ പ്രോജക്ടു തയ്യാറാക്കി ടെണ്ടർ ചെയ്യുവാൻ ഇടയായിട്ടുണ്ട്. എന്നാൽ അബദ്ധം പിണഞ്ഞത് ബോദ്ധ്യപ്പെട്ടതിനു ശേഷമാകട്ടെ ഇതേ കരാറുകാരനെ ടെണ്ടർ കൂടാതെ തന്നെ മറ്റൊരു പ്രവൃത്തി ഏൽപ്പിച്ചതായാണ് രേഖ.

ഉദാ:- 1) <u>തയ്യിൽ ഇല്ലത്തു ഓടയ്ക്ക് കവറിംഗ് സ്ലാബ് - വാർഡ് 21 (പ്രോജക്ട് നം.182/19</u>)- അംഗീകാരം വാങ്ങിയ ഈ പ്രവൃത്തിയുടെ നിർവ്വഹണം നടത്തേണ്ടത് PWD യുടെ അധീനതയിലുള്ള സ്ഥലത്താണെന്നത് പരിഗണിക്കാതെ ടെണ്ടർ ചെയ്യുകയും തുടർന്ന് ഈ പ്രവൃത്തി ഉപേക്ഷിച്ച് പകരം ഇതേ കരാറുകാരനെക്കൊണ്ട് ടെണ്ടർ കൂടാതെ ഈശ്വരൻകുറ്റി റോഡ് നവീകരണം (പ്രോജക്ട് നം.458/19) എന്ന പ്രവൃത്തി നടപ്പാക്കുകയും ചെയ്തു.

10. കെട്ടിട നിർമ്മാണ പ്രോജക്ടുകൾക്കൊപ്പം ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് Lump-sum ആയി തുക വകയിരുത്തിയിരുന്ന എസ്റ്റിമേറ്റുകളിൽ ഇതൊഴികെയുള്ള ഇനങ്ങളുടെ നിരക്ക് രേഖപ്പെടുത്തി കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും, തുടർന്ന് ഇലക്ട്രിക്കൽ സാധനങ്ങളുടേതായി ഇൻവോയിസ്/ബിൽ ഹാജരാക്കി പ്രസ്തുത പ്രവൃത്തിക്കായി വകയിരുത്തിയിരുന്ന തുക ഉൾപ്പെടെ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നടത്തിയ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏതെല്ലാമെന്നതിന്മേൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ആയതിന് സാങ്കേതികാനുമതി ലഭിക്കുകയോ ചെയ്യാതെയാണ് ഇപ്രകാരം കരാറുകാരൻ ഹാജരാക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ തുക പിൻവലിച്ചിട്ടുള്ളത്.

ഉദാ:- സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് നവീകരണം (പ്രോജക്ട് നം.105/19)

11. സ്കൂൾ ക്ലാസ് മുറികളിലും, വരാന്ത, സ്റ്റെയർകേസ് എന്നിവിടങ്ങളിലും ടൈൽ പാകുന്നതിനായുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന 'സെറാമിക് ടൈൽ' എന്ന ഇനം ഒഴിവാക്കി നിർവ്വഹണഘട്ടത്തിൽ റേറ്റ് കൂടിയ 'വെട്രിഫൈഡ് ടൈലുകൾ' പാകുന്നതിലേക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതുപ്രകാരം കരാറുകാരന് തുക പിൻവലിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അധികച്ചെലവ് വരുത്തിയ ഈ മാറ്റത്തിനുള്ള കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. കൂടാതെ കരാറുകാരൻ പാകിയ ടൈലുകളുടെ ക്വാളിറ്റി പരിശോധന നടത്തിയിട്ടില്ല. ഇതുമൂലം നിശ്ചിത നിലവാരത്തിലുള്ള വെട്രിഫൈഡ് ടൈലുകളാണോ സ്ഥാപിക്കപ്പെട്ടതെന്നതും അവ്യക്തമാണ്.

ഉദാ:- 1) ഗവ.ജി.എച്ച്.എസ്.എസ് കെട്ടിടത്തിന്റെ റൂഫ് ചെയ്ഞ്ചിംഗും ടൈൽ പാകലും (പ്രോജക്ട് നം.421/19)

2) കൃഷ്ണപുരം UPS അറ്റകുറ്റപ്പണി (പ്രോജക്ട് നം.506/19)

3) പെരിങ്ങാല ഗവ.എൽ.പി.എസ് മോഡൽ ക്ലാസ് റൂം രൂപീകരണം (പ്രോജക്ട് നം.315/19)

12. മിക്ക പ്രവൃത്തികളുടേയും ഫയലുകൾക്കൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. കൂടാതെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകളിൽ സ്കെച്ചും പ്ലാനും ഉൾപ്പെടുത്തിയിട്ടില്ല.

13. അളവുപുസ്തകങ്ങളിൽ പലതിലും നമ്പരുകൾ രേഖപ്പെടുത്തിയിട്ടില്ല. വർക്ക് ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള രേഖകൾ പേജ് നമ്പരിട്ട് ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല.

14. റോഡ് ടാറിംഗ് പ്രവൃത്തികളിൽ വാങ്ങിയ ടാറിന്റെ ബിൽ കരാറുകാർ ഹാജരാക്കിയതിനു ശേഷം മാത്രമേ തുക നൽകാൻ പാടുള്ളൂവെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ടാർ ബില്ലുകൾ ഫയലുകൾക്കൊപ്പം ഇല്ലാത്തതിനാൽ ആയതു ലഭ്യമാക്കാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല.

15. കരാറുകാരന്റേതായ കാരണങ്ങളാൽ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിലേക്ക് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, കൗൺസിൽ ആയതിന് അനുമതി നൽകുകയോ ചെയ്യാതിരുന്നിട്ടും നിയമാനുസൃത ഫൈൻ ഈടാക്കാതിരിക്കുക വഴി അധികചെലവിന് ഇടയാക്കിയിട്ടുണ്ട്.

16. പ്രവൃത്തികൾ നിശ്ചിത നിലവാരത്തിൽ യഥാസമയം നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്നതിന്മേൽ മോണിട്ടറിംഗ് കമ്മിറ്റി വിലയിരുത്തൽ നടത്തിയതായി രേഖയില്ല. പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.

മുകളിൽ പ്രതിപാദിച്ച അപാകതകൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപാകതകൾ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് വിവിധ ഖണ്ഡികകളിൽ ഉൾപ്പെട്ട 271658/- രൂപ ഓഡിറ്റ് വേളയിൽതന്നെ തിരിച്ചടച്ച് രസീത് ഹാജരാക്കി. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുവാൻ കൗൺസിലിനോട് ശുപാർശ ചെയ്യുന്നതോടൊപ്പം വിഷയം ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-31 കരാറുകാരൻ ചെയ്യാത്ത പ്രവൃത്തിക്ക് മൂല്യനിർണ്ണയം നടത്തി തുക നൽകി - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 90887/- രൂപ തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വെറ്ററിനറി പോളിക്ലിനിക്ക് മുകൾനില നിർമ്മാണവും ഓപ്പറേഷൻ തീയറ്റർ സജ്ജീകരണവും |
| പ്രോജക്ട് നം. | 420/19 |
| എസ്റ്റിമേറ്റ് | 2482659 |
| പുതുക്കിയ എസ്റ്റിമേറ്റ് | 2472000 |
| കരാറുകാരൻ | ശ്രീ.എസ്.ഷിഹാബ് |
| എഗ്രിമെന്റ് നം./ തീയതി | 131/22.01.2018 |
| മൂല്യനിർണ്ണയ തുക | 2451806.50/- |
| അളവുപുസ്തക നം. | 153/2017-18 |
| ബിൽ നം./ തീയതി | 3, 4/11.12.2018 |

ഈ പ്രവൃത്തിയുടെ നിർവ്വഹണസംബന്ധമായി 13.12.2019 – ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ മൂല്യം നിർണ്ണയിച്ച് കരാറുകാരന് തുക നൽകിയതായി

അളവുപുസ്തകത്തിലും, ഫൈനൽ ബില്ലിലും രേഖപ്പെടുത്തിയിരുന്ന താഴെപ്പറയുന്ന ഇനം പ്രവൃത്തികൾ നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അളവുപുസ്തകത്തിൽ മൂല്യം നിർണ്ണയിച്ചിരുന്നതും എന്നാൽ കരാറുകാരൻ ചെയ്യാതിരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ/ എസ്റ്റിമേറ്റിലെ ഇനം നം. | അളവ് | നിരക്ക് | മൂല്യനിർണ്ണയം നടത്തിയ തുക |
|---|---|---|---|---|
| 1 | 1-21 | 25.4 M | 455/M | 11557 |
| 2 | 1-23 | 38.7 M | 195/M | 7546 |
| 3 | 1-26 | 1 No. | 105 | 105 |
| 4 | 1-28 | 1 No. | 170 | 170 |
| 5 | Extra - 1 | 839.79 $M^2$ | 52.37/$M^2$ | 43980 |
| 6 | Extra - 3 | 41.35 $M^2$ | 54.08/$M^2$ | 2236 |
| 7 | Extra - 4 | 18.06 $M^2$ | 1152.72/$M^2$ | 20818 |
| 8 | Extra - 5 | 4.20 $M^2$ | 1065.34/$M^2$ | 4475 |
| ആകെ | | | | 90887 |

ഇപ്രകാരം കരാറുകാരൻ ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി കാണിച്ച് മൂല്യനിർണ്ണയം നടത്തിയത് ഗുരുതരമായ ക്രമക്കേടാണ്. വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നം.53/16.12.2019) 90887/- രൂപ നഗരസഭയിൽ ഒടുക്കി അസിസ്റ്റന്റ് എഞ്ചിനീയർ രസീത് ഹാജരാക്കി (രസീത് നം.01/119010113128/18.12.2019). ഈ പ്രവൃത്തിയുടെ നിർവ്വഹണ സംബന്ധമായി സമഗ്രമായ അന്വേഷണം നടത്തുന്നതിനും, കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. കൂടാതെ അനധികൃതമായി പിൻവലിച്ച 90887/-രൂപയുടെ 18% പലിശയിനത്തിൽ 16719/- രൂപ (തിരിച്ചടച്ച തീയതി വരെയുള്ളത്) കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്. കൂടാതെ തിരിച്ചടച്ച തുക സർക്കാരിലേക്ക് ഒടുക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

എ) <u>വെറ്ററിനറി പോളിക്ലിനിക്കിലെ ഓപ്പറേഷൻ തീയറ്റർ നിർമ്മാണം പാതിവഴിയിൽ</u>

വെറ്ററിനറി പോളിക്ലിനിക്കിന്റെ മുകൾനിലയിൽ ഓപ്പറേഷൻ തീയറ്റർ സജ്ജീകരണത്തിനായുള്ള പ്രവൃത്തികൾ പാതിവഴിയിൽ നിലച്ചിരിക്കുന്നു. 2018-19 വർഷം 24 ലക്ഷത്തിൽപരം രൂപ മുടക്കിയെങ്കിലും പകുതിയോളം നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ശേഷിച്ച പ്രവൃത്തികൾക്കായി 2019-20 വർഷം പദ്ധതി ആവിഷ്കരിച്ചിട്ടും ഇല്ല. നിശ്ചിത ലക്ഷ്യത്തിനായി പദ്ധതി തയ്യാറാക്കി പ്രവൃത്തി ആരംഭിക്കുകയും, ലക്ഷങ്ങൾ വിനിയോഗിക്കുകയും ചെയ്ത ശേഷം പദ്ധതി പാതിവഴിയിൽ നിലച്ചതിനുള്ള കാരണം രേഖാമൂലം ആവശ്യപ്പെട്ടിട്ടും വ്യക്തമാക്കപ്പെട്ടിട്ടില്ല. കൂടാതെ 6 വനിതാ ജീവനക്കാർ ജോലി നോക്കുന്ന വെറ്ററിനറി പോളിക്ലിനിക്കിൽ പ്രാഥമികാവശ്യങ്ങൾക്കായി പ്രവർത്തനക്ഷമമായ ഒരു ടോയ്‌ലെറ്റ് ഇല്ല. നിരവധി പരാതികളിലൂടെ വിഷയം നഗരസഭയെ അറിയിച്ചതായി രേഖയുണ്ടെങ്കിലും ഇതു സംബന്ധമായി തുടർനടപടിയൊന്നും അധികൃതർ സ്വീകരിച്ചിട്ടില്ല. വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ഓപ്പറേഷൻ തീയറ്റർ സജ്ജീകരണത്തിന് ആവശ്യമായ സത്വരതുടർനടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 1-32 കരാറുകാരൻ നിർവ്വഹിച്ചതിൽ കൂടിയ അളവിൽ ടൈൽ പാകലിന് തുക നൽകി - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 70,710/-രൂപ തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഗവ. ഗേൾസ് എച്ച്.എസ്.എസ്. - ടൈലിംഗ്, കോൺക്രീറ്റിംഗ് |
| പ്രോജക്ട് നം. | 459/19 |
| എസ്റ്റിമേറ്റ് | 2,10,000/- |
| പി.എ.സി. | 2,09,567/- |
| കരാറുകാരൻ | ശ്രീ.എസ്.ഷിഹാബ് |
| എഗ്രിമെന്റ് നം./തീയതി | 97/18-19/15.12.18 |
| അളവുപുസ്തക നം. | 164/18-19 |

ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 118.88 $m^2$ വെട്രിഫൈഡ് ടൈൽ പാകിയതിന് 1733.95/$m^2$ നിരക്കിൽ 2,06,132/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരൻ പാകിയ ടൈലിന്റെ ക്വാളിറ്റി പരിശോധന നടത്തിയതിന് രേഖയില്ല. ഇതുമൂലം നിശ്ചിത നിലവാരത്തിലുള്ള ടൈലുകളാണോ സ്ഥാപിക്കപ്പെട്ടതെന്നത് വ്യക്തമല്ല.
2. തൻവർഷം തന്നെ നടപ്പാക്കിയ 421/19-ാം നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി 392.45 $m^2$ വെട്രിഫൈഡ് ടൈൽ പാകിയതിന് ഇതേ കരാറുകാരന് 6,79,515/- രൂപ അനുവദിച്ചിരുന്നു. ഒരേ ആവശ്യത്തിന് രണ്ടു വ്യത്യസ്ത പ്രോജക്ടുകൾ ആവിഷ്കരിച്ചതിനുള്ള കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല.
3. 8 ക്ലാസ് മുറികൾ, സ്റ്റെയർ, വരാന്ത, ലാന്റിംഗ് എന്നിവ ഉൾപ്പെടെ ടൈൽ പാകിയതിനാണ് 421/19-ാം നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരുന്നത്. എന്നാൽ ഒരു ക്ലാസ് മുറി ഉൾപ്പെടെ ഇതേ പ്രവൃത്തി നടത്തിയതായി കാണിച്ചാണ് 459/19-ാം നമ്പർ പദ്ധതിയിലും തുക പിൻവലിച്ചിട്ടുള്ളത്. ഈ അപാകത ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് നഗരസഭയിലെ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ

13.12.2019-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ടൈലുകൾ പാകിയിട്ടുള്ള ക്ലാസ് മുറികളുടെ എണ്ണം '8' മാത്രമാണെന്നും, മേൽപറഞ്ഞ രണ്ടു പദ്ധതികളിൽ ഉൾപ്പെടുത്തി കരാറുകാരൻ ടൈലുകൾ പാകിയിട്ടുള്ള ആകെ ഏരിയ 470.55 $m^2$ മാത്രമെന്നും ബോദ്ധ്യപ്പെട്ടു. ഇതുമൂലം 40.78 $m^2$ ടൈൽ പാകിയതിനുള്ള തുക കരാറുകാരന് അധികമായാണ് നൽകിയിട്ടുള്ളത് (392.45 + 118.88 – 470.55). 1733.95/$m^2$ നിരക്കിൽ 40.78 $m^2$ ന് 70710/- രൂപയാണ് ഇതുമൂലമുണ്ടായ അധികചെലവ്. വിഷയം ഓഡിറ്റ് അന്വേഷണത്തിലൂടെ (നം.52/16.12.2019) ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 70710/-രൂപ നഗരസഭയിൽ ഒടുക്കി അസിസ്റ്റന്റ് എൻജിനീയർ രസീത് ഹാജരാക്കി (രസീത് നം. 01/11901011З129). ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-33 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത – പ്രൈമർ പൂശിയതിന് 2,21,667/- രൂപയുടെ അധിക ചെലവ്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഗവ. ഗേൾസ് എച്ച്.എസ്.എസ്. കെട്ടിടം റൂഫ് ചെയ്ഞ്ചിംഗ് |
| പ്രോജക്ട് നം. | 450/18 (421/19) |
| എസ്റ്റിമേറ്റ് | 37,55,000/- |
| കരാറുകാരൻ | ശ്രീ.എസ്.ഷിഹാബ് |
| പി.എ.സി. | 37,49,627/- |
| എഗ്രിമെന്റ് നം./തീയതി | 133/18/22.01.18 |
| മൂല്യനിർണ്ണയ തുക | 37,46,987/- |
| ട്രഷറി ബിൽ നം. | 2, 3/17.08.18 |

ഈ പ്രവൃത്തിയുടെ ഭാഗമായി (Extra item: 4) 3878.69 $m^2$ പ്രതലത്തിൽ ഒരു കോട്ട് സിമന്റ് പ്രൈമർ പൂശിയതിന് 57.15/$m^2$നിരക്കിൽ 2,21,667/-രൂപ മൂല്യനിർണ്ണയം നടത്തി തുക പിൻവലിച്ചിട്ടുണ്ട്. (CPWD Specification: 13-43-1). തുടർന്ന് ഇതേ ഏരിയായിൽ "Delux multi surface paint two or more coat" (Specification code : 13-48-1) പൂശിയതിന് 153.05/$m^2$ നിരക്കിൽ 5,93,635/- രൂപ കൂടി (3878.7x153.05) കരാറുകാരന് അനുവദിച്ചു. പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ 1046.521 $m^2$ പ്രതലത്തിൽ water proofing cement paint പൂശുന്നതിന് 91.08/$m^2$ നിരക്കിൽ 95317.13/-രൂപ മാത്രമായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. 23.09.2017-ൽ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിലാണ് മേൽപറഞ്ഞ രീതിയിൽ മാറ്റം വരുത്തിയിട്ടുള്ളത്. എന്നാൽ ഈ മാറ്റത്തിനുകാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. കൂടാതെ പുതുക്കിയ എസ്റ്റിമേറ്റിന് കൗൺസിൽ അനുമതി ലഭിച്ചതായും ഫയലിൽ രേഖയില്ല. (CPWD Specification code '13' ബാധകമായത് പുതിയ നിർമ്മിതികൾക്കും, പഴയ നിർമ്മിതികൾക്ക് '14' ൽ പ്രതിപാദിക്കുന്ന നിരക്കുകളുമാണ് ബാധകമെങ്കിലും വർഷങ്ങൾ പഴക്കമുള്ള കെട്ടിടത്തിലെ റീ-പെയിന്റിംഗിന് ഇപ്രകാരം ഉയർന്ന നിരക്ക് അനുവദിക്കുവാനുള്ള കാരണവും വിശദീകരിക്കപ്പെട്ടിട്ടില്ല).

CPWD Specification 13-48-1 പ്രകാരം "Delux multi surface painting" എന്ന ഇനത്തിന്റെ ഡാറ്റയിൽ ഒരു കോട്ട് സ്പെഷ്യൽ പ്രൈമറിന്റെ നിരക്കുകൂടി ഉൾപ്പെടുത്തിയാണ് 153.05/$m^2$ എന്ന നിരക്ക് നിർണ്ണയിച്ചിട്ടുള്ളത്. ആയതിനാൽ പ്രത്യേകമായി പ്രൈമറിന്റെ നിരക്ക് അനുവദിക്കേണ്ട ആവശ്യകതയില്ല. എന്നാൽ ഇതു പരിഗണിക്കാതെ സിമന്റ് പ്രൈമറിന് പ്രത്യേകമായി തുക വകയിരുത്തുകയും, തുക പിൻവലിക്കുകയും ചെയ്യുക വഴി 2,21,667/- രൂപയുടെ അധികചെലവാണ് ഉണ്ടായത്.

ഈ അപാകതക്കു വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ചുമരിൽ രണ്ടു കോട്ട് പ്രൈമർ പൂശിയതിനാലാണ് തുക കരാറുകാരന് അനുവദിച്ചതെന്നാണ് അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടി. എന്നാൽ പെയിന്റിംഗിനു മുന്നോടിയായി ഒരു കോട്ട് പ്രൈമർ പൂശുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്നതിനാലും, പ്രസ്തുത പ്രൈമർ പൂശുന്നതിനുള്ള നിരക്ക് പെയിന്റിംഗിന്റെ

നിരക്കിൽ ഉൾപ്പെടുന്നതിനാലും പ്രത്യേകമായി പ്രൈമറിന് നിരക്ക് അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്. ആകയാൽ മറുപടി അംഗീകരിക്കുന്നില്ല. അധിക ചെലവായ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാത്ത പക്ഷം ആയത് എസ്റ്റിമേറ്റ് തയ്യാറാക്കിയതും, അളവെടുത്ത് മേൽപരിശോധന നടത്തിയതുമായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടേയും, അസിസ്റ്റന്റ് എൻജിനീയറുടേയും ബാധ്യതയായിരിക്കുന്നതാണ്.

എ) <u>ടൈൽ പാകലിന് സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല</u>

പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ 299.708 $m^2$ സിറാമിക് ടൈൽ പാകുന്നതിന് 1066.25/$m^2$ നിരക്കിൽ 3,19,563/-രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി (Extra item: 2) 392.45 $m^2$ വെട്രിഫൈഡ് ടൈൽ പാകിയതിന് 1731.47/$m^2$ നിരക്കിൽ 6,79,515/- രൂപ പിൻവലിച്ചിട്ടുണ്ട്. സിറാമിക് ടൈലിനു പകരം 8 ക്ലാസ് മുറികളിലും വരാന്തകളിലും ഉൾപ്പെടെ വെട്രിഫൈഡ് ടൈൽ പാകിയതിനുള്ള കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. കൂടാതെ കരാറുകാരൻ പാകിയ ടൈലിന്റെ ക്വാളിറ്റി പരിശോധന നടത്തിയതിനു രേഖയില്ല. ഇതുമൂലം നിശ്ചിത നിലവാരത്തിലുള്ള ടൈലുകളാണോ സ്ഥാപിക്കപ്പെട്ടതെന്നത് വ്യക്തമല്ല. ഇത് ടൈൽ പാകലുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാകയാൽ ടൈൽ പാകലിനായി ചെലവഴിച്ച 6,79,515/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ നിർവ്വഹണ സംബന്ധമായി വിശദമായ അന്വേഷണത്തിനും തുടർ നടപടിക്കുമായി ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

# 1-34 വിവിധ സ്ഥലങ്ങളിൽ എയ്റോബിക് മാലിന്യ സംസ്കരണ പ്ലാന്റ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾമൂലം 1.54 ലക്ഷത്തിന്റെ അധിക ചെലവ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കമ്മ്യൂണിറ്റി ലെവൽ വേസ്റ്റ് മാനേജ്മെന്റ് (എയ്റോബിക് ബിൻ) |
| പ്രോജക്ട് നം. | 465/19 (172/17) |
| എസ്റ്റിമേറ്റ് | 39,00,000/- |
| പി.എ.സി. | 35,02,451/- (10.19% കുറവ്) |
| പുതുക്കിയ എസ്റ്റിമേറ്റ് | 21,24,712/- (08.03.2018) |
| കരാറുകാരൻ | ശ്രീ.കെ.മോഹൻകുമാർ |
| എഗ്രിമെന്റ് നം./തീയതി | 26/17-18/07.06.17 |
| സൈറ്റ് കൈമാറിയ തീയതി | 03.07.17 |
| മൂല്യനിർണ്ണയ തുക | 2111481 |
| അളവു പുസ്തക നം. | 113/17-18, 181/18-19 |
| ട്രഷറി ബിൽ നം. | 6/11.01.19, 9/25.03.19 |

ഈ പ്രവൃത്തിയുടെ നിർവ്വഹണ സംബന്ധമായി ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) <u>ടെണ്ടർ കുറവ് പ്രാബല്യത്തിൽ വരുത്താതെ കരാറുകാരന് തുക നൽകി</u>

പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ 10 അധിക ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ഈ ഇനങ്ങൾക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്ക് പ്രകാരമാണ് ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളത്. കരാറുകാരൻ ക്വാട്ട് ചെയ്തിരുന്ന 10.19% കുറവ് പ്രസ്തുത ഇനങ്ങൾക്ക് വരുത്താതെ ബിൽ തയ്യാറാക്കി തുക പിൻവലിക്കുക വഴി 39,999/- രൂപയുടെ അധികച്ചെലവുണ്ടായി.

വിശദാംശം ചുവടെ ചേർക്കുന്നു.

| | അളവ് | അനുവദിച്ച | അനുവദനീയമായ | അധികം |
|---|---|---|---|---|

| | ഇനം നമ്പരും പേരും | | തുകയും നിരക്കും | തുക | നൽകിയ തുക |
|---|---|---|---|---|---|
| 1 | Solid block masonary 30x20x15 | 20.24 $m^3$ | 113619@5613 | 102041 | 11578 |
| 2 | 12 mm cement plaster | 197.94 $m^2$ | 68834@347.75 | 61820 | 7014 |
| 3 | Providing and fixing PVC pipe | 53.27 m | 17730@332.84 | 15923 | 1807 |
| 4 | Providing and fixing good quality plastic net | 132.02 $m^2$ | 36030@272.91 | 32359 | 3671 |
| 6 | Filling contractors own earth | 36.96 $m^2$ | 17640@36.96 | 15842 | 1798 |
| 7 | Painting with synthetic enamel | 425.57 $m^2$ | 56843@133.56 | 51051 | 5792 |
| 8 | Engaging the man mazdoor | 18 Nos | 11379@632.15 | 10219 | 1160 |
| 9 | Steel reinforcement | 811.89 Kg | 70456@86.78 | 63277 | 7179 |
| | ആകെ അധികം നൽകിയ തുക | | | | 39999 |

**ബി) <u>കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിൽ അധികരിച്ച് തുക നൽകി</u>**

"Providing and laying in position cement concrete of specific grade excluding the cost of centering and shuttering all work up to plinth level 1:4:8" എന്ന ഇനത്തിന് (ഇനം 5-8) കരാറുകാരൻ ക്വാട്ട് ചെയ്തിരുന്ന നിരക്ക് 6160.75/$m^3$ ആയിരുന്നു. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ അനുവദിച്ച നിരക്ക് 6594.95/$m^3$ ആണ്. ഇതുമൂലം താഴെപ്പറയും പ്രകാരം അധിക ചെലവുണ്ടായി.

| | |
|---|---|
| നൽകിയത് - | 6594.95x14.32 = 94440 |
| നൽകാവുന്നത് - | 6160.75x14.32 = <u>88222</u> |
| അധികം നൽകിയത് | = <u>6218</u> |

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കരാറുകാരനിൽ നിന്നും തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. അധികചെലവായ 46217/- രൂപ (39999+6218) ഓഡിറ്റിൽ നിരാകരിക്കുന്നു. കരാറുകാരനിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കാത്ത പക്ഷം ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

സി) <u>കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ പിഴ ചുമത്തിയില്ല</u>

ഈ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി 31.10.2017 ആയിരുന്നു (4 മാസം). പൂർത്തീകരണ തീയതി അടുത്തിട്ടും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാതിരുന്നതിനാൽ എഗ്രിമെന്റ് റദ്ദ് ചെയ്യുന്നതാണെന്നും, സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടുന്നതാണെന്നും കാണിച്ച് 21.10.2017-ൽ കരാറുകാരന് നിർവ്വഹണ ഉദ്യോഗസ്ഥൻ കത്ത് നൽകിയെങ്കിലും ടിയാൻ പ്രതികരിക്കാതിരുന്നതിനെ തുടർന്ന് 15.12.2017-ൽ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുകയും, ശ്രീ.ഷാജിലാൽ എന്നയാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. എന്നാൽ പണി പൂർത്തീകരിക്കുവാൻ ഒരു അവസരം കൂടി നൽകണമെന്നും, 12.01.2018-ന മുൻപായി പ്രവൃത്തി പൂർത്തീകരിക്കാമെന്നും സമ്മതിച്ച് ശ്രീ.മോഹൻകുമാർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ വീണ്ടും നിർവ്വഹണ ചുമതല ഏൽപ്പിച്ചതായാണ് രേഖ. എന്നാൽ ടിയാൻ പ്രവൃത്തി പൂർത്തീകരിച്ചത് 15.02.2019-ൽ മാത്രമാണ്. പ്രവൃത്തിയുടെ നിർവ്വഹണ കാലയളവ് വീണ്ടും ദീർഘിപ്പിക്കുന്നതിനായി ടിയാൻ അപേക്ഷ സമർപ്പിക്കുകയോ, എൻജിനീയർ ഇതിലേക്കായി ശുപാർശ ചെയ്യുകയോ, കൗൺസിൽ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല. കരാർ ലംഘനം നടത്തിയ വ്യക്തിയെ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല വീണ്ടും ഏൽപ്പിച്ചിട്ടും, ടിയാൻ ഉറപ്പുനൽകിയിരുന്ന തീയതിയിൽ പ്രവൃത്തി പൂർത്തികരിക്കുന്നതിൽ വീഴ്ചവരുത്തുകയാണുണ്ടായത്. എന്നാൽ കരാർ ലംഘനം നടത്തിയ വ്യക്തിയിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കാതെ ഫൈനൽ ബിൽ തുക അനുവദിച്ചതായാണ് രേഖ. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുള്ളതിനാൽ പ്രസ്തുത തീയതിക്കുശേഷം ടിയാനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഫൈനിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പുതുക്കിയ എസ്റ്റിമേറ്റ് തീയതി | 08.03.2018 |
| അതുപ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി - 08.03.2018 + 4 മാസം | 07.07.2018 |
| അനുവദിക്കാവുന്ന എക്സ്റ്റൻഷൻ<br>(vide GO(P) 13/12/PWD/1.2.12 സെക്ഷൻ 2112-1) | 07.09.2018 വരെ<br>(2 മാസം) |
| പ്രസ്തുത കാലയളവിൽ ഈടാക്കേണ്ടിയിരുന്ന ഫൈൻ (മൂല്യനിർണ്ണയ തുകയെ അടിസ്ഥാനപ്പെടുത്തി) | 2111481x3%=63344/- |
| 08.09.2018 മുതൽ 15.02.2019 വരെ ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക (2116-1) | 21 ആഴ്ച<br>= 21x0.1 = 2.1%<br>= 2111481x2.1%<br>= 44341/- |
| ആകെ ഈടാക്കേണ്ടിയിരുന്ന ഫൈൻ | = 63344+44341<br>= 107685/- |

കരാറുകാരനിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കിതിരുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബാധ്യതാ തുക നഗരസഭാ അക്കൗണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അസിസ്റ്റന്റ് എൻജിനീയർ മറുപടി ലഭ്യമാക്കി. കരാറുകാരനിൽ നിന്നും തുക ഈടാക്കി ഒടുക്കുവരുത്താത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

# 1-35 മുനിസിപ്പൽ ഓഫീസ് കെട്ടിട നവീകരണം-മൂല്യത്തിൽ അധികരിച്ചും എസ്റ്റിമേറ്റ് നിരക്കിൽ അധികരിച്ചും തുക അനുവദിച്ചു-ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 90923/-രൂപ തിരിച്ചടച്ചു

തദ്ദേശമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി ലോകബാങ്ക് ധനസഹായമായി 4253131/-രൂപ അടങ്കലിൽ 2016-17 വർഷം തയ്യാറാക്കിയ പദ്ധതിയായിരുന്നു. ഇതിനായി 2017-18, 2018-19 വർഷങ്ങളിലായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | തുക | ബിൽ നം./ തീയതി |
|---|---|---|
| 2017-18 (ലോകബാങ്ക് ധനസഹായം) | 685727 | 63/23.12.17 |
| 2017-18 (ലോകബാങ്ക് ധനസഹായം) | 1983379 | 77/29.12.17 |
| 2018-19(പദ്ധതി വിഹിതം) | 758160 | 125/31.12.18 |
| | 3427266 | |

ടെണ്ടർ, റീടെണ്ടർ എന്നിവയിൽ ഒരേ വ്യക്തി തന്നെയാണ് പങ്കെടുത്തത്. ടെണ്ടറിൽ, സിംഗിൾ ടെണ്ടറാണ് ലഭിച്ചത് എന്നതിനാൽ റീടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.റ്റി.ഷഹിൻഷ എന്ന വ്യക്തിയുടെ 1.97% കുറവായ ടെണ്ടർ അംഗീകരിക്കുകയാണുണ്ടായത്. അപാകതകൾ താഴെ കൊടുക്കുന്നു.

1.എം. ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 3336343/-രൂപയാണ്. എന്നാൽ നിർവ്വഹണരേഖകൾ പ്രകാരം പ്രവൃത്തിക്കായി പിൻവലിച്ചത് 3427266/- രൂപയാണ്. ഇതുവഴി മൂല്യത്തിൽ അധികരിച്ച് 90923/- രൂപ (3427266-3336343) പിൻവലിച്ചു.

2.റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം 3, supplying and fixing PVC door with frameന്റെ നിരക്ക് 5.86m$^2$@3182.87/m$^2$=18651.61/-രൂപയായിരുന്നു. എന്നാൽ എം.ബുക്കിൽ നിരക്ക് @5578.62/m$^2$ (5.86m$^2$@5578.62/m$^2$=32690.71) എന്ന് രേഖപ്പെടുത്തി അധികമായി 14039/- രൂപ പിൻവലിച്ചു.

ആകെ മൂല്യത്തിൽ അധികരിച്ച് ചെലവഴിച്ച 90923/-രൂപ ഓഡിറ്റ് അന്വേഷണത്തെ (30/12.12.19) തുടർന്ന് രസീത് നം.01/119010113141/19.12.19 പ്രകാരം നഗരസഭാ ഫണ്ടിൽ തിരിച്ചടച്ചു. ഈ തുക സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ക്രമ നം. 2 പ്രകാരം അധികമായി ചെലവഴിച്ച 14039/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 345/17,197/17-18,502/19 |
| കരാറുകാരൻ | റ്റി.ഷഹിൻഷ |
| കരാർ നം. | 48/AEE/07.07.2017 |
| | |

| | |
|---|---|
| എസ്റ്റിമേറ്റ് | 4253131(3008732+1225000+19399) |
| പി.എ.സി | 2660106(-1.97%) |
| എം. ബുക്ക് നം. | 10/17-18 vol.I,II,III |
| ചെലവ് തുക | 3427266 |

## 1-36 സെക്രട്ടറി ക്വാർട്ടേഴ്സ് നവീകരണം - എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ക്രമവിരുദ്ധമായ ബില്ലുകളുടെ അടിസ്ഥാനത്തിലും തുക പിൻവലിച്ചു

സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് നവീകരണത്തിനായി ഇലക്ട്രിഫിക്കേഷന് (ലംമ്പ്സം പ്രൊവിഷൻ) 100046/-രൂപ ഉൾപ്പെടെ 400000/-രൂപയാണ് (299954+100046-LS) വകയിരുത്തിയിരുന്നത്. കരാറുകാരൻ ഇലക്ട്രിഫിക്കേഷൻ ഒഴിവാക്കി ഇനം 11 വരെയുള്ളവയ്ക്കായി (299954) 0.08% കുറവായിട്ടാണ് ക്വോട്ട് ചെയ്തിരുന്നത്. എന്നാൽ കരാർ ചമച്ചിരിക്കുന്നത് 400000/-രൂപയ്ക്കും. അപാകതകൾ താഴെ കൊടുക്കുന്നു.

1.ഇലക്ട്രിഫിക്കേഷനായി എസ്റ്റിമേറ്റ് തയ്യാറാക്കി പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സാങ്കേതികാനുമതി വാങ്ങിയിട്ടില്ല.

2.പട്ടാണിപ്പറമ്പിൽ ഹോം കെയർ എന്ന സ്ഥാപനത്തിന്റെ 01.11.18, 30.11.18 തീയതികളിലെ 60684/-രൂപയുടെ ബില്ല്, ജോലിക്കൂലി കൈപ്പറ്റിയതിന്റെ കഞ്ഞിക്കൽ സർവ്വീസിംഗ് സെന്ററിന്റെ 30.11.2018 ലെ 34000/-രൂപയുടെ കൈപ്പറ്റ് രസീത് എന്നിവ എം. ബുക്കിൽ രേഖപ്പെടുത്തി ആകെ 94684/-രൂപ ഈ ആവശ്യത്തിനായി പിൻവലിച്ചിട്ടുണ്ട്.

അനുബന്ധ ഫയലിൽ ഉൾപ്പെടുത്തിയ ബില്ലിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം, തീയതി | തുക |
|---|---|---|
| 1 | 1042/30.11.18 | 10457 |
| 2 | 1037/30.11.18 | 20090 |
| 3 | 1039/30.11.18 | 8716 |
| 4 | 1041/30.11.18 | 12774 |
| 5 | 1043/- | 4127 |
| 6 | 1038/01.11.18 | 4520 |

3.കരാർ ചമച്ചത് 07.12.18 ലാണ് എന്നിരിക്കെ 01.11.18, 30.11.18 തീയതികളിലെ ബില്ലിന്റെ അടിസ്ഥാനത്തിലാണ് 94684/-രൂപ ചെലവഴിച്ചിരിക്കുന്നത് .

4.ബിൽ ക്രമ നം .5 ൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

5.ബിൽ ക്രമ നം.3,4,6 എന്നിവയിൽ സാധനം വാങ്ങിയ ആളിന്റെ പേര് വൈറ്റ്നർ ഉപയോഗിച്ച് തിരുത്തൽ വരുത്തിയിരിക്കുന്നു. ക്രമ നം.3,4 എന്നിവയിൽ GIRLS SCHOOL, KAYAMKULAM എന്ന പേരാണ് തിരുത്തിയിരിക്കുന്നത്. ക്രമ നം.1,2,5 എന്നിവയിൽ സാധനം വാങ്ങിയ ആളിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല.

6.ബിൽ നം 1037,1039 എന്നിവ 30.11.18 ലേതും ബിൽ നം 1038, 01.11.18 ലേതുമാണ്. ഓരോ സാധനങ്ങളുടേയും നിരക്ക്, നികുതികൾ എന്നിവ പോലും ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ജി.എസ്.റ്റി നിലവിൽ വരുന്നതിന് മുൻപുള്ള ബില്ലാണ് ഹാജരാക്കിയിട്ടുള്ളത്. 07/17 മുതൽ ജി.എസ്.റ്റി നിലവിൽ വന്ന സാഹചര്യത്തിൽ ഇപ്രകാരമുള്ള ബില്ലിന്റെ സുതാര്യത സംശയാസ്പദമാണ്.

7.അംഗീകൃത ഇലക്ട്രിക്കൽ കോൺട്രാക്ടറാവണം പ്രവൃത്തികൾ ചെയ്യേണ്ടത് എന്നിരിക്കെ കഞ്ഞിക്കൽ സർവ്വീസിംഗ് സെന്റർ എന്ന സ്ഥാപനമാണ് പ്രവൃത്തികൾ ചെയ്തതായി രസീത് ഹാജരാക്കിയിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (42/16.12.2019) മറുപടിയായി രേഖകൾ ഫയലിൽ സൂക്ഷിക്കുവാൻ വിട്ട് പോയതാണെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ഇപ്രകാരമുള്ള മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ 94684/-രൂപയുടെ ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്ന് ഈടാക്കി തിരിച്ചടക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം. | s0105/19 |
| കരാറുകാരൻ | ഇ.എം അഷ്റഫ് |
| കരാർ നം | 94/AE/07.12.18 |
| എസ്റ്റിമേറ്റ് | 400000 |
| പി.എ.സി | 299714 |
| എം. ബുക്ക്. നം | 142/18-19 |
| ചെലവ് തുക | 394366 (146/12.03.19, book 2) |

## 1-37 അംഗൻവാടി കെട്ടിട നിർമ്മാണം വാർഡ് 13-കരാറുകാരൻ കോട്ട് ചെയ്തതിനേക്കാൾ കൂടിയ നിരക്കിൽ തുക അനുവദിച്ചു-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി.

പ്രോജക്ട് നം.383/19

അടങ്കൽ - 1100000

ചെലവ് തുക – 1092299, ബിൽ ക്രമ നം.19/29.06.18

വാർഡ് 13-ലെ അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി ക്ഷണിച്ച ടെണ്ടർ,റീടെണ്ടർ എന്നിവയിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഏക ക്വട്ടേഷൻ ആയ ഇ.എം അഷ്റഫിന്റെ 0.1% കുറവായിട്ടുള്ള ക്വട്ടേഷൻ അംഗീകരിച്ചതായും ഫയലിൽ

രേഖപ്പെടുത്തിയിട്ടുണ്ട്. ഇ.എം അഷ്റഫ് ഹാജരാക്കിയിട്ടുള്ള ക്വട്ടേഷനിൽ 1% കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു വഴി കരാറുകാരൻ ക്വോട്ട് ചെയ്തതിനേക്കാൾ 9815/- രൂപ അധികമായി കരാറുകാരന് അനുവദിച്ചു (0.9% കൂടുതൽ). ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് രസീത് നം.01/119010113136 പ്രകാരം തുക ഒടുക്കി.

## 1-38 റോഡ് ടാറിംഗിന് കരാറുകാർക്ക് നഗരസഭയിൽ നിന്നും നൽകിയ പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയില്ല – 24565/- രൂപയുടെ നഷ്ടം

ടാറിംഗ് പ്രവൃത്തികൾക്ക് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളുടെ കരാറുകാർക്ക് നഗരസഭയുടെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ നിന്നും പൊടിച്ച പ്ലാസ്റ്റിക് നൽകിയിരുന്നു. 2018-19 വർഷം ഇപ്രകാരം പൊടിച്ച പ്ലാസ്റ്റിക് കൈപ്പറ്റിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കരാറുകാർ ഇതിന്റെ വില നഗരസഭയിൽ ഒടുക്കു വരുത്തുകയോ, ഫൈനൽ ബില്ലിൽ ആനുപാതിക കുറവു വരുത്തുകയോ ചെയ്തിട്ടില്ല. എസ്റ്റിമേറ്റിൽ കി.ഗ്രാമിന് 22/- രൂപ ഉൾപ്പെടുത്തിയിരുന്ന പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കാതിരിക്കുകവഴി 24565/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നം. | കരാറുകാരൻ | എഗ്രിമെന്റ് നം./ തീയതി | നൽകിയ പ്ലാസ്റ്റിക്കിന്റെ അളവ് | ഈടാക്കേണ്ടിയിരുന്ന തുക (@22/kg) | അളവുപുസ്തക നം. | ബിൽ നം./ തീയതി |
|---|---|---|---|---|---|---|---|
| 1 | ചാവടിമുക്ക്-പുതിയകാവ് റോഡ് ടാറിംഗ്/ 126/19 | കെ.എം. ഇക്ബാൽ | 13/14.08.18 | 153.3 kg | 3373 | 56/18-19 | 77(1)/31.10.18 |
| 2 | കൈരളി ജംഗ്ഷൻ-CSI ചർച്ച് പാലസ് റോഡ് റീടാറിംഗ്/213/19 | അഷറഫ്.ഇ.എം | 83/22.10.18 | 129.69 kg | 2853 | 213/18-19 | 114(1)/29.12.18 |
| 3 | മുത്താരമ്മൻ-വെമ്പാലിൽ റോഡ് ടാറിംഗ്/ 187/19 | അബ്ദുൽ ലത്തീഫ് | 58/12.10.18 | 106.08 kg | 2334 | 187/19 | 102(1)/28.12.18 |
| 4 | BSNL-പൊട്ടക്കനയത്ത് ശ്മശാനം റോഡ് റീടാറിംഗ്/ 229/19 | ഷഹിൻഷ.റ്റി | 7/14.8.18 | 95kg | 2090 | 54/18-19 | 76(1)/31.10.18 |
| 5 | ചെമ്പകപ്പള്ളി റോഡ് പുനരുദ്ധാരണം/86/19 | എസ്.അബ്ദുൽ ലത്തീഫ് | 53/12.10.18 | 19.22 kg | 423 | 160/18-19 | 24(2)/28.03.19 |
| 6 | കമ്മ്യൂണിറ്റി ഹാൾ റോഡ് നവീകരണം/132/19 | ഷഹിൻഷ.റ്റി | 15/14.08.18 | 89.02 kg | 1958 | 51/18-19 | 78(1)/31.10.18 |
| 7 | കാരൂർ പുലിപ്പാറ റോഡ് റീ ടാറിംഗ്, ഓടനിർമ്മാണം/115/19 | എസ്.അബ്ദുൽ ലത്തീഫ് | 61/12.10.18 | 153.30 kg | 3373 | 137/18-19 | 137(1)/23.01.19 |
| 8 | അറബിപറമ്പിൽ റോഡ് പുനരുദ്ധാരണം/199/19 | ഇ.എം.അഷറഫ് | 77/22.10.18 | 65.92 kg | 1450 | 114/18-19 | 2(2)/28.02.19 |
| 9 | കുന്നയ്യത്ത്-നൂറാട്ട് റോഡ് പുനരുദ്ധാരണം/83/19 | എസ്.അബ്ദുൽ ലത്തീഫ് | 55/12.09.18 | 87.38 kg | 1922 | 139/18-19 | 136(1)/23.01.19 |
| 10 | മാർത്തോമപള്ളി-ബനാത്ത് റോഡ് റീടാറിംഗ്/ 100/19 | ഇ.എം.അഷറഫ് | 5/14.08.18 | 183.96 kg | 4047 | 77/18-19 | 112(1)/29.12.18 |
| 11 | സി.എസ്.ഐ.പള്ളി-വെസ്റ്റ് റോഡ് | എസ്.അബ്ദുൽ ലത്തീഫ് | 57/12.10.18 | 33.73 kg | 742 | നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 103(1)/18.12.18 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ടാറിംഗ്/188/19 | | | | | | |
| ആകെ | | | | | 24,565 | | |

ഇതു സംബന്ധമായി വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 5808/- രൂപ തിരിച്ചടച്ച് അസിസ്റ്റന്റ് എഞ്ചിനീയർ രസീത് ഹാജരാക്കി (നം.01/11901011313 8/തീയതി 19.12.19, 3139/19.12.19) ശേഷിച്ച 18757/- രൂപ (24565-5808) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി തിരിച്ചടക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

നഗരസഭയിൽ നിന്നും നൽകിയ പൊടിച്ച പ്ലാസ്റ്റിക്കിന്റെ വിലയിനത്തിലുള്ള തുക കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

# 1-39 ആവശ്യകത നിശ്ചയിക്കാതെയുള്ള ടാർ വാങ്ങൽ - 20 ബാരൽ ടാർ വിതരണം ചെയ്യാതെ ഉപയോഗശൂന്യമായി - 109957/- രൂപയുടെ നഷ്ടം

നഗരസഭയിലെ വിവിധ റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി 4/2016 – ൽ വാങ്ങിയ 60 ബാരൽ ടാറിൽ വിതരണ ശേഷം മിച്ചമുണ്ടായിരുന്ന 20 ബാരൽ (3236 kg) നാലു വർഷത്തോളമായിട്ടും വിതരണം ചെയ്യാതെ അവശേഷിക്കുന്നു. സിഡ്കോയുടെ 26.04.16 – ലെ 16730-ാം നമ്പർ ഇൻവോയിസ് പ്രകാരം 60 ബാരൽ ടാറിനായി (VG 10) കയറ്റിറക്കു കൂലി ഉൾപ്പെടെ 3,29,871/- രൂപയാണ് നഗരസഭ വിനിയോഗിച്ചത്. സ്റ്റോക്ക് രജിസ്റ്ററിൽ ടാറിന്റെ അവസാന വിതരണ തീയതി 22.03.17 ആണ്. മുൻ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും ടാർവിതരണത്തിന് നടപടിയുണ്ടായില്ല. നഗരസഭാ കോമ്പൗണ്ടിൽ തുറസ്സായ സ്ഥലത്ത് സൂക്ഷിച്ചിട്ടുള്ള പ്രസ്തുത ബാരലുകൾ തുരുമ്പെടുത്തും, പൊട്ടി ഇളകി ടാർ പരന്ന നിലയിലുമാണ്. വാങ്ങിയ ടാർ 4 വർഷത്തോളമായിട്ടും വിതരണം ചെയ്യാതിരുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.62/18.12.19) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

“ഇഷ്യൂ ചെയ്തതിൽ മിച്ചമുണ്ടായിരുന്ന 20 ബാരൽ ടാർ നഗരസഭാ ഓഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. തുറസ്സായ സ്ഥലത്ത് വച്ചിരിക്കുന്നതുമൂലം പ്രസ്തുതബാരലുകൾ കാലപ്പഴക്കവും, കാലാവസ്ഥാ വ്യതിയാനവും മൂലം കേടുപാടുകളുണ്ടാകുകയും, ബാര്ല ദ്രവിച്ച് ടാറിനുള്ളിൽ വെള്ളംകെട്ടി നിൽക്കുകയും, ടാർ പൊട്ടിയൊലിക്കുന്ന നിലയിലുമാണ്. കേടുപാടുകൾ പറ്റിയ ബാരലിനുള്ളിലെ ടാറിന്റെ ഗുണനിലവാരം സംശയത്തിന്റെ നിഴലിലാണ്. പ്രസ്തുത സ്പെസിഫിക്കേഷനിലുള്ള ടാർ നിലവിൽ ഉപയോഗിക്കാൻ അനുവാദമില്ലാത്തതാണ്".

ഈ മറുപടിയിൽ നിന്നും പ്രസ്തുത ടാർ ഇനി ഏതെങ്കിലും പ്രവൃത്തിക്ക് ഉപയോഗിക്കുവാൻ കഴിയാത്ത വിധം യോഗ്യമല്ലാതെയായി മാറി എന്ന് വ്യക്തമാണ്. നഗരസഭയുടെ വിവിധ പ്രവൃത്തികൾക്ക് ആവശ്യമായ ടാറിന്റെ അളവ് കൃത്യമായി തിട്ടപ്പെടുത്താതെ ആവശ്യത്തിലധികം ബാരൽ മുൻകൂട്ടി വാങ്ങുകയും, ആയത് നിശ്ചിതാവശ്യങ്ങൾക്ക് വിനിയോഗിക്കാതെയും, സംരക്ഷിക്കാതെയും തുറസ്സായ സ്ഥലത്ത് വർഷങ്ങളായി ഉപേക്ഷിച്ചിരുന്നതുമാണ് ഈ അവസ്ഥയ്ക്കു കാരണമായത്. ഈ നടപടിമൂലം 109957/- രൂപയുടെ നഷ്ടമാണ് നഗരസഭയ്ക്കുണ്ടായത് (329871 x 20/60). ഈ നഷ്ടം ആവശ്യത്തിലധിഷ്ഠിതമല്ലാതെ വാങ്ങൽ നടത്തിയ ഉദ്യോഗസ്ഥരിൽ നിന്നും, തുടർ പ്രവൃത്തികൾക്ക് വിനിയോഗിക്കാതെ തുറസ്സായ സ്ഥലത്ത് ഉപേക്ഷിച്ചുവഴി പാഴായതിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 1-40 ടൗൺഹാൾ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങാതെയും

## മൂല്യനിർണ്ണയം നടത്താതെയും തുക ചെലവഴിച്ചു

ടൗൺഹാൾ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി രണ്ട് പദ്ധതികളാണ് തൻവർഷം നടപ്പിലാക്കിയത്.

| പ്രോജക്റ്റ് നം. | ചെലവ് വിവരം |
|---|---|
| 385/19, ടൗൺഹാളിൽ ഇലക്ട്രിഫിക്കേഷൻ, സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ | 125072, ബിൽ ക്രമ നം.5/28.11.18 |
| 516/19, ടൗൺഹാളിൽ എയർകണ്ടീഷൻ, സൗണ്ട് സിസ്റ്റം തുക നൽകൽ | 638159, ബിൽ ക്രമ നം.6/28.11.18 |
| ആകെ | 763231 |

ടൗൺഹാളിൽ ലൈറ്റുകളും സൗണ്ട് സിസ്റ്റവും സ്ഥാപിക്കുന്നതിലേക്കായി കാഡ്കോയുടെ എസ്റ്റിമേറ്റ്, ബിൽ എന്നിവയുടെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.ടി പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതികാനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. കേരളാ പൊതുമരാമത്ത് ചട്ടം പ്രകാരം 6.50 ലക്ഷം രൂപയിൽ അധികമുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സർക്കാർ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി വാങ്ങേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2.ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കാഡ്കോയിൽ നിന്നും വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് കാഡ്കോയെ ചുമതലപ്പെടുത്തിയിട്ടില്ല.

3.മൂല്യം നിർണ്ണയിക്കാതെ കാഡ്കോയുടെ ബിൽ പ്രകാരം തുക അനുവദിക്കുകയാണുണ്ടായത്.

4.ബില്ലിൽ നിന്നും ആദായ നികുതി ഇനത്തിൽ 15265രൂപയും, ജി.എസ്.റ്റി-റ്റി.ഡി.എസ് ഇനത്തിൽ 15265/-രൂപയും ഈടാക്കേണ്ടിയിരുന്നു. നികുതി ഈടാക്കിയിട്ടില്ല.

5.കാഡ്കോയുടെ പേരിലുള്ള മുദ്രപത്രം മാത്രമാണ് ഫയലിലുള്ളത്. മുദ്രപത്രത്തിൽ രേഖപ്പെടുത്തലുകളില്ല. കരാർ തീയതി രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന്(11/10.12.19), സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ ഫർണിഷിംഗിന്റെ ഭാഗമാണെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ഫർണിഷിംഗിന്റെ ഭാഗമാണെങ്കിലും വാങ്ങൽ നടത്തിയിട്ടുള്ള സാഹചര്യത്തിൽ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ആദായ നികുതി (15265), ജി.എസ്.റ്റി-റ്റി.ഡി.എസ് (15265) എന്നിവ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്ക് വരുത്തേണ്ടതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങാതെയും മൂല്യനിർണ്ണയം നടത്താതെയും ചെലവഴിച്ച 763231/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 ലൈബ്രറി കെട്ടിടത്തിന് ചുറ്റുമതിലും തറയോട് പാകലും - ടെണ്ടർ കുറവ് വരുത്തിയില്ല

ലൈബ്രറി കെട്ടിടത്തിന് ചുറ്റുമതിലും തറയോട് പാകലും എന്ന പ്രവൃത്തിക്കായി ഡി.ശിവരാജൻ എന്ന കരാറുകാരന്റെ 1.5% കുറവായ ടെണ്ടറാണ് അംഗീകരിച്ചത്. എന്നാൽ ആകെ മൂല്യത്തിൽ നിന്നും ഈ കുറവ്

വരുത്താതെയാണ് കരാറുകാരന് തുക അനുവദിച്ചത്. ആകെ മൂല്യമായ 234314/-രൂപയുടെ 1.5% കുറവായ 3515/-രൂപ കരാറുകാരന് അധികമായി അനുവദിച്ചു. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് രസീത് നം. 01/119010113137/19.12.19 പ്രകാരം തുക ഒടുക്കി. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് തുക ചെലവഴിച്ചിരിക്കുന്നത് എന്നതിനാൽ ഈ തുക സർക്കാരിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-42 പെരിങ്ങാല ഗവ.എൽ.പി.എസ് മോഡൽ ക്ലാസ് റൂം നിർമ്മാണം- പ്രൈമറിന്റെ നിരക്ക് രണ്ട് തവണ ഉൾപ്പെടുത്തി തുക പിൻവലിച്ചു

പെരിങ്ങാല ഗവ.എൽ.പി.എസ് മോഡൽ ക്ലാസ് റൂം നിർമ്മാണത്തിനായി തയ്യാറാക്കിയ 338750/-രൂപയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം ലഭിച്ചതും പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചതും. എന്നാൽ നിർവ്വഹണഘട്ടത്തിൽ എസ്റ്റിമേറ്റ് 999729/- രൂപയായി മാറ്റം വരുത്തി. പുതുക്കിയ എസ്റ്റിമേറ്റിന്റെ ഇനം 18-ൽ മൾട്ടി ഡീലക്സ് പെയിന്റിംഗിൽ പ്രൈമറിന്റെ നിരക്ക് കൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ആയത് പരിഗണിക്കാതെ ഇനം 15 – ൽ പ്രത്യേകമായി പ്രൈമറിന് നിരക്ക് അനുവദിച്ചു. വിശദാംശം താഴെ കൊടുക്കുന്നു.

ഇനം 15:13.43.1 Applying one coat of water thinnable cement primer of approved brand 303.23@57.23/$m^2$=17354

ഇനം 18:13.48.1 finishing with multydelux paint 303.23 $m^2$@153.27/$m^2$ = 46476

പ്രൈമറിന് നിരക്ക് രണ്ട് തവണ അനുവദിച്ചതിനാൽ ഇനം 15 പ്രകാരം അനുവദിച്ച 17354/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (61/18.12.19) അധികം പിൻവലിച്ച തുക നഗരസഭയിൽ അടവാക്കി അറിയിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി നൽകി. തുക ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം. | 430/18, S0315/19 |
| കരാറുകാരൻ | അബ്ദുൾ ലത്തീഫ് |
| കരാർ നം. | 163/AEE/28.02.18 |
| എസ്റ്റിമേറ്റ് | 999729(RE) |
| പി.എ.സി | 989731 (Below 1%) |
| ചെലവ് തുക | 988614 [ബിൽ ക്രമ നം.31/29.06.18 (I)] |
| എം.ബുക്ക്.നം. | 29/18-19 |

## 1-43 നഗരസഭയിലെ വിവിധ മരാമത്ത് പ്രവൃത്തികൾ- ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പ്രവൃത്തികൾ നടപ്പിലാക്കുന്നു

നഗരസഭയിലെ വിവിധ മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ താൽപര്യമുള്ള കരാറുകാരെ പ്രവൃത്തികൾ എൽപ്പിക്കുന്നു. ഇതിനായി നഗരസഭാ കൗൺസിലിന്റെ അനുമതിയും വാങ്ങുന്നില്ല. പല പ്രവൃത്തികളിലും കരാർ ഉടമ്പടി പോലും ചമയ്ക്കുന്നില്ല.

<u>ഈശ്വരൻ കുറ്റി റോഡ് നവീകരണം (S0458/19)</u>

ഈശ്വരൻ കുറ്റി റോഡ് നവീകരണം എന്ന പദ്ധതിയ്ക്കായി തൻവർഷം 499321/- (ബിൽ ക്രമ നം.132/17.01.19) രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഡ് 21-ലെ തയ്യിൽ ഇല്ലത്ത് ഓടയ്ക്ക് കവറിംഗ് സ്ലാബ് (S0182/19) എന്ന പദ്ധതിയ്ക്കായി ഷൗക്കത്ത് എന്ന കരാറുകാരനുമായി 14.08.2018 – ൽ കരാർ ചമച്ചിരുന്നു (രേഖപ്പെടുത്തലുകളില്ലാത്ത മുദ്രപത്രം മാത്രം). പി.ഡബ്ല്യൂ.ഡി ഈ പ്രവൃത്തി ഏറ്റെടുത്തതിനാൽ അതേ വാർഡിലെ മറ്റൊരു പ്രവൃത്തിയായ ഈശ്വരൻ കുറ്റി റോഡ് നവീകരണം എന്ന പദ്ധതി ഈ കരാറുകാരനെ ചുമതലപ്പെടുത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൗൺസിലറുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തിരിക്കുന്നത്.

<u>അംഗൻവാടി കെട്ടിട നിർമ്മാണം വാർഡ് I(S0353/19)</u>

വാർഡ് I ലെ അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി 1098367/- [768097 (ബിൽ ക്രമ നം.55/15.09.18) + 330270/-(ബിൽ ക്രമ നം.104/18.12.18) ] രൂപ 2018-19 വർഷം ചെലവഴിച്ചിരുന്നു. വാർഡ് 20 ലെ അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി 29.01.18-ൽ കരാർ ചമച്ചിരുന്നു. ഇതിന് സ്ഥലമില്ലാത്തതിനാൽ ചെയർമാന്റെ 11.03.18-ലെ കത്തിന്റെ അടിസ്ഥാനത്തിൽ അംഗൻവാടിക്ക് മാറ്റം വരുത്തിയതായാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 2017-18 ൽ വാർഡ് 20-ൽ ചെയ്യേണ്ടിയിരുന്ന പ്രവൃത്തി 2018-19 ൽ വാർഡ് I – ൽ ചെയ്തു.

ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും നഗരസഭാ കൗൺസിലിന്റെ അനുമതി വാങ്ങാതെയുമാണ് ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത്. നടപടിക്രമങ്ങൾ പാലിക്കുന്നതിലെ ഗുരുതരമായ വീഴ്ചയാണ് ഇത് പ്രകടമാക്കുന്നത്. ആയതിനാൽ മേൽ പറഞ്ഞ പദ്ധതികൾക്കായി ചെലവഴിച്ച 1597688/- രൂപ തടസ്സപ്പെടുത്തുന്നു. നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-44 പുത്തൻകണ്ടം റോഡ് ചിറയിൽ റോഡ് പൂർത്തീകരണം-അനുബന്ധ ഫയൽ ഹാജരാക്കിയില്ല

പുത്തൻകണ്ടം റോഡ് ചിറയിൽ റോഡ് പൂർത്തീകരണം (340/19) എന്ന പദ്ധതിയ്ക്കായി ധനകാര്യകമ്മീഷൻ ഫണ്ടിൽ നിന്നും 74706/- രൂപ (ബിൽ ക്രമ നം.32/29.06.19) ചെലവഴിച്ചിട്ടുണ്ട്. ഹാജരാക്കിയ ഫയലിൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പുത്തൻകണ്ടം റോഡ് ചിറയിൽ റോഡ് മെയിന്റനൻസ് എന്ന പദ്ധതിയ്ക്കായി 2017-18 ൽ കരാർ ചമച്ച് ആ വർഷം തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്. വിശദാംശം താഴെ കൊടുക്കുന്നു. ചെലവ് രേഖകൾ അടിയന്തിരമായി ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (59/17.12.19) മറുപടിയായി 74706/- രൂപയുടെ ബില്ലാണ് ഹാജരാക്കിയത്. ഇതുമായി ബന്ധപ്പെട്ട രേഖകൾ/ഫയൽ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 176/17,340/19 |
| കരാറുകാരൻ | ഇഖ്ബാൽഖാൻ |
| കരാർ നം | 55/AEE/15.07.2017 |
| എസ്റ്റിമേറ്റ് | 699000 |
| പി.എ.സി | 612203(-12.33%) |
| | |

| | |
|---|---|
| എം.ബുക്ക്.നം. | 71/17-18 |
| ചെലവ് തുക | 610703 (first and final bill-2017-18),ബിൽ ക്രമ നം.109/01.02.18) |

# 1-45 പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല - കാലയളവ് ദീർഘിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ പിഴ ഈടാക്കിക്കൊണ്ട് കരാർ കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. കരാർ ഉടമ്പടിയുടെ ഭാഗമായി വെക്കേണ്ടുന്ന പ്രവർത്തന കലണ്ടർ വെക്കുന്നില്ല. ടെണ്ടർ നോട്ടീസ് പ്രകാരം 3 മാസമായിരുന്നു പൂർത്തീകരണ കാലയളവ്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെയുള്ള കാലദൈർഘ്യത്തിന്(ഇവിടെ 3 മാസം) PAC യുടെ 1+2=3% ഉം പിഴ ഈടാക്കി മാത്രമേ കാലാവധി ദീർഘിപ്പിക്കാമായിരുന്നുള്ളൂ. പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | കരാറുകാരന്റെ പേര്/കരാർ തീയതി | പി.എ.സി | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | എം. ബുക്കിൽ അവസാന അളവ് രേഖപ്പെടുത്തിയ തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ (PAC യുടെ 3%) | ഈടാക്കിയത് | ബാലൻസ് |
|---|---|---|---|---|---|---|---|
| എസ്.സി.ബി-കൃഷ്ണപുരം യു.പി.എസ് റോഡ് | ഇഖ്ബാൽ ഖാൻ/ 15.12.17 | 394848.9 | 14.03.18 | 13.09.18 | 11845 | - | 11845 |
| 295/19പൂത്തേത്ത് ഫുട്പാത്ത് കോൺക്രീറ്റിംഗും മറ്റ് ഓട നിർമ്മാണങ്ങളും | ഷൗക്കത്ത്/22.12.17 | 1125471.44 | 21.03.18 | 13.11.18 | 33764 | 8933 | 24831 |
| 499/19,പുള്ളിവയൽ കടത്തുകടവ് കോടമ്പള്ളി റോഡിൽ ഓട പുനരുദ്ധാരണം | അബ്ദുൾ ലത്തീഫ്/11.05.17 | 427290.20 | 10.08.17 | 28.03.18 | 12819 | - | 12819 |

പൂത്തേത്ത് ഫുട്പാത്ത് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിൽ ഫൈനൽ ബിൽ തുകയുടെ 1% മാത്രമാണ് പിഴയായി ഈടാക്കിയിരിക്കുന്നത്. പൊതുമരാമത്ത് മാന്വൽ അനുശാസിക്കും പ്രകാരം പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-46 വാട്ടർ കിയോസ്കുകളുടെ സ്ഥാപനം - ജി.എസ്.റ്റി (TDS) ഈടാക്കാതെ നിർവ്വഹണ ഏജൻസിക്കു തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | വാട്ടർ കിയോസ്ക് '3' എണ്ണം (492/19) |
| നിർവ്വഹണ ഏജൻസി | Flowmax Water |
| 2018-19- ൽ നൽകിയ തുക | 14,90,000/- |

| | |
|---|---|
| ട്രഷറി ബിൽ നം./തീയതി | 7, 8/13.03.2019 |

കായംകുളം താലൂക്ക് ആശുപത്രി കോമ്പൗണ്ടിലും നഗരസഭാ ഓഫീസിലും വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചതായി കാണിച്ച് നിർവ്വഹണ ഏജൻസി ലഭ്യമാക്കിയ 7,45,000/-രൂപ വീതമുള്ള രണ്ടു ഇൻവോയിസുകളുടെ അടിസ്ഥാനത്തിൽ 1490000/-രൂപ പ്രസ്തുത ഏജൻസിക്കു പിൻവലിച്ചു നൽകിയിട്ടുണ്ട്. എന്നാൽ 01.10.2018 ന ശേഷം 2.5 ലക്ഷം രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾക്ക് 2% റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കി കരാറുകാരന്റെ/ഏജൻസിയുടെ പേരിലുള്ള ജി.എസ്.റ്റി അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തണമെന്നുള്ള സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് ബിൽ തുക മുഴുവൻ അനുവദിച്ചിട്ടുള്ളത്. 29800/- രൂപയായിരുന്നു ഈയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക. ഇതിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് Flowmax Water എന്ന സ്ഥാപനത്തിന്റെ ഇതു സംബന്ധമായി ജി.എസ്.റ്റി ഒടുക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ലഭിച്ചാലുടൻ ഹാജരാക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ആയത് പരിശോധനയ്ക്കു ഹാജരാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-47 33.70 ലക്ഷം രൂപയുടെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല

താഴെ പറയുന്ന ഫയലുകൾ ഇതേ വരെയും ഹാജരാക്കിയില്ല. ഫയലുകൾ ഹാജരാക്കുന്നതിന് 8/09.12.19, 60/18.12.19 എന്നീ തീയതികളിൽ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും ആയവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ലഭ്യമാക്കാത്ത ഫയലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ നം.</th><th>പ്രോജക്റ്റ് നം</th><th>പേര്</th><th>തുക</th><th colspan="2">ബിൽ നം,തീയതി</th></tr>
<tr><td rowspan="2">1</td><td rowspan="2">286/19</td><td rowspan="2">ഐക്കര ജം. റോഡ്</td><td rowspan="2">790960</td><td>255000</td><td>7/29.06.18</td></tr>
<tr><td>535960</td><td>11/29.06.18</td></tr>
<tr><td rowspan="2">2</td><td rowspan="2">288/19</td><td rowspan="2">ഒറ്റതെങ്ങിൽ ഊടത്തിൽ തറയിൽ</td><td rowspan="2">715613</td><td>41224</td><td>51/17.08.18</td></tr>
<tr><td>674389</td><td>53/23.08.18</td></tr>
<tr><td rowspan="2">3</td><td rowspan="2">339/19</td><td rowspan="2">കളീക്കൽ റോഡ് കോൺക്രീറ്റിംഗ്</td><td rowspan="2">312657</td><td>40000</td><td>42/31.07.18</td></tr>
<tr><td>272657</td><td>43/31.07.18</td></tr>
<tr><td>4</td><td>412/19</td><td>ഫ്രണ്ട് ഓഫീസ് നവീകരണം</td><td>1210000</td><td colspan="2">48/13.08.18</td></tr>
<tr><td>5</td><td>413/19</td><td>സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ കാബിൻ</td><td>341000</td><td colspan="2">49/13.08.18</td></tr>
<tr><td></td><td></td><td></td><td>3370230</td><td colspan="2"></td></tr>
</table>

ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ, കേരള മുനിസിപ്പാലിറ്റീസ് ആക്ട് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം.12 പ്രകാരം ഈ ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ നിലവിലില്ല എന്ന് വിലയിരുത്തുന്നു. ആയതിനാൽ ടി പദ്ധതികൾക്കായി ചെലവഴിച്ച 33.70 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-48 മാലിന്യ സംസ്ക്കരണപദ്ധതിയ്ക്കായി ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച രണ്ട് കോടി നൽപ്പത് ലക്ഷം രൂപ നിക്ഷേപമായി സൂക്ഷിച്ചിരിക്കുന്നു

കായംകുളം നഗരസഭയുടെ 29.02.11 – ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം നഗരസഭയിലെ മാലിന്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുന്നതിനായി 2.65 കോടി രൂപയുടെ പ്രോജക്ട് അംഗീകരിക്കുകയുണ്ടായി. പ്രോജക്ട് റിപ്പോർട്ട് പ്രകാരം 2011 സെൻസസ്സ് അനുസരിച്ച് നഗരസഭയിലെ ജനസംഖ്യ 100000 ഉം, പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന 20 ടൺ മാലിന്യത്തിൽ പൂർണ്ണമായും നീക്കം ചെയ്യുന്നത് 10 ടൺ മാത്രവുമാണ്. ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാതെ നഗരസഭയുടെ ഡമ്പിങ് യാർഡിൽ (വാർഡ് – 22 ലുള്ള 1.87 ഏക്കൽ സ്ഥലം) നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. പ്രോജക്ട് റിപ്പോർട്ട് ശുചിത്വമിഷന് സമർപ്പിച്ചതനുസരിച്ച് 30.03.2012-ൽ 2118560/- രൂപ (0663304/28.03.12) മുൻകൂറായും 2012-13 വർഷം 28.144 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. എന്നാൽ ഈ തുക ലഭിച്ച് 6 വർഷങ്ങൾക്ക് ശേഷവും യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നഗരസഭ ആരംഭിക്കാതിരുന്നതിനെ തുടർന്ന് ശുചിത്വമിഷൻ ഡയറക്ടർ നൽകിയ തുക മുതലും പലിശയും ഉൾപ്പെടെ 3,16,41,555/- രൂപ തിരിച്ചടയ്ക്കുവാൻ നിർദ്ദേശിക്കുകയും (ശുചിത്വമിഷൻ ഡയറക്ടറുടെ 01.08.18 – ലെ 35/സി.2/2009/SM നമ്പർ കത്ത്) ഇതനുസരിച്ച് തിരിച്ചടക്കുന്നതിലേക്ക് 20.08.2019-ലെ 100001 ചെക്ക് പ്രകാരം തുക പിൻവലിക്കുകയുണ്ടായി. ഫയൽ പരിശോധിച്ചതിൽ സെക്രട്ടറി ശുചിത്വമിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി തുക ചെലവഴിക്കാൻ നിർദ്ദേശിച്ച് 3,16,41,555/- രൂപ നഗരസഭയ്ക്ക് തിരികെ നൽകിയിട്ടുണ്ട്.

2011-ലെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം 20 ടൺ മാലിന്യം പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെട്ടിരുന്ന നഗരസഭയിൽ 8 വർഷങ്ങൾക്ക് ശേഷം ഉൽപ്പാദിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് പതിൻമടങ്ങായി വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിലും മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് സമയബന്ധിതമായി നടപ്പാക്കാതിരുന്നത് നഗരസഭാ അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. അതിനാൽ മാലിന്യ നിർമ്മാർജ്ജനത്തിനനുവദിച്ച തുക നഗരസഭയ്ക്ക് നഷ്ടമാകാതെ ഫലപ്രദമായുള്ള പദ്ധതികൾ അടിയന്തിരമായി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 1-49 എസ്.എസ്.എ. വിഹിതം - അധിക തുക നൽകി

ജില്ലാ ആസൂത്രണസമിതി അംഗീകാരത്തിന്റേയും നഗരസഭയുടെ 23.4.18 ലെ 3(d) കമ്മറ്റി തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ 25,00,000/- രൂപ എസ്.എസ്.എ. യുടെ കാനറാ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിരുന്നു. എസ്.എസ്.എ. ഹാജരാക്കിയ SSA.1/13(78)/18-19 തീയതി 27.04.19 വിനിയോഗ സാക്ഷ്യപത്രപ്രകാരം ആകെ ചെലവായ 59,15,545/- രൂപയുടെ 40% ആയ 25,00,000/- രൂപ ചെലവഴിച്ചുവെന്നാണ്. എന്നാൽ 59,15,545/- രൂപയുടെ 40% എന്നത് 23,66,218/- രൂപയാണ് തൻവർഷം ഒടുക്കേണ്ടിയിരുന്നത്. എസ്.എസ്.എ. തൻവർഷം നഗരസഭാ പരിധിയിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭിച്ചതിന് ശേഷം അതിന് ആനുപാതികമായി തുക നൽകാതെ എസ്.എസ്.എ. ആവശ്യപ്പെട്ട തുക നൽകിയതിനാലാണ് ഇപ്രകാരം അധികമായി തുക ഒടുക്കേണ്ട സാഹചര്യം ഉണ്ടായത്. 1,33,782/- രൂപ 2019-20 വർഷം ഒടുക്കേണ്ട എസ്.എസ്.എ. വിഹിതത്തിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുവാനും പദ്ധതിയിലുൾപ്പെടുത്തി നഗരസഭാ പരിധിയിൽ എസ്.എസ്.എ. നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരം ഉൾപ്പെടുത്തിയ വിശദമായ പ്ലാൻ, നഗരസഭ നൽകിയ തുകയിൽ നിന്ന് ഇവയിൽ ഓരോ ഇനത്തിനുമായി ചെലവഴിച്ച തുകയുടെ വിവരം കാണിക്കുന്ന വിശദമായ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 16/10.12.19 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. 1,33,782/- രൂപ ക്രമീകരിച്ചതിന്റെ രേഖകൾ, വിശദമായ പ്ലാൻ വിനിയോഗവിവരം എന്നിവ ലഭ്യമാക്കുന്നതു വരെ 25,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0002/19 |
| അടങ്കൽ | 25,00,000/- (വികസനഫണ്ട് - സാധാരണവിഹിതം) |
| ചെലവ് - ബിൽ നമ്പർ | 3/18.5.18 – 25,00,000/- |
| നിർവ്വഹണം | സെക്രട്ടറി |

## 1-50 തെരുവ് നായ്ക്കളുടെ വന്ധ്യംകരണം - കൈപ്പറ്റ് വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായുള്ള എ.ബി.സി. പ്രോഗ്രാമെന്ന പ്രോജക്ടിലുൾപ്പെടുത്തി 2,00,000/- രൂപ ജില്ലാപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും തുകയുടെ കൈപ്പറ്റ്, വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല. ആയത് അടിയന്തരമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 21/10.12.19 നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0012/19 |
| അടങ്കൽ | 2,00,000/- (വികസനഫണ്ട് - സാധാരണവിഹിതം) |
| ചെലവ് - ബിൽ നമ്പർ | 11/29.6.18 - 2,00,000/- |
| നിർവ്വഹണം | മുനിസിപ്പൽ സെക്രട്ടറി |

## 1-51 IKM – വിഹിതം - തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കിയില്ല

IKM വിഹിതം നൽകുന്നതിനായി 3,00,000/- രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും തുകയുടെ കൈപ്പറ്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 18/10.12.19 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0001/19 |
| അടങ്കൽ | 3,00,000/- (വികസനഫണ്ട് - സാധാരണവിഹിതം) |
| ചെലവ് - ബിൽ നമ്പർ | 2/18.5.18 – 3,00,000/- |
| നിർവ്വഹണം | മുനിസിപ്പൽ സെക്രട്ടറി |

## 1-52 എസ്.പി.സി. പ്രോജക്ടിനായി നൽകിയ തുക – ചെലവ് വിവരം ലഭ്യമാക്കിയില്ല

ഗവൺമെന്റ് ബോയ്സ് എച്ച്.എസിലെ എസ്.പി.സി. യൂണിറ്റിന്റെ ചെലവുകൾക്കായി 2,00,000/- രൂപ എസ്.ബി.ഐ.യുടെ 36729014782 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയതിന്റെ ബിൽ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ്, ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 17/10.12.19 നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0038/19 |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| ചെലവ് - ബിൽ നമ്പർ | 5/18.5.18 - 2,00,000/- |
| നിർവ്വഹണം | സെക്രട്ടറി |

## 1-53 ട്രാക്ടർ വാങ്ങൽ - വാഹനത്തിന്റെ ഉപയോഗം സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ടിലുൾപ്പെടുത്തി കെയ്കോ, തിരുവല്ലയിൽ നിന്നും മഹീന്ദ്ര യുവ 575 D 1 45HP ട്രാക്ടർ വാങ്ങി കായംകുളം ടൗൺ നെല്ലുൽപാദക സംഘം ALP390/18 ന് നൽകിയിരുന്നു. എന്നാൽ ട്രാക്ടറിന്റെ ഉപയോഗം ബോധ്യപ്പെടുന്നതിനായി ലോഗ് ബുക്ക്, ട്രാക്ടർ വാടക നിശ്ചയിച്ച് നൽകിയതിന്റെ രേഖകൾ വാടകയ്ക്ക് നൽകി വരുമാനം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, സമിതി സ്വന്തം നിലയിൽ കൃഷി ചെയ്യുന്ന ഭൂമിയിൽ ട്രാക്ടർ ഉപയോഗിച്ചതിന്റെ രേഖകൾ, വാഹനം നൽകിയിട്ടുള്ള സംഘത്തിന്റെ മിനിട്സ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 22/10.12.19 നൽകിയതിന് ട്രാക്ടർ സംഘത്തിന് കൈമാറിയിട്ടുണ്ടെന്ന മറുപടിയാണ് ഫീൽഡ് ഓഫീസർ ലഭ്യമാക്കിയിട്ടുള്ളത്. വാഹനത്തിന്റെ ഉപയോഗം സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതു വരെ 9,01,008/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0173/19 |
| അടങ്കൽ | 1001120/- (9,01,008/-വികസനഫണ്ട് - സാധാരണവിഹിതം + 100112 ഗുണഭോക്തൃവിഹിതം - നേരിട്ട്) |
| ചെലവ് - ബിൽ നമ്പർ | 11/19.3.19 – 9,01,008/- |
| നിർവ്വഹണം | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ |

## 1-54 ശുചീകരണത്തിന് വാഹനം -വാങ്ങൽ /രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

നഗരസഭയിലെ ചപ്പുചവറുകൾ മാറ്റുന്നതിനായി ഒരു ടാറ്റാ എൽ.പി.കെ. 912 കവേർഡ് ടിപ്പർ ട്രക്ക് (ചെയിസിസ്സ് നമ്പർ - MAT454206J7C07504) പോപ്പുലർ മെഗാ മോട്ടേഴ്സിൽ നിന്നും 14,70,000/- രൂപയ്ക്ക് വാങ്ങിയിരുന്നു. ഈ ട്രക്കിന്റെ വാങ്ങലുമായി ബന്ധപ്പെട്ട ടെൻഡർ ഷെഡ്യൂൾ, ഷെഡ്യൂൾ ഓഫ് വർക്ക്, രജിസ്ട്രേഷൻ രേഖകൾ, ലോഗ് ബുക്ക് എന്നിവ ഹാജരാക്കിയില്ല.

കൂടാതെ ഈ പ്രോജക്ടിൽ തന്നെ ഉൾപ്പെടുത്തി 7,80,578/- രൂപ വിലവരുന്ന ഒരു ടാറ്റ സിനോൺ ക്രൂ കാബ് ഫിറ്റഡ് വിത്ത് ലോഡ് ബോഡി വാങ്ങുന്നതിനായി തൻവർഷം 5,30,000/- രൂപ പോപ്പുലർ മെഗാ മോട്ടോഴ്സിന് നൽകിയിരുന്നു. എന്നാൽ വാഹനം വാങ്ങിയതിനെ സാധൂകരിക്കുന്നതിനായി വണ്ടിയുടെ രജിസ്ട്രേഷൻ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നു.

രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അവേഷണം 20/10.12.19 നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 20,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0263/19 |
| അടങ്കൽ | 20,00,000/- (വികസനഫണ്ട് - നോൺ റോഡ്) |
| ചെലവ് - ബിൽ നമ്പർ | 1/18.5.18 - 14,70,000/- |
| | 65/23.3.19 - 5,30,000/- |
| നിർവ്വഹണം | മുനിസിപ്പൽ സെക്രട്ടറി |

## 1-55 കാലവർഷ കെടുതി - ദുരിതാശ്വാസ പ്രവർത്തനങ്ങൾ -

## തുക അധികം ചെലവഴിച്ചു

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വിവിധ വാർഡുകളിൽ കുടിവെള്ളം ലഭ്യമല്ലാതായതിനെ തുടർന്ന് 17.08.2018 മുതൽ 22.08.2018 വരെ കുടിവെള്ളം വിതരണം നടത്തിയതിന് ഷാഹുൽ ഹമീദ് എന്നയാൾക്ക് 42,000/- രൂപ (ട്രിപ്പൊന്നിന് 2000/- രൂപ ക്രമത്തിൽ 21 ട്രിപ്പ്) ബിൽ പ്രകാരം പിൻവലിച്ച് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിരുന്നു. ഫയലിനൊപ്പം സൂക്ഷിച്ചിട്ടുള്ള 30.08.2018 ലെ കൈപ്പറ്റ് രസീത് പ്രകാരം ടിയാൻ മേൽ ദിവസങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിന് മുൻകൂറായി 10,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരമുള്ള തുക നൽകിയപ്പോൾ മുൻകൂർ കൈപ്പറ്റിയ തുക ക്രമീകരിക്കാതെയാണ് നൽകിയത്. ഇപ്രകാരം മുൻകൂർ ക്രമീകരിക്കാതെ തുക നൽകിയതു വഴി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് 10,000/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. തുക സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

(ബി) പ്രോജക്ടിനൊപ്പമുള്ള രേഖകൾ പ്രകാരം HHYS, കായംകുളം എന്ന സ്ഥാപനത്തിൽ നിന്ന് വാട്ടർ ടാങ്കുകളും അനുബന്ധ സാമഗ്രികളും ക്വട്ടേഷൻ കൂടാതെ നേരിട്ട് വാങ്ങിയതിന് 34,023/- നൽകിയിട്ടുണ്ട്. കുടിവെള്ള വിതരണം നടത്തുന്നതിനുള്ള ചുമതല ക്വട്ടേഷൻ മുഖേന ഒരു വ്യക്തിയെ ചുമതലപ്പെടുത്തിയിരിക്കെ ടാങ്ക് വാങ്ങിയതിന്റെ ആവശ്യകത വ്യക്തമല്ല. നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ സാധനങ്ങൾ ഉൾപ്പെട്ടിട്ടുമില്ല. രേഖകളുടെ അഭാവത്തിൽ 34,023/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഓഡിറ്റ് അന്വേഷണം (നം.63/18.12.19) മുഖേന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0443/19 |
| അടങ്കൽ | 78523/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് - ബിൽ നമ്പർ | 24/18.9.18 – 78,523/- |
| നിർവ്വഹണം | മുനിസിപ്പൽ സെക്രട്ടറി |

## 1-56 ഗവൺമെന്റ് ബോയ്സ് ഹൈസ്ക്കൂൾ കെട്ടിടനിർമ്മാണവും നവീകരണവും - പൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കിയില്ല

ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ കെട്ടിടനിർമ്മാണത്തിനും നവീകരണത്തിനുമായുള്ള രണ്ട് പ്രോജക്ടുകൾക്കായി 50,00,000/- രൂപ ബോയ്സ് ഹൈസ്കൂൾ എച്ച്.എം.ന്റെ അക്കൗണ്ടിലേക്ക് സെക്രട്ടറി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിരുന്നു. ഹാബിറ്റാറ്റ് ഗ്രൂപ്പിനെയാണ് പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. എച്ച്.എം.ന്റെ പാസ്സ് ബുക്ക് പ്രകാരം ഓഡിറ്റ് തീയതി വരെ 40,00,000/- രൂപ ഹാബിറ്റാറ്റിന് നൽകിയിട്ടുണ്ട്. ചെലവ് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ഫണ്ട് അനുവദിക്കുന്നതിന് പകരം മുൻകൂർ തുക എച്ച്.എം.ന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത നടപടി ശരിയല്ല. പദ്ധതിയുടെ പൂർത്തീകരണവിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം 19/10.12.19 മുഖേന ആവശ്യപ്പെട്ടുവെങ്കിലും പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ 50,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0067/19 |
| അടങ്കൽ | 25,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് - ബിൽ നമ്പർ | 28/18.5.18 - 25,00,000/- |
| നിർവ്വഹണം | മുനിസിപ്പൽ സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ | S0358/19 |
| അടങ്കൽ | 25,00,000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ |

| | |
|---|---|
| | റോഡ്) |
| ചെലവ് - ബിൽ നമ്പർ | 28/18.5.18 - 25,00,000/- |
| നിർവ്വഹണം | മുനിസിപ്പൽ സെക്രട്ടറി |

# 1-57 തെരുവ് വിളക്ക് പരിപാലനം - തെരുവ് വിളക്കുകളുടെ കണക്കില്ല – വൈദ്യുത ചാർജ്ജ് കുറയ്ക്കുന്നതിനുള്ള നടപടികളില്ല

കായംകുളം നഗരസഭയിലെ വാർഡുകളിൽ വിവിധ വാട്ട്സിലുള്ള എൽ.ഇ.ഡി., സി.എഫ്.എൽ, ട്യൂബ് സെറ്റ് (സിങ്കിൾ&ഡബിൾ), ഓർഡിനറി ബൾബുകൾ, സോഡിയം വേപ്പർ ലാമ്പ്, എൽ.ഇ.ഡി. ഫ്ലഡ് ലൈറ്റുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ എന്നിവയുടെ വൈദ്യുത ചാർജ്ജ് ഒടുക്കുന്നുണ്ടെങ്കിലും അവയുടെ എണ്ണം, സ്ഥാപിച്ചിരിക്കുന്ന പോസ്റ്റുകളുടെ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നഗരസഭയിൽ 2016-17, 2017-18, 2018-19 വർഷങ്ങളിലായി തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി, പുതിയവ സ്ഥാപിക്കൽ എന്നിവയ്ക്കായി 1,19,77,342/- രൂപ വിവിധ പ്രോജക്റ്റുകൾ പ്രകാരം ചെലവഴിച്ചിരുന്നു. മൂന്ന് വർഷങ്ങളിലുമായി ഒരു കോടിയിലധികം രൂപ ചെലവഴിക്കപ്പെട്ടിട്ടും തെരുവ് വിളക്കുകൾ വിവിധ വാർഡുകളിലെ ഏതെല്ലാം പോസ്റ്റുകളിലാണ് സ്ഥാപിച്ചതെന്നതിന്റെ വിശദാംശം ലഭ്യമല്ല. തെരുവ് വിളക്കുകളുടെ വിവരങ്ങൾ ഇല്ലാതിരിക്കെ കരാറുകാർ പുതിയതായി സ്ഥാപിച്ച വിളക്കുകളുടേയും അറ്റകുറ്റപ്പണി നടത്തിയ വിളക്കുകളുടേയും എണ്ണം കൃത്യമാണെന്ന് പരിശോധിക്കപ്പെടാതെയാണ് തുക നൽകുന്നതെന്ന് കരുതേണ്ടി വരും. സംയുക്ത പരിശോധന നടത്തി നഗരസഭയിലുള്ള ഓരോയിനം തെരുവ് വിളക്കുകൾ സംബന്ധിച്ച് കണക്ക് തയ്യാറാക്കി ആയതിന് ആനുപാതികമായി വൈദ്യുത ചാർജ്ജ് ചുമത്തുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.യുമായി ചേർന്ന് നടപ്പാക്കേണ്ടതാണ്.

<u>തെരുവ് വിളക്കുകൾ എൽ.ഇ.ഡി.ആക്കിയിട്ടും വൈദ്യുതി ചാർജ്ജിൽ കുറവില്ല</u>

കായംകുളം ഈസ്റ്റ്, വെസ്റ്റ്, കൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷനുകളിലാണ് നഗരസഭയുടെ വൈദ്യുത ചാർജ്ജ് ഒടുക്കുന്നത്. 2017-18 വർഷം നിലവിലുള്ള തെരുവ് വിളക്ക് LED ആക്കി മാറ്റുന്നതിനുള്ള പ്രോജക്റ്റുകൾക്കായി എ.ഇ. 19,96,237/- രൂപ ചെലവഴിച്ചിരുന്നു. എന്നാൽ പ്രോജക്റ്റ് നടപ്പാക്കിയതിനാനുപാതികമായി നഗരസഭയുടെ തെരുവ് വിളക്കിന്റെ നിലവിലെ വൈദ്യുത ചാർജ്ജിൽ യാതൊരു കുറവും ഉണ്ടായിട്ടില്ല. പ്രോജക്റ്റ് നടപ്പാക്കിയതിനാനുപാതികമായി വൈദ്യുത ചാർജ്ജ് കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം 47/16.12.19 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്കുകൾ LED ആക്കിയതിന് ആനുപാതികമായി വൈദ്യുതചാർജ്ജ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-58 തെരുവ് വിളക്ക് AMC – നിർവ്വഹണത്തെ സാധൂകരിക്കുന്ന രേഖകളില്ലാതെ തുക ചെലവഴിച്ചു

തെരുവ് വിളക്കുകളുടെ AMC യ്ക്കായുള്ള പ്രോജക്റ്റിലുൾപ്പെടുത്തി അറ്റകുറ്റപ്പണി നടത്തിയതിന് 2,51,839/- രൂപ സിൽക്ക്, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രോജക്റ്റും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടുണ്ട്.

നഗരസഭാ പരിധിയിലുള്ള പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള സിങ്കിൾ ട്യൂബ് സെറ്റ്, ഡബിൾ ട്യൂബ് സെറ്റ്, ഓർഡിനറി ബൾബുകൾ, സി.എഫ്.എൽ, സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ കണക്ക് നഗരസഭയുടെ കൈവശം ഇല്ല. ഇപ്രകാരം ഒരു കണക്കും അറ്റകുറ്റപ്പണി നടത്തേണ്ടുന്ന തെരുവ് വിളക്കുകളുടെ വിശദാംശവും ഇല്ലാതെയാണ് 10,34,000/- രൂപ അടങ്കൽ നിശ്ചയിച്ചത്. പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി തെരുവ്

വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച കണക്ക് കെ.എസ്.ഇ.ബി. സെക്ഷനുകളിൽ നിന്ന് രേഖാമൂലം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

പ്രോജക്ടിനായി ഇ – ടെൻഡർ ക്ഷണിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ നഗരസഭ ഈ പ്രോജക്ടിൽ ആവശ്യപ്പെട്ടിരിക്കുന്ന സേവനങ്ങളുടെ വിശദാംശം പരിശോധിക്കാനായിട്ടില്ല. കെല്ട്രോ, അമ്പലപ്പുഴ, സിൽക്ക്, തൃശ്ശൂർ എന്നീ സ്ഥാപനങ്ങൾ ലഭ്യമാക്കിയ ഓഫറുകൾ പ്രകാരം നഗരസഭാ പരിധിയിലുള്ള 3500 സിങ്കിൾ ട്യൂബ് സെറ്റ്, ഡബിൾ ട്യൂബ് സെറ്റ്, ഓർഡിനറി ബൾബുകൾ, സി.എഫ്.എൽ, സോഡിയം വേപ്പർ ലാമ്പുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള നിരക്കാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ നഗരസഭയുടെ കൈവശം തെരുവ് വിളക്കുകൾ സംബന്ധിച്ച് ആധികാരികമായ കണക്കില്ല എന്നിരിക്കെ 3500 തെരുവ് വിളക്കുകൾക്കാണ് അറ്റകുറ്റപ്പണി നടത്തേണ്ടതെന്ന് എപ്രകാരം നിശ്ചയിച്ചുവെന്ന് വ്യക്തമല്ല. 3500 തെരുവ് വിളക്കുകൾ 9,98,440/- രൂപയ്ക്ക് അറ്റകുറ്റപ്പണിയും പരിപാലനവും ചെയ്യാമെന്ന് ഓഫർ സമർപ്പിച്ച സിൽക്ക് എന്ന സ്ഥാപനത്തിന്റെ നിരക്കാണ് നഗരസഭ അംഗീകരിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 48/16.12.19 നൽകിയതിന് ലഭ്യമാക്കിയ മറുപടിക്കൊപ്പം കെ.എസ്.ഇ.ബി. ഇലക്ട്രിക്ക് സെക്ഷൻ കായംകുളം ഈസ്റ്റ്, കൃഷ്ണപുരം സെക്ഷനുകൾ ലഭ്യമാക്കിയ തെരുവ് വിളക്കുകളുടെ കണക്ക് ലഭ്യമാക്കിയിരുന്നു. ഇത് പ്രകാരം ഈസ്റ്റ് സെക്ഷനിൽ വിവിധയിനത്തിലുള്ള 3855 വിളക്കുകളും കൃഷ്ണപുരം സെക്ഷനിൽ 242 ലൈറ്റുകളുമാണ് ഉള്ളത്. കായംകുളം വെസ്റ്റ് സെക്ഷൻ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് കൂടാതെ തൻവർഷം നഗരസഭാ പരിധിയിൽ നിലവിലുള്ള തെരുവ് വിളക്കുകൾ എൽ.ഇ.ഡി.ആക്കുന്നതിനായി 40,00,000/- രൂപ അടങ്കലിൽ പ്രോജക്ട് ആവിഷ്കരിച്ച് ഇ-ടെൻഡർ നടപടികൾ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇതിലും ഓരോ വാർഡിലെയും എത്ര വിളക്കുകളാണ് എൽ.ഇ.ഡി. ആക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. രണ്ട് പ്രോജക്ടിലും ഉൾപ്പെട്ടിട്ടുള്ള തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇല്ലാതെ നിലവിലുള്ള തെരുവ് വിളക്കുകൾക്കായുള്ള രണ്ട് പ്രോജക്ട് നടപ്പാക്കുന്നത് എപ്രകാരമെന്ന് വ്യക്തമല്ല.

നഗരസഭാ പരിധിയിലെ ഓരോ വാർഡിലേയും ഏതെല്ലാം തരം വിളക്കുകൾ എത്ര എണ്ണം വീതം അറ്റകുറ്റപ്പണി നടത്തിയെന്നതിന്റെ വിശദാംശം ലഭ്യമാക്കാതെ 2,49,610/- രൂപയുടെ ഇൻവോയ്സ് ലഭ്യമാക്കുകയും (ഇൻവോയ്സ് നമ്പർ CD/18-19/UR/120 തീയതി 11.01.19) ഇതിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയുമാണ് നഗരസഭ ചെയ്തിട്ടുള്ളത്. പൊതുമരാമത്ത് വർക്കിങ് കമ്മറ്റി, കെ.എസ്.ഇ.ബി. എന്നിവയുടെ മോണിട്ടറിങ് ഇല്ലാതെ വാർഡ് കൗൺസിലർമാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ (പോസ്റ്റ് നമ്പർ രേഖപ്പെടുത്താതെ നിശ്ചിത എണ്ണം വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയതായുള്ളത്) മാത്രമാണ് പേമെന്റ് നടത്തിയിട്ടുള്ളത്. മേൽ അപാകതകളാൽ പ്രോജക്ടിനായി ചെലവഴിച്ച 2,49,610/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00131/19 |
| അടങ്കൽ | 10,34,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് - ബിൽ നമ്പർ | 11/28.2.19 – 2,51,839/- |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |

## 1-59 തെരുവ് വിളക്ക് LED ആക്കി മാറ്റൽ - പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനത

നഗരസഭയിലെ വിവിധ വാർഡുകളിലെ പോസ്റ്റുകളിൽ നിലവിലുള്ള ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി.ആക്കി മാറ്റുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിനായി ലഭിച്ച ഓഫറുകളിൽ കുറഞ്ഞ ഓഫർ സമർപ്പിച്ച പൈറോടെക് ഇലക്ട്രോണിക്സിനെ (ലൈറ്റ് ഒന്നിന് 2142.92/- രൂപ) 24.12.18 ലെ 11-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണത്തിനായി തെരെഞ്ഞെടുത്തിട്ടുണ്ട്. പ്രോജക്ടിനായി തൻവർഷം തുകയൊന്നും

ചെലവഴിച്ചിട്ടില്ലെങ്കിലും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ അപാകത ഉണ്ടായിട്ടുള്ളതായി കണ്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിനായി 40,00,000/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്നുവെങ്കിലും നഗരസഭാ പരിധിയിലെ ഓരോ വാർഡിലെയും എതെല്ലാം പോസ്റ്റുകളിലെ എത്ര വീതം തെരുവ് വിളക്കുകളാണ് എൽ.ഇ.ഡി. ആക്കാൻ നിശ്ചയിച്ചിരുന്നതെന്നുള്ള വിശദാംശങ്ങളൊന്നും ലഭ്യമായിരുന്നില്ല. ഇപ്രകാരമൊരു കണക്കില്ലാതെ അടങ്കൽ തുക നിശ്ചയിച്ചതിന്റെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല.
2. പ്രോജക്ടിന്റെ ഇ - ടെൻഡർ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
3. നഗരസഭയിൽ പുതിയ എൽ.ഇ.ഡി. സ്ഥാപിക്കുന്ന വിവിരം കെ.എസ്.ഇ.ബി. അധികൃതരെ രേഖാമൂലം അറിയിച്ചില്ല.
4. എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിനായി സൂപ്പർവിഷൻ ചാർജ്ജ് കെ.എസ്.ഇ.ബി.യിൽ ഒടുക്കിയിട്ടില്ല.
5. നഗരസഭയുമായി കരാറിലേർപ്പെടേണ്ട തീയതിയായ 29.01.2019 ൽ കരാർ വെയ്ക്കാതിരുന്നതു മൂലമുള്ള പിഴ (40,00,000 x 1%) 40,000/- രൂപ 23.02.19 ലെ PW 1- 17216/18 നമ്പർ കത്ത് മുഖേന പൈറോടെക്കിനോട് ഒടുക്കുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഈ തുക ഒടുക്കിയിട്ടില്ല. 40,000/- രൂപ പൈറോടെക്കിൽ നിന്ന് ഈടാക്കേണ്ടതാണ്.
6. പ്രോജക്ടിലുൾപ്പെടുത്തി നഗരസഭാ പരിധിയിലെ ഓരോ വാർഡിലെയും എത്ര വീതം തെരുവ് വിളക്കുകളാണ് എൽ.ഇ.ഡി. ആക്കാൻ നിശ്ചയിച്ചിരുന്നതെന്നും ഇവയുടെ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ കരാറുകാരനെ അറിയിച്ചതിന്റെ വിവരങ്ങൾ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.
7. 14.03.19 ലെ PEPL/CPT/NC/M201322/18-19 നമ്പർ കത്ത് പ്രകാരം 150 LED ലൈറ്റുകളും 16.03.19 ലെ PEPL/CPT/NC/M201322/6861/16.3.19 നമ്പർ കത്ത് പ്രകാരം 500 LED ലൈറ്റുകളും ഡെസ്പാച്ച് ചെയ്തതായി പൈറോടെക് നഗരസഭയെ അറിയിച്ചിട്ടുണ്ട്. മേൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.
8. വാറന്റി പീരീഡിൽ ഉപകരണങ്ങൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നത് സംബന്ധിച്ച് പൈറോടെകുമായി കരാറിലേർപ്പെട്ടിട്ടില്ല.

പ്രോജക്ടിലുൾപ്പെടുത്തി എൽ.ഇ.ഡി. ആക്കി മാറ്റുന്ന തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ സൂക്ഷിക്കേണ്ടതും സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. തെരുവ് വിളക്കുകൾ എൽ.ഇ.ഡി.ആക്കി മാറ്റുന്നതിന് ആനുപാതികമായി കറണ്ട് ചാർജ്ജ് കുറക്കുന്നതിന് കെ.എസ്.ഇ.ബി. യുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ക്രമ നം.1 മുതൽ 8 വരെയുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0129/19 |
| അടങ്കൽ | 40,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |

## 1-60 ഇടവിള കിറ്റ് - അപേക്ഷ, അർഹതാ രേഖകൾ ഇല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0014/19 |
| അടങ്കൽ | 7,70,0000/- വികസനഫണ്ട് -<br>സാധാരണവിഹിതം |
| ചെലവ് - ബിൽ നമ്പർ | 1/20.12.18 - 77,00,000/- |
| നിർവ്വഹണം | കൃഷി ഫീൽഡ് ഓഫീസർ |

ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങ് വർഗ്ഗവിളകൾ ഉൾപ്പെടുന്ന 350/- രൂപയുടെ കിറ്റ് ഒരു വാർഡിൽ 50 പേർക്ക് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. പ്രോജക്ടിലുൾപ്പെടുത്തി 2200 യൂണിറ്റ് ഇടവിള കിറ്റുകൾ ഹരിപ്പാട് RAIDCO യിൽ നിന്ന് വാങ്ങിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. ഒരു വാർഡിൽ 350/- രൂപയുടെ ചേന, ചേമ്പ്, കാച്ചിൽ എന്നിവ ഉൾപ്പെടുന്ന കിഴങ്ങ് വർഗ്ഗവിളകൾ വാങ്ങുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഓരോ ഇനവും എത്ര കിലോഗ്രാം വീതമാണ് ഉണ്ടാവേണ്ടതെന്നും ഓരോന്നിനുമുള്ള വിലയും ലഭ്യമാക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

2. വിവിധ വാർഡുകളിലെ വിതരണ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം 42 പേർ ഇടവിള കിറ്റ് കൈപ്പറ്റിയിട്ടില്ല. ഇടവിള കിറ്റ് ഗുണഭോക്താക്കൾ കൈപ്പറ്റാതിരിക്കുക വഴി 14,700/- (42x350) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/7.12.19) 44 വാർഡുകളിലേക്ക് ഉള്ള കിറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി അതാത് വാർഡ് കൗൺസിലർമാർക്ക് നൽകിയിട്ടുണ്ടെന്നാണ്. ഇതിനെ സാധൂകരിക്കുന്നതിനായി കൗൺസിലർമാർ കിറ്റ് കൈപ്പറ്റിയതിന്റെ രേഖയും ലഭ്യമാക്കുകയുണ്ടായി. കിറ്റുകൾ വിതരണം ചെയ്യുന്നതിനായി കൗൺസിലർമാർ കൈപ്പറ്റിയ ശേഷം അവ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതിരുന്നത് കൗൺസിലർമാരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. അതിനാൽ ഈ തുക കൗൺസിലർമാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | വർഡ് നമ്പർ | കൈപ്പറ്റാത്തവരുടെ എണ്ണം |
|---|---|---|
| 1 | 5 | 7 |
| 2 | 9 | 16 |
| 3 | 11 | 2 |
| 4 | 13 | 4 |
| 5 | 17 | 2 |
| 6 | 20 | 3 |
| 7 | 29 | 1 |
| 8 | 30 | 1 |
| 9 | 34 | 1 |
| 10 | 38 | 1 |
| 11 | 39 | 2 |
| 12 | 41 | 1 |
| 13 | 44 | 1 |
| ആകെ | | 42 |

3. 2200 ഗുണഭോക്താക്കൾക്കായി ഇടവിളകിറ്റ് വാങ്ങിയെങ്കിലും ഒരു ഗുണഭോക്താവിന്റെ പോലും അപേക്ഷയും അർഹതാരേഖകളും വാങ്ങാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥ വാങ്ങൽ നടത്തിയിട്ടുള്ളത്. അതായത് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഒരു വ്യക്തി നഗരസഭയിലെ താമസക്കാരനാണോ, അയാൾക്ക് കൃഷി ചെയ്യുവാൻ ആവശ്യമായ കൃഷി സ്ഥലം ഉള്ളയാളാണോ തുടങ്ങിയ വിവരങ്ങൾ ഒന്നും പരിശോധിച്ച് ഉറപ്പാക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ആയതിനാൽ ക്രമ നമ്പർ രണ്ടിലെ ഖണ്ഡിക പ്രകാരം നിരാകരിച്ച തുക കഴിച്ച് 7,55,300/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-61 തൊഴിൽരഹിത വേതനം വിതരണം

കായംകുളം നഗരസഭയിൽ 2018-19 സാമ്പത്തിക വർഷം തൊഴിൽരഹിത വേതനവിതരണത്തിന് രണ്ടു ഗഡുക്കൾ ആയി 5,81,760/- രൂപയുടെ അലോട്ട്മെന്റ് ലഭിക്കുകയും 5,30,840/- രൂപ ട്രഷറിയിൽ നിന്നും

പിൻവലിക്കുകയും 4,56,120/- രൂപ തൊഴിൽരഹിത വേതനമിനത്തിൽ വിതരണം ചെയ്യുകയും ചെയ്തു. ഈയിനത്തിൽ മിച്ചം വന്ന 74,720/- രൂപ ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ട്. വേതന വിതരണത്തിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ പിൻവലിച്ച തുക, വിതരണം ചെയ്ത തുക, നീക്കിയിരിപ്പ് എന്നിങ്ങനെ ഓരോ ദിവസത്തേയും വിതരണത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ ഫോട്ടോ പതിച്ച രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയില്ല. വേതന വിതരണ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഉണ്ടെന്നത് ഉറപ്പു വരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതും, അനുബന്ധ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

## 1-62 ദിവസ വേതനാടിസ്ഥാനത്തിൽ ടൈപ്പിസ്റ്റ്, പ്ലംബർ എന്നിവരെ നിയമിച്ചത്- സാധൂകരണ രേഖകൾ ലഭ്യമാക്കിയില്ല - ചെലവഴിച്ച 18675/- രൂപ തടസ്സപ്പെടുത്തുന്നു

നഗരസഭയിൽ ഒഴിവുണ്ടായിരുന്ന എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ 20.04.2018 ന് പി.എസ്.സി മുഖേന ജീവനക്കാരനെ നിയമിച്ചിരുന്നു. ടിയാൾ ബധിരനും, മൂകനും ആയിരുന്നതിനാൽ ഓഫീസിന്റെ സുഗമമായ പ്രവൃത്തികൾക്ക് തടസ്സം നേരിടുന്ന സ്ഥിതി സംജാതമാകും എന്ന് കാണിച്ച് കൊണ്ട് അതേ തസ്തികയിൽ മറ്റൊരാളിനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ 23.04.2018 – ൽ ചേർന്ന നഗരസഭ കൗൺസിൽ IV(3) നമ്പർ പ്രകാരം തീരുമാനം കൈക്കൊള്ളുകയുണ്ടായി.

തദ്ദേശ സ്വയംഭരണ സെക്രട്ടറിയ്ക്ക് പ്രസ്തുത വിവരം കാണിച്ചുകൊണ്ട് 23.08.2018 - ൽ നഗരസഭ സെക്രട്ടറി കത്ത് നൽകുകയുണ്ടായി. ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ടൈപ്പിങ്ങ് പരിജ്ഞാനമുള്ള ഒരു ടൈപ്പിസ്റ്റിനെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് കൈക്കൊണ്ട തീരുമാനം സാധൂകരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണം എന്നതായിരുന്നു അപേക്ഷ. അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് എന്ത് തീരുമാനം എടുത്തു എന്നതിനെക്കുറിച്ചുള്ള മറുപടി കത്തുകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇപ്രകാരം നിലവിലുള്ള തസ്തികയിൽ സ്ഥിരം നിയമനം നടന്നിരിക്കെ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് 07.09.2018 – ൽ ഇന്റർവ്യൂ നടത്തുകയും പങ്കെടുത്ത രണ്ട് ഉദ്യോഗാർത്ഥികളിൽ നിന്ന് ഒരാളെ തെരഞ്ഞെടുക്കുകയും ചെയ്തു.

അനുവദനീയമായ തസ്തികയിൽ ജീവനക്കാരൻ നിയമിതനായിരിക്കെ അതേ തസ്തികയിൽ തന്നെ താൽക്കാലികാടിസ്ഥാനത്തിൽ വീണ്ടും നിയമനം നടത്തുന്നത് നിലവിലെ നിയമങ്ങൾ അനുവദിക്കുന്നില്ല. സർക്കാരിലേക്ക് ഈ ആവശ്യത്തിന് കത്ത് എഴുതുകയും ആയതിന്റെ സാധൂകരണം ലഭിക്കാതെ വരികയും ചെയ്തിട്ടും ഇല്ലാത്ത തസ്തികയിൽ ആളിനെ നിയമിച്ചത് തികച്ചും ചട്ടലംഘനം തന്നെയാണ്. ഈ ഇനത്തിൽ പുതിയ ടൈപ്പിസ്റ്റിനായി ചെലവഴിച്ച വേതനവിവരം മാസം തിരിച്ച് ചുവടെ ചേർക്കുന്നു.

| മാസം | ദിവസം | തുക | വൗച്ചർ നമ്പർ & ചെക്ക് നമ്പർ |
|---|---|---|---|
| സെപ്റ്റംബർ | 14 | 10150 | 68 – 12/18<br>46400<br>ചെക്ക് നമ്പർ-098257 |
| ഒക്ടോബർ | 26 | 18850 | |
| നവംബർ | 24 | 17400 | |
| ഡിസംബർ | 24 | 17400 | 32 - 1/19<br>ചെക്ക് നമ്പർ- 098280 |
| ജനവരി | 24 | 17400 | 39 – 2/19<br>ചെക്ക് നമ്പർ 101016 |
| ഫെബ്രുവരി | 23 | 16675 | 9 – 3/19<br>ചെക്ക് നമ്പർ- 101028 |
| | | | 13 - 4/19 |

| | | | |
|---|---|---|---|
| മാർച്ച് | 26 | 18850 | ചെക്ക് നമ്പർ- 2101085 |
| ഏപ്രിൽ | 27 | 15950 | 13 - 5/19<br>ചെക്ക് നമ്പർ- 2101117 |
| ആകെ | | 132675 | |

എ) 01.03.19 ലെ V/10 നമ്പർ തീരുമാനപ്രകാരം ശ്രീ.വിജേഷിനെ ഇലക്ട്രീഷ്യൻ കം പ്ലംബറായി നിയമിച്ച് കൗൺസിൽ ഉത്തരവായിട്ടുണ്ട്. 11.03.2019 മുതൽ ടിയാൾ നഗരസഭയിൽ പ്രവർത്തിച്ചുവരുന്നു. ടിയാളുടെ മേൽനോട്ടചുമതല ഗോപീകൃഷ്ണൻ തേഡ് ഗ്രേഡ് ഓവർസിയറെ ഏൽപ്പിച്ചിട്ടുണ്ട്. ദിവസവേതന അടിസ്ഥാനത്തിലാണ് ടിയാളെ നിയമിച്ചത്. എന്നാൽ നഗരസഭയിൽ ഇലക്ട്രീഷ്യൻ കം പ്ലംബർ തസ്തിക അനുവദിച്ചിട്ടില്ല. ഇപ്രകാരം സ്ഥിരം തസ്തിക നിലവിലില്ലാതിരിക്കെ ഇല്ലാത്ത തസ്തികയിൽ ഇലക്ട്രിക്കൽ പ്ലംബിങ്ങ് ജോലികൾക്ക് സ്ഥിരമായി ജീവനക്കാരെ നിയമനം നടത്തിയത് ക്രമപ്രകാരമല്ല. ടിയാൾക്കായി വേതന ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| തുക | ചെക്ക് നമ്പർ | തീയതി |
|---|---|---|
| 10000<br>(അഡ്വാൻസ്) | 101061 | 20.03.2019 |
| 20000 | 101067 | 25.03.2019 |
| 25000 | 2101093 | 05.09.2019 |
| 8000 | 2101115 | 02.05.2019 |
| 53000 | | |

നിയമനഅധികാരം നിക്ഷിപ്തമായ അധികാരസ്രോതസ്സുകളുടെ അനുമതി ഇല്ലാതെ നിയമിക്കുന്നത് അംഗീകരിക്കാനാവില്ല. പ്രസ്തുത നിയമനത്തിലൂടെ രണ്ട് തസ്തികകളിലായി നിയമിക്കപ്പെട്ട ജീവനക്കാർ കൈപ്പറ്റിയ 1,85,675/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-63 സ്വാതന്ത്ര്യ ദിനാഘോഷം 2018 – ചെലവ് രേഖകൾ ഹാജരാക്കിയില്ല-95180/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

രാജ്യത്തിന്റെ 72-ാം സ്വാതന്ത്ര്യ ദിനം സമുചിതമായി ആഘോഷിക്കുന്നതിനായി 09.08.2018 ലെ 4-ാം നമ്പർ പ്രകാരം കൗൺസിൽ തീരുമാനമെടുത്തു. ചെലവുകൾ നേരിടുന്നതിന് 30,000/- രൂപ ശ്രീ.രാജേഷ്.ജി. സെക്ഷൻ ക്ലാർക്കിന് അഡ്വാൻസ് നല്കി (ചെക്ക് നമ്പർ-73794/13.08.18).

സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ചടങ്ങുകൾക്ക് ചെലവായ തുകകളുടെ വിശദാംശം 22.09.2018 – ൽ ക്ലാർക്ക് ഹാജരാക്കിയത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ദേശീയ പതാക (2 എണ്ണം) | 1740 |
| 2 | സി.ഡി.റിക്കോർഡിംഗ് | 2000 |
| 3 | ഫ്ലക്സ് പ്രിന്റിംഗ് | 10250 |
| 4 | പ്രഭാത ഭക്ഷണം | 9000 |
| 5 | ബാനർ, എഴുത്തുകൂലി | 950 |
| 6 | സ്റ്റേജ്, ഡക്കറേഷൻ | 33500 |
| 7 | മൈക്ക് സെറ്റ് ചാർജ്ജ് & അനൗൺസ്മെന്റ് | 9000 |

| | | |
|---|---|---|
| 8 | ട്രോഫികൾ | 27740 |
| 9 | സർട്ടിഫിക്കേറ്റ് പ്രിന്റിംഗ് | 1000 |
| | **ആകെ** | **95180** |

ബാക്കി തുകയായ 65,180/- രൂപ 24.10.18-ൽ 318753 നമ്പർ ചെക്ക് പ്രകാരം സെക്ഷൻ ക്ലാർക്കിന് കൈമാറിയിട്ടുണ്ട്.

മേൽ ചെലവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കുന്നതിന് 11.12.2019 - ൽ ഓഡിറ്റ് എൻക്വയറി നമ്പർ-15/2019 പ്രകാരം ആവശ്യപ്പെട്ടിട്ടും അധികൃതർ മറുപടി ലഭ്യമാക്കിയില്ല. ആവശ്യപ്പെട്ട രേഖകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1)സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013/എസ്.പി.ഡി. തീയതി.21.06.2013 പ്രകാരം സാധന/സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. എസ്റ്റിമേറ്റ് തുക 15,000/- രൂപയ്ക്ക് മുകളിലുള്ള എല്ലാ സാധന/സേവന സമാഹരണത്തിലും സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക (7.6) മുതൽ (7.31) വരെ പ്രകാരം ക്വട്ടേഷൻ/ടെൻഡർ നടപടി പാലിച്ചിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സ്റ്റേജ്, ഡെക്കറേഷൻ, കുട്ടികൾക്ക് വിതരണം ചെയ്ത ട്രോഫികൾ എന്നിവയുടെ ചെലവ് നടത്തിയിട്ടുള്ളത് മേൽ സൂചിപ്പിപ്പിച്ച പ്രകാരമല്ല. ക്വട്ടേഷൻ/ടെൻഡർ സ്വീകരിച്ചപക്ഷം ആയതിന്റെ രേഖകൾ ..

2)പരിപാടിയുടെ രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ

3) അഡ്വവർടൈസ്മെന്റ് സി.ഡി യുടെ പകർപ്പ്

4) ആഘോഷപരിപാടികളുടെ അറിയിപ്പ് നല്കുന്ന നോട്ടീസിന്റെ പകർപ്പ്.

5) കുട്ടികൾക്ക് നല്കുന്നതിനായി അച്ചടിച്ച സർട്ടിഫിക്കേറ്റിന്റെ പകർപ്പ്.

6) ദേശീയ പതാക സ്റ്റോക്കിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ.

7) വിജയികൾക്ക് നല്കിയ ട്രോഫികൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ

ചെലവ് സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ സ്വാതന്ത്ര്യ ദിനാഘോഷത്തിനായി ചെലവഴിച്ച 95,180/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-64 ഓവർസിയർ തസ്തികയിൽ താൽക്കാലിക നിയമനം- അധികൃതരുടെ വ്യക്തതയില്ലാത്ത തീരുമാനം

നഗരസഭയിലെ മരാമത്ത് വിഭാഗത്തിൽ സ്ഥിരനിയമനം ലഭിച്ച 5 ഓവർസിയർമാർ നിലവിൽ ജോലിചെയ്ത് വരുന്നു. ഇവരെ കൂടാതെ 4 അപ്രന്റീസ് ഓവർസിയർമാരെക്കൂടി നഗരസഭയിലെ മരാമത്ത് വിഭാഗത്തിൽ ജോലി ചെയ്യുന്നതിന് താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. ഇത്രയും എണ്ണം അപ്രന്റീസുമാരെ നിയമിക്കുന്നതിന് ഉപോൽബലകമായ ഉത്തരവുകൾ/സർക്കുലർ ഉണ്ടെങ്കിൽ ആയത് ഓഡിറ്റിൽ ഹാജരാക്കണമെന്ന് 19.12.2019 – ൽ ഓഡിറ്റ് എൻക്വയറി നമ്പർ- 69/2019 പ്രകാരം ആവശ്യപ്പെട്ടിരുന്നു. അസിസ്റ്റന്റ് അപ്രന്റിസെസ്ഷിപ്പ് അഡ്വൈസർ, ആലപ്പുഴയുടെ A2/299/ 2006/08.03.12 നമ്പർ പ്രകാരമുള്ള കത്തിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ തസ്തികയിൽ രണ്ടുപേരെ നിയമിക്കുന്നതിനുള്ള വേക്കൻസികൾ മാത്രമേ കായംകുളം നഗരസഭയിൽ ഉള്ളു എന്ന് സൂചിപ്പിച്ചിട്ടുണ്ട്. അങ്ങനെയിരിക്കെ നിലവിലെ അപ്രന്റീസുമാരെ കൂടാതെ 4 താൽക്കാലിക അപ്രന്റീസുമാരെ നിയമിച്ചതിന് നഗരസഭ അവലംബിച്ച മാനദണ്ഡം ഏതെന്ന് ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ അധികൃതർക്ക്

സാധിച്ചിട്ടില്ല. ആകയാൽ വിഷയത്തിൽ അന്വേഷണം നടത്തേണ്ടതും, സ്വീകരിച്ച നടപടിയുടെ വിശദാംശം ഓഡിറ്റിനെ അടിയന്തിരമായി അറിയിക്കേണ്ടതുമാണ്.

## 1-65 "വിമുക്തി" ക്കായി ക്രിയാത്മക പദ്ധതിപ്രവർത്തനങ്ങൾ നടത്തുന്നില്ല

കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ - വിമുക്തി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ജി.ഒ.(എം.എസ്)നം.94/2016/റ്റി.ഡി. തീയതി.06.10.2016. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ഒരു ബോധവൽക്കരണ മിഷന് രൂപം നൽകുന്നത് സംബന്ധിച്ച് 2016-17 വർഷം ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലും, സർക്കാരിന്റെ പുതുക്കിയ ബജറ്റ് പ്രഖ്യാപനത്തിലും ലക്ഷ്യമിട്ടിരുന്നു. സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെ അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ഒരു ബോധവൽകരണ മിഷന് രൂപം നൽകണമെന്ന് സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിരുന്നു. എന്നാൽ ഈ ഉത്തരവുകളൊന്നും നടപ്പാക്കുന്നതിന് മുൻസിപ്പൽ അധികാരികൾ യാതൊരു പരിഗണനയും നൽകുന്നില്ല. 2018-19 സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി ആകെ 4510 (ചെക്ക് നമ്പർ 237490/25.01.19) രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പദ്ധതികൾക്കായി ചെലവഴിക്കുന്ന പണം പിന്നീട് റീക്കുപ്പ് ചെയ്ത് കിട്ടും എന്ന വ്യവസ്ഥ നിലനിൽക്കെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ നഗരസഭ തയ്യാറാകുന്നില്ല. ആലപ്പുഴ ജില്ലയിൽ ഏറ്റവും അധികം ക്രിമിനൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്ന കായംകുളം മുൻസിപ്പാലിറ്റിയിൽ നിലകൊള്ളുന്നതാണ് കായംകുളം പോലീസ് സ്റ്റേഷൻ. ഫലപ്രദമായി ഇത്തരം പദ്ധതികൾ നടപ്പിലാക്കിയാൽ ക്രിമിനൽ പ്രവർത്തനങ്ങളിൻ മേൽ ശക്തമായ കടിഞ്ഞാൺ ഇടാൻ സാധിക്കും. വിമുക്തിയുടെ പ്രവർത്തനങ്ങൾ ശക്തമാക്കിയാൽ മദ്യവും മയക്കുമരുന്നും ഉപയോഗിച്ച തുടങ്ങിയവരെ തിരുത്തുന്നതിനും, നിയമവിരുദ്ധ ലഹരി ഉൽപന്നങ്ങളുടെ ലഭ്യത ഇല്ലാതാക്കൽ, ആസക്തിയിൽ മുങ്ങിത്താഴുന്നവരുടെ പുനരധിവാസം ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ സാക്ഷാത്കരിക്കുന്നതിനും സാധ്യമാകും. ഇതിനായി ഗവൺമെന്റ് സംസ്ഥാനം/ജില്ലാതലം/ബ്ലോക്ക്, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി തലം, ഗ്രാമപഞ്ചായത്ത്/വാർഡ് തലം എന്നിങ്ങനെ തരംതിരിച്ച് മാർഗ്ഗരേഖ ഉണ്ടാക്കിയത് അതിൽ അനുബന്ധം III ആയി ചേർത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2018-19 ൽ നടത്തിയ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 45/19 തീയതി. 18.12.19) പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് സൂപ്പർവൈസർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന മറുപടി ചുവടെ ചേർക്കുന്നു.

| 2018-19 സാമ്പത്തിക വർഷം സർക്കാരിൽ നിന്ന് ലഭിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് തുക | പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| തുക ലഭിച്ചില്ല | 4510 | ഇല്ല | ലഹരി വിരുദ്ധ ക്വിസ് മൽസരം നടത്തി | ഹെൽത്ത് സൂപ്പർവൈസർ |

പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സജീവമാക്കുന്നതിന് അധികൃതർ ഊർജ്ജസ്വലമായി ഇടപെടുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-66 ക്ലോസ്ഡ് സർക്യൂട്ട് ടി.വി പ്രവർത്തനം നിലച്ച നിലയിൽ- വാറണ്ടി/ഗ്യാരണ്ടി ഉപയോഗപ്പെടുത്തുന്നില്ല

2017-18 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 28/18 പ്രകാരം 5,00,000 രൂപ വികസനഫണ്ടിൽ ഉൾപ്പെടുത്തി നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സി.സി ക്യാമറ (ഇന്റർ കോം ഉൾപ്പടെ) സ്ഥാപിക്കുകയുണ്ടായി. കനീസപ്പാലം, മാർക്കറ്റ്, നഗരസഭ ഓഫീസ് നിൽക്കുന്നയിടം, അറവുശാല, കെ.എസ്.ആർ.ടി.സി.യ്ക്ക് സമീപം എന്നിവിടങ്ങളിൽ ക്യാമറ സ്ഥാപിക്കുകയുണ്ടായി. ഐ.ടി.പോയന്റ്, കായംകുളം എന്ന സ്വകാര്യ ഏജൻസിയാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയത്. 31.12.2018 മുതൽ 2 വർഷത്തേക്ക് ഗ്യാരന്റി പീരിയഡ് വാഗ്ദാനം ചെയ്തിട്ടുള്ള പദ്ധതിപ്രകാരം സ്ഥാപിക്കപ്പെട്ട പ്രസ്തുത ക്യാമറകളിൽ നഗരസഭയുടെ അറവുശാല പ്രവർത്തിക്കുന്ന സ്ഥലത്തെയും, കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിന്റെ സമീപത്തേയും ക്യമറകൾ ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ധാരാളം ജനങ്ങൾ കയറിയിറങ്ങുന്ന കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന് സമീപം ക്യാമറ പ്രവർത്തിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അപകടങ്ങളും, കുറ്റകൃത്യങ്ങളും കണ്ടെത്തുന്നതിനും, തടയുന്നതിനും വളരെയേറെ സഹായകമായ ഇത്തരം സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കേണ്ടത് അനിവാര്യമാണ്.

ക്യാമറകളുടെ വാറണ്ടി പീരിയഡ് കാലം നിലനിൽക്കുന്നതിനാൽ ചെലവുകൾ ഉണ്ടാകാതെ തന്നെ ക്യാമറകളുടെ തകരാറ് പരിഹരിക്കുന്നതിന് സാധിക്കും. എന്നാൽ ക്യാമറകൾ പ്രവർത്തിക്കാത്ത വിവരം രേഖാമൂലം ഏജൻസിയെ അറിയിക്കാത്തത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയാണ്. ക്യാമറകൾ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-67 വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2018 -19 സാമ്പത്തിക വർഷത്തെ വാഹനങ്ങളുടെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ഓരോ വാഹനത്തിന്റേയും ലോഗ്ബുക്കിൽ പ്രതിമാസ സംക്ഷിപ്തക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.
2. വാഹനങ്ങളുടെ ഇന്ധനക്ഷമതാ ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് ലോഗ്ബുക്കുകളിൽ പതിക്കുകയോ സാക്ഷ്യപത്രങ്ങൾ ഹാജാരാക്കുകയോ ചെയ്തിട്ടില്ല.
3. വാഹനങ്ങളുടെ റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. വാഹനങ്ങളുടെ ഇന്ധന സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തിയ ഫ്യുവൽ രജിസ്റ്റർ നഗരസഭ ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്കു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.41/15.12.19) മറുപടി ലഭിച്ചിട്ടില്ല.
മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-68 മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല

1)ദാരിദ്ര്യ ലഘൂകരണവിഭാഗം പ്രോജക്ട് ഓഫീസർ നടപ്പാക്കിയ വിവിധ നിർമ്മാണ/അറ്റകുറ്റപ്പണി പ്രോജക്ടുകൾ പ്രകാരം മുൻകൂർ തുക കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | ആരംഭിച്ച വർഷം | നിർമ്മാണം പൂർത്തീകരിക്കപ്പെടാതെ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| ഭവന അറ്റകുറ്റപ്പണി (ജനറൽ) | S0020/19 | 2018-19 | 28 |
| കിണർ നിർമ്മാണം | S0021/19 | 2018-19 | 3 |
| വീട് വാസയോഗ്യമാക്കൽ | S0387/19 | 2018-19 | 6 |
| പഠനമുറി നിർമ്മാണം | (S0389/19) | 2018-19 | 5 |
| ഭവനനിർമ്മാണം (ജനറൽ) | S0419/19 | 2016-17 | 6 |
| ഭവന നിർമ്മാണം (ജനറൽ) | S0262/19 | 2017-18 | 7 |
| ഭവന നിർമ്മാണം (ജനറൽ) | S0258/19 | 2013-14 | 4 |
| ഇ.എം.എസ് ഭവന പദ്ധതി | | 2008-09 | 8 |

നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പാതിവഴിയിൽ ഉപേക്ഷിച്ചവരിൽ നിന്ന് തുക തിരികെ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) വിവിധ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതികൾ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിക്കാതിരിക്കുകയോ പാതിവഴിയിൽ ഉപേക്ഷിക്കുകയോ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം. | ഗുണഭോക്താക്കളുടെ വിവരങ്ങൾ | കൈപ്പറ്റിയ തുക |
|---|---|---|
| ഭവന നിർമ്മാണം (SCP), S0419/19 | ഹരിദാസൻ, ഈശ്വരൻകുറ്റിയിൽ, വാർഡ് 21 | 30000 |
| | വിജയമ്മ, പൂവണ്ണേത്ത് വടക്കതിൽ, വാർഡ് 28 | 30000 |
| ഭവന നിർമ്മാണം (ജനറൽ) S0258/19 | പരമേശ്വരൻ ആചാരി, ഇടയിൽ കുടുക്കയിൽ, വാർഡ് 1 | 20000 |
| | സാവിത്രി, കൊച്ചുപറമ്പിൽ തെക്കതിൽ, വാർഡ് 18 | 20000 |
| | ഏലിയാമ്മ ഉമ്മൻ,പ്ലാമൂട്ടിൽ, വാർഡ് 14 | 20000 |
| ഇ.എം.എസ്.ഭവന നിർമ്മാണ | സഹദേവൻ, തറയിൽ വടക്കതിൽ, വാർഡ് 11 | 52500 |
| | | |

| | | |
|---|---|---|
| പദ്ധതി | അബ്ദുൾ സലാം, വേലംപറമ്പിൽ | 52500 |
| | സുരേന്ദ്രൻ ആചാരി, ചെങ്കുളത്തിൽ, വാർഡ്-8 | 22500 |
| | നിയാം, കാവൂർതെക്കേതിൽ വാർഡ് 24 | 25500 |
| | കാന്ത, തോപ്പിൽ, വാർഡ് 33 | 22500 |
| | സിന്ധു സുരേന്ദ്രൻ | 52500 |
| | തങ്കച്ചി, മലാശ്ശേരിൽ പടീറ്റതിൽ | 140000 |
| | ദിവാകരൻ, ഒറ്റ തെങ്ങിൽ വടക്കതിൽ | 140000 |

മുൻകൂർ കൈപ്പറ്റിയതിന് ശേഷം നിർമ്മാണം ആരംഭിക്കാതിരിക്കുകയോ പാതി വഴിയിൽ ഉപേക്ഷിക്കുകയോ ചെയ്തിട്ടുള്ള മേൽ ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-69 പഠനമുറി നിർമ്മാണം - സ്വന്തമായി ഭവനം ഇല്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി

ദാരിദ്ര്യ ലഘൂകരണം പ്രോജക്ട് ഓഫീസർ മുഖേന നടപ്പാക്കിയ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പ്രോജക്ട് (നം.S0389/19) പ്രകാരം ആനുകൂല്യം കൈപ്പറ്റിയത് സന്ധ്യ, അഖിൽ ഭവനം, പെരുങ്ങാല എന്ന വ്യക്തിയാണ് എങ്കിലും രാമചന്ദ്രൻ എന്ന വ്യക്തിയുടെ പേരിലുള്ള വീടിനോട് ചേർന്ന പഠനമുറി നിർമ്മിക്കുന്നതിനാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ടി വ്യക്തി കുട്ടിയുടെ അമ്മയുടെ പിതാവാണെന്നും ടിയാളുടെ വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിനുള്ള സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ടി വ്യക്തിയുടെ ഭവനത്തിന് മറ്റ് അവകാശികളില്ല എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/5.12.19) രാമചന്ദ്രൻ എന്ന വ്യക്തിയുടെ ഭവനത്തിന് മറ്റ് അവകാശികളില്ല എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. രേഖകൾ ഹാജരാക്കാതിരുന്ന സാഹചര്യത്തിൽ മുൻകൂറായി നൽകിയ 50,000/- രൂപ (ബിൽ നം.211/23.3.19) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-70 നഗരസഭയുടെ കീഴിലുള്ള സി ഡി എസുകൾക്ക് നൽകിയ റിവോൾവിംഗ് ഫണ്ട് കൈമാറിയത് സംബന്ധിച്ച്

നഗരസഭയുടെ കീഴിലുള്ള ഈസ്റ്റ്, വെസ്റ്റ് സി ഡി എസ് അക്കൗണ്ടുകളിലേക്ക് 2017-18 വർഷം റിവോൾവിംഗ് ഫണ്ട് ഇനത്തിൽ നിക്ഷേപിച്ചിരുന്ന തുക വിവിധ എ ഡി എസുകൾക്കും എൻ എച്ച് ജി കൾക്കുമായി വിതരണം ചെയ്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a)N U LM West CDS

| നൽകിയ തുക | എ ഡി എസുകൾക്ക് കൈമാറിയ തുക | എൻ എച്ച് ജി കൾക്ക് കൈമാറിയ തുക | ആകെ ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1120000 | 500000 | 170000 | 670000 | 100000 |
| 190000 | 350000 | 190000 | 540000 | |
| ആകെ | | | 1210000 | |

2) N U LM East CDS

| | | | | |
|---|---|---|---|---|

<table>
<tr><th>നൽകിയ തുക</th><th>എ ഡി എസുകൾക്ക് കൈമാറിയ തുക</th><th>എൻ എച്ച് ജി കൾക്ക് കൈമാറിയ തുക</th><th>ആകെ ചെലവഴിച്ച തുക</th><th>ചെലവഴിക്കാൻ അവശേഷിക്കുന്ന തുക</th></tr>
<tr><td rowspan="2">115000</td><td rowspan="2">400000</td><td>50000</td><td>450000</td><td></td></tr>
<tr><td>480000</td><td>680000</td><td rowspan="3">150000</td></tr>
<tr><td rowspan="2">480000</td><td>200000</td><td rowspan="2">400000</td><td rowspan="2">450000</td></tr>
<tr><td>50000</td></tr>
<tr><td>ആകെ</td><td></td><td></td><td>1580000</td><td></td></tr>
</table>

മേൽ കണക്കുകൾ പ്രകാരം ഈസ്റ്റ് സി ഡി എസിന്റെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 553602010009906) 1,50,000/- രൂപയും വെസ്റ്റ് സി ഡി എസിന്റെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 553602010009907) ൽ 1,00,000/- രൂപയും റിവോൾവിംഗ് ഫണ്ടിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.40/16.12.19) ഈസ്റ്റ് സി ഡി എസ് അക്കൗണ്ടിൽ 3 എ ഡി എസുകൾക്ക് നൽകാനുള്ള 1,50,000/- രൂപയും വെസ്റ്റ് സി ഡി എസ് അക്കൗണ്ടിൽ 2 എ ഡി എസുകൾക്ക് നൽകാനുള്ള 1,00,000/- രൂപയുമാണ് അവശേഷിക്കുന്നതെന്നും എ ഡി എസുകൾ പാസ് ബുക്കിന്റെയും മിനിട്ട്സിന്റെയും കോപ്പി ഹാജരാക്കിയാൽ മാത്രമേ ടി തുക നൽകാൻ സാധിക്കു എന്നും മറുപടി നൽകി. എ ഡി എസുകൾ പ്രവർത്തനം സംബന്ധിച്ച രേഖകൾ ഹാജരാക്കാത്ത പക്ഷം തുക എൻ.യു.എൽ.എം. ഫണ്ടിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 1-71 വായ്പ തുക അടയ്ക്കുന്നതിൽ വീഴ്ച- നഗരസഭയ്ക്ക് കോടികളുടെ ബാദ്ധ്യത

വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വായ്പ തുകകൾ കൃത്യമായി തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം നഗരസഭയുടെ ബാദ്ധ്യത വൻ തോതിൽ വർദ്ധിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1) <u>ഫയൽ നം. KMC/UPA/13304/04</u>

രാജീവ് ഗാന്ധി ദശലക്ഷം പദ്ധതി പ്രകാരം 1998-99, 1999-2000 വർഷങ്ങളിലായി 96,00,000/- രൂപ കെ.യു.ആർ.ഡി. എഫ്.സിയിൽ നിന്ന് വായ്പയെടുത്തിരുന്നു. ടി പദ്ധതി പ്രകാരം 640 പേർക്ക് 23,700/- രൂപ (ലോൺ-15,000, നഗരസഭാവിഹിതം – 8700) വീതം നൽകിയിരുന്നു. തുക കൈപ്പറ്റിയവർ 140/- രൂപ വീതം 180 ഗഡുക്കളായി തുക തിരികെ അടയ്ക്കണമെന്നും കെ.യു.ആർ.ഡി.എഫ്.സി വ്യവസ്ഥ ചെയ്തിരുന്നു. തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ആധാരം ഈടായി വാങ്ങിയിരുന്നു. മുതലും പലിശയും ഉൾപ്പടെ 31.08.2004 മുതൽ 10.07.2015 തീയതി വരെ 1,41,19,000/- രൂപ മാത്രമാണ് അടച്ചിട്ടുള്ളത്. ഭവനവായ്പ കൈപ്പറ്റിയ 204 ഗുണഭോക്താക്കൾ ലോൺ തിരിച്ചടക്കുന്നതിൽ മുടക്കം വരുത്തിയത് നഗരസഭയുടെ വായ്പാ തിരിച്ചടവിനെ ബാധിക്കുകയും 30.09.2019 തീയതിയിലെ ബാദ്ധ്യത 81,48,341/- രൂപയായി വർദ്ധിക്കുകയും ചെയ്തു. വായ്പതുക തിരികെ അടക്കുവാൻ കാലതാമസം വരുത്തുന്നത് പലിശയും, പിഴപ്പലിശയും ഉൾപ്പെടെ നഗരസഭയുടെ ബാദ്ധ്യത പിന്നെയും വർദ്ധിക്കുന്ന തിന് ഇടയാക്കുമെന്നതിനാൽ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2) <u>ഫയൽ നം. UPA/EMS/9413/09</u>

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം കായംകുളം കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് 4,11,00,000/- രൂപ വായ്പയെടുത്തിരുന്നു. 25.11.2019 വരെ മുതൽ ഇനത്തിൽ 1,32,03,631/- രൂപ നഗരസഭ തിരികെ അടയ്ക്കാൻ ബാക്കി നിൽക്കുന്നു. കോടിക്കണക്കിന് തുക തിരികെ അടയ്ക്കാൻ നിൽക്കുന്നുണ്ടെങ്കിലും 2018-19, 2019-20 വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് തുക തിരികെ അടച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (നം.29/11.12.19) ഹാജരാക്കിയ മറുപടിയിൽ നഗരസഭയുടെ അനിവാര്യ ചുമതലകൾക്കാവശ്യമായ ഫണ്ട് ലഭിക്കാതിരുന്നതിനാലാണ് ഇ.എം.എസ് ലോൺ റീ പേമെന്റിനായുള്ള പ്രോജക്ട് നടപ്പാക്കാതിരുന്നത് എന്ന് മറുപടി നൽകി. ലോൺ തിരിച്ചടയ്ക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് വായ്പ തുക തിരികെ അടയ്ക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-72 ആശ്രയ പദ്ധതി പ്രകാരം പിൻവലിച്ച തുക ചെലവഴിക്കപ്പെട്ടില്ല

ആശ്രയ പദ്ധതി പ്രകാരം 15 ലക്ഷം രൂപ (ബിൽ നം. 94/11.10.18) പിൻവലിച്ച് പ്രോജക്ട് ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ടി തുക നാളിതുവരെ ചെലവഴിക്കാതെ നിക്ഷേപമായി തുടരുന്നു. ആശ്രയപദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായ 251 ഗുണഭോക്താക്കൾ ഉള്ളപ്പോൾ മുൻവർഷം വികസനഫണ്ടിൽ നിന്ന് നിക്ഷേപിച്ചിരുന്ന 17 ലക്ഷം രൂപയുൾപ്പെടെ ആകെ 22 ലക്ഷം രൂപ ഓഡിറ്റ് കാലയളവിലും ചെലവഴിക്കാതെ അക്കൗണ്ടിൽ തുടരുന്നു. ഇതിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/05.12.19) ഹാജരാക്കിയ മറുപടിയിൽ ആശ്രയ ഗുണഭോക്താക്കൾക്കായി അഗതിരഹിത കേരളം പദ്ധതി ആരംഭിച്ചതായും കിണർ അറ്റകുറ്റപ്പണി, വീട് വാസയോഗ്യമാക്കൽ മുതലായ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നും മറുപടി നൽകി. ജി.ഒ(പി)നം.177/2006/ഫിൻ/12.04.2006 പ്രകാരമുള്ള ധനവിനിയോഗ മാർഗ്ഗരേഖകൾ പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് അതാത് വർഷം തന്നെ തിരികെ സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. ഈ ഉത്തരവ് പാലിക്കാതെ ആശ്രയ ഗുണഭോക്താക്കൾക്കായി നിക്ഷേപിച്ച വികസന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാതിരുന്നത് ശരിയായ നടപടിയല്ല. ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തുക ചെലവഴിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

## 1-73 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് റ്റി ഡി എസ് ഈടാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ :പ്രിൻസിപ്പാൾ, ഗവ. ബോയ്സ് സ്കൂൾ.

1) വിവിധ സ്കൂളുകളിൽ പ്ലേറ്റ്, ഗ്ലാസ് വാങ്ങൽ (പ്രോജക്ട് നം.S0543/19) പ്രോജക്ട് പ്രകാരം ഗ്ലാസുകളും പ്ലേറ്റുകളും വാങ്ങുന്നതിന് ടെന്റർ ക്ഷണിച്ചതിൽ അഫ്സൽ മെറ്റൽസ്, അഫ്സൽ ട്രേഡേഴ്സ് എന്നീ സ്ഥാപനങ്ങൾ ടെന്റർ ഹാജരാക്കിയിരുന്നു. ഈ ടെന്ററുകളിൽ ഒരേ മേൽവിലാസമാണ് രേഖപ്പെടുത്തിയിരുന്നത്. അതിനാൽ ഒരേ സ്ഥാപനം തന്നെയാണ് രണ്ട് ടെന്ററുകളും ഹാജരാക്കിയത് എന്ന് ബോധ്യമാകുന്നു. ഇപ്രകാരം ഒരേ സ്ഥാപനം രണ്ട് ടെന്ററുകളും ഹാജരാക്കിയതിനാൽ റീ ടെന്റർ നടത്തേണ്ടിയിരുന്നു. എന്നാൽ റീ ടെന്റർ നടത്തിയതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഹാജരാക്കിയ ബില്ലിൽ ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയല്ല ക്വാട്ട് ചെയ്തിട്ടുള്ളത്. 2017 – ലെ ജി.എസ്.റ്റി ആക്ട് സെക്ഷൻ 51 പ്രകാരം 2.50 ലക്ഷം രൂപയിലധികമുള്ള വാങ്ങലുകൾക്ക് കരാറുകാരനിൽ നിന്ന് വാങ്ങലിന്റെ 2% തുക സോഴ്സിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം തുക കുറവ് ചെയ്തിട്ടില്ല. അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.39/13.12.2019) യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. അഫ്സൽ ട്രേഡേഴ്സ് ആലപ്പുഴയിൽ നിന്ന് ഉപകരണങ്ങൾ വാങ്ങുന്നതിനായി ആകെ 2,96,319/-രൂപ (ബിൽ നം.5/28.03.2019) ചെലവഴിച്ചിട്ടുണ്ട്. ടെന്റർ നടപടികളിൽ സുതാര്യതയില്ലാത്തതിനാലും ബില്ലിൽ ജി.എസ്.റ്റി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും 2,96,319/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അതോടൊപ്പം ജി.എസ്.റ്റി ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം ജി.എസ്.റ്റി തുക കഴിച്ചുള്ള തുകയിൽ നിന്ന് 2% തുക റ്റി.ഡി. എസ് ആയി കുറവ് ചെയ്യേണ്ടതാണ്.

2) സുരക്ഷാവലയം (S053/19) പ്രോജക്ട് പ്രകാരം നഗരസഭയുടെ നിയന്ത്രണത്തിലുള്ള 14 സ്കൂളുകളിലേക്ക് സ്കൂൾ സെക്യൂരിറ്റി ആന്റ് പേരന്റ് – ടീച്ചർ കമ്മ്യൂണിക്കേഷൻ മൊബൈൽ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്തതിന്

സോഫ്റ്റ് സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് 4,48,400/- രൂപ (ബിൽ നം.4/26.03.19) നൽകിയിരുന്നു. 2017-ലെ ജി.എസ്.റ്റി ആക്ട് സെക്ഷൻ 51-ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം ജി.എസ്.റ്റി തുക കഴിച്ചുള്ള തുകയിൽ നിന്ന് 2% റ്റി.ഡി.എസ് ഈടാക്കിയിട്ടില്ല. അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.39/13.12.19) മറുപടി ഹാജരാക്കിയില്ല. അതിനാൽ ജി.എസ്.റ്റി തുക കഴിച്ചുള്ള 3,80,000/- രൂപയിൽ നിന്ന് 2% റ്റി.ഡി.എസ് തുകയായ 7,600/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

## 1-74 ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ - രേഖകൾ പൂർണ്ണമല്ല

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

വികലാംഗർക്ക് ഉപകരണം വാങ്ങൽ പ്രോജക്ട് (നം.S0009/19) പ്രകാരം കെൽട്രോണിൽ നിന്ന് 21സ്കൂട്ടർ വിത്ത് സൈഡ് വീൽ 76200/- രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്തതിന് 1600200/- രൂപ (ബിൽ നം.19/23.03.19) ചെലവഴിച്ചിട്ടുണ്ട്. വാഹനം കൈപ്പറ്റിയ താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ പൂർണ്ണമായിരുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | റിമാർക്സ് |
|---|---|---|
| 1 | മുരുകൻ.സി, പാർവ്വതി ഭവനം | ആർ സി ബുക്ക് ഹാജരാക്കിയില്ല |
| 2 | സജൻ.വി, കക്കാട്ടുശ്ശേരിൽ | ആർ സി ബുക്ക് ഹാജരാക്കിയില്ല |
| 3 | ഹമീദ് കുട്ടി, മരുതിനിട്ടതറയിൽ | ലേണേഴ്സ് ഇല്ല |
| 4 | തമ്പാൻ, മുഞ്ഞനാട്ട് പടീറ്റതിൽ, എരുവ | ലേണേഴ്സ് ഇല്ല |
| 5 | പണ്ഡരീനാഥ്, ദേവസ്വം പറമ്പിൽ, എസ്.വി. വാർഡ് | ലേണേഴ്സ് ഇല്ല |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/10.12.19) ഹാജരാക്കിയ മറുപടിയിൽ ക്രമ നം.1,2 പ്രകാരമുള്ള ഗുണഭോക്താക്കളിൽ നിന്ന് ആർ സി ബുക്ക്, ക്രമ നം. 3,4,5 പ്രകാരമുള്ള ഗുണഭോക്താക്കളിൽ നിന്ന് ലേണേഴ്സ് എന്നിവ ലഭ്യമായിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. മേൽ രേഖകളുടെ അഭാവത്തിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള 5 ഗുണഭോക്താക്കൾക്ക് നൽകിയ വാഹനങ്ങളുടെ വിലയായ 3,81,000/- രൂപ (ബിൽ നം.19/23.3.19) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-75 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ- അവലോകനം

നഗരസഭയുടെ നിയന്ത്രണത്തിൽ 61 അങ്കണവാടികളാണുള്ളത്. ഇവയുടെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണെന്ന് സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

22 അങ്കണവാടികൾക്ക് മാത്രമേ സ്വന്തം കെട്ടിടമുള്ളൂ. 31 അങ്കണവാടികൾ വാടക കെട്ടിടത്തിലും 8 എണ്ണം വാടക നൽകാതെയും പ്രവർത്തിക്കുന്നു.

42 അങ്കണവാടികൾക്ക് മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളൂ. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

അങ്കണവാടി നം.48, 56 എന്നിവയ്ക്ക് സ്വന്തമായി കെട്ടിങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അങ്കണവാടി നം.58 ലെ ചുറ്റുമതിൽ പൊളിഞ്ഞ് വീഴാറായ അവസ്ഥയിലാണ്. അങ്കണവാടി നം.64 ന് ചുറ്റുമതിൽ, കുടിവെള്ള സൗകര്യം എന്നിവ ആവശ്യമാണ്. അങ്കണവാടി നം.100-ലെ ടോയ്‌ലെറ്റ് പൊളിച്ചിട്ടിരിക്കുകയാണ്. അതിനാൽ കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ ബുദ്ധിമുട്ടാണ്. അങ്കണവാടി നം.98 ൽ കുടിവെള്ള കണക്ഷനും വൈദ്യുതി സൗകര്യവും ലഭ്യമല്ല.

അങ്കണവാടി നം.83 നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഉണ്ടെങ്കിലും നാളിതുവരെ കെട്ടിടം നിർമ്മിച്ചിട്ടില്ല. എം.എൽ.എ ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിരുന്നു.

ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനുള്ള സംഭരണികൾ, അലമാര എന്നിവ എല്ലാ അങ്കണവാടികളിലുമില്ല. നിലവിൽ സിംഗിൾ സിലിണ്ടറാണ് എല്ലാ അങ്കണവാടികളിലുമുള്ളത്. ഇത് കുട്ടികൾക്കാവശ്യമായ ഭക്ഷണം പാകം ചെയ്യുന്നതിന് അപര്യാപ്തമാണ്. അതിനാൽ അധിഷണലായി ഒരു സിലിണ്ടർ കൂടി ലഭ്യമാക്കാവുന്നതാണ്. അങ്കണവാടികളിൽ കുട്ടികൾക്കാവശ്യമായ കളിയുപകരണങ്ങൾ കുറവാണ്.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-76 മരുന്നുകൾ ലഭിച്ചത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

കായംകുളം നഗരസഭയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ആഫീസർ (ആയുർവേദം) S0069/19 നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി മരുന്നു വാങ്ങുന്നതിനായി 15,00,000/- രൂപ (ബിൽ നമ്പർ 1/18-19/ തീയതി.22/10/18 Rs.12,00,000, നമ്പർ 2/18-19/തീയതി 13/11/18 Rs.3,00,000) പിൻവലിച്ച് ഔഷധി, കുട്ടനല്ലൂർ, തൃശ്ശൂർ എന്ന ഏജൻസിക്ക് നൽകി. മരുന്ന് പൂർണ്ണമായും ലഭിച്ചുവെങ്കിലും ലഭിച്ച മരുന്നുകളുടെ വിശദാംശം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6 തീയതി 07-12-2019 ന് മറുപടി ലഭിച്ചില്ല. വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-77 മരുന്ന് നാളിതുവരെ ലഭ്യമാകാത്തത്

കായംകുളം നഗരസഭയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ആഫീസർ (ഹോമിയോ) S0071/2019, S0073/2019 നമ്പർ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മരുന്നു വാങ്ങുന്നതിനായി 8,00,000/- രൂപ (ബിൽ നമ്പർ 2/18-19/തീയതി 26/10/18 Rs.6,00,000/-, നമ്പർ 3/18-19/തീയതി 26/10/18 Rs.2,00,000/-) പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പാതിരാപ്പള്ളി, ആലപ്പുഴ എന്ന ഏജൻസിക്ക് മുൻകൂറായി നൽകി. എന്നാൽ 6,85,000/- രൂപയുടെ മരുന്ന് മാത്രമേ ടി സ്ഥാപനത്തിൽ ലഭ്യമായുള്ളൂ. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7 തീയതി 07-12-19) ഹോംകോയ്ക്ക് കത്ത് അയച്ചു എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. കിട്ടാനുള്ള മരുന്നുകളുടെ വിലയിനത്തിലുള്ള 1,15,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-78 സസ്യ മാർക്കറ്റ് നിർമ്മാണം - കെ.യു.ആർ.ഡി.എഫ്.സി ലോൺ 33630690/- രൂപ തിരിച്ചടക്കുവാൻ അവശേഷിക്കുന്നു

തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 24-04-2015 ലെ 1232/15/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സസ്യമാർക്കറ്റ്

നിർമ്മിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 6,40,80,000/- രൂപ വായ്പയെടുക്കുന്നതിന് നഗരസഭയ്ക്ക് സർക്കാർ അംഗീകാരം നൽകിയിരുന്നു. നഗരസഭ ഇത് പ്രകാരം വായ്പ എടുത്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17 | 5896000 |
| 2017-18 | 8832500 |
| 2018-19 | 24707788 |
| ആകെ | 39436288 |

2018-19 വർഷം പലിശയിനത്തിൽ 3247246/- രൂപയും മുതലിനത്തിൽ 4751339/- രൂപയും തിരികെ ഒടുക്കി. 2018-19 വർഷാവസാനം 3,36,30,690/- രൂപ മുതലിനത്തിൽ തിരികെ ഒടുക്കുവാനുണ്ട്. വായ്പ കുടിശ്ശിക അടച്ചു തീർക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-79 ആസ്തിരജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച

നഗരസഭയുടെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ തുടങ്ങിയ ആസ്തികളുടെ വിശദാംശങ്ങൾ അടങ്ങിയ ആസ്തിരജിസ്റ്ററിന്റെ പരിപാലനത്തിൽ അധികൃതർ വീഴ്ചവരുത്തുന്നു. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട സ്ഥാവര ജംഗമ വസ്തുക്കളുടെ പരിപാലനത്തിനായി മാത്രമേ പദ്ധതികൾ തയ്യാറാക്കാവൂ എന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ഓരോ വർഷവും പൂർത്തീകരിക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ ചേർത്ത് അത് കാലികമാക്കണമെന്നും, കസ്റ്റോഡിയൻ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്നുമാണ് വ്യവസ്ഥയെങ്കിലും, ആസ്തി രജിസ്റ്റർ കാലികമാക്കാൻ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. സർക്കാർ ഗ്രാന്റുകളും, തനതുഫണ്ടും ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾക്കു പുറമേ KURDFC വായ്പ ഉപയോഗിച്ചും MP/MLA ഫണ്ട് ഉപയോഗിച്ചും കോടികളുടെ നിർമ്മാണ പ്രവൃത്തികളാണ് ഓരോ വർഷവും നഗരസഭാ പ്രദേശത്ത് നടക്കുന്നത്. എന്നാൽ ഈ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതിരിക്കുന്നതുമൂലം ഇരട്ടിപ്പിനും, അതുവഴി അധികച്ചെലവിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നു. കൂടാതെ നഗരസഭയുടെ ആസ്തികളിൻമേലുള്ള കൈയ്യേറ്റങ്ങളിൻമേൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാനും അധികൃതർക്കു കഴിയാതെ പോകുന്നു. നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആസ്തികൾ ഏതെല്ലാമെന്നതു സംബന്ധിച്ച് വ്യക്തതയില്ലാത്തതുമൂലം PWD യുടെ നിയന്ത്രണത്തിലുള്ള ആസ്തികളിൻമേൽ പ്രവൃത്തി നടത്തുന്നതിനായി 2018-19 വർഷം പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങുകയും, പ്രവൃത്തി കരാറുകാരന് കൈമാറുകയും ചെയ്തതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിനെല്ലാം പുറമേ റോഡ് മാപ്പും, റോഡ് രജിസ്റ്ററും പരിപാലിച്ചിട്ടില്ല. ആകയാൽ ഈ വിഷയത്തിലേക്ക് ഭരണവിഭാഗത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിലേക്കാവശ്യമായ സത്വര നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുന്നു.

# 1-80 ഓഡിറ്റ് റിപ്പോർട്ടുകൾ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നില്ല

നഗരസഭയുടെ 2016-17, 2017-18 വർഷങ്ങളിലെ വാർഷിക കണക്കുകളിന്മേലുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാക്രമം 24.10.2017, 24.05.2019 തീയതികളിൽ പുറപ്പെടുവിച്ചിരുന്നു. 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 295(1) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ പോരായ്മകളും, ക്രമക്കേടുകളും നഗരസഭ പരിഹരിക്കേണ്ടതും, 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ 14, 15 എന്നിവയിൽ അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനുള്ളിൽ കൗൺസിൽ യോഗം വിളിച്ച് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്തു അനന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് സമയം വരെയും (12/19) നഗരസഭയുടെ 2016-17, 2017-18 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ കൗൺസിൽ പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചതായി രേഖയില്ല. ഇത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായി വിലയിരുത്തുന്നു. ആകയാൽ ഈ

വിഷയത്തിൽ സത്വര തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-81 വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ളത് 6,10,69,366/- രൂപ

കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ നൽകുവാനായി 6,10,69,366/- രൂപ ബാധ്യതയുണ്ട്. 15.02.2018-ൽ Vr No.41700118 പ്രകാരം 350309900 എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയ [B-9 Sch.(others payable)] 61067572/- രൂപ ഉൾപ്പെടെയുള്ള തുകയാണിത്. എന്നാലിത് സംബന്ധിക്കുന്ന ഒരു രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. തുക ബാധ്യതയായി ഉൾപ്പെടുത്തിയതിനുള്ള സാഹചര്യവും വിശദീകരിക്കപ്പെട്ടില്ല. ആയതിനാൽ കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കാനായില്ല. കുടിശ്ശിക തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കി കുടിശ്ശിക തീർക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-82 ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലെറ്റ് നിർമ്മിച്ചില്ല

കായംകുളം നഗരസഭയ്ക്കുള്ളിലെ ഗവ.ഹയർസെക്കൻഡറി സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട് ലി ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനായി ഹയർ സെക്കൻഡറി വകുപ്പിൽ നിന്നും അഞ്ചുലക്ഷം രൂപ നഗരസഭയ്ക്ക് ലഭിച്ചിരുന്നു. 01.02.2013-ൽ സാംഖ്യയിൽ അക്കൗണ്ട് ചെയ്ത ടി തുക 08.01.2013 ലെ 738708 നമ്പർ ചെക്ക് പ്രകാരമാണ് ലഭിച്ചത് (രസീതം നം. 1120140042). ടി തുക വാർഷിക കണക്കുകളിലെ 320200106 (ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ) പ്രകാരം നാളിതുവരെയും ചെലവില്ലാതെ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് രേഖകളോ ഫയലുകളോ ഹാജരാക്കിയില്ല. സർക്കാരിൽ നിന്നും 2012-13 വർഷം കൈമാറിയ തുക നാളിതുവരെയും ചെലവില്ലാതെ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. നഗരസഭ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-83 ലൈബ്രറിസെസ്സ്- പിരിച്ചെടുത്ത തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടക്കുന്നില്ല

വാർഷിക കണക്കുകൾ പ്രകാരം, ലൈബ്രറി സെസ്സ് ഇനത്തിൽ നഗരസഭ പിരിച്ച 71,46,781/-രൂപ സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടക്കുവാൻ അവശേഷിക്കുന്നു (ഷെഡ്യൂൾ-ബി-9/ഹെഡ് കോഡ്-350300100). 1989 ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്ട് വകുപ്പ്-48(3) പ്രകാരം വസ്തുനികുതിയിലെ സർച്ചാർജ് എന്ന നിലയിൽ പിരിച്ചെടുക്കുന്ന ഈ തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടക്കുവാനുള്ള ബാധ്യത നഗരസഭയ്ക്കുണ്ട്. എന്നാൽ വർഷങ്ങളായി ഈ തുക അടക്കുന്നില്ലായെന്ന് കാണുന്നു. തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-84 വാറ്റ് -സർക്കാരിലേക്ക് തുക ഒടുക്കുവാനവശേഷിക്കുന്നു

കായംകുളം നഗരസഭയുടെ വാർഷിക കണക്കുകൾ പ്രകാരം താഴെ പറയുന്ന ഹെഡ്ഡുകളിലായി വാറ്റ് (VAT) ഇനത്തിൽ നഗരസഭ പിരിച്ച 1,23,464/-രൂപ സർക്കാരിലേക്ക് ഒടുക്കുവാനവശേഷിക്കുന്നു (ഋണശീർഷ വരവ്). ഹെഡ്ഡിന്റെയും തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | തുക |
|---|---|
| 350300400 (ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ) | 38,413 |
| 350200211(ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ) | 85,051 |

ഈ തുകകൾ ബന്ധപ്പെട്ട ഹെഡ്ഡുകളിലേക്ക് ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-85 ഓഡിറ്റ് റിക്കവറി-പ്ലാൻ ഫണ്ടിലെ ഓഡിറ്റ് റിക്കവറി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കിയില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 – 350200125 എന്ന ഹെഡ്ഡ് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 4,93,660/- രൂപ ബാധ്യതയായി അവശേഷിക്കുന്നു. പദ്ധതി ചെലവുകളിലെ സർക്കാർ ഗ്രാന്റുകളിൽ നിന്നുള്ള ഓഡിറ്റ് റിക്കവറിയാണെങ്കിൽ ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതുണ്ട്. ആയതിനാൽ പ്ലാൻ ഫണ്ടുകളിൽ നിന്നുള്ള ഓഡിറ്റ് റിക്കവറി കൃത്യമായി തരംതിരിച്ച് തുക സർക്കാരിലേക്ക് ഒടുക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-86 പി.എം.എ.വൈ പദ്ധതി -അവലോകനം

നഗരസഭയിൽ 4 ഘട്ടങ്ങളിലായാണ് പി.എം.എ.വൈ. പദ്ധതി നടപ്പിലാക്കിയത്. ഓരോ ഘട്ടത്തിലും രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം, കരാർ ചമച്ചവരുടെ എണ്ണം,നിർമ്മാണം പൂർത്തീകരിക്കുവാനുള്ളവരുടെ വിവരം, ഫണ്ട് വിനിയോഗം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ഗുണഭോക്താക്കളുടെ വിവരങ്ങൾ</u>**

| പി.എം.എ.വൈ ഘട്ടം | ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം | കരാറിൽ ഏർപ്പെട്ടവരുടെ എണ്ണം | നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വരുടെ എണ്ണം |
|---|---|---|---|
| I | 304 | 244 | 37 |
| II | 239 | 179 | 46 |
| III | 160 | 126 | 37 |
| IV | 296 | 235 | 232 |

**<u>ഫണ്ട് വിവരങ്ങൾ</u>**

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ഗുണഭോക്തൃവിഹിതം | 13325000 | 13325000 |
| കേന്ദ്ര വിഹിതം | 95190000 | 95190000 |
| സംസ്ഥാന വിഹിതം | 31736250 | 31736250 |
| തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം | 72790000 | 67450000 |
| കെ.യു.ആർ.ഡി.എഫ്.സി വിഹിതം | 55400000 | 55400000 |

നഗരസഭാ വിഹിതം ഒഴികെ മറ്റ് ഫണ്ടുകൾ പൂർണ്ണമായി ചെലവഴിച്ചിട്ടുള്ളതായി മേൽ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നു. നിർമ്മാണം പൂർത്തീകരിക്കപ്പെടാത്ത ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. പി.എം.എ.വൈ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുകകളുടെ പലിശ ഇനത്തിൽ 12,73,987/- രൂപ അവശേഷിക്കുന്നു. ടി തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം ലഭ്യമാക്കി അതനുസരിച്ച് തുക വിനിയോഗിക്കേണ്ടതാണ്.

## 1-87 എൻ.പി.എസ്.ജീവനക്കാർക്ക് പ്രാൺ നമ്പർ ലഭ്യമായിട്ടില്ല - പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് -കം -റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രൂപീകൃതമായ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭയിലെ ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% വീതം പ്രതിമാസം ഒടുക്കു വരുത്തേണ്ടതാണ്. പെൻഷൻ കോൺട്രിബ്യൂഷൻ ഫയൽ (ജി2-3946/93-vol.11) പരിശോധിച്ചതിൽ 2007 മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് വിഹിതം അടക്കാനുണ്ട്.

03/19 വരെ പുതിയ പെൻഷൻ പദ്ധതിയിൽ നിയമിതരായവരുടെ എണ്ണം 26 ജീവനക്കാരാണ്. ഇതിൽ 7 ജീവനക്കാർ ട്രാൻസ്ഫറായി പോയിട്ടുണ്ട്. ബാക്കിയുള്ള 19 ജീവനക്കാരിൽ 5 പേർക്ക് മാത്രമേ നാളിതുവരെ പ്രാൺ നമ്പർ ലഭ്യമായിട്ടുള്ളൂ. കൂടാതെ മേൽപ്പറഞ്ഞ കാലയളവിൽ നിയമിതരായ 11 കണ്ടിജന്റ് ജീവനക്കാർക്കും പ്രാൺ നമ്പർ ലഭ്യമായിട്ടില്ല. ഇതുസംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/21.02.2019) ലഭ്യമാക്കിയ മറുപടി പ്രകാരം 2014 മുതൽ 11/2019 വരെയുള്ള കാലയളവിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ ഫണ്ടിലേക്ക് അടക്കാനുള്ള കണ്ടിജന്റ് ജീവനക്കാരുടെ കുടിശ്ശിക 8,16,812/- രൂപയും റഗുലർ ജീവനക്കാരുടെ കുടിശ്ശിക തുക 7,65,977/- രൂപയും ആണ് (2007 മുതലുള്ള വിവരങ്ങൾ മുൻവർഷ റിപ്പോർട്ടിലും പ്രതിപാദിച്ചിട്ടുണ്ട്.)

ജീവനക്കാരുടെ ഡെത്ത് -കം -റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ നിർദ്ദേശ പ്രകാരമുള്ള വിഹിതം അടക്കുന്നതിൽ നഗരസഭ കൃത്യത പാലിക്കാത്തതിനാൽ അലോട്ട്മെന്റിനത്തിൽ ലഭിക്കാനുള്ള തുക നേടിയെടുക്കാനും സ്ഥാപനത്തിന് കഴിയുന്നില്ല. അത് കാരണം കണ്ടിജന്റ് പെൻഷൻ എന്നത് പോലെ റഗുലർ വിഭാഗം പെൻഷനും ഏതാണ്ട് പൂർണ്ണമായും നഗരസഭയുടെ ബാധ്യതയാകുന്നു. 2007 മുതൽ പെൻഷൻ വിഹിതം സെൻട്രൽ ഫണ്ടിലേക്ക് ഒടുക്കാതിരിക്കുന്നതിന്റെ കാരണം രേഖാമൂലം ആവശ്യപ്പെട്ടിട്ടും വിശദമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം 13/10.12.19).

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അലോട്ട്മെന്റ് ലഭിക്കണമെങ്കിൽ പെൻഷൻ വിഹിതം യഥാസമയം ഒടുക്കേണ്ടതുണ്ടെന്നതിനാൽ പെൻഷൻ വിഹിതം കൃത്യമായി ഒടുക്കേണ്ടതും ഈ ഇനത്തിൽ തനതുഫണ്ടിൽ നിന്നുള്ള അധിക ചെലവ് ഒഴിവാക്കേണ്ടതുമാണ്. കൂടാതെ പുതിയ പെൻഷൻ സ്കീമിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രാൺ നമ്പർ ലഭിക്കുന്നതിനും നഗരസഭാവിഹിതമുൾപ്പെടെയുള്ള തുക ടി അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

2017-18 വർഷം നഗരസഭയ്ക്ക് ലഭിച്ച അലോട്ട്മെന്റ് നിക്ഷേപിച്ചത് കാനറാ ബാങ്കിൽ ആരംഭിച്ച പുതിയ അക്കൗണ്ടിലാണ് (അക്കൗണ്ട് നം.2320101671994). കായംകുളം സബ് ട്രഷറിയിൽ മുനിസിപ്പൽ പെൻഷൻ ഫണ്ടിനായി ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നം.TPA 297) നിലനിൽക്കെയാണ് പുതിയ അക്കൗണ്ട് കാനറാ ബാങ്കിലാരംഭിച്ചത്. ചെയർമാന്റെ നിർദ്ദേശപ്രകാരമാണ് പുതിയ അക്കൗണ്ട് തുടങ്ങിയതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. ഒരേ ആവശ്യത്തിലേക്ക് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തേണ്ടതില്ലാത്തതിനാൽ ഒരു അക്കൗണ്ട് ക്ലോസ്സ് ചെയ്യുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതാണെന്ന് (2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ) അറിയിച്ചിരുന്നുവെങ്കിലും അധികൃതർ നാളിതുവരെ അതിന്മേൽ നടപടി സ്വീകരിച്ചിട്ടില്ല. വിഷയത്തിൽ അടിയന്തര തുടർനടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽ നികുതി -മുഴുവൻ നികുതി വരുമാനവും ഈടാക്കുന്നില്ല

**കരാറുകാരെ തൊഴിൽ നികുതി ചുമത്തിയില്ല- 52500/- രൂപയുടെ നഷ്ടം**

കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം (10) പ്രകാരം കരാറുകാരുടെ അർദ്ധവാർഷിക തൊഴിൽ നികുതി പരമാവധി തുകയായ 1250/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ മരാമത്ത് വിഭാഗം നിർവ്വഹണം നടത്തിയ പ്രവൃത്തികൾ കരാറിനെടുത്ത് നടപ്പിലാക്കിയ കരാറുകാരെ പോലും നഗരസഭ തൊഴിൽ നികുതി ചുമത്തിയിട്ടില്ല. കരാറുകാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | മുഹമ്മദ് താഹ,പരിയാരത്ത് വടക്കതിൽ, കട്ടച്ചിറ |
| 2 | ഷൌക്കത്ത്,നിബിൻ നിവാസ്, കായംകുളം |
| 3 | നാസർ.കെ, ഷീജ ഭവനം,ദേശത്തിനകം |
| 4 | ഇക്ബാൽ ഖാൻ കെ.എം,അൽ മക്കം കോട്ടേജ് |
| 5 | ഇ.എം.അഷ്റഫ്, കൊല്ലം പറമ്പിൽ |
| 6 | എസ്.അബ്ദുൾ അസീസ്, പറയന്റെ വടക്കതിൽ |
| 7 | ഷാഹിൻഷാ ടി.ടി, എസ്സ്.എസ്സ് മൻസിൽ |
| 8 | എസ്.അബ്ദുൾ ലത്തീഫ്, എസ്സ്.എസ്സ്.കെ മൻസിൽ |
| 9 | മോഹനൻ നായർ, പൂവാടിതറയിൽ |
| 10 | ശശിധരൻ, ആമ്പാലയം |
| 11 | എം.സുന്ദരേശൻ, പ്രിയ ഭവനം |
| 12 | ഹുസൈൻ അഹമ്മദ്, വള്ളിയിൽ |
| 13 | നൌഷീർ, ചിറയിൽ |
| 14 | സി.എസ്.ബാഷ |
| 15 | കെ.സുരേഷ്, ഷൈലം |
| | |

| | |
|---|---|
| 16 | യൂസഫ് കുഞ്ഞ്, യജാസ് മൻസിൽ |
| 17 | എം.സി മാത്യു, മാംപറമ്പിൽ |
| 18 | ഷിഹാബ്.എസ്, പറയന്റെയ്യത്ത് തെക്കേതിൽ |
| 19 | ശിവരാജൻ.ഡി, ശാരദ ഭവനം |
| 20 | ഷൈലജ.എം.പി, ലിൻസ്റ്റ സർവ്വീസസ്, പാപ്പുട്ടി കോംപ്ലക്സ് |
| 21 | ഫ്രാൻസിസ്.എം.ഡി, ഷാരോൺ വാട്ടർ സോല്യൂഷൻസ് |

ടി കരാറുകാരെ നികുതി ചുമത്താതിരുന്നത് നഗരസഭയ്ക്ക് 52500/- രൂപയുടെ നികുതി നഷ്ടമുണ്ടാക്കി. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിൽ അറിയിക്കേണ്ടതാണ്.

## 2-2 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി-കൃത്യമായ ഡിമാൻഡില്ല-നഗരസഭയ്ക്ക് ലക്ഷങ്ങളുടെ വരുമാന നഷ്ടം

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 166 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. തുക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 24(11-12-19) പ്രകാരം സെക്രട്ടറിയെ അറിയിച്ചിരുന്നു. ടി അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ 67 സ്ഥാപനങ്ങളുടെ നികുതി ഒടുക്ക് സംബന്ധിക്കുന്ന വിശദാംശങ്ങൾ സെക്രട്ടറി ലഭ്യമാക്കി. ടി മറുപടി പ്രകാരം നികുതി ചുമത്തി ഈടാക്കാതിരുന്ന 99 സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ചുമത്തേണ്ടിയിരുന്ന പരമാവധി നികുതി |
|---|---|---|---|
| 1 | അപരാജിത ഡൈനമിക് സിനർജീസ് | I | 1250 |
| 2 | ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് | I & II | 2500 |
| 3 | അഹല്യ മണി എക്ചേഞ്ച് ആൻഡ് ഫിനാൻഷ്യൽ സർവ്വീസ് | I & II | 2500 |
| 4 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്,കായം കുളം | II | 1250 |
| 5 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്,കെ.പി റോഡ് | I & II | 2500 |
| 6 | പുല്ലുകുളങ്ങര സർവ്വീസ് സഹകരണബാങ്ക്, പുത്തൻറോഡ് | I | 1250 |
| 7 | പത്തിയൂർ ഫാർമേഴ്സ് സഹകരണബാങ്ക്, കായംകുളം | I & II | 2500 |
| 8 | പത്തിയൂർ ഫാർമേഴ്സ് സഹകരണബാങ്ക്, കാക്കനാട് | I & II | 2500 |
| 9 | ഗവ.എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കായംകുളം | II | 1250 |
| 10 | കോർപ്പറേഷൻ ബാങ്ക് പത്തിയൂർ ബ്രാഞ്ച് | I & II | 2500 |
| 11 | സിൻഡിക്കേറ്റ് ബാങ്ക് പുതിയിടം | I | 1250 |
| 12 | സിൻഡിക്കേറ്റ് ബാങ്ക് കൃഷ്ണപുരം | I & II | 2500 |
| 13 | സിൻഡിക്കേറ്റ് ബാങ്ക് കായംകുളം | I & II | 2500 |
| 14 | ഓട്ടോക്യാറ്റ് സർവ്വീസ് | I & II | 2500 |
| 15 | ഫെഡറൽ ബാങ്ക്, കോളേജ് ജംഗ്ഷൻ | I & II | 2500 |
| 16 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് | I | 1250 |
| 17 | കാത്തലിക് സിറിയൻ ബാങ്ക് | I only | 1250 |
| 18 | എസ്.ബി.ഐ ടൗൺ ബ്രാഞ്ച് | I | 1250 |
| 19 | എസ്.ബി.ഐ-പേഴ്സണൽ ബാങ്കിംഗ് ബ്രാഞ്ച് | I & II | 2500 |

| | | | |
|---|---|---|---|
| 20 | എസ്.ബി.ഐ-കായംകുളം | I & II | 2500 |
| 21 | പഞ്ചാബ് നാഷണൽ ബാങ്ക് | I & II | 2500 |
| 22 | ആക്സിസിസ് ബാങ്ക്,പുതിയിടം | II | 1250 |
| 23 | ഇൻഡസ് ഇൻഡ് ബാങ്ക്, പുതിയിടം | I & II | 2500 |
| 24 | കാനറ ബാങ്ക്, പുതിയിടം | I & II | 2500 |
| 25 | ഇസാഫ്, പുതിയിടം | I & II | 2500 |
| 26 | ബിർല സൺലൈഫ് | I & II | 2500 |
| 27 | ബി.എസ്.എൻ.എൽ | I & II | 2500 |
| 28 | കാപ്പക്സ് കൃഷ്ണപുരം | I & II | 2500 |
| 29 | മാത കാഷ്യൂസ് എരുവ | I & II | 2500 |
| 30 | കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് | I & II | 2500 |
| 31 | കയർ സൊസൈറ്റി ,ചിറക്കടവം | I & II | 2500 |
| 32 | എച്ച്.ഡി.ബി ഫിനാൻഷ്യൽ സർവ്വീസ് | I & II | 2500 |
| 33 | ക്രൗൺ ഓഡിറ്റോറിയം | I only | 1250 |
| 34 | കോൺകോർഡ് മോട്ടോർസ്, കൃഷ്ണപുരം | I & II | 2500 |
| 35 | ഡി.ഡി.ആർ.സി | II | 1250 |
| 36 | എൽമെക്സ് വെഡ്ഡിംഗ് കസിൽ | I & II | 2500 |
| 37 | ഈദാ ബേക്കറി ആൻഡ് ഹൈപ്പർ മാർക്കറ്റ് | I & II | 2500 |
| 38 | നജാത്ത് ഹോസ്പിറ്റൽ | I & II | 2500 |
| 39 | മെഡിക്കൽ ട്രസ്റ്റ് കല്ലുംമൂട് | I & II | 2500 |
| 40 | ഡോ.ശങ്കർ സ്മാരക എസ്സ്.എൻ ഹോസ്പിറ്റൽ | I & II | 2500 |
| 41 | കൃപ വെൽനെസ്സ് ക്ലിനിക്ക് | I & II | 2500 |
| 42 | ഹോട്ടൽ ഹൈവേ പാലസ് | I | 1250 |
| 43 | ഹാൻവീവ് | I & II | 2500 |
| 44 | ഇൻഡ്യ ഇൻഫോലൈൻ | I & II | 2500 |
| 45 | ഹോട്ടൽ റോയൽ പ്ലാസ | II | 1250 |
| 46 | ഐ.സി.എൽ | I & II | 2500 |
| 47 | കെ.എസ്.ഇ.ബി-കളക്ഷൻ സെന്റർ | I & II | 2500 |
| 48 | കായംകുളം സഹകരണ ബാങ്ക്, കൃഷ്ണപുരം | I & II | 2500 |
| 49 | കായംകുളം വ്യാപാരി വ്യവസായി സഹകരണ സംഘം-A1091 | I & II | 2500 |
| 50 | കയർ വ്യവസായ സഹകരണ സംഘം-416 | I & II | 2500 |
| 51 | കീരിക്കാട് ക്ഷീരോത്പാദക സഹകരണ സംഘം | I & II | 2500 |
| 52 | കുറ്റിക്കാട്ട് ഫ്യൂവൽസ് | I & II | 2500 |
| 53 | കെ.എൽ.ഡി.സി | I & II | 2500 |
| 54 | കെ.ടി.ഡി.സി മോട്ടൽ ആരാം | I & II | 2500 |
| 55 | കെ.സി.റ്റി, കായംകുളം | I & II | 2500 |
| 56 | LIC കായംകുളം | I & II | 2500 |
| 57 | കാരുണ്യ ഫാർമസി | I & II | 2500 |
| 58 | ട്രാവൻകൂർ ഭാരത് ഗ്യാസ് | I & II | 2500 |
| 59 | മണിമുറ്റം ഫിനാൻസ് | I & II | 2500 |
| 60 | സപ്ലൈകോ മാവേലി സ്റ്റോർ, ഐക്യ ജം. | I & II | 2500 |

| | | | |
|---|---|---|---|
| 61 | സപ്ലൈകോ മാവേലി സ്റ്റോർ, കെ.പി റോഡ് | I & II | 2500 |
| 62 | മണപ്പുറം ഫിനാൻസ് -ഒ.എൻ.കെ ജം. | I & II | 2500 |
| 63 | മുത്തൂറ്റ് ഫിനാൻസ്,എം.എസ്സ്.എം കോളേജ്, കായംകുളം | I & II | 2500 |
| 64 | മുത്തൂറ്റ് ഫിനാൻസ്,കെ.പി റോഡ് | I & II | 2500 |
| 65 | മൂത്തൂറ്റ് ഫിൻകോർപ്പ് | I & II | 2500 |
| 66 | മുത്തൂറ്റ് മൈക്രോഫിൻ ബ്രാഞ്ച്-1 | I & II | 2500 |
| 67 | മുത്തൂറ്റ് മൈക്രോഫിൻ ബ്രാഞ്ച്-2 | I & II | 2500 |
| 68 | മുത്തൂറ്റ് മൈക്രോഫിൻ ,കൃഷ്ണപുരം | I & II | 2500 |
| 69 | മിനിമുത്തൂറ്റ്, കായംകുളം | II | 2500 |
| 70 | നാഷണൽ ഇൻഷുറൻസ് | I & II | 2500 |
| 71 | ഔവ്വർ ഡയഗ്നോസ്റ്റിക്ക് സെന്റർ,കെ.പി റോഡ് | I & II | 2500 |
| 72 | പോപ്പുലർ ബജാജ് | I & II | 2500 |
| 73 | പവ്വർ സിറ്റി ഹീറോ | I & II | 2500 |
| 74 | റിലയൻസ് SMSL | I | 1250 |
| 75 | RF മോട്ടോർസ് | I & II | 2500 |
| 76 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് | I & II | 2500 |
| 77 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ | I & II | 2500 |
| 78 | Thomson furniture | I & II | 2500 |
| 79 | യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ് കമ്പനി, | I & II | 2500 |
| 80 | കായംകുളം അർബൻ കോ ഓപ്പറേറ്റീവ് സൊസൈറ്റി | I & II | 2500 |
| 81 | കൊശമറ്റം ഫിനാൻസ്, പുതിയിടം | I & II | 2500 |
| 82 | കൊശമറ്റം ഫിനാൻസ്,കുറ്റിത്തെരുവ് | I & II | 2500 |
| 83 | ഫൈൻടെക് കോർപ്പറേഷൻ | I & II | 2500 |
| 84 | ശബരി ഡിസ്ട്രിബ്യൂഷൻ ലിമിറ്റഡ് | I & II | 2500 |
| 85 | എച്ച്.ഡി.എഫ്.സി- ലൈഫ് | I | 1250 |
| 86 | കല്യാൺ ജ്യൂവലേഴ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | I & II | 2500 |
| 87 | Delhivery enabling e-comerce | I & II | 2500 |
| 88 | പോളൊ ഭാരത് ഗ്യാസ് ഏജൻസി | I & II | 2500 |
| 89 | indiavision lan | II only | 1250 |
| 90 | Biotex Lab and Scan | II only | 1250 |
| 91 | AST മോട്ടോർസ് | II only | 1250 |
| 92 | Ehab travels and tours | II only | 1250 |
| 93 | Maryland hotel | I & II | 2500 |
| 94 | കായംകുളം കോപ്പറേറ്റീവ് ബാങ്ക് | I & II | 2500 |
| 95 | സിറ്റി മെഡിക്കൽസ് | I & II | 2500 |
| 96 | ഫാർമ ലിങ്ക്സ് | I & II | 2500 |
| 97 | CB മെഡിക്കൽ ഏജൻസീസ് | I & II | 2500 |
| 98 | ഇൻഡി ട്രേഡ് മൈക്രോഫിനാൻസ് | II | 2500 |
| ആകെ | | | 2,21,250 |

കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം അർദ്ധവർഷം 1250/- രൂപ നികുതി ബാധ്യതയുള്ള സ്ഥാപനങ്ങളാണിവ. ആയതിനാൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ചുമത്താതിരിക്കുക വഴി നഗരസഭയ്ക്ക് 2,21,250/- രൂപയുടെ വരവ് നഷ്ടം ഉണ്ടായി. ടി സ്ഥാപനങ്ങൾക്ക് ഡിമാൻഡ് നോട്ടീസ് നൽകി നികുതി ഈടാക്കാത്ത പക്ഷം റവന്യൂ വിഭാഗം ജീവനക്കാരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

# 2-3 വാടക –നടപടിക്രമങ്ങളിലും ഈടാക്കുന്നതിലും നഗരസഭ തികഞ്ഞ അനാസ്ഥ തുടരുന്നു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 12 ഷോപ്പിംഗ് കോംപ്ലക്സുകൾ, ബങ്കുകൾ, സ്റ്റാളുകൾ ഉൾപ്പടെ ആകെ 179 കടമുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. 2018-19 വർഷത്തെ വാടക രജിസ്റ്റർ, വാടകക്കാരുമായുള്ള എഗ്രിമെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 ഉപവകുപ്പ് 2(എ) പ്രകാരം ഒരു മുനിസിപ്പാലിറ്റിയ്ക്ക് വ്യാപാരത്തിനോ, അല്ലാതെയോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും, അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്. ഉപവകുപ്പ് 3 പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും, കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അതു കൊടുക്കേണ്ട സമയവും ഉൾപ്പെടുന്ന കരാർ നിയമാനുസൃത മൂല്യത്തിലുള്ള മുദ്രപത്രത്തിൽ എഴുതിയുണ്ടാക്കിയിരിക്കേണ്ടതാണ്. ഉപവകുപ്പ് 4 പ്രകാരം ഇത്തരത്തിൽ വാടകയ്ക്ക് നൽകിയ ഏതൊരിടവും നഗരസഭയുടെ മുൻഅനുമതിയില്ലാതെ ഉപയോഗത്തിന്റെ സ്വഭാവം മാറ്റാനോ, മറ്റൊരാൾക്ക് കീഴ് വാടകയ്ക്ക് കൊടുക്കാനോ പാടില്ലാത്തതും, എന്നാൽ ലൈസൻസിയുടെ ആവശ്യപ്പെടലിന്മേൽ മുനിസിപ്പാലിറ്റിയ്ക്ക് മറ്റേതെങ്കിലും ആൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാവുന്നതുമാണ്. എന്നാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215, 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങൾ എന്നിവയടിസ്ഥാനപ്പെടുത്തി നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നില്ല.

1) <u>വാടക തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നില്ല</u>

വാടക സംബന്ധിച്ച കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ **2,48,855/-** രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നമ്പർ | വാടകക്കാരന്റെ പേര് | വാടകനിരക്ക് | ആകെ കുടിശ്ശിക തുക |
|---|---|---|---|---|
| **മുൻസിപ്പാലിറ്റിയുടെ വിവിധ സ്ഥലങ്ങളിലുള്ള ബങ്ക്** | | | | |
| 1 | ബങ്ക്-13 | ജി.ചാക്കോ,കാര്യാത്ത് തെക്കേതിൽ,ബങ്ക് റോഡ്. | 305 | 3660 |
| **തറ വാടക** | | | | |
| 2 | 4 | ഉമൈബ, കൊല്ലംപറമ്പിൽ, ചിറക്കടവം | 1170 | 14040 |
| 3 | 6 | കെ.ബി.മണിയൻ,ഭാമനിവാസ്, ചേരാവള്ളി. | 450 | 450 |
| 4 | 11 | എസ്.ഷംസുദ്ദീൻ, തയ്യിൽ വീട്, കണ്ണംപള്ളി ഭാഗം. | 880 | 10560 |
| **പഴയ ഫയർ സ്റ്റേഷൻ കോമ്പൌണ്ടിലെ കടമുറികൾ** | | | | |
| 5 | റൂം -1 | ജോർജ്ജ് മാത്യു, കളീയിക്കൽ, നിയർ സി.എസ്.ഐ. ചർച്ച്, | 3330 | 16650 |
| 6 | റൂം-10 | രാജേഷ്, കാശ്രൂർ ശ്രീരാഗം,ചേരാവള്ളി | 295 | 885 |

| | | | | |
|---|---|---|---|---|
| ലോറി സ്റ്റാന്റ് ബിൽഡിംഗ് | | | | |
| 7 | റൂം- 9 | ബഷീർ, തിരുവാലിൽ, കായംകുളം | 1265 | 1265 |
| അബ്ദുൾ സ്മാരക ഷോപ്പിങ്ങ് കോപ്ലക്സ് | | | | |
| 8 | റൂം.3 | കെ.കെ.രഘുനാഥൻ, സോപാനം, കായംകുളം | 2835 | 34020 |
| അറബിപ്പറമ്പ് ഷോപ്പിങ്ങ് കോംപ്ലക്സ് | | | | |
| 9 | റൂം.1 | താജുദ്ദീൻ,അറബിപ്പറമ്പിൽ വീട്, സസ്യ മാർക്കറ്റ്, കായംകുളം | 1465 | 17580 |
| തുണ്ടത്തിൽ കൃഷ്ണപിള്ള സ്മാരക കോംപ്ലക്സ് | | | | |
| 10 | റൂം.11 | ആകാശ്.കെ.ജയൻ, കോളശ്ശേരി, പുതുപ്പള്ളി | 8885 | 26655 |
| 11 | Ist ഫ്ലോർ(1/A) | ആകാശ്.കെ.ജയൻ, കോളശ്ശേരി, പുതുപ്പള്ളി | 16060 | 16060 |
| 12 | Ist ഫ്ലോർ-2 | വാമദേവഭാനു, പാലശ്ശേരിൽ, കായംകുളം | 11720 | 11720 |
| 13 | IInd ഫ്ലോർ-3 | പ്രതാപചന്ദ്രൻ, സുവർണ്ണ,ചേരാവള്ളി | 7485 | 14970 |
| സസ്യമാർക്കറ്റ് | | | | |
| 14 | റൂം.14 | മുഹമ്മദ് സാലി, മാളികത്തറയിൽ, ചേരാവള്ളി. | 985 | 985 |
| കശാപ്പ് ശാല സ്റ്റാൾ | | | | |
| 15 | സ്റ്റാൾ.5 | ഇന്ദു ബീവി, കടയിൽ, എരുവ.പി.ഒ | 1565 | 1565 |
| 16 | സ്റ്റാൾ.8 | ഹസൻ കുഞ്ഞ്, കോച്ചുതെക്കേത്തറയിൽ, കായംകുളം | 1565 | 18780 |
| 17 | സ്റ്റാൾ.9 | അഷ്റഫ്, കൈതോലിൽ, കായംകുളം | 1505 | 18780 |
| സസ്യ മാർക്കറ്റ് | | | | |
| 18 | സ്റ്റാൾ.3 | ബഷീർ കുട്ടി, കൊച്ചുകൈതോലിൽ, കായംകുളം | 1045 | 12540 |
| 19 | സ്റ്റാൾ.5 | ആശാ ദിലീന, വടക്കേവിള, കോല്ലം | 1100 | 13200 |
| | ക്യാന്റീൻ | സുഷമ..എം.പിള്ള, വല്ലാവൂർ, എരുവ | 4830 | 14490 |
| **ആകെ** | | | | **2,48,855** |

വാടകക്കുടിശ്ശികയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക പിഴ സഹിതം ഈടാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**2)<u>ലേലം ഉറപ്പിച്ച ആളുകളിൽ നിന്നും ജി.എസ്.ടി. തുക ഈടാക്കിയിട്ടില്ല</u>**

ലേലം കൊണ്ട ആളുകളിൽ നിന്നും ലേലത്തുകയുടെ 18% ജി.എസ്.ടി തുകയാണ് നഗരസഭ നിലവിൽ ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ താഴെ എഴുതിയ പ്രകാരമുള്ള വ്യക്തികളിൽ നിന്നും ചട്ടം അനുശാസിക്കും പ്രകാരമുള്ള ജി.എസ്.ടി.തുക ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്,വിലാസം | ലേല ഇനം | ലേലത്തുക | ജി.എസ്.ടി വിഹിതം | അടയ്ക്കേണ്ട തുക | അടച്ച തുക | ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|---|
| 1 | രവീന്ദ്രൻ, തോട്ടത്തിന്റെ | ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം | 27100 | 18% | 4879 | 4520 | 359 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വടക്കേതിൽ, കൃഷ്ണപുരം | | | | | | |
| 2 | ഉദയകുമാർ പ്ലാമൂട്ടിൽ കൃഷ്ണപുരം | മുക്കട മാർക്കറ്റ് | 1,21,000 | 18% | 21780 | 21330 | 450 |
| 3 | നിസ്സാർ കാറ്റാണിശ്ശേരിൽ കൃഷ്ണപുരം | കശാപ്പുശാല | 6,50,000 | 18% | 117000 | 116550 | 450 |
| | ആകെ | | | | | | 1259 |

മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 കൈപ്പറ്റിയ മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.425172/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു

നഗരസഭയിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ (പി) 419/11 ഫിൻ /തീയതി 04-10-2011ൽ വ്യവസ്ഥ ചെയ്യുന്നു.

ക്രമീകരിക്കാത്ത മുൻകൂറുകൾ കൈപ്പറ്റിയ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നോ റവന്യൂ റിക്കവറിയിലൂടെയോ ഈടാക്കാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012-ൽ നിർദ്ദേശിക്കുന്നുണ്ട്. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം നഗരസഭയിൽ നിന്നും മുൻകൂർ കൈപ്പറ്റി ഓഡിറ്റ് സമയം വരെ ക്രമീകരിക്കാത്ത ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | വൗച്ചർ നമ്പർ/ തീയതി | കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | അഡ്വാൻസിന്റെ സ്വഭാവം | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 2015-16 | | | | |
| P.W.10755/15 | 49 – 9/15/ 29.09.15 | ഓമന പി.ഡബ്ല്യൂ. III | സി.ഡി.എസ്.ട്രയിനിംഗ് സെന്ററിന്റെ ഉദ്ഘാടനം | 40000 |
| P.W.10843/15 | 50 – 9/15/ 30.09.15 | റ്റി.കെ.രാജു. പി.ഡബ്ല്യൂ. III | ഓഫീസിലെ ഇലക്ട്രിക്കൽ മെയിന്റനൻസ് | 12000 |
| G-1/ 12503/15 | 27 – 12/15/ 11.12.15 | അനീസ്.ജെ ജെ.എച്ച്.ഐ.II | കേരളോൽസവം | 25000 |

| | | | | |
|---|---|---|---|---|
| P.W. I /13821/15 | 13 – 1/16/ 05.01.16 | ഡി.സുഭദ്ര. പി.ഡബ്ല്യൂ.I | കൈയേറ്റം ഒഴിപ്പിക്കുന്നതിന് | 4800 |
| G.1/12847/14 | 24 – 3/16/ 09.03.16 | റ്റി.കെ.രാജു. പി.ഡബ്ല്യൂ.III | ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് | 25000 |
| **2016-17** | | | | |
| P.W. I/ 1301/13 | 62 – 2/17 | ചിഞ്ചു.എസ് അസിസ്റ്റന്റ് എൻജിനീയർ | അതിര് നിശ്ചയിക്കുന്നതിന് കല്ലുകൾ സ്ഥാപിച്ചതിന് | 20000 |
| **2017-18** | | | | |
| P.W. 3 /3687/02 | 41 – 4/17 | റ്റി.എസ്.ജയകുമാർ പി.ഡബ്ല്യൂ.II | ക്യാഷ് ചെസ്റ്റ് റിപ്പയർ ചെയ്യുന്നതിന് | 5000 |
| KMC/UPA/11183/17 | 64 – 5/17 | റ്റി.എസ്.ജയകുമാർ പി.ഡബ്ല്യൂ.II | PMAY യ്ക്ക് ജിയോ ടാഗിങ്ങിന് മൊബൈൽ ഫോൺ വാങ്ങിയത് | 10000 |
| P.W. 2 /24404/16 | 62 – 6/17 | റ്റി.എസ്.ജയകുമാർ പി.ഡബ്ല്യൂ.II | അനധികൃത നിർമ്മാണം ഒഴിപ്പിക്കുന്നതിന് | 5000 |
| P.W. 2 /400/04-05 vol.II R-4/14059/17 | 28 – 7/17 | റ്റി.എസ്.ജയകുമാർ പി.ഡബ്ല്യൂ.II | KL.04-R 1395 നമ്പർ ജീപ്പിന്റെ റിപ്പയറിംഗിന് | 5000 |
| PW 3/400/04-05 VOL.II | 59 – 1/18 | നദിയ പി.ഡബ്ല്യൂ.ഒ | KL.04-R 1395 നമ്പർ ജീപ്പിന്റെ ടെസ്റ്റിങ്ങിന് | 2000 |
| **2018-19** | | | | |
| P.W. 1 /5869/18 | 61- 4/18 | റ്റി.എസ്.ജയകുമാർ പി.ഡബ്ല്യൂ.II | WIFI കണക്ഷനുള്ള അഡ്വാൻസ് | 4000 |
| R1/12834/11 | 59 – 6/18 | റ്റി.എം. മധു. റവന്യൂ ഇൻസ്പെക്ടർ | ടാക്സ് റിവിഷൻ പ്രോസസിനായി സാധന സാമഗ്രികൾ വാങ്ങിയത് | 7000 |
| G2/ 16558/18 | 36 – 7/18 | ശ്രീമതി.കെ.എസ്.ഷാജി എച്ച്.ഐ.II | പ്ലാൻ പ്രോഗ്രസ്സ് റിവ്യൂ മീറ്റിങ്ങിന്റെ ഉദ്ഘാടനം | 15000 |
| KME/UPA/AUEGS/8665/2010 | 16 – 8/18 | ഗോപകുമാർ, JHI | AUEGSന്റെ ഉദ്ഘാടത്തിനായി | 15000 |
| G I/2475/91-VOL.III | 79 – | രാജേഷ്.എസ് | വെള്ളപ്പൊക്ക | 50000 |

| | | | | |
|---|---|---|---|---|
| | 8/18 | ക്ലർക്ക് | ദുരിതബാധിതർക്ക് കുടിവെള്ളം എത്തിക്കുന്നതിന് | |
| PW 2/400/04-05 VOL.II | 64 – 9/18 | ജയകുമാർ. പി.ഡബ്ല്യൂ.II | വാഹനടാക്സ് അടക്കുന്നതിന് KL.04.R 1395 | 4540 |
| PW 2/12597/15 | 63 – 10/18 | ജയകുമാർ. പി.ഡബ്ല്യൂ.II | വാഹന സർവ്വീസിങ്ങിന് KL.29L 1189 | 18125 |
| PH 1/24061/18 | 70 – 10/18 | ഗോപകുമാർ JHI II | ഷ്രഡ്ഡിങ്ങ് മെഷീന്റെ റിപ്പയറിംഗിന് | 4500 |
| A 3 3732/2015 | 62 – 11/18 | എ.ശ്രീകുമാർ സീനിയർ ക്ലർക്ക് | കേസ് ഫയലുകളുടെ ഫോട്ടോ കോപ്പി എടുക്കുന്നതിന് | 10000 |
| TP 1-25652/18 | 101 – 12/18 | എ.ശ്രീകുമാർ സീനിയർ ക്ലർക്ക് | റിക്കോഡ് റൂമിലെ ഫയലുകൾ റീ അറേഞ്ച് ചെയ്യുന്നതിനായി | 10000 |
| PH 1/250/17 | 60 – 1/19 | ശ്രീമതി ഷമീറ JHI II | വിമുക്തി പ്രോഗ്രാമിനായി അഡ്വാൻസ് | 4510 |
| PH I/6762/18 | 66 – 11/19 | അജീഷ് സ്റ്റീഫൻ JHI I | മരം മുറിക്കുന്നതിന് | 16000 |
| PW 2-400/04-05 VOL II | 67 – 1/19 | ജയകുമാർ PW II | KL.04.R 1395 ജീപ്പിന്റെ മെയിന്റനൻസിന് | 22722 |
| PW 2-400/04-05 VOL II | 59 – 1/18 | നദിയ പി.ഡബ്ല്യൂ.ഒ | ഓഫീസ് ജീപ്പിന്റെ ടെസ്റ്റിങ്ങ് (KL.04.R.1395) | 2000 |
| GI 7943/14 | 25 – 2/19 | രാജേഷ്.എസ് ക്ലർക്ക് | ഇലക്ഷൻ അഡ്വാൻസ് | 15000 |
| PH I-2665/19 | 47 – 2/19 | ഗോപകുമാർ JHI II | മോട്ടോർ ഓഫ് ഫ്രണ്ട് ലോഡർ ട്രാക്ടർ പർച്ചേസിംങ്ങ് | 7500 |
| PW 3/ 1298/13 | 57 – 2/19 | ജയകുമാർ PWO II | KL.29 F 1298/13 | 6406 |
| RI 14452/12 | 36 – 3/19 | ജയ. എൽ RI | അഡ്വാൻസ് ഫോർ ക്യാമ്പ് കളക്ഷൻ | 20000 |
| PH 1/ T 133/19 | 79 – 3/19 | ശ്രീമതി ഷാജി കെ.എസ് HI II | ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് | 3000 |

| | | | | |
|---|---|---|---|---|
| PW 3/ 5302/14 | 85 – 3/19 | ജയ. എൽ<br>RI | ഓഫീസ് ബൈക്കിന്റെ ഇൻഷ്വറൻസ് അടയ്ക്കുന്നതിന് | 1620 |
| RP 128 34/14 | 105 – 3/19 | ബി .അജിത് കുമാർ<br>RI | ടാക്സ് റിവിഷന് സ്റ്റേഷനറി വാങ്ങിയത് | 20000 |
| 2019-20 | | | | |
| PH 1/8530/19 | 71 – 5/19 | ഗോപകുമാർ<br>JHI II | മരം മുറിക്കുന്നതിനുള്ള അഡ്വാൻസ് | 8000 |
| PW 1/ 13392/19 | 13 – 6/19 | ഗോപികൃഷ്ണൻ<br>PW III | ഇലക്ട്രിഫിക്കേഷനുള്ള അഡ്വാൻസ് | 17397 |
| PWI/13985 | 56 – 6/19 | ഗോപികൃഷ്ണൻ<br>PW III | ആയുർവേദ ഹോസ്പിറ്റലിന്റെ ഇലക്ട്രിഫിക്കേഷനുവേണ്ടി | 4052 |
| GI.1026/19 | 76 – 6/19 | നിയാസ്<br>സി.ക്ലാർക്ക് | ഇലക്ഷൻ പ്രോസസിനുള്ള മുൻകൂർ | 15000 |

നഗരസഭയിലെ ജീവനക്കാർ സമയബന്ധിതമായി മുൻകൂറുകൾ ക്രമീകരിക്കാതിരുന്നിട്ടും ഇതിന്മേൽ അധികൃതർ നടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ടവരിൽ നിന്നും അഡ്വാൻസ് തുക വ്യവസ്ഥാപിതമായ രീതിയിൽ തിരികെ ഈടാക്കി ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ വിവരിച്ച പ്രകാരമുള്ള 425172/- രൂപ 18% പലിശ ഉൾപ്പടെ തിരികെ ഈടാക്കുന്നതിന് തുടർ നടപടികൾക്കായി ശുപാർശ ചെയ്യുന്നതാണ്.

## 2-5 ഫെസ്റ്റിവൽ അഡ്വാൻസ്- 3000 രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു

ഫെസ്റ്റിവൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. കൃഷ്ണകുമാറിന് നൽകിയ അഡ്വാൻസ് തുകയിൽ 3000/- രൂപ തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നു. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 56650/- രൂപ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു. എന്നാലിതിന്റെ വിശദവിവരങ്ങൾ ലഭ്യമായിരുന്നില്ല. തിരികെ ഈടാക്കുവാൻ അവശേഷിക്കുന്ന ഫെസ്റ്റിവൽ അഡ്വാൻസ് സംബന്ധിക്കുന്ന വിശദാംശങ്ങൾ തയ്യാറാക്കി തുക ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 കരാറുകാരൻ ചെയ്യാത്ത പ്രവൃത്തിക്ക് മൂല്യനിർണ്ണയം നടത്തി തുക നൽകി - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 90887/- രൂപ തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വെറ്ററിനറി പോളിക്ലിനിക്ക് മുകൾനില നിർമ്മാണവും ഓപ്പറേഷൻ തീയറ്റർ സജ്ജീകരണവും |
| പ്രോജക്ട് നം. | 420/19 |
| എസ്റ്റിമേറ്റ് | 2482659 |
| പുതുക്കിയ എസ്റ്റിമേറ്റ് | 2472000 |
| കരാറുകാരൻ | ശ്രീ.എസ്.ഷിഹാബ് |
| എഗ്രിമെന്റ് നം./ തീയതി | 131/22.01.2018 |
| മൂല്യനിർണ്ണയ തുക | 2451806.50/- |
| അളവുപുസ്തക നം. | 153/2017-18 |
| ബിൽ നം./ തീയതി | 3, 4/11.12.2018 |

ഈ പ്രവൃത്തിയുടെ നിർവ്വഹണസംബന്ധമായി 13.12.2019 – ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ മൂല്യം നിർണ്ണയിച്ച് കരാറുകാരന് തുക നൽകിയതായി അളവുപുസ്തകത്തിലും, ഫൈനൽ ബില്ലിലും രേഖപ്പെടുത്തിയിരുന്ന താഴെപ്പറയുന്ന ഇനം പ്രവൃത്തികൾ നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അളവുപുസ്തകത്തിൽ മൂല്യം നിർണ്ണയിച്ചിരുന്നതും എന്നാൽ കരാറുകാരൻ ചെയ്യാതിരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ/എസ്റ്റിമേറ്റിലെ ഇനം നം. | അളവ് | നിരക്ക് | മൂല്യനിർണ്ണയം നടത്തിയ തുക |
|---|---|---|---|---|
| 1 | 1-21 | 25.4 M | 455/M | 11557 |
| 2 | 1-23 | 38.7 M | 195/M | 7546 |
| 3 | 1-26 | 1 No. | 105 | 105 |
| 4 | 1-28 | 1 No. | 170 | 170 |
| 5 | Extra - 1 | 839.79 $M^2$ | 52.37/$M^2$ | 43980 |
| 6 | Extra - 3 | 41.35 $M^2$ | 54.08/$M^2$ | 2236 |
| 7 | Extra - 4 | 18.06 $M^2$ | 1152.72/$M^2$ | 20818 |
| 8 | Extra - 5 | 4.20 $M^2$ | 1065.34/$M^2$ | 4475 |
| ആകെ | | | | 90887 |

ഇപ്രകാരം കരാറുകാരൻ ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി കാണിച്ച് മൂല്യനിർണ്ണയം നടത്തിയത് ഗുരുതരമായ ക്രമക്കേടാണ്. വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നം.53/16.12.2019) 90887/- രൂപ നഗരസഭയിൽ ഒടുക്കി അസിസ്റ്റന്റ് എഞ്ചിനീയർ രസീത് ഹാജരാക്കി (രസീത് നം.01/11901011З128/18.12.2019). ഈ പ്രവൃത്തിയുടെ നിർവ്വഹണ സംബന്ധമായി സമഗ്രമായ അന്വേഷണം നടത്തുന്നതിനും, കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റിൽ

ശുപാർശ ചെയ്യുന്നു. കൂടാതെ അനധികൃതമായി പിൻവലിച്ച 90887/-രൂപയുടെ 18% പലിശയിനത്തിൽ 16719/- രൂപ (തിരിച്ചടച്ച തീയതി വരെയുള്ളത്) കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്. കൂടാതെ തിരിച്ചടച്ച തുക സർക്കാരിലേക്ക് ഒടുക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 കരാറുകാരൻ നിർവ്വഹിച്ചതിൽ കൂടിയ അളവിൽ ടൈൽ പാകലിന് തുക നൽകി - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 70,710/-രൂപ തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഗവ. ഗേൾസ് എച്ച്.എസ്.എസ്. - ടൈലിംഗ്, കോൺക്രീറ്റിംഗ് |
| പ്രോജക്ട് നം. | 459/19 |
| എസ്റ്റിമേറ്റ് | 2,10,000/- |
| പി.എ.സി. | 2,09,567/- |
| കരാറുകാരൻ | ശ്രീ.എസ്.ഷിഹാബ് |
| എഗ്രിമെന്റ് നം./തീയതി | 97/18-19/15.12.18 |
| അളവുപുസ്തക നം. | 164/18-19 |

ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 118.88 $m^2$ വെട്രിഫൈഡ് ടൈൽ പാകിയതിന് 1733.95/$m^2$ നിരക്കിൽ 2,06,132/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരൻ പാകിയ ടൈലിന്റെ ക്വാളിറ്റി പരിശോധന നടത്തിയതിന് രേഖയില്ല. ഇതുമൂലം നിശ്ചിത നിലവാരത്തിലുള്ള ടൈലുകളാണോ സ്ഥാപിക്കപ്പെട്ടതെന്നത് വ്യക്തമല്ല.

2. തൻവർഷം തന്നെ നടപ്പാക്കിയ 421/19-ാം നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി 392.45 $m^2$ വെട്രിഫൈഡ് ടൈൽ പാകിയതിന് ഇതേ കരാറുകാരന് 6,79,515/- രൂപ അനുവദിച്ചിരുന്നു. ഒരേ ആവശ്യത്തിന് രണ്ടു വ്യത്യസ്ത പ്രോജക്ടുകൾ ആവിഷ്കരിച്ചതിനുള്ള കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല.

3. 8 ക്ലാസ് മുറികൾ, സ്റ്റെയർ, വരാന്ത, ലാന്റിംഗ് എന്നിവ ഉൾപ്പെടെ ടൈൽ പാകിയതിനാണ് 421/19-ാം നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരുന്നത്. എന്നാൽ ഒരു ക്ലാസ് മുറി ഉൾപ്പെടെ ഇതേ പ്രവൃത്തി നടത്തിയതായി കാണിച്ചാണ് 459/19-ാം നമ്പർ പദ്ധതിയിലും തുക പിൻവലിച്ചിട്ടുള്ളത്. ഈ അപാകത ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് നഗരസഭയിലെ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ 13.12.2019-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ടൈലുകൾ പാകിയിട്ടുള്ള ക്ലാസ് മുറികളുടെ എണ്ണം '8' മാത്രമാണെന്നും, മേൽപറഞ്ഞ രണ്ടു പദ്ധതികളിൽ ഉൾപ്പെടുത്തി കരാറുകാരൻ ടൈലുകൾ പാകിയിട്ടുള്ള ആകെ ഏരിയ 470.55 $m^2$ മാത്രമെന്നും ബോദ്ധ്യപ്പെട്ടു. ഇതുമൂലം 40.78 $m^2$ ടൈൽ പാകിയതിനുള്ള തുക കരാറുകാരന് അധികമായാണ് നൽകിയിട്ടുള്ളത് (392.45 + 118.88 – 470.55). 1733.95/$m^2$ നിരക്കിൽ 40.78 $m^2$ ന് 70710/- രൂപയാണ് ഇതുമൂലമുണ്ടായ അധികചെലവ്. വിഷയം ഓഡിറ്റ് അന്വേഷണത്തിലൂടെ (നം.52/16.12.2019) ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 70710/-രൂപ നഗരസഭയിൽ ഒടുക്കി അസിസ്റ്റന്റ് എൻജിനീയർ രസീത് ഹാജരാക്കി (രസീത് നം. 01/119010113129). ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത – പ്രൈമർ പൂശിയതിന് 2,21,667/- രൂപയുടെ അധിക ചെലവ്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഗവ. ഗേൾസ് എച്ച്.എസ്.എസ്. കെട്ടിടം റൂഫ് ചെയ്ഞ്ചിംഗ് |
| പ്രോജക്ട് നം. | 450/18 (421/19) |
| എസ്റ്റിമേറ്റ് | 37,55,000/- |
| കരാറുകാരൻ | ശ്രീ.എസ്.ഷിഹാബ് |
| പി.എ.സി. | 37,49,627/- |
| എഗ്രിമെന്റ് നം./തീയതി | 133/18/22.01.18 |
| മൂല്യനിർണ്ണയ തുക | 37,46,987/- |
| ട്രഷറി ബിൽ നം. | 2, 3/17.08.18 |

ഈ പ്രവൃത്തിയുടെ ഭാഗമായി (Extra item: 4) 3878.69 $m^2$ പ്രതലത്തിൽ ഒരു കോട്ട് സിമന്റ് പ്രൈമർ പൂശിയതിന് 57.15/$m^2$നിരക്കിൽ 2,21,667/-രൂപ മൂല്യനിർണ്ണയം നടത്തി തുക പിൻവലിച്ചിട്ടുണ്ട്. (CPWD Specification: 13-43-1). തുടർന്ന് ഇതേ ഏരിയായിൽ "Delux multi surface paint two or more coat" (Specification code : 13-48-1) പൂശിയതിന് 153.05/$m^2$ നിരക്കിൽ 5,93,635/- രൂപ കൂടി (3878.7x153.05) കരാറുകാരന് അനുവദിച്ചു. പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ 1046.521 $m^2$ പ്രതലത്തിൽ water proofing cement paint പൂശുന്നതിന് 91.08/$m^2$ നിരക്കിൽ 95317.13/-രൂപ മാത്രമായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. 23.09.2017-ൽ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിലാണ് മേൽപറഞ്ഞ രീതിയിൽ മാറ്റം വരുത്തിയിട്ടുള്ളത്. എന്നാൽ ഈ മാറ്റത്തിനുകാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. കൂടാതെ പുതുക്കിയ എസ്റ്റിമേറ്റിന് കൗൺസിൽ അനുമതി ലഭിച്ചതായും ഫയലിൽ രേഖയില്ല. (CPWD Specification code '13' ബാധകമായത് പുതിയ നിർമ്മിതികൾക്കും, പഴയ നിർമ്മിതികൾക്ക് '14' ൽ പ്രതിപാദിക്കുന്ന നിരക്കുകളുമാണ് ബാധകമെങ്കിലും വർഷങ്ങൾ പഴക്കമുള്ള കെട്ടിടത്തിലെ റീ-പെയിന്റിംഗിന് ഇപ്രകാരം ഉയർന്ന നിരക്ക് അനുവദിക്കുവാനുള്ള കാരണവും വിശദീകരിക്കപ്പെട്ടിട്ടില്ല).

CPWD Specification 13-48-1 പ്രകാരം "Delux multi surface painting" എന്ന ഇനത്തിന്റെ ഡാറ്റയിൽ ഒരു കോട്ട് സ്പെഷ്യൽ പ്രൈമറിന്റെ നിരക്കുകൂടി ഉൾപ്പെടുത്തിയാണ് 153.05/$m^2$ എന്ന നിരക്ക് നിർണ്ണയിച്ചിട്ടുള്ളത്. ആയതിനാൽ പ്രത്യേകമായി പ്രൈമറിന്റെ നിരക്ക് അനുവദിക്കേണ്ട ആവശ്യകതയില്ല. എന്നാൽ ഇതു പരിഗണിക്കാതെ സിമന്റ് പ്രൈമറിന് പ്രത്യേകമായി തുക വകയിരുത്തുകയും, തുക പിൻവലിക്കുകയും ചെയ്യുക വഴി 2,21,667/- രൂപയുടെ അധികചെലവാണ് ഉണ്ടായത്.

ഈ അപാകതക്ക വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ചുമരിൽ രണ്ടു കോട്ട് പ്രൈമർ പൂശിയതിനാലാണ് തുക കരാറുകാരന് അനുവദിച്ചതെന്നാണ് അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടി. എന്നാൽ പെയിന്റിംഗിനു മുന്നോടിയായി ഒരു കോട്ട് പ്രൈമർ പൂശുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്നതിനാലും, പ്രസ്തുത പ്രൈമർ പൂശുന്നതിനുള്ള നിരക്ക് പെയിന്റിംഗിന്റെ നിരക്കിൽ ഉൾപ്പെടുന്നതിനാലും പ്രത്യേകമായി പ്രൈമറിന് നിരക്ക് അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്. ആകയാൽ മറുപടി അംഗീകരിക്കുന്നില്ല. അധിക ചെലവായ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാത്ത പക്ഷം ആയത് എസ്റ്റിമേറ്റ് തയ്യാറാക്കിയതും, അളവെടുത്ത് മേൽപരിശോധന നടത്തിയതുമായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടേയും, അസിസ്റ്റന്റ് എൻജിനീയറുടേയും ബാധ്യതയായിരിക്കുന്നതാണ്.

## 3-4 വിവിധ സ്ഥലങ്ങളിൽ എയ്റോബിക് മാലിന്യ സംസ്കരണ പ്ലാന്റ് - പദ്ധതി നിർവ്വഹണത്തിലെ

# അപാകതകൾമൂലം 1.54 ലക്ഷത്തിന്റെ അധിക ചെലവ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കമ്മ്യൂണിറ്റി ലെവൽ വേസ്റ്റ് മാനേജ്മെന്റ് (എയ്റോബിക് ബിൻ) |
| പ്രോജക്റ്റ് നം. | 465/19 (172/17) |
| എസ്റ്റിമേറ്റ് | 39,00,000/- |
| പി.എ.സി. | 35,02,451/- (10.19% കുറവ്) |
| പുതുക്കിയ എസ്റ്റിമേറ്റ് | 21,24,712/- (08.03.2018) |
| കരാറുകാരൻ | ശ്രീ.കെ.മോഹൻകുമാർ |
| എഗ്രിമെന്റ് നം./തീയതി | 26/17-18/07.06.17 |
| സൈറ്റ് കൈമാറിയ തീയതി | 03.07.17 |
| മൂല്യനിർണ്ണയ തുക | 2111481 |
| അളവു പുസ്തക നം. | 113/17-18, 181/18-19 |
| ട്രഷറി ബിൽ നം. | 6/11.01.19, 9/25.03.19 |

ഈ പ്രവൃത്തിയുടെ നിർവ്വഹണ സംബന്ധമായി ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) <u>ടെണ്ടർ കുറവ് പ്രാബല്യത്തിൽ വരുത്താതെ കരാറുകാരന് തുക നൽകി</u>

പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ 10 അധിക ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ഈ ഇനങ്ങൾക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്ക് പ്രകാരമാണ് ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളത്. കരാറുകാരൻ ക്വാട്ട് ചെയ്തിരുന്ന 10.19% കുറവ് പ്രസ്തുത ഇനങ്ങൾക്ക് വരുത്താതെ ബിൽ തയ്യാറാക്കി തുക പിൻവലിക്കുക വഴി 39,999/- രൂപയുടെ അധികച്ചെലവുണ്ടായി.

വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം നമ്പരും പേരും | | അളവ് | അനുവദിച്ച തുകയും നിരക്കും | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | Solid block masonary 30x20x15 | 20.24 $m^3$ | 113619@5613 | 102041 | 11578 |
| 2 | 12 mm cement plaster | 197.94 $m^2$ | 68834@347.75 | 61820 | 7014 |
| 3 | Providing and fixing PVC pipe | 53.27 m | 17730@332.84 | 15923 | 1807 |
| 4 | Providing and fixing good quality plastic net | 132.02 $m^2$ | 36030@272.91 | 32359 | 3671 |
| 6 | Filling contractors own earth | 36.96 $m^2$ | 17640@36.96 | 15842 | 1798 |
| 7 | Painting with synthetic enamel | 425.57 $m^2$ | 56843@133.56 | 51051 | 5792 |
| 8 | Engaging the man mazdoor | 18 Nos | 11379@632.15 | 10219 | 1160 |
| 9 | Steel reinforcement | 811.89 Kg | 70456@86.78 | 63277 | 7179 |
| | ആകെ അധികം നൽകിയ തുക | | | | 39999 |

**ബി) <u>കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിൽ അധികരിച്ച് തുക നൽകി</u>**

“Providing and laying in position cement concrete of specific grade excluding the cost of centering and shuttering all work up to plinth level 1:4:8” എന്ന ഇനത്തിന് (ഇനം 5-8) കരാറുകാരൻ ക്വാട്ട് ചെയ്തിരുന്ന നിരക്ക് 6160.75/$m^3$ ആയിരുന്നു. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ അനുവദിച്ച നിരക്ക് 6594.95/$m^3$ ആണ്. ഇതുമൂലം താഴെപ്പറയും പ്രകാരം അധിക ചെലവുണ്ടായി.

| | |
|---|---|
| നൽകിയത് - | 6594.95x14.32 = 94440 |
| നൽകാവുന്നത് - | 6160.75x14.32 = <u>88222</u> |
| അധികം നൽകിയത് | = <u>6218</u> |

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കരാറുകാരനിൽ നിന്നും തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. അധികചെലവായ 46217/- രൂപ (39999+6218) ഓഡിറ്റിൽ നിരാകരിക്കുന്നു. കരാറുകാരനിൽ നിന്നും

തുക ഈടാക്കി വിവരം അറിയിക്കാത്ത പക്ഷം ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

**സി) <u>കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ പിഴ ചുമത്തിയില്ല</u>**

ഈ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി 31.10.2017 ആയിരുന്നു (4 മാസം). പൂർത്തീകരണ തീയതി അടുത്തിട്ടും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാതിരുന്നതിനാൽ എഗ്രിമെന്റ് റദ്ദു ചെയ്യുന്നതാണെന്നും, സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടുന്നതാണെന്നും കാണിച്ച് 21.10.2017-ൽ കരാറുകാരന് നിർവ്വഹണ ഉദ്യോഗസ്ഥൻ കത്തു നൽകിയെങ്കിലും ടിയാൻ പ്രതികരിക്കാതിരുന്നതിനെ തുടർന്ന് 15.12.2017-ൽ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുകയും, ശ്രീ.ഷാജിലാൽ എന്നയാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. എന്നാൽ പണി പൂർത്തീകരിക്കുവാൻ ഒരു അവസരം കൂടി നൽകണമെന്നും, 12.01.2018-ന മുൻപായി പ്രവൃത്തി പൂർത്തീകരിക്കാമെന്നും സമ്മതിച്ച് ശ്രീ.മോഹൻകുമാർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ വീണ്ടും നിർവ്വഹണ ചുമതല ഏൽപ്പിച്ചതായാണ് രേഖ. എന്നാൽ ടിയാൻ പ്രവൃത്തി പൂർത്തീകരിച്ചത് 15.02.2019-ൽ മാത്രമാണ്. പ്രവൃത്തിയുടെ നിർവ്വഹണ കാലയളവ് വീണ്ടും ദീർഘിപ്പിക്കുന്നതിനായി ടിയാൻ അപേക്ഷ സമർപ്പിക്കുകയോ, എൻജിനീയർ ഇതിലേക്കായി ശുപാർശ ചെയ്യുകയോ, കൗൺസിൽ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല. കരാർ ലംഘനം നടത്തിയ വ്യക്തിയെ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല വീണ്ടും ഏൽപ്പിച്ചിട്ടും, ടിയാൻ ഉറപ്പുനൽകിയിരുന്ന തീയതിയിൽ പ്രവൃത്തി പൂർത്തികരിക്കുന്നതിൽ വീഴ്ചവരുത്തുകയാണുണ്ടായത്. എന്നാൽ കരാർ ലംഘനം നടത്തിയ വ്യക്തിയിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കാതെ ഫൈനൽ ബിൽ തുക അനുവദിച്ചതായാണ് രേഖ. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുള്ളതിനാൽ പ്രസ്തുത തീയതിക്കുശേഷം ടിയാനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഫൈനിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പുതുക്കിയ എസ്റ്റിമേറ്റ് തീയതി | 08.03.2018 |
| അതുപ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി - 08.03.2018 + 4 മാസം | 07.07.2018 |
| അനുവദിക്കാവുന്ന എക്സ്റ്റൻഷൻ<br>(vide GO(P) 13/12/PWD/1.2.12 സെക്ഷൻ 2112-1) | 07.09.2018 വരെ<br>(2 മാസം) |
| പ്രസ്തുത കാലയളവിൽ ഈടാക്കേണ്ടിയിരുന്ന ഫൈൻ (മൂല്യനിർണ്ണയ തുകയെ അടിസ്ഥാനപ്പെടുത്തി) | 2111481x3%=63344/- |
| 08.09.2018 മുതൽ 15.02.2019 വരെ ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക (2116-1) | 21 ആഴ്ച<br>= 21x0.1 = 2.1%<br>= 2111481x2.1%<br>= 44341/- |
| ആകെ ഈടാക്കേണ്ടിയിരുന്ന ഫൈൻ | = 63344+44341<br>= 107685/- |

കരാറുകാരനിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കിതിരുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബാധ്യതാ തുക നഗരസഭാ അക്കൗണ്ടിൽ ഒടുക്കി വിവരം

ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അസിസ്റ്റന്റ് എൻജിനീയർ മറുപടി ലഭ്യമാക്കി. കരാറുകാരനിൽ നിന്നും തുക ഈടാക്കി ഒടുക്കുവരുത്താത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

## 3-5 മുനിസിപ്പൽ ഓഫീസ് കെട്ടിട നവീകരണം-മൂല്യത്തിൽ അധികരിച്ചും എസ്റ്റിമേറ്റ് നിരക്കിൽ അധികരിച്ചും തുക അനുവദിച്ചു-ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 90923/-രൂപ തിരിച്ചടച്ചു

തദ്ദേശമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി ലോകബാങ്ക് ധനസഹായമായി 4253131/-രൂപ അടങ്കലിൽ 2016-17 വർഷം തയ്യാറാക്കിയ പദ്ധതിയായിരുന്നു. ഇതിനായി 2017-18, 2018-19 വർഷങ്ങളിലായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | തുക | ബിൽ നം./ തീയതി |
|---|---|---|
| 2017-18 (ലോകബാങ്ക് ധനസഹായം) | 685727 | 63/23.12.17 |
| 2017-18 (ലോകബാങ്ക് ധനസഹായം) | 1983379 | 77/29.12.17 |
| 2018-19(പദ്ധതി വിഹിതം) | 758160 | 125/31.12.18 |
| | 3427266 | |

ടെണ്ടർ, റീടെണ്ടർ എന്നിവയിൽ ഒരേ വ്യക്തി തന്നെയാണ് പങ്കെടുത്തത്. ടെണ്ടറിൽ, സിംഗിൾ ടെണ്ടറാണ് ലഭിച്ചത് എന്നതിനാൽ റീടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.റ്റി.ഷഹിൻഷ എന്ന വ്യക്തിയുടെ 1.97% കുറവായ ടെണ്ടർ അംഗീകരിക്കുകയാണുണ്ടായത്. അപാകതകൾ താഴെ കൊടുക്കുന്നു.

1.എം. ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 3336343/-രൂപയാണ്. എന്നാൽ നിർവ്വഹണരേഖകൾ പ്രകാരം പ്രവൃത്തിക്കായി പിൻവലിച്ചത് 3427266/- രൂപയാണ്. ഇതുവഴി മൂല്യത്തിൽ അധികരിച്ച് 90923/- രൂപ (3427266-3336343) പിൻവലിച്ചു.

2.റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം 3, supplying and fixing PVC door with frameന്റെ നിരക്ക് 5.86$m^2$@3182.87/$m^2$=18651.61/-രൂപയായിരുന്നു. എന്നാൽ എം.ബുക്കിൽ നിരക്ക് @5578.62/$m^2$ (5.86$m^2$@5578.62/$m^2$=32690.71) എന്ന് രേഖപ്പെടുത്തി അധികമായി 14039/- രൂപ പിൻവലിച്ചു.

ആകെ മൂല്യത്തിൽ അധികരിച്ച് ചെലവഴിച്ച 90923/-രൂപ ഓഡിറ്റ് അന്വേഷണത്തെ (30/12.12.19) തുടർന്ന് രസീത് നം.01/119010113141/19.12.19 പ്രകാരം നഗരസഭാ ഫണ്ടിൽ തിരിച്ചടച്ചു. ഈ തുക സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ക്രമ നം. 2 പ്രകാരം അധികമായി ചെലവഴിച്ച 14039/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 345/17,197/17-18,502/19 |

| | |
|---|---|
| കരാറുകാരൻ | റ്റി.ഷഹിൻഷ |
| കരാർ നം. | 48/AEE/07.07.2017 |
| എസ്റ്റിമേറ്റ് | 4253131(3008732+1225000+19399) |
| പി.എ.സി | 2660106(-1.97%) |
| എം. ബുക്ക് നം. | 10/17-18 vol.I,II,III |
| ചെലവ് തുക | 3427266 |

## 3-6 സെക്രട്ടറി ക്വാർട്ടേഴ്സ് നവീകരണം - എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ക്രമവിരുദ്ധമായ ബില്ലുകളുടെ അടിസ്ഥാനത്തിലും തുക പിൻവലിച്ചു

സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് നവീകരണത്തിനായി ഇലക്ട്രിഫിക്കേഷന് (ലംപ്സം പ്രൊവിഷൻ) 100046/-രൂപ ഉൾപ്പെടെ 400000/-രൂപയാണ് (299954+100046-LS) വകയിരുത്തിയിരുന്നത്. കരാറുകാരൻ ഇലക്ട്രിഫിക്കേഷൻ ഒഴിവാക്കി ഇനം 11 വരെയുള്ളവയ്ക്കായി (299954) 0.08% കുറവായിട്ടാണ് ക്വോട്ട് ചെയ്തിരുന്നത്. എന്നാൽ കരാർ ചമച്ചിരിക്കുന്നത് 400000/-രൂപയ്ക്കും. അപാകതകൾ താഴെ കൊടുക്കുന്നു.

1.ഇലക്ട്രിഫിക്കേഷനായി എസ്റ്റിമേറ്റ് തയ്യാറാക്കി പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സാങ്കേതികാനുമതി വാങ്ങിയിട്ടില്ല.

2.പട്ടാണിപ്പറമ്പിൽ ഹോം കെയർ എന്ന സ്ഥാപനത്തിന്റെ 01.11.18, 30.11.18 തീയതികളിലെ 60684/-രൂപയുടെ ബില്ല്, ജോലിക്കൂലി കൈപ്പറ്റിയതിന്റെ കഞ്ഞിക്കൽ സർവ്വീസിംഗ് സെന്ററിന്റെ 30.11.2018 ലെ 34000/-രൂപയുടെ കൈപ്പറ്റ് രസീത് എന്നിവ എം. ബുക്കിൽ രേഖപ്പെടുത്തി ആകെ 94684/-രൂപ ഈ ആവശ്യത്തിനായി പിൻവലിച്ചിട്ടുണ്ട്.

അനുബന്ധ ഫയലിൽ ഉൾപ്പെടുത്തിയ ബില്ലിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം, തീയതി | തുക |
|---|---|---|
| 1 | 1042/30.11.18 | 10457 |
| 2 | 1037/30.11.18 | 20090 |
| 3 | 1039/30.11.18 | 8716 |
| 4 | 1041/30.11.18 | 12774 |
| 5 | 1043/- | 4127 |
| 6 | 1038/01.11.18 | 4520 |

3.കരാർ ചമച്ചത് 07.12.18 ലാണ് എന്നിരിക്കെ 01.11.18, 30.11.18 തീയതികളിലെ ബില്ലിന്റെ അടിസ്ഥാനത്തിലാണ് 94684/-രൂപ ചെലവഴിച്ചിരിക്കുന്നത് .

4.ബിൽ ക്രമ നം .5 ൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

5.ബിൽ ക്രമ നം.3,4,6 എന്നിവയിൽ സാധനം വാങ്ങിയ ആളിന്റെ പേര് വൈറ്റ്നർ ഉപയോഗിച്ച് തിരുത്തൽ വരുത്തിയിരിക്കുന്നു. ക്രമ നം.3,4 എന്നിവയിൽ GIRLS SCHOOL, KAYAMKULAM എന്ന പേരാണ് തിരുത്തിയിരിക്കുന്നത്. ക്രമ നം.1,2,5 എന്നിവയിൽ സാധനം വാങ്ങിയ ആളിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല.

6.ബിൽ നം 1037,1039 എന്നിവ 30.11.18 ലേതും ബിൽ നം 1038, 01.11.18 ലേതുമാണ്. ഓരോ സാധനങ്ങളുടേയും നിരക്ക്, നികുതികൾ എന്നിവ പോലും ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ജി.എസ്.റ്റി നിലവിൽ വരുന്നതിന് മുൻപുള്ള ബില്ലാണ് ഹാജരാക്കിയിട്ടുള്ളത്. 07/17 മുതൽ ജി.എസ്.റ്റി നിലവിൽ വന്ന സാഹചര്യത്തിൽ ഇപ്രകാരമുള്ള ബില്ലിന്റെ സുതാര്യത സംശയാസ്പദമാണ്.

7.അംഗീകൃത ഇലക്ട്രിക്കൽ കോൺട്രാക്ടറാവണം പ്രവൃത്തികൾ ചെയ്യേണ്ടത് എന്നിരിക്കെ കഞ്ഞിക്കൽ സർവ്വീസിംഗ് സെന്റർ എന്ന സ്ഥാപനമാണ് പ്രവൃത്തികൾ ചെയ്തതായി രസീത് ഹാജരാക്കിയിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (42/16.12.2019) മറുപടിയായി രേഖകൾ ഫയലിൽ സൂക്ഷിക്കുവാൻ വിട്ട് പോയതാണെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ഇപ്രകാരമുള്ള മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ 94684/-രൂപയുടെ ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്ന് ഈടാക്കി തിരിച്ചടക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം. | s0105/19 |
| കരാറുകാരൻ | ഇ.എം അഷ്റഫ് |
| കരാർ നം | 94/AE/07.12.18 |
| എസ്റ്റിമേറ്റ് | 400000 |
| പി.എ.സി | 299714 |
| എം. ബുക്ക്. നം | 142/18-19 |
| ചെലവ് തുക | 394366 (146/12.03.19, book 2) |

## 3-7 റോഡ് ടാറിംഗിന് കരാറുകാർക്ക് നഗരസഭയിൽ നിന്നും നൽകിയ പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയില്ല – 24565/- രൂപയുടെ നഷ്ടം

ടാറിംഗ് പ്രവൃത്തികൾക്ക് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളുടെ കരാറുകാർക്ക് നഗരസഭയുടെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ നിന്നും പൊടിച്ച പ്ലാസ്റ്റിക് നൽകിയിരുന്നു. 2018-19 വർഷം ഇപ്രകാരം പൊടിച്ച പ്ലാസ്റ്റിക് കൈപ്പറ്റിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കരാറുകാർ ഇതിന്റെ വില നഗരസഭയിൽ ഒടുക്കു വരുത്തുകയോ, ഫൈനൽ ബില്ലിൽ ആനുപാതിക കുറവു വരുത്തുകയോ ചെയ്തിട്ടില്ല. എസ്റ്റിമേറ്റിൽ കി.ഗ്രാമിന് 22/- രൂപ ഉൾപ്പെടുത്തിയിരുന്ന പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കാതിരിക്കുകവഴി 24565/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നം. | കരാറുകാരൻ | എഗ്രിമെന്റ് നം./ തീയതി | നൽകിയ പ്ലാസ്റ്റിക്കിന്റെ അളവ് | ഈടാക്കേണ്ടിയിരുന്ന തുക (@22/kg) | അളവുപുസ്തക നം. | ബിൽ നം./ തീയതി |
|---|---|---|---|---|---|---|---|
| 1 | ചാവടിമുക്ക്-പുതിയകാവ് റോഡ് ടാറിംഗ്/ 126/19 | കെ.എം. ഇക്ബാൽ | 13/14.08.18 | 153.3 kg | 3373 | 56/18-19 | 77(1)/31.10.18 |
| 2 | കൈരളി ജംഗ്ഷൻ-CSI ചർച്ച് പാലസ് റോഡ് റീടാറിംഗ്/213/19 | അഷറഫ്.ഇ.എം | 83/22.10.18 | 129.69 kg | 2853 | 213/18-19 | 114(1)/29.12.18 |
| 3 | മുത്താരമ്മൻ-വെമ്പാലിൽ റോഡ് ടാറിംഗ്/ 187/19 | അബ്ദുൽ ലത്തീഫ് | 58/12.10.18 | 106.08 kg | 2334 | 187/19 | 102(1)/28.12.18 |
| 4 | BSNL-പൊട്ടക്കനയത്ത് ശ്മശാനം റോഡ് റീടാറിംഗ്/ 229/19 | ഷഹിൻഷ.റ്റി | 7/14.8.18 | 95kg | 2090 | 54/18-19 | 76(1)/31.10.18 |
| 5 | ചെമ്പകപ്പള്ളി റോഡ് പുനരുദ്ധാരണം/86/19 | എസ്.അബ്ദുൽ ലത്തീഫ് | 53/12.10.18 | 19.22 kg | 423 | 160/18-19 | 24(2)/28.03.19 |
| 6 | കമ്മ്യൂണിറ്റി ഹാൾ റോഡ് നവീകരണം/132/19 | ഷഹിൻഷ.റ്റി | 15/14.08.18 | 89.02 kg | 1958 | 51/18-19 | 78(1)/31.10.18 |
| 7 | കാരൂർ പുലിപ്പാറ റോഡ് റീ ടാറിംഗ്, ഓടനിർമ്മാണം/115/19 | എസ്.അബ്ദുൽ ലത്തീഫ് | 61/12.10.18 | 153.30 kg | 3373 | 137/18-19 | 137(1)/23.01.19 |
| 8 | അറബിപറമ്പിൽ റോഡ് പുനരുദ്ധാരണം/199/19 | ഇ.എം.അഷറഫ് | 77/22.10.18 | 65.92 kg | 1450 | 114/18-19 | 2(2)/28.02.19 |
| 9 | കുന്നയ്യത്ത്-നൂറാട്ട് റോഡ് പുനരുദ്ധാരണം/83/19 | എസ്.അബ്ദുൽ ലത്തീഫ് | 55/12.09.18 | 87.38 kg | 1922 | 139/18-19 | 136(1)/23.01.19 |
| 10 | മാർത്തോമപള്ളി-ബനാത്ത് റോഡ് റീടാറിംഗ്/ 100/19 | ഇ.എം.അഷറഫ് | 5/14.08.18 | 183.96 kg | 4047 | 77/18-19 | 112(1)/29.12.18 |
| 11 | സി.എസ്.ഐ.പള്ളി-വെസ്റ്റ് റോഡ് ടാറിംഗ്/188/19 | എസ്.അബ്ദുൽ ലത്തീഫ് | 57/12.10.18 | 33.73 kg | 742 | നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 103(1)/18.12.18 |
| ആകെ | | | | | 24,565 | | |

ഇതു സംബന്ധമായി വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 5808/- രൂപ തിരിച്ചടച്ച് അസിസ്റ്റന്റ് എഞ്ചിനീയർ രസീത് ഹാജരാക്കി (നം.01/119010113138/തീയതി 19.12.19, 3139/19.12.19) ശേഷിച്ച 18757/- രൂപ (24565-5808) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി തിരിച്ചടക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

നഗരസഭയിൽ നിന്നും നൽകിയ പൊടിച്ച പ്ലാസ്റ്റിക്കിന്റെ വിലയിനത്തിലുള്ള തുക കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

## 3-8 പെരിങ്ങാല ഗവ.എൽ.പി.എസ് മോഡൽ ക്ലാസ് റൂം നിർമ്മാണം- പ്രൈമറിന്റെ നിരക്ക് രണ്ട് തവണ ഉൾപ്പെടുത്തി തുക പിൻവലിച്ചു

പെരിങ്ങാല ഗവ.എൽ.പി.എസ് മോഡൽ ക്ലാസ് റൂം നിർമ്മാണത്തിനായി തയ്യാറാക്കിയ 338750/-രൂപയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം ലഭിച്ചതും പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചതും. എന്നാൽ നിർവ്വഹണഘട്ടത്തിൽ എസ്റ്റിമേറ്റ് 999729/- രൂപയായി മാറ്റം വരുത്തി. പുതുക്കിയ എസ്റ്റിമേറ്റിന്റെ ഇനം 18-ൽ മൾട്ടി ഡീലക്സ് പെയിന്റിംഗിൽ പ്രൈമറിന്റെ നിരക്ക് കൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ആയത് പരിഗണിക്കാതെ ഇനം 15 – ൽ പ്രത്യേകമായി പ്രൈമറിന് നിരക്ക് അനുവദിച്ചു. വിശദാംശം താഴെ കൊടുക്കുന്നു.

ഇനം 15:13.43.1 Applying one coat of water thinnable cement primer of approved brand 303.23@57.23/$m^2$=17354

ഇനം 18:13.48.1 finishing with multydelux paint 303.23 $m^2$@153.27/$m^2$ = 46476

പ്രൈമറിന് നിരക്ക് രണ്ട് തവണ അനുവദിച്ചതിനാൽ ഇനം 15 പ്രകാരം അനുവദിച്ച 17354/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (61/18.12.19) അധികം പിൻവലിച്ച തുക നഗരസഭയിൽ അടവാക്കി അറിയിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി നൽകി. തുക ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം. | 430/18, S0315/19 |
| കരാറുകാരൻ | അബ്ദുൾ ലത്തീഫ് |
| കരാർ നം. | 163/AEE/28.02.18 |
| എസ്റ്റിമേറ്റ് | 999729(RE) |
| പി.എ.സി | 989731 (Below 1%) |
| ചെലവ് തുക | 988614 [ബിൽ ക്രമ നം.31/29.06.18 (I)] |
| എം.ബുക്ക്.നം. | 29/18-19 |

## 3-9 കാലവർഷ കെടുതി - ദുരിതാശ്വാസ പ്രവർത്തനങ്ങൾ - തുക അധികം ചെലവഴിച്ചു

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വിവിധ വാർഡുകളിൽ കുടിവെള്ളം ലഭ്യമല്ലാതായതിനെ തുടർന്ന് 17.08.2018 മുതൽ 22.08.2018 വരെ കുടിവെള്ളം വിതരണം നടത്തിയതിന് ഷാഹുൽ ഹമീദ് എന്നയാൾക്ക് 42,000/- രൂപ (ട്രിപ്പൊന്നിന് 2000/- രൂപ ക്രമത്തിൽ 21 ട്രിപ്പ്) ബിൽ പ്രകാരം പിൻവലിച്ച് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിരുന്നു. ഫയലിനൊപ്പം സൂക്ഷിച്ചിട്ടുള്ള 30.08.2018 ലെ കൈപ്പറ്റ് രസീത് പ്രകാരം ടിയാൻ മേൽ ദിവസങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിന് മുൻകൂറായി 10,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരമുള്ള തുക നൽകിയപ്പോൾ മുൻകൂർ കൈപ്പറ്റിയ തുക ക്രമീകരിക്കാതെയാണ് നൽകിയത്. ഇപ്രകാരം മുൻകൂർ ക്രമീകരിക്കാതെ തുക നൽകിയതു വഴി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് 10,000/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. തുക സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

(ബി) പ്രോജക്ടിനൊപ്പമുള്ള രേഖകൾ പ്രകാരം HHYS, കായംകുളം എന്ന സ്ഥാപനത്തിൽ നിന്ന് വാട്ടർ ടാങ്കുകളും അനുബന്ധ സാമഗ്രികളും ക്വട്ടേഷൻ കൂടാതെ നേരിട്ട് വാങ്ങിയതിന് 34,023/- നൽകിയിട്ടുണ്ട്. കുടിവെള്ള വിതരണം നടത്തുന്നതിനുള്ള ചുമതല ക്വട്ടേഷൻ മുഖേന ഒരു വ്യക്തിയെ ചുമതലപ്പെടുത്തിയിരിക്കെ ടാങ്ക് വാങ്ങിയതിന്റെ ആവശ്യകത വ്യക്തമല്ല. നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ സാധനങ്ങൾ ഉൾപ്പെട്ടിട്ടുമില്ല. രേഖകളുടെ അഭാവത്തിൽ 34,023/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഓഡിറ്റ് അന്വേഷണം (നം.63/18.12.19) മുഖേന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0443/19 |
| അടങ്കൽ | 78523/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് - ബിൽ നമ്പർ | 24/18.9.18 – 78,523/- |
| നിർവ്വഹണം | മുനിസിപ്പൽ സെക്രട്ടറി |

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 96/05.04.19 | 200000 | 0 | 200000 |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | മുൻസിപ്പൽ ഓഫീസിൽ കുഴൽ കിണർ നിർമ്മാണം | 531/21.03.19 | 150000 | 0 | 150000 |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഡമ്പിംഗ് യാർഡിൽ കുഴൽ കിണർ | 47/04.04.19 | 150000 | 0 | 150000 |

| | നിർമ്മാണം | | | | |
|---|---|---|---|---|---|

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

**ഇല്ല**

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല. സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ലോണുകളുടെ മുന്നിരിപ്പ്, തൻവർഷ അടവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വായ്പ ഉദ്ദേശ്യം | വർഷാരംഭത്തിലെ ലോൺ | 2018-19 ലെ തിരിച്ചടവ് | | വർഷാവസാനം തിരികെ അടക്കുവാനുള്ള ലോൺ |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| | ഇ.എം.എസ്. ഭവനനിർമ്മാണം | 8386240 | -- | | 18045541 |
| | KURDFC സസ്യമാർക്കറ്റ് | 13674241 | 4751339 | 3247246 | 33630690 |
| | ലൈഫ് ഭവന നിർമ്മാണം | 55400000 | -- | -- | 6533334 |
| | NSDP ഭവന നിർമ്മാണം | 2481420 | -- | -- | 8148341 |

കണക്കുകൾ വാർഷിക കണക്കുകളുമായോ സ്ഥാപനത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുമായോ പൊരുത്തപ്പെടുന്നില്ല. പലിശ ബാധ്യത സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭവനവായ്പയിൽ പോലും വർഷാവസാനം തിരികെ ഒടുക്കേണ്ട തുകകളിൽ പലിശ ബാധ്യത ഉൾപ്പെടുത്തിയ കണക്കുകളാണ് ലഭ്യമാക്കിയത്. സ്ഥാപനം ലഭ്യമാക്കിയ വായ്പ/വായ്പ തിരിച്ചടവ് സംബന്ധിക്കുന്ന രജിസ്റ്റർ അപൂർണ്ണമാണ്. എല്ലാ വായ്പയുടെയും വിവരങ്ങൾ ഈ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വായ്പ/വായ്പ കുടിശ്ശിക സംബന്ധിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സമർപ്പിക്കുന്നതിനും, അപാകത പരിഹരിക്കുന്നതിനും സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 4-5 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി സംബന്ധിക്കുന്ന ഒരു രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല. എന്നാൽ 350200125 എന്ന ഹെഡ്ഡ് (ഷെഡ്യൂൾ – ബി9) പ്രകാരം 31.03.2019 വരെ 493660/- രൂപ ബാധ്യത ഹെഡ്ഡിൽ വരവ് വന്നിട്ടുണ്ട്. ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

**ഓഡിറ്റ് റിക്കവറി രജിസ്റ്റർ (മാതൃക)**

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | ഈടാക്കിയ | ഒടുക്കിയ ആളുടെ പേര്, | രസീത് നം./ |
|---|---|---|---|---|

| വർഷം | നം. | തുക | വിലാസം | തീയതി |
|---|---|---|---|---|
| | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-16 | 2006-07 | 4-12-1 | ലാട്രിൻ | നിയമസഭ സബ്ജക്ട് കമ്മറ്റി ബന്ധപ്പെട്ട വിഷയങ്ങളിൻമേൽ തെളിവെടുപ്പ് നടത്തിയിട്ടുള്ളതാണ് |
| 2004-05 | 2-17 | 2006-07 | 4-12-2 | വനിതാ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | നിയമസഭ സബ്ജക്ട് കമ്മറ്റി ബന്ധപ്പെട്ട വിഷയങ്ങളിൻമേൽ തെളിവെടുപ്പ് നടത്തിയിട്ടുള്ളതാണ് |
| | 2-19 | 2006-07 | 4-12-3 | കൊതുക് നിവാരണം | |
| 2006-08 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | | 2-17 | വാടക വർദ്ധനവ് ഈടാക്കിയിട്ടില്ല | സെക്രട്ടറിയുടെ ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട് |
| 2006-08 | “ | | 29,30 | വകമാറ്റി ചെലവഴിച്ചു | ഖണ്ഡിക നിലനിൽക്കുന്നു. |
| 2006-08 | “ | | 31 | ടാർ വാങ്ങൽ | ഫയൽ ഹാജരാക്കിയിട്ടില്ല |
| 2006-08 | “ | | | അമ്പലപ്പാട്ട് റോഡ് ടാറിംഗ് | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| 2006-08 | “ | | 43,44 | വ്യാജ രേഖ ചമയ്ക്കൽ | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| 2006-08 | “ | | 45 | | സെക്രട്ടറിയെ കുറ്റവിമുക്തനാക്കി. |
| 2006-08 | “ | | 57,58,59,60 | | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2016-17 | 2-1 | 2017-18 | | കാർഷിക വിപണന മേള നടത്തിപ്പിലെ അപാകതകൾ | തുക ഈടാക്കുന്നതിനായി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു |
| | 2-6 | 2017-18 | | അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസൃത പിഴ ഈടാക്കുന്നില്ല | തുടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| | 3-4 | 2017-18 | | രാജീവ് ദശലക്ഷ ഭവനപദ്ധതി കെ.യു.ആർ.ഡി.എഫ്.സി.വായ്പാ ഇനത്തിൽ നഗരസഭ തിരിച്ചടക്കാനുള്ള തുക | പ്രോജക്റ്റുകൾക്കായി ചെലവാകാതെ ഫെബ്രുവരി മാസത്തിൽ ശേഷിക്കുന്ന തുക ഈ പ്രോജക്റ്റിനായി വകയിരുത്തുകയും സർക്കാരിൽ നിന്ന് അനുകൂല ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് തുക ഒടുക്കുന്നതിനും കൗൺസിൽ തീരുമാനമായിട്ടുള്ളതാണ്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63,87,70,670 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50,82,37,872 |
| വരവിനങ്ങളിലുള്ള നഷ്ടം | 9,52,036 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,73,460 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,92,56,218 |

**(ബി)നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-19(1) | 52,500 | | ശ്രീ.സജി.എൽ.എസ്, സെക്രട്ടറി |
| 1-21 | 2,21,250 | | |
| 1-22(1) | 2,48,855 | | |
| 1-22(2) | 1,259 | | |
| 1-25 | 4,25,172 | | |
| 1-29 | 3,000 | | |
| 1-31 | | 16,719 | ശ്രീമതി ഷൈനി.എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ |
| 1-33 | | 2,21,667 | 1) ശ്രീമതി ഷൈനി.എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>2) ശ്രീ. പി.രഘു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-34 | | 46,217 | ശ്രീമതി ഷൈനി.എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-35 | | 14,039 | ശ്രീ. പി.രഘു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 | | 94,684 | |
| 1-38 | | 18,757 | |
| 1-42 | | 17,354 | |
| 1-55(a) | | 10,000 | ശ്രീ.സജി.എൽ.എസ്, സെക്രട്ടറി |
| 1-55(b) | | 34,023 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33(a) | 6,79,515 | ശ്രീമതി ഷൈനി.എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-35 | 5,075 | ശ്രീ. പി.രഘു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-40 | 7,63,231 | |
| 1-43 | 15,97,688 | |
| 1-44 | 74,706 | |
| 1-47 | 33,70,230 | |
| 1-49 | 25,00,000 | ശ്രീ.സജി.എൽ.എസ്, സെക്രട്ടറി |
| 1-50 | 2,00,000 | |
| 1-51 | 3,00,000 | |
| 1-52 | 2,00,000 | |
| 1-53 | 91,008 | ശ്രീമതി റംലത്ത് ബീവി, അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ |
| 1-54 | 20,00,000 | ശ്രീ.സജി.എൽ.എസ്, സെക്രട്ടറി |
| 1-56 | 50,00,000 | |
| 1-58 | 2,49,610 | ശ്രീ. പി.രഘു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-60 | 7,55,300 | ശ്രീമതി റംലത്ത് ബീവി, അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ |
| 1-62 | 18,675 | ശ്രീ.സജി.എൽ.എസ്, സെക്രട്ടറി |
| 1-63 | 95,180 | |
| 1-69 | 50,000 | ശ്രീ.ബിജു.എസ്.നായർ, പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണം |
| 1-74 | 3,81,000 | ശ്രീമതി ദീപാ രവി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-77 | 1,15,000 | ഡോ. വിജയേന്ദ്രൻ.പി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക |
|---|---|
| 1-46 | 29800(GST) |
| 1-40 | 15265 (IT) |
| | 15265 (GST) |
| 1-73 | 7600 (GST) |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷൈനി.എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | നഗരസഭാ കാര്യാലയം, കായംകുളം | ഹൗസ് നമ്പർ-81, മങ്കലശ്ശേരി, ശങ്കർ നഗർ, കൊല്ലം |
| ശ്രീ. പി.രഘു, അസിസ്റ്റന്റ് എഞ്ചിനീയർ | | റോഷ്നി നിലയം, ഗോവിന്ദമുട്ടം, കായംകുളം |
| ശ്രീ.സജി.എൽ.എസ്, സെക്രട്ടറി | ലഭ്യമല്ല | ഉഷസ് ഭവനം, തരത്തികുളം, കാഞ്ഞിരംകുളം.പി.ഒ, തിരുവനന്തപുരം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 മുതൽ 1980-81 വരെ | എൽ.എഫ്.എ.5-266/83/13.02.1985 |
| 1981-82 | എൽ.എഫ്.എ.5-197/83/31.01.1985 |
| 1982-83 | എൽ.എഫ്.എ.5-686/85/12.01.1985 |
| 1983-84 | എൽ.എഫ്.എ.5-375/86/31.10.1986 |
| 1984-85 | എൽ.എഫ്.എ.5-402/85/31.10.1986 |
| 1985-86 | എൽ.എഫ്.എ.5-848/89/31.10.1990 |
| 1986-87 | എൽ.എഫ്.എ.5-1306/90/29.10.1990 |
| 1987-88 | എൽ.എഫ്.എ.5-എഫ്.744/91/21.11.1990 |
| 1988-89 | എൽ.എഫ്.എ.5-63/93/17.04.1993 |
| 1989-90 | എൽ.എഫ്.എ.5-63/93/ 17.04.1993 |
| 1990-91 | എൽ.എഫ്.എ.5-815/96/07.06.1996 |
| 1991-92 | എൽ.എഫ്.എ.5-816/95/11.06.1996 |
| 1992-93 | എൽ.എഫ്.എ.5-271/97/23.03.1998 |
| 1996-97 | എൽ.എഫ്.എ.5-769/99/14.03.00/07.09.2000 |
| 1997-98 (വരവ്)<br>1997-98(ചെലവ്) | എൽ.എഫ്.എ.4-169/09/30.06.09/01.10.09<br>എൽ.എഫ്.എ.11-896/00/08.02.01/12.06.01 |
| 1998-99(വരവ്)<br>1998-99 (ചെലവ്) | എൽ.എഫ്.എ.4-170/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1275/01/17.05.02/07.06.02 |

| | |
|---|---|
| 1999-2000(വരവ്)<br>1999-2000 (ചെലവ്) | എൽ.എഫ്.എ.4-171/09/30.06.09/01.10.09<br>എൽ.എഫ്.എ.4-955/03/10.10.03/11.12.03 |
| 2000-01 (വരവ്)<br>2000-01 (പ്ലാൻ ഫണ്ട്)<br>2000-01 (തനത് ചെലവ്) | എൽ.എഫ്.എ.4-172/09/01.07.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04<br>എൽ.എഫ്.എ.4-പി.962/06/08.12.06/15.02.07 |
| 2001-02(വരവ്)<br>2001-02(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04 |
| 2002-03(വരവ്)<br>2002-03(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2003-04(വരവ്)<br>2003-04(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2004-05 | എൽ.എഫ്.എ.4-168/09/01.07.09/01.10.09 |
| 2005-06 | എൽ.എഫ്.എ.4-332/09/13.07.09/01.10.09 |
| 2006-07 | എൽ.എഫ്.എ.4-368/09/17.08.09/06.02.2010 |
| 2007-08 to 2009-10 | എൽ.എഫ്.എ.എം1-1094/12/25.01.13 |
| 2010-11, 2011-12 | എൽ.എഫ്.എ.എം1-1306/2014/23.08.14/04.02.15 |
| 2012-13 | എൽ.എഫ്.എ.എം1-634/2015/08.05.15/05.06.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി.എം.1/1079/15/07.09.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.എം.1/848/16/01.08.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.ജി.എ5-169/17/14.02.17/17.02.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.ജി.എ5-1262/17/24.10.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-ജി.എ5-266/24.05.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

കെ.എസ്.എ-എ.എൽ.പി-ജിഎ.8-15/2020 തീയതി: 08.06.2020

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കായംകുളം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കായംകുളം നഗരസഭയുടെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം 2</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ